# SAHITEE

## EXTRA NUMBER

1196

32M2032:
N23
F41
3

20 APR 1982

MUL
043373

# സാഹിതി

## വിശേഷാൽപ്രതി

LIBRARY
MADRAS

(ഒന്നാം പുസ്തകം)

പ്രസാധകൻ:

ഒ. എം. പരമേശ്വരൻ നമ്പൂതിരിപ്പാട്.

തൃശ്ശിവപേരൂർ
യോഗക്ഷേമം കമ്പനിവക
മംഗളോദയം പ്രസ്സിൽ അച്ചടിച്ചത്.

1100

[പകർപ്പവകാശം പ്രസാധകന്ന്]

(വില 1—4—0

43373

032 m2 [illegible] : N23

F41

UNIVERSITY LIBRARY
14 DEC 1927
MADRAS

# അവതാരിക.

'സാഹിതി' മാസികയുടെ വിശേഷാൽപ്രതിയായി, കേരളത്തിലെ കേളികേട്ട സാഹിത്യകാരന്മാരുടെ കൃതികളായ ഗദ്യപദ്യപ്രബന്ധങ്ങളോടു കൂടിയ ഒരു പുസ്തകം പ്രസിദ്ധം ചെയ്വാനുള്ള ഉത്സാഹം ഇവിടെ ചെയ്തുതുടങ്ങീട്ടു കുറേ മാസങ്ങളായെന്നു സാഹിത്യപ്രണയികൾ അറിഞ്ഞിരിക്കുമല്ലോ. ആ ഉത്സാഹം ഫലവത്താക്കി പുസ്തകം പ്രസിദ്ധം ചെയ്യേണ്ടതിന്ന് ഇപ്പോഴെങ്കിലും സാധിച്ചതിലുള്ള സന്തോഷത്തെ ഒന്നാമതായി പ്രസ്താവിച്ചുകൊള്ളുന്നു.

ആദ്യത്തെ ഉദ്ദേശപ്രകാരമാണെങ്കിൽ ഈ പുസ്തകം ഇതിന്നെത്രയോ മുമ്പുതന്നെ പ്രസിദ്ധപ്പെടുത്തേണ്ടതായിരുന്നു. അങ്ങിനെ ചെയ്യാതിരിക്കുവാൻ പ്രധാനകാരണം മാന്യലേഖകന്മാരുടെ ഉപന്യാസങ്ങൾ കിട്ടുന്നതിൽ വന്നുപോയ താമസമാണ്. കേരളസാഹിത്യത്തിലെ എഴുത്തുകാർ സാഹിത്യവൃത്തികൊണ്ട് ഉപജീവിക്കുന്നവരല്ല. ഭേദപ്പെട്ട സാഹിത്യകാരന്മാർ പ്രായേണ മറേറാരോ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. അങ്ങിനെയുള്ളവരിൽനിന്നു ലേഖനങ്ങൾ കിട്ടുവാനുണ്ടായ താമസമാണ് ഈ പുസ്തകം പുറത്തിറക്കുന്നതിൽ വന്ന വിളംബത്തിന്റെ മുഖ്യകാരണം. കിട്ടിയ ലേഖനങ്ങൾ തന്നെ പലപ്പോഴുമായിട്ടാകയാൽ അവയെ ക്രമപ്പെടുത്തുന്നതിലും കുറേ താമസം വേണ്ടിവന്നു. ആദ്യം ഉദ്ദേശിച്ചവയിൽ ചിലതു കിട്ടാതെ വന്നതും വിഷയങ്ങളെ ക്രമപ്പെടുത്തുന്നതിൽ പ്രതിബന്ധകമായിത്തീർന്നു. ഈ വക കാരണങ്ങളാലാണു കാലതാമസം നേരിട്ടതെന്നു വായനക്കാരെ അറിയിക്കയും ഇതിൽ അന്യഥാ ധരിക്കരുതെന്നപേക്ഷിക്കയും ചെയ്തുകൊള്ളുന്നു.

ഉള്ളൂർ, വള്ളത്തോൾ, ശങ്കുണ്ണി മുതലായ മഹാകവികളുടെ കവിതകളും അപ്പൻതമ്പുരാൻ, വടക്കുംകൂർ രാജരാജവ

ണ്ണ, ജനാർദ്ദനമേനോൻ, കെ. വി. എം. തുടങ്ങിയവരുടെ ഗദ്യലേഖനങ്ങളും ഈ വിശേഷാൽപ്രതിയിൽ ചേർക്കുവാൻ സാധിച്ചതിൽ വളരെ സന്തോഷവും കൃതാർത്ഥതയുമുണ്ട്. സാഹിത്യപരിപോഷണത്തിൽ ബദ്ധദീക്ഷന്മാരായ ആ വക മാന്യന്മാരോടു പ്രസാധകൻെറ നിലയിൽ എനിക്കുള്ള കൃതജ്ഞത സീമാതീതമാകുന്നു. ഉദാരബുദ്ധിയോടുകൂടി അവർ ലേഖനസഹായം ചെയ്തു തന്നതിന്നു ഹൃദയപൂർവ്വമായ വന്ദനം പറഞ്ഞുകൊള്ളുന്നു.

ഈ വിശേഷാൽപ്രതിയിൽ ചില ഛായാപടങ്ങൾ കൂടി ചേർക്കേണമെന്നു് ആദ്യം ഉദ്ദേശിച്ചിട്ടുണ്ടായിരുന്നു. ആ വിവരം പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. എങ്കിലും അപ്രതീക്ഷിതമായി വന്ന ചില പ്രതിബന്ധങ്ങളെക്കൊണ്ടു് ആ ഉദ്ദേശം നിർവ്വഹിക്കുവാൻ സാധിക്കാതെ വന്നുപോയി. വിശേഷാൽപ്രതിയുടെ ആവിർഭാവത്തെ സകൌതുകം പ്രതീക്ഷിച്ചുംകൊണ്ടിരിക്കുന്ന സുഹൃജ്ജനങ്ങൾക്കു് ഈ വിഷയത്തിൽ ഇച്ഛാഭംഗമുണ്ടായിട്ടുണ്ടെങ്കിൽ അതിന്നു മാപ്പുതരേണമെന്നു് അപേക്ഷയുമുണ്ടു്.

ഈ പുസ്തകം ഈ നിലയിൽ പുറത്തിറക്കുവാൻ സഹായിച്ചവരായ എല്ലാവരോടും, വിശേഷിച്ചു് അച്ചടിയുടെ ഭാരം വൃത്തിയായും ഭംഗിയായും നിർവ്വഹിച്ചു തന്ന മംഗളോദയം അച്ചുകൂടം ഉടമസ്ഥന്മാരോടും ഹൃദയംഗമമായ നന്ദി പറഞ്ഞുകൊണ്ടും, ഇതിൻെറ പ്രചാരത്തിന്നായി ഈശ്വരനോടു പ്രാർത്ഥിച്ചുകൊണ്ടും ഈ ഗ്രന്ഥത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എന്നു്

വെള്ളിനേഴി 25—7—25 } ക. എം. പരമേശ്വരൻ നമ്പൂതിരിപ്പാടു്

പ്രസാധകൻ.

—:o:—

# വിഷയവിവരം.

---

എപ്പോൾ? (പദ്യം) 1
കവിതിലകൻ ഉള്ളൂർ എസ്സ് പരമേശ്വരയ്യർ.
എം. എ., ബി. എൽ. എം. ആർ. എ. എസ്സ്. എൽ.

കാളിദാസരുടെ കവിതാദർശം 3
വടക്കുംകൂർ രാജരാജവർമ്മരാജാ

ഗ്രീഷ്മാന്തത്തിലെ ഒരു രാത്രി (പദ്യം) 22
വള്ളത്തോൾ

ആചാരനിഷ്ഠ 25
കന്നത്ത് ജനാർദ്ദനമേനോൻ

വെള്ളക്കേററം (പദ്യം) 35
വള്ളത്തോൾ ഗോപാലമേനോൻ

വർഗ്ഗമത്സരം 38
അപ്പൻതമ്പുരാൻ

ഒരു പർവ്വതം (പദ്യം) 42
കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി

കുജലോകം 43
എം. ആർ. കെ. സി.

വീരസിംഹി (പദ്യം) 50
പള്ളത്തു രാമൻ

സൌന്ദര്യം 53
സാഹിത്യകലാനിധി, എ. ഡി. ഹരിശർമ്മ.

നിശാനിശ്വാസം (പദ്യം) 61
കെ. വി. ശങ്കരൻനായർ, എം. എ.

കാവ്യാലങ്കാരവിചാരം 65
സാഹിത്യശിരോമണി, കെ. എം. കുട്ടികൃഷ്ണമാരാർ.

ഭാഷാസ്തവം (പദ്യം) 91
പി. വി. കൃഷ്ണവാരിയർ

യോഗം 92
ചേലനാട്ടു അച്യുതമേനോൻ ബി. എ.

ഉല്ലുവണ്ണന (പദ്യം) 108
ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്
നാം എന്തിൽനിന്നു പഠിക്കണം? 105
വി. കെ. നാരായണഭട്ടതിരി
ഭാഗ്യവാൻ (പദ്യം) 115
നടുവത്തു മഹൻനമ്പൂതിരി
മാനസസരോവരം 116
ടി. വി. ശ്രീനിവാസശാസ്ത്രി
രമണീവിയുക്തനായ രാമഭദ്രൻ (പദ്യം) 126
പിലാക്കാട്ടി മധുസൂദനൻ ഭട്ടതിരി.
പ്രാചീനഹിന്തുക്കളുടെ യുദ്ധവും യുദ്ധസാമഗ്രികളും 129
കെ. വി. എം.
ഒരു കൃതഘ്നഭടൻ (പദ്യം) 140
ജി. ശങ്കരക്കുറുപ്പ്
ദേവാലയങ്ങളിലെ പുരാണപ്രവചനം 143
വി. ടി. രാമൻ ഭട്ടതിരിപ്പാട്
സന്ധ്യാവന്ദനമന്ത്രങ്ങൾ (പദ്യം) 153
ല. അ. രവിവൎമ്മ.
പ്രകരണം 157
പി. കെ. കെ.
പ്രജ്ഞാപരാധം (പദ്യം) 162
എസ്സ് ശ്രീധരൻ നമ്പൂതിരി
ഭിക്ഷാദാനം (പദ്യം) 170
കാറിപ്പുറത്തു കിട്ടുണ്ണിനായർ

# സാഹിതി.

## വിശേഷാൽ പ്രതി.

(ഒന്നാം പുസ്തകം)

# എപ്പോൾ?

ഭ്രാതാക്കളേ! ഭൌതികമാകുമോരോ
പാഴ്വേലകൊണ്ടിങ്ങനെ നാം ഉലഞ്ഞാൽ
അന്ധാന്ധ്യഗർഭത്തിനകത്തുനിന്നു-
മാത്മോദ്ധൃതിക്കുള്ള മുഹൂർത്തമെപ്പോൾ? (൧)

വെടിഞ്ഞിടും നാൾവരെ നമ്മൾ മോദി-
ബഹിർന്നിശാന്തത്തിനു കൂട്ടിനിന്നാൽ
അന്തർഗ്ഗൃഹത്തിങ്കലടിഞ്ഞുകേറു-
മത്യന്തശൂന്യതമൊഴിപ്പതെപ്പോൾ? (൨)

കരസ്ഥപൈതങ്ങൾകണക്കു നമ്മൾ
കാശാകുമിക്കക്ക പെറുക്കിനിന്നാൽ
സാംസാരികാബ്ധിക്കടിയിൽക്കിടക്കും
നന്മുക്തിവെൺമുത്തു ലഭിപ്പതെപ്പോൾ? (൩)

പേർത്തും തടസ്ഥപ്പെരുനീരൊഴുക്കിൽ-
പ്പേടിച്ചു കൈകാൽ മരവിച്ചുനിന്നാൽ
പ്രാപ്യസ്ഥലം വാച്ച ജനുസ്സരിത്തിൻ-
പാരത്തിൽ നാം ചെന്നണയുന്നതെപ്പോൾ? (൪)

ഞാനെന്നൊരേവാക്കുവിട്ടു നമ്മൾ
രാത്രിന്ദിവം പിച്ചുപിടിച്ചിരുന്നാൽ
ശാന്തിക്കു നൈവേദ്യമണപ്പതിന്നു
സൌഭ്രാത്രസസ്യം വിളയിപ്പതെപ്പോൾ? (൫)

കൺമങ്ങൽപററിഗ്ഗതികെട്ടു കാമ-
ക്കള്ളക്കുഴിക്കാട്ടിലലഞ്ഞുലഞ്ഞാൽ
അദ്ധ്യാത്മഘണ്ടാപഥസേവയാൽ നാ-
മംഘ്രിക്കു സാഫല്യമണപ്പതെപ്പോൾ? (൬)

പ്രത്യക്ഷദൃശ്യം പരലോകമെന്നു
പാശ്ചാത്യർപോലും പറയുന്ന വാക്യം
ശ്രവിച്ചുചാർവ്വാകതവിട്ടു നമ്മൾ
ജന്മോർവ്വിതന്നശ്രുതുടപ്പതെപ്പോൾ? (൭)

തെറിച്ചു ദൂരത്തു പറക്കുവോരി-
ജ്ജീവസ്ഫുലിംഗത്തിനു നമ്മൾ വീണ്ടും
പ്രത്യക്പ്രയാണംവഴിയാത്ത് പരാത്മ-
ജ്യോതിഷ്ഷുസായുജ്യമണപ്പതെപ്പോൾ? (൮)

കാലശ്മശാനക്കുഴിവെട്ടൽകേൾപ്പിൻ!
കാലക്കൊടുമ്പട്ടടനെയ്ത്തുകാണ്മിൻ!
കൂടററു നാം വന്നു വരേണ്ടതിന്നോ!
കൂട്ടററുപോകേണ്ടവർ വീണ്ടുമെങ്ങോ! (൯)

കൃഷ്ണാംബുവാഹം കൃപയാൽപൊഴിച്ചു
ഗീതാമൃതംകൈവശമുള്ളു നമ്മൾ
പരത്രപാഴിൽപ്പരലോകയാത്രാ-
പാഥേയമെന്തിന്നു തിരഞ്ഞിടുന്നു? (൧൦)

ജന്മത്തിലോരോ ഞൊടിയും നമുക്കു
ദൈവം തരും രത്നമനന്തമൂല്യം;

തദ്വിക്രയം നാം വിധിപോലെ ചെയ്തു
സാക്ഷാൽ പുമൎത്ഥാപ്തികൃതാൎത്ഥരാകാം!   ൫൫

കവിതിലകൻ, ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,
എം. എ., ബി. എൽ. എം. ആർ. എസ്സ്. എൽ.

# കാളിദാസരുടെ
## കവിതാദൎശം.

“കാവ്യങ്ങളിൽ മാഘത്തിനും കവികളിൽ കാളിദാസനും മാഹാത്മ്യം കൂടുന്നു” എന്നുള്ളതു പണ്ടേക്കുപണ്ടേ പ്രചുരപ്രചാരം ലഭിച്ചിട്ടുള്ള ഒരു അഭിപ്രായമാകുന്നു. മാഘത്തിന്റെ പ്രാഥമ്യത്തെ കാലഭേദത്താലൊ രുചിവ്യത്യാസത്താലൊ അപലപിക്കുന്നവർകൂടി ഏതു കാലത്തും അഭിന്നരുചികളായിട്ടു കാളിദാസരുടെ അഗ്രസ്ഥാനത്തെ ആരാധിക്കുക തന്നെ ചെയ്യുന്നു. കവിവൎഗ്ഗത്തിൽ കാളിദാസൎക്കു ഇപ്രകാരം സൎവ്വോന്നതമായ സ്ഥാനം ലഭിക്കുന്നതിനുള്ള കാരണം, തൽകൃതികളിൽ സൎവ്വത്ര പരിലസിക്കുന്നവയും കാവ്യസാധാരണങ്ങളും ആയ ഗുണങ്ങളുടെ സവിശേഷമായ പൂൎണ്ണത, മാത്രമല്ല, ഈ വിഷയത്തിൽ കാളിദാസരോടു സമന്മാരൊ തദുന്നതന്മാരൊ ആയ കവികൾ വേറെ ഇല്ലെന്നു പറവാൻ പാടില്ല. എന്നാൽ അവരെക്കാൾ ശോഭനവും ഉന്നതവും ആയ ഒരു സ്ഥാനത്തിനു കാളിദാസനെ അൎഹനാക്കിയതു തൽസ്വീകൃതമായ ആദൎശത്തിന്റെ വൈശിഷ്ട്യമാകുന്നു. ഏതു പ്രവൃത്തി ചെയ്യുമ്പോഴും തൽകൎത്താവിനു ചരമവും പരമവും ആയ ഒരു ഉദ്ദേശമുണ്ടായിരിക്കും, ഇതുതന്നെയാണ് ആദൎശം. എതിന്റെയും അന്തൎഭാഗശരീമാലയിൽ നൂലെന്നപോലെ ഈ ആദൎശം സൎവ്വന്നു

നമായിരിക്കുന്നു. നമ്മുടെ ഇടയിൽ പല മഹാന്മാരായ കവികളും കൃതികളും ഉണ്ടായിട്ടുണ്ട്. തൽസ്വീകൃതങ്ങളായ ആദൎശങ്ങൾ വിവിധങ്ങളാകുന്നു. ചിലർ സാഹിത്യത്തിൽ ചില നവീനങ്ങളായ പ്രസ്ഥാനങ്ങളെ നിൎമ്മിച്ച അവയ്ക്കു പ്രതിഷ്ഠ കല്പിക്കണമെന്നും, മറ്റുചിലൎക്ക് തങ്ങളുടെ പാണ്ഡിത്യവൈഭവത്തെ വിജൃംഭിപ്പിക്കേണമെന്നും, വേറെചിലൎക്ക് ഒരു പ്രത്യേകമായ ദേശത്തിൻേറയോ സമുദായത്തിൻേറയൊ ജീവിതരഹസ്യങ്ങളെവ്യക്തമാക്കേണമെന്നും ആദൎശങ്ങളുണ്ടായിരുന്നതായിക്കാണാം. ശബ്ദത്തിൻേറയൊ അൎത്ഥത്തിൻേറയൊ (അഥവാ രണ്ടിൻേറയുമൊ) വിവിധമായ കല്പനാവിശേഷമാൎഗ്ഗത്തെ പ്രകാശിപ്പിക്കേണമെന്നായിരിക്കും വേറേ ചിലരുടെ ആദൎശം. ഇവിടെ പറഞ്ഞ ആദൎശങ്ങളിൽ ഓരോന്നും ഓരോവിധം ശ്രേഷ്ഠംതന്നെ. ഒരു ആദൎശത്തിൻെറ മാഹാത്മ്യം അതിൻെറ വിശാലതയേയും പരിശുദ്ധിയേയും ആശ്രയിച്ചിരിക്കുന്നു. ലോകത്തിനു മുഴവൻ കാലദേശാദ്യവസ്ഥാഭേദംകൂടാതെ—ഏതുവിധമുള്ള ജനസമുദായത്തിനും—അംഗീകരിക്കാവുന്ന ആദൎശങ്ങളുണ്ട്. ഒരു പ്രത്യേകദേശത്തിലുള്ളവൎക്കു മാത്രം സ്വീകരിക്കുവാൻ യുക്തങ്ങളായ ആദൎശങ്ങളേയും കാണാം. ഇവയിൽ ആദ്യം പറഞ്ഞവ വിശാലതയുടെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നവയാകുന്നു. ഇവിടെ കാളിദാസർ ആദ്യം പറഞ്ഞ വിധമുള്ള ആദൎശത്തെ സ്വീകരിച്ചിരിക്കുന്നു. മററു കവികളുടെ ആദൎശങ്ങൾ രണ്ടാമതു പറഞ്ഞവിധമുള്ളവയാണ്. ഇപ്രകാരം ആദൎശസ്വീകരണവിഷയത്തിൽ ഉള്ള പ്രധാനവ്യത്യാസമാണ് കാളിദാസർ ഇതരന്മാരേക്കാൾ ഉന്നതമായ ഒരു സ്ഥാനത്തെ സമ്പാദിച്ചുകൊടുത്തിരിക്കുന്നത്. ഈ സംഗതിയെക്കുറിച്ചു അല്പംകൂടി വിശാലമായി വിചാരിക്കാം.

കാവ്യങ്ങളിൽ (1) ആത്മീയവും (2) ലൌകികവും (3) ...ത്മകവും ആയ ധൎമ്മസമുദായത്തെ പ്രാഥമ്യേന ഗണി

ക്കുന്നവരായി മൂന്നുവിധം കവികൾ ഉണ്ട്. ഇവരിൽ ആദ്യത്തെ തരക്കാർ ഋഷികളാകുന്നു. ഇവരാൽ സ്വീകരിക്കപ്പെടുന്നവ ആത്മീയധർമ്മങ്ങൾ മാത്രമായിരിക്കും. ഐന്ദ്രിയലോകസീമാന്തരാളത്തിൽ ഉൾപ്പെടുന്നവയും പ്രാപഞ്ചികങ്ങളും ആയ സംഗതികൾ ഈവിധക്കാരായ കവികളിൽനിന്നു ഗ്രഹിക്കാവുന്നതല്ല. അത്രയുമല്ല, തൽകൃതികൾ വൈരാഗ്യപ്രധാനങ്ങളുമാകുന്നു. വാസിഷ്ഠാദിമഹാകൃതികൾ ഉദാഹരിക്കപ്പെടാം. രണ്ടാമതു പറഞ്ഞ ഐഹികചിന്താനിരതന്മാരായ മഹാകവികളുടെ കൃതികൾ പ്രാപഞ്ചികധർമ്മങ്ങൾക്കു പ്രാമാണ്യം കല്പിക്കുന്നു. ഐന്ദ്രിയസീമയെ അതിക്രമിച്ച വല്ല ശക്തിയും ഉണ്ടോ എന്ന് അവയിൽനിന്നു അറിയാൻ സാധിക്കയില്ല. ഇത്രയും പറഞ്ഞതിൽനിന്നും ഇവിടെ പറഞ്ഞ ആദ്യത്തെ രണ്ടുവിധമുള്ള കവികളുടെ ആദശങ്ങൾ വിഭിന്നങ്ങളാണെന്നു വ്യക്തമായല്ലൊ. ആത്മീയമായ ധർമ്മം സർവ്വപ്രകാരേണയും ഉൽകൃഷ്ടവും ലൌകികം നിസ്സാരവും തന്നെ എന്നു സമ്മതിക്കാം. എത്രമാത്രം ഔന്നത്യം ഏറിയതാണെങ്കിലും ജ്ഞാനം—അല്ലെങ്കിൽ ജ്ഞാനികളെ—കൊണ്ടു മാത്രം ലോകാഭിവൃദ്ധി ഉണ്ടാകുന്നതല്ല. നിസ്സാരമായ ലോകജ്ഞാനവും ആവശ്യംതന്നെ. ആത്മീയമായ ധർമ്മത്തെ വിട്ടിട്ടുള്ള ലൌകികവും, ലൌകികധർമ്മവിഭിന്നമായ ആത്മീയവും ലോകോന്നതിക്കു പ്രയോജനമല്ല. ഈ തത്വത്തെ അറിയുന്നവരാണ് മൂന്നാമതു പറഞ്ഞ കവികൾ. അവർ ഒന്നിനെ തള്ളാതെ മററതിനേയും സ്വീകരിക്കുന്നു. അതിനാൽ ലൌകികധർമ്മങ്ങളെക്കൂടി ഗ്രഹിച്ച സംഘടിപ്പിച്ച് ആത്മീയധർമ്മങ്ങളെ കേവലലൌകികന്മാക്കുകൂടി സ്വീകരിക്കുവാൻ തക്ക വിധത്തിലാക്കി മൂന്നാമതൊരു പ്രസ്ഥാനം ഉണ്ടാകുവാൻ ഇടയായി. പരസ്പരവിഭിന്നതയോടുകൂടിയ ഇഹപരലോകങ്ങളെ—അല്ലെങ്കിൽ ആത്മശരീരങ്ങളെ—ഹൃദ്യതയോടുകൂടി രഞ്ജിതങ്ങളാക്കുന്നതാണെന്നു

പറഞ്ഞാൽ ഈ പ്രസ്ഥാനം ആക്കം ഒരുപോലെ യോജിക്കുന്നതാണെന്നു തെളിയും. കാളിദാസനാൽ ആദൃതമായിരിക്കുന്ന കവിതാദശത്തിൻെറ ആത്മചൈതന്യം ഈ തൃതീയ പ്രസ്ഥാനത്തിലാണ് നിബന്ധിക്കപ്പെട്ടിരിക്കുന്നത്. വാസിഷ്ഠാദി മഹാകൃതികൾ ഐഹികവിചാരവിമൂഢന്മാരായ ജനങ്ങളെയും, അമരുകശതകാദികൾ വിരക്തന്മാരേയും രസിപ്പിക്കുവാൻ പ്രയാസമാണ്. എന്നാൽ രഘുവംശശാകുന്തളപ്രമുഖങ്ങളായ കൃതികളൊ? യോഗിക്കും ഭോഗിക്കും ഐഹികനും പാരത്രികനും ഒരുപോലെ അമൃതംതന്നെ.

കാളിദാസർ, വിരക്തന്മാരുടെ മുമ്പിൽ മഹാതപസ്വിയായ ഒരു യോഗിയും, നീതിമാന്മാരായ രാജാക്കന്മാരുടെ അടുക്കൽ ലോകതന്ത്രവേദിയായ ഒരു ചക്രവത്തിയും, വിഷയലമ്പടന്മാരായ കാമുകന്മാരുടെ കൂട്ടത്തിൽ ചപലനായ ഒരു വിടാഗ്രേസരനും, ശ്രേഷ്ഠകളായ സതികളുടെ വഗ്ഗത്തിൽ നിസ്തുല്യയായ ഒരു പതിവ്രതയും, ഐഹികസുഖപ്രമത്തന്മാരുടെ ഇടയിൽ ക്ഷുദ്രനായ ഒരു പ്രാപഞ്ചികനും ആകുന്നു. അതായതു ഏതു വേഷവും കെട്ടി തദ്ദയിതങ്ങളായ ധമ്മങ്ങളെ പ്രതിപാദിക്കുന്ന വിഷയത്തിൽ കാളിദാസൻ അദ്വിതീയനാണെന്നു സാരം. 'രഘുവംശ'ത്തിൽ ദിലീപപ്രഭൃതികളായ രാജാക്കന്മാരുടെ രാജ്യഭരണരീതിയെക്കുറിച്ചു വണ്ണിച്ചിട്ടുള്ള ഭാഗം സശ്രദ്ധം വായിക്കുന്ന ഏതൊരാളും, രാജ്യപരിപാലനവിഷയത്തിൽ പഴക്കവും തഴക്കവും വന്നിട്ടുള്ള ഒരു ചക്രവത്തിയാണ് നമ്മുടെ മഹാകവിയെന്നു സശിരഃകമ്പം സമ്മതിക്കുന്നതാണ്. ഇതാണ് "നീതിമാന്മാരായ രാജാക്കന്മാരുടെ മുമ്പിൽ കാളിദാസർ ലോകതന്ത്രവേദിയായ ഒരു ചക്രവത്തിയാണെ"ന്ന് പറഞ്ഞത്. അതുപോലെ വിക്രമോവ്വശീയാദികൃതികളിൽ ചെയ്തിരിക്കുന്ന നായികാനായകന്മാരുടെ വിപ്രലംഭസംഭോഗവണ്ണനം വായിക്കുന്നതായാൽ കാമിനീകാമുകന്മാരുടെ ബഹുമുഖങ്ങളായ മദനാവസ്ഥകളിൽ

കാളിദാസക്കുള്ള അസ്ഖലിതമായ പരിചയാധിക്യം വ്യക്തമാകും. ഒരേസമയത്തുതന്നെ കാളിദാസർ ഒരു ബ്രഹ്മചാരിയും, ഗൃഹസ്ഥനും, വാനപ്രസ്ഥനും, സന്ന്യാസിയുമാണ്. പുരുഷാത്ഥതത്വസാമ്രാജ്യത്തിൽ; കാളിദാസരുടെ ഭാവനാപതാകയുടെ രുചിരഛായയിൽ വിശ്രമിക്കാത്തതായി യാതൊരു അംശവും ഇല്ല.

ഭാരതീയധമ്മങ്ങളെ സവ്വക്കും അഭിരുചിയുണ്ടാക്കത്തക്കവണ്ണം ഹൃദയംഗമമായി പ്രതിപാദിക്കുകയെന്നതു കാളിദാസരുടെ പരമമായ ഒരു ഉദ്ദേശമാകുന്നു. ഭാരതീയന്മാരായ കവികളിൽ ആരുംതന്നെ ഈ ഉദ്ദേശത്തെ ഇത്രമാത്രം ഭംഗിയായി നിവ്വഹിച്ചിട്ടുള്ളവർ വേറെയില്ല. പ്രകൃത്യാവൈരാഗ്യജനകങ്ങളും കക്കശങ്ങളും ആയ വേദാന്താദിശാസ്ത്രങ്ങളിൽകൂടി കാണുന്ന ആത്മീയധമ്മം എത്രമാത്രം ഗഹനവും പാവനവുമായിരുന്നാലും, പാമ്പിൻെറ പത്തിയിലുള്ള രത്നത്തെപ്പോലെ, അതിനോടു അടുക്കുവാൻ സാധാരണക്കാക്കു ഭയമാകുന്നു. എന്നാൽ കാളിദാസകൃതികളിൽ പ്രകാശിതങ്ങളായ ആ വക തത്വങ്ങളെത്തന്നെ ഏതൊരാളും, ഹാരഗതമായ മണിയെപ്പോലെ, സാഹ്ളാദം ആശ്ലേഷണം ചെയ്യുന്നതാണ്. മുമ്പും പിമ്പും പലരും പ്രകാശിപ്പിച്ചിട്ടുള്ള ഭാരതീയധമ്മതത്വങ്ങൾക്കും, കാളിദാസർ പ്രതിപാദിച്ചിട്ടുള്ളവയ്ക്കും തമ്മിൽ ഉള്ള പ്രധാനവ്യത്യാസമിതാണ്. രഘുവംശത്തിൽനിന്നു ഈ തത്വം പ്രകാശമായി ഗ്രഹിക്കാം.

'സോഹമാജന്മശുദ്ധാനാമാഫലോദയകമ്മണാം
ആസമുദ്രക്ഷിതീശാനാമാനാകരഥവത്മനാം
യഥാവിധിഹുതാഗ്നീനാം യഥാകാമാച്ചിതാത്ഥിനാം
യഥാപരാധദണ്ഡാനാം യഥാകാലപ്രബോധിനാം.

ത്യാഗായസംഭൃതാത്ഥാനാം സത്യായമിതഭാഷിണാം
യശസേവിജിഗീഷൂണാം പ്രജായൈഗൃഹമേധിനാം
ശൈശവേഭ്യസ്തവിദ്യാനാം യൌവ്വനേവിഷയൈഷിണാം
വാദ്ധകെമുനിവൃത്തീനാം യോഗേനാന്തെതനുത്യജാം'

എന്ന ഭാഗംകൊണ്ടു താൻ വിവരിക്കുവാൻ വിചാരിക്കുന്ന (രഘുവംശത്തിന്റെ പ്രാരംഭത്തിൽ) ഭാരതീയധൎമ്മങ്ങൾക്കു കവി സൂത്രംചെയ്തിരിക്കുന്നു. രഘുവംശവും കാളിദാസരുടെ മററു കൃതികളും ഇവിടെ പ്രകാശിതങ്ങളായ ഭാരതീയധൎമ്മങ്ങളുടെ വിസ്തൃതങ്ങളായ വ്യാഖ്യാനങ്ങളാണെന്നു പറയാം. അതായതു ഇവിടെ പറഞ്ഞവയും ഇവയോടു സംബന്ധമുള്ളവയും ആയ ധൎമ്മങ്ങളുടെ ഓരോ വിധമുള്ള വൈശിഷ്ട്യത്തെ കാണിക്കുന്നവയാകുന്നു എന്നു താല്പൎയ്യം. ഈ സംഗതി അല്പംകൂടി തെളിയിക്കാൻ ശ്രമിക്കാം. "യഥാകാമാച്ചിതാൎത്ഥിനാം" എന്ന ഭാഗംകൊണ്ടു അൎത്ഥികൾക്കുള്ള ആഗ്രഹങ്ങൾ സാധിപ്പിച്ചുകൊടുത്ത് അവരെ പൂജിക്കുക എന്നതു സൂൎയ്യവംശരാജാക്കന്മാരുടെ ഒരു ധൎമ്മമാണെന്നാണല്ലോ പറഞ്ഞത്. ഇതിൽനിന്നും യാചകന്മാർ 'ഉപദ്രവം' എന്നു വിചാരിച്ചു വല്ലതും കൊടുത്തു അയയ്ക്കുന്നതല്ല, വളരെ ഭക്തിയോടും ബഹുമാനത്തോടുംകൂടി അവരെ പൂജിച്ചു സസന്തോഷം അവരുടെ ആഗ്രഹത്തെ സാധിപ്പിച്ചുകൊടുക്കുകയാണ് ഭാരതീയരുടെ ധൎമ്മമെന്നു തെളിയുന്നു. (രഘുവംശത്തിൽ അഞ്ചാം സൎഗ്ഗത്തിൽ) ഗുരുദക്ഷിണചെയ്വാൻ ഗതിയില്ലാതെ ധനം യാചിക്കാൻ വന്ന കൌത്സന്റെയും രഘുവിന്റെയും ചരിതത്തെക്കുറിക്കുന്ന ഭാഗം ഉദാഹരിക്കപ്പെടാം. നാലാംസൎഗ്ഗംകൊണ്ട് "യശസേവിജിഗീഷൂണാം" എന്ന ഭാഗത്തിൽ പറയുന്നതു അനുസരിച്ചു കവി രഘുവിനെക്കൊണ്ട് ദിഗ്ജയം ചെയ്യിപ്പിച്ചു. സകല രാജ്യങ്ങളും രഘു പിടിച്ചടക്കി "സംഭൃതാൎത്ഥ"നമായി. ഇപ്രകാരം സംഭരിച്ച ധനം മുഴുവൻ "വിശ്വജിത്ത്" എന്ന യാഗംചെയ്വാനായി ചിലവിട്ടു. ഇതിൽനിന്നു "ത്യാഗായസംഭൃതാൎത്ഥാനാം" എന്ന ഭാഗം തെളിയിച്ചു. ധനം സമ്പാദിക്കേണ്ടതു ആവശ്യമാണ്. എന്നാൽ സ്വസുഖാനുഭവത്തിനല്ല അങ്ങിനെ ചെയ്യുന്നത്. പിന്നെയോ, അന്യന്മാൎക്ക് ദാനം ചെയ്യുന്നതിനാകുന്നു. യാഗംനിമിത്തം ധനം മുഴുവൻ ത്യാ

ഗംചെയ്ത രഘുവിൻെറ വൃത്തംകൊണ്ടു ഈ സംഗതി ഗ്രഹിക്കാം. തൻെറ സർവ്വധനവും രഘു യാഗത്തിന്നായി ചെലവു ചെയ്തു. സ്വൎണ്ണപാത്രങ്ങളുടെ സ്ഥാനത്തു, മൃൽപാത്രങ്ങൾ ഉപയോഗിക്കേണ്ടിവന്നു എന്നു പറഞ്ഞാൽ ത്യാഗശക്തി പ്രത്യക്ഷമാകുന്നതാണല്ലോ. ഇപ്രകാരം സൽപാത്രത്തിൽ വ്യയം ചെയ്തിട്ടു ഉണ്ടാകുന്ന കാശ്യം ഭൂഷണമാണെന്നു സമൎത്ഥിക്കുന്നു.

"പൎയ്യായപീതസ്യസുരൈൎഹിമാംശോഃ
കലാക്ഷയഃശ്ലാഘ്യതരോഹിവൃദ്ധേഃ"

ദാനം ചെയ്യാതെ സ്വോപയോഗങ്ങൾക്കു മാത്രം വ്യയം ചെയ്തു ധനം അഭിവൃദ്ധമാക്കുന്നതു നിന്ദ്യമാണെന്നുകൂടി കവിക്ക് ആശയമുള്ളതായി കാണാം. രഘു ഇപ്രകാരം നിൎദ്ധനനായിരുന്നിട്ടും അൎത്ഥിയുടെ അഭിലാഷത്തെ പ്രദാനം ചെയ്യുന്നതിൽ സശ്രദ്ധനായിത്തന്നെ ഭവിച്ചു. ഒടുവിൽ തൻെറ പ്രഭാവംകൊണ്ടു കുബേരങ്കൽനിന്നും ധനംവരുത്തി അൎത്ഥിക്കു കൊടുത്തു. രാജാവ് "അൎത്ഥികാമാദധികപ്രദ" നായി. ഇപ്രകാരമാണു കവി ത്യാഗത്തിൻെറ മാഹാത്മ്യത്തെ കാണിക്കുന്നത്. രഘുക്കൾ, അൎത്ഥികൾ ആവശ്യപ്പെട്ടാൽ ധനം മാത്രമല്ല എന്തും കൊടുക്കുവാൻ സന്നദ്ധന്മാരായിരുന്നു.

"അപ്യസുപ്രണയിനാം രഘോഃകുലെ
നവ്യഹന്യത കദാചിദൎത്ഥിതാ"

എന്നു കവി പറയുന്നു. അനവധികാലം പുത്രന്മാരില്ലാതെ വിഷാദിച്ചിരുന്ന് ഒടുവിൽ ദശരഥനു ലഭിച്ച സന്താനങ്ങളാണ് രാമാദികൾ. വിശ്വാമിത്രൻ അൎത്ഥിച്ച ഉടനെത്തന്നെ ആ രാമലക്ഷ്മണന്മാരെ ദശരഥൻ കൊടുക്കുന്നു. ശൈശവം, യൌവനം, വാൎദ്ധക്യം എന്നു മൂന്നു ദശകളാണ് മനുഷ്യൎക്കുള്ളത്. ഈ ഓരോ ദശയിലും വിദ്യാഭ്യാസം, ഗൃഹസ്ഥവൃത്തി, മുനിവൃത്തി, എന്നിവ സ്വീകരിക്കപ്പെടുന്നു.

"ശൈശവേഭ്യസ്തവിദ്യാനാം" ഇത്യാദി പദ്യംകൊണ്ടു കവി ഈ തത്വം തെളിവാക്കുന്നു. രഘുവിൻെറ ശൈശവം, വാർദ്ധക്യം, മുനിവൃത്തി എന്നിവ വർണ്ണിച്ചിരിക്കുന്ന ഭാഗങ്ങളിൽനിന്നു (മൂന്നും എട്ടും സർഗ്ഗങ്ങൾ) ശൈശവാദിദശകളിൽ ആദരിക്കേണ്ട വൃത്തങ്ങളുടെ സ്വഭാവത്തെ പ്രതിപാദിച്ചിരിക്കുന്നു. ഗുരുവിൻെറ ധേനുവിനെ സംരക്ഷിക്കുന്നതിനായി സിംഹത്തിൻെറ മുൻപിൽ തദ്ഭക്ഷണാർത്ഥം നിർഭയം സ്വശരീരത്തെ പതിപ്പിച്ച ദിലീപൻെറ ഗുരുഭക്തി, (രണ്ടാം സർഗ്ഗം) അശ്വാപഹർത്താവായ ഇന്ദ്രനുമായി യുദ്ധംചെയ്ത രഘുവിൻെറ ധൈര്യം, വന്ദനീയയായ കാമധേനുവിനെ ബഹുമാനിക്കായ്കയാൽ ലബ്ധശാപനായ രാജാവിൻെറ സ്ഥിതിയാൽ സ്പഷ്ടമാകുന്ന പൂജ്യപൂജനത്തിൻെറ ആവശ്യകത, അഭിഷേകത്തിനു പട്ടും കാട്ടിലേക്കു പോകാൻ തോലും ധരിച്ചപ്പോൾ (രണ്ടു സമയത്തും) ഒരുപോലെ ശ്രീരാമനുണ്ടായ മനോവൃത്തി (സമ്പദി-വിപദി ചൈകമനാഃ), വസിഷ്ഠശിഷ്യൻ അജനു ഉപദേശിക്കുന്ന തത്വജ്ഞാനത്തിൽനിന്നു തെളിയുന്ന ജീവിതത്തിൻെറ നിസ്സാരത, മരണത്തിൻെറ യുക്തത, സീതാപരിത്യാഗത്താൽ പ്രകടിപ്പിച്ച ലോകാപവാദഭീതിയിലുള്ള ഗൌരവം മുതലായവ രഘുവംശത്തിൽനിന്നും പഠിക്കേണ്ടവയായ അത്യുൽകൃഷ്ടങ്ങളായ ചില പാഠങ്ങളാണ്. ഇതുപോലെ രഘുവംശത്തിൻെറ ഓരോ സർഗ്ഗത്തിൽനിന്ന് എന്നല്ല ഓരോ പദ്യത്തിൽനിന്നു തന്നെ പലവിധമുള്ള ഗൌരവാവഹങ്ങളായ പാഠങ്ങളും അഭ്യസിക്കേണ്ടതുണ്ട്.

"ചതുർവ്വർഗ്ഗഫലംജ്ഞാനം"

"ഇന്ദ്രിയാർത്ഥാനിവരിമൃൻതത്വജ്ഞാനേനസംയമീ"

ഇത്യാദി ചെറിയ വാക്യങ്ങളിലുള്ള അർത്ഥത്തിൻെറ ഗൌരവംതന്നെ ആലോചനാർഹങ്ങളാകുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നു നാലാണു പുരുഷാർത്ഥങ്ങൾ. അറിവിൻെറ ഫലം ഇവയുടെ പ്രാപ്തിയാകുന്നു. കാളിദാസർ

കന്നിനേയും നിഷേധിച്ചിട്ടില്ല. പുരുഷാൎത്ഥങ്ങളിൽ അൎത്ഥകാമങ്ങൾക്കു ലൌകികന്മാരും, മോക്ഷത്തിന്നു വേദാന്തികളും പ്രാമാണ്യം വിധിക്കുന്നു. അവർ മറ്റുള്ളവയെ നിസ്സാരമായി തള്ളുന്നു. കാളിദാസർ പരലോകത്തിനുവേണ്ടി ഈ ലോകത്തെ ത്യജിക്കാൻ തയ്യാറില്ല. ഇവിടെ നമുക്കു ചില ധൎമ്മങ്ങൾ ഉണ്ട്. അവയെ നിൎവ്വഹിച്ച് ഈ ലോകത്തിൻെറ നിലനില്പിന്നു വേണ്ടതു ചെയ്യണം. അതു കഴിഞ്ഞാൽ ഇവിടെ നമുക്കു കാൎയ്യമില്ല. ഇതാണു കാളിദാസരുടെ മതം. കാമം എന്നു പറഞ്ഞതിന്നു വാത്സ്യായനാദിപ്രതിപാദിതങ്ങളായ കാമശാസ്ത്രതത്വങ്ങളെക്കുറിച്ചുള്ള അറിവു എന്നൎത്ഥം. കാമശാസ്ത്രതത്വങ്ങളെ അറിഞ്ഞു വിധിപോലെ അനുഷ്ഠിക്കുന്നവൎക്ക് മാത്രമെ ഉത്തമസന്താനങ്ങൾ ഉണ്ടാകുകയുള്ളൂ. അങ്ങിനെയുള്ള സന്താനങ്ങളെക്കൊണ്ട് കുലം നിലനില്ക്കുന്നു; ഇഹത്തിലും പരത്തിലും ഗതി ഉണ്ടാകുന്നു. 'സന്തതിഃശുദ്ധവംശ്യാഹിപരത്രേഹചധൎമ്മണെ' എന്നുള്ളതാണു സന്തതിലാഭത്താലുള്ള ഫലം. ലൌകികന്മാരായിരിക്കുന്ന കാലത്തോക്കെ അൎത്ഥവും ആവശ്യം. അൎത്ഥരഹിതന്മാൎക്ക് കൎമ്മങ്ങൾ ചെയ്യാൻ കഴികയില്ല. 'അൎത്ഥാൽക്രിയാഃപ്രവൎത്തന്തേപൎവ്വതേഭ്യഇവാപഗാഃ' എന്നു ഭാരതത്തിൽ പറയുന്നു. അൎത്ഥമില്ലാത്തവരുടെ പ്രവൃത്തികൾ സ്തംഭിക്കുന്നു. അവരെക്കൊണ്ടു ലോകത്തിന്നു ഒരു പ്രയോജനവുമില്ല. അതിനാൽ അൎത്ഥസിദ്ധിയും ജ്ഞാനഫലംതന്നെ. എന്നാൽ ധൎമ്മരഹിതമെങ്കിൽ ആ വിധമുള്ള അൎത്ഥകാമങ്ങൾ ത്യാജ്യങ്ങളാകുന്നു.

'അപ്യൎത്ഥകാമൌതസ്യാസ്താംധൎമ്മഏവമനീഷിണഃ'

എന്ന ഭാഗംകൊണ്ടു കുലവൃദ്ധിഹേതുകമായ സന്താനലാഭത്തിനല്ലാതെ വിഷയസുഖാഭിലാഷത്തിനായുള്ള കാമവും ത്യാഗത്തിനല്ലാത്ത അൎത്ഥവും സ്വീകാൎയ്യമല്ലെന്നു പഠിപ്പിക്കുന്നു. അതിനാൽ ജ്ഞാനത്തിന്നു 'ചതുൎവ്വൎഗ്ഗഫലതചം' ക

ല്പിച്ചതു ആലോചനാപൂൎവ്വമായിരിക്കുന്നു. ഇന്ദ്രിയാൎത്ഥങ്ങൾ ശത്രുക്കളാകുന്നു. അവയെ ജയിക്കണമെങ്കിൽ തത്വജ്ഞാനം വേണം. സംയമം (അടക്കം) ഉള്ളവനു മാത്രമേ ഇങ്ങിനെ ചെയ്വാൻ കഴികയുള്ളൂ. ഇതു പ്രൌഢമായ ഒരു വേദാന്തതത്വമാണ്. ഇന്ദ്രിയാൎത്ഥങ്ങളെ ശത്രുക്കൾ എന്നു പറഞ്ഞതു അവ ദുഃഖത്തെ ഉണ്ടാക്കുന്നതുനിമിത്തമാണ്. ഈ മാതിരി പല മഹാതത്വങ്ങളും കാളിദാസരുടെ ചെറിയ കാവ്യങ്ങളിൽ തന്നെ അടങ്ങിയിരിക്കുന്നതായി കാണാം.

ദിലീപൻ മുതൽ അഗ്നിവൎണ്ണൻവരെയുള്ള രാജാക്കന്മാരുടെ രാജ്യപരിപാലനസ്വഭാവത്തെ വൎണ്ണിക്കുന്ന ഭാഗങ്ങൾ കാളിദാസരുടെ രാഷ്ട്രീയതന്ത്രകൌശല്യത്തെ പ്രത്യക്ഷപ്പെടുത്തുന്നവയാണ്. ഒരു രാജാവിനു തൻെറ ഭരണം ഉത്തമമായ നിലയിൽ നയിച്ചു വിജയം സമ്പാദിക്കണമെങ്കിൽ ഏതെല്ലാം വിധമുള്ള നയങ്ങൾ ആവശ്യമാണൊ അവയെക്കുറിച്ചു എല്ലാം ഈ ഭാഗങ്ങളിൽ വിവരിക്കുന്നു. രാജധൎമ്മത്തിൻെറ എല്ലാ മൎമ്മങ്ങളും ഇവയിൽ അടങ്ങിയിട്ടുണ്ട്. രഘുവംശത്തെപ്പോലെ രാജ്യഭരണതന്ത്രങ്ങളെക്കുറിച്ചു അത്ര മാത്രം സമഗ്രവും വിശദവും ആയി ഉപദേശിക്കുന്ന കാവ്യങ്ങൾ വേറെയില്ലെന്നുതന്നെ പറയാം. രഘുവംശം ഹൃദയംഗമമായ കാവ്യത്തിൻെറ രീതിയിൽ രചിച്ചിട്ടുള്ള പ്രൌഢമായ ഭാരതീയധൎമ്മശാസ്ത്രമാണെന്നു പറഞ്ഞാൽ അധികം തെററു വരികയില്ല. അതു ഭാരതീയധൎമ്മരത്നങ്ങളുടെ ഒരു ഭണ്ഡാഗാരമാകുന്നു. ബഹുക്കളായ ധൎമ്മങ്ങളെ ഇതിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും രാജധൎമ്മങ്ങൾക്കാണ് പ്രാധാന്യം കൊടുത്തു കാണുന്നത്. രഘുവംശത്തിലെന്നല്ല ശാകുന്തളാദിയിലും രാജാക്കന്മാരെ വൎണ്ണിക്കുന്നിടത്തു ഒക്കെ കാളിദാസർ തൻെറ വലിയ ധൎമ്മനിഷ്ഠയെ കാണിച്ചിട്ടുണ്ട്. ചില ഭാഗങ്ങളെ താഴെ ഉദാഹരിക്കാം:—

"കാത്വംശുഭേ!കസ്യപരിഗ്രഹോവാ
കിംവാമദഭ്യാഗമകാരണംതേ

ആചക്ഷ്വമത്വാവരിനാംരഘൂണാം
മനഃപരസ്ത്രീവിമുഖപ്രവൃത്തി"

രാത്രിയിൽ പ്രഭാവശക്തികൊണ്ടു തന്റെ സമീപത്തിൽ വന്ന അയോദ്ധ്യാദേവതയോടു രാജാവു പറയുന്ന ഈ ഭാഗം ധർമ്മാസക്തിയെ നല്ലപോലെ കാണിക്കുന്നു. "നീ ആരാണ്? എന്താണിവിടെ വന്നതു എന്നു പറയുക. എന്നാൽ ഒരു കാൎയ്യം നല്ലപോലെ ഓൎമ്മിക്കണം. രഘുവംശരാജാക്കന്മാർ ജിതേന്ദ്രിയന്മാരാണ്. അവരുടെ മനസ്സു എപ്പോഴും പരസ്ത്രീവിമുഖമായിട്ടേ ഇരിക്കയുള്ളൂ." ഈ വാക്കിൽ നിന്നും "നീ ചപലമായ വല്ല അഭിലാഷവുംകൊണ്ടാണ് വന്നതു എങ്കിൽ അതൊന്നും സാധിക്കയില്ല എന്നു ഓൎമ്മിച്ചുകൊള്ളുക" എന്ന ആശയം സ്ഫുരിക്കുന്നു. രാജാക്കന്മാൎക്കു പ്രധാനമായി വേണ്ട ഗുണം ജിതേന്ദ്രിയത്വമാണ്. ആ ഗുണം രാജാവിനു പൂൎണ്ണമായുണ്ടെന്നു സ്പഷ്ടമാക്കി.

"അകാൎയ്യചിന്താസമകാലമേവ
പ്രാദുൎഭവംശ്ചാപധരഃപുരസ്താൽ
അന്തശ്ശരീരേഷ്വപിയഃപ്രജാനാം
പ്രത്യാദിദേശാവിനയംവിനേതാ."

കാൎത്തവീൎയ്യാൎജ്ജുനന്റെ ഭരണകാലത്തിൽ പ്രജകളിൽ ആരുംതന്നെ അധൎമ്മത്തെക്കുറിച്ചു വിചാരിക്കപോലും ചെയ്തയില്ലായിരുന്നു. ആരെങ്കിലും ഒരാൾ ഒരകൃത്യം ചെയ്വാനായി വിചാരിച്ചാൽ ഉടൻ ചാപപാണിയായി രാജാവു അവന്റെ മുൻപിൽ ചെന്നു ആ അകൃത്യത്തിൽനിന്നു തടുക്കുന്നു. ഇതരരാജാക്കന്മാൎക്കു ജനങ്ങളുടെ സ്ഥൂലങ്ങളായ അധൎമ്മങ്ങളെ തടയുന്നതിനേ ശക്തിയുള്ളൂ. എന്നാൽ മാനസികങ്ങളായ അധൎമ്മങ്ങളേയും ഈ രാജാവു നിവാരണം ചെയ്യുന്നു. ഇതു യോഗശക്തികൊണ്ടാണ്. ഇതിൽനിന്നു ജിതേന്ദ്രിയത്വവും തൽഫലമായ യോഗശക്തിയും ഉള്ള രാജാക്കന്മാൎക്കു മാത്രമേ പ്രജകളെ അവരുടെ സൎവ്വവിധാധൎമ്മങ്ങളിൽനി

ന്നും നിവാരണംചെയ്യാൻ സാധിക്കയുള്ളു എന്നു കാണിച്ചിരിക്കുന്നു.

"സഹിസർവ്വസ്യലോകസ്യയുക്തദണ്ഡതയാമനഃ
ആർദ്രേനാതിശീതോഷ്ണോനഭസ്വാനിവദക്ഷിണഃ"

രാജാവു അധികം ക്രൂരനായാൽ ജനങ്ങൾ വെറുക്കും; മൃദുവായാൽ ആരും ഗണിക്കയില്ല. അതിനാൽ അധികം ക്രൂരവും മൃദുവും അല്ലാത്ത മദ്ധ്യമമാർഗ്ഗനയത്തെ ആശ്രയിക്കുന്ന രാജാക്കന്മാർക്കേ ജനങ്ങളെ ആകർഷിക്കാൻ സാധിക്കയുള്ളു. ഇതു ഭരണകർത്താക്കന്മാർ എല്ലാം പൊതുവെ ധരിക്കേണ്ട ഒരു തത്വമാകുന്നു.

"നൃപസ്യവർണ്ണാശ്രമപാലനംയൽ
സഏവധർമ്മോമനുനാപ്രണീതഃ"
"വർണ്ണാശ്രമാണാംഗുരവേ"

ഇത്യാദി ഭാഗങ്ങൾകൊണ്ടു വർണ്ണാശ്രമസംരക്ഷണം ആണ് രാജധർമ്മം എന്നു ഗ്രഹിക്കാം. ഇതു സ്മൃതിസിദ്ധമാകുന്നു. വർണ്ണങ്ങളേയും ആശ്രമങ്ങളെയും പരിപാലിക്ക എന്നു പറഞ്ഞാൽ രാജധർമ്മം മുഴുവൻ അതിൽ അടങ്ങിയിരിക്കുന്നതായി കാണാം. പൂർവ്വകാലത്തിലും ഇന്നും ഭാരതീയരായ രാജാക്കന്മാർ എല്ലാവരും സ്വീകരിച്ചിരിക്കുന്ന ധർമ്മവും ഇതുതന്നെ. രാജാക്കന്മാർ കൂടെക്കൂടെ ആശ്രമങ്ങളിൽ പോയി മഹർഷിമാരുടെ യോഗക്ഷേമങ്ങളെ അന്വേഷണംചെയ്തു വന്നിരുന്നു.

"പ്രജാനാംവിനയാധാനാദ്രക്ഷണാൽഭരണാദപി
സപിതാപിതരസ്താസാംകേവലം ജന്മഹേതവഃ"

ഇതിൽനിന്നു പ്രജകളുടെ വിനയാധാനം, രക്ഷണം, ഭരണം എന്നിവ പിതാവിനേപ്പോലെ ചെയ്യേണ്ടതു രാജാവിൻെറ ധർമ്മമാണെന്നു കാണുന്നു. ഈ നിലയിൽ നയത്തോടുകൂടി ഭരിക്കുന്ന ഒരു രാജാവിൻെറ ഭരണമേ വിജയകരമാകുകയുള്ളു. ഈ മാതിരി രാജ്യഭരണസംബന്ധങ്ങളായ അ

നവധി തത്വങ്ങൾ രഘുവംശത്തിന്റെ മിക്ക ഭാഗങ്ങളിലും തെളിഞ്ഞു തിളങ്ങുന്നതായി കാണാം.

ആത്മീയധൎമ്മങ്ങളെക്കുറിച്ചു പ്രതിപാദിക്കാൻ ഉദ്യമിക്കുമ്പോൾ നമ്മുടെ കവിസമ്രാട്ട് മുൻപറഞ്ഞ മഹാരാജത്വത്തേയും സിംഹാസനത്തേയും പുല്ലുപോലെ ദൂരെ കളഞ്ഞു മഹാതപസ്വിത്വത്തെയും ദർഭാസനത്തേയും പ്രതിപാദിക്കുന്നതു കണ്ടാൽ അത്ഭുതം തോന്നും.

"അഭ്യക്തമിവസ്നാതഃ
ശുചിരശുചിമിവപ്രബുദ്ധഇവസുപ്തം.
ബദ്ധമിവസ്വൈരഗതി-
ർജ്ജനമിഹസുഖസംഗിനമവൈമി"

സകലവിധ പ്രതാപശാലിയായ ദുഷ്യന്തമഹാരാജാവിനെ കണ്ടപ്പോൾ ഋഷികുമാരന്മാൎക്കുണ്ടായ വിചാരമാണീഭാഗം. ഇതിന്റെ സാരം ഇപ്രകാരമാകുന്നു—സുഖാസക്തന്മാരായ രാജാക്കന്മാർ അഭ്യക്തന്മാരേയും, അശുചികളേയും, ബദ്ധന്മാരേയുംപോലെയാണ്; അതായതു അവർ മലിനന്മാരും അസ്വതന്ത്രന്മാരുമാകുന്നു. ഋഷികളൊ? സ്നാതന്മാരേയും, ശുചികളേയും, സ്വതന്ത്രന്മാരേയുംപോലെയാകുന്നു. അവൎക്ക ഒന്നുകൊണ്ടും മാലിന്യവും ബന്ധനവും ഭവിക്കുന്നില്ല. ഒരു ഭാരതീയ തത്വജ്ഞാനി, സുഖാസക്തവും ആഡംബരബഹുലവുമായ രാജസ്ഥിതിയെ എത്ര അശുദ്ധവും ക്ഷുദ്രവും ആയിട്ടാണു കാണുന്നതു എന്നറിയുന്നതിനു 'അഭ്യക്തമിവസ്നാതഃ' എന്ന ഉപമകൊണ്ടുതന്നെ കഴിയും.

"മഹാഭാഗഃകാമംനരപതിരഭിന്നസ്ഥിതിരസൌ!
നകശ്ചിദ്വൎണ്ണാനാമപഥമപകൃഷ്ടോപിഭജതേ
തഥാപ്യേവംസ്വംപരിചിതവിവിക്തേനമനസാ
ജനാകീൎണ്ണംമന്യേഹുതവഹപരീതംഗൃഹമിവ."

ഈ പദ്യം ജനാകീൎണ്ണമായ ഒരു സ്ഥലത്തിന്റെ അനാവാസയോഗ്യതയെ പ്രതിപാദിക്കുന്നു. അഗ്നിയാൽ ചുററപ്പെ

ട്ട ഭവനം വാസയോഗ്യമാകുന്നില്ല. ഇതുപോലെ ജനബാഹുല്യങ്ങളായ പ്രദേശങ്ങൾ ഹേയങ്ങളാകുന്നു. എന്തെന്നാൽ യോഗവൃത്തിക്കു യുക്തങ്ങളല്ല. കാളിദാസരുടെ ആദ്ധ്യാത്മികവിചാരം എത്രമാത്രം അനുഭവയുക്തമാണെന്നു ഈ ഭാഗത്തിൽനിന്നു ഗ്രഹിക്കാം.

തങ്ങളുടെ പെൺകുട്ടികളെ വിവാഹംകഴിച്ചുകൊടുത്ത് അവർ ഭർത്താക്കന്മാരോടുകൂടി പോകുമ്പോൾ ഒരു ഗൃഹസ്ഥനുണ്ടാകുന്ന വിഷാദം ഇത്രമാത്രമാണെന്നു പറഞ്ഞറിയിക്കാവുന്നതല്ല. ആ കുട്ടികളുടെ കളിപ്പാവകൾ, അവർ വളർത്തിയിട്ടുള്ള സസ്യങ്ങൾ, അവർ കളിക്കുന്ന സ്ഥലങ്ങൾ, എന്നിവ കാണുമ്പോൾ, വിഷാദം ഉദ്ദീപിക്കുന്നു. ഇപ്രകാരമുള്ള വ്യസനത്തിന്റെ ഒരു ഉദ്വാപ്തിയാണ്,

“ശമമേഷ്യതിമേശോകഃ
കഥംനുവത്സേ!ത്വയാരചിതപൂർവ്വം
ഉടജദ്വാരനിരൂഢം
നീവാരബലിംവിലോകയതഃ”

എന്ന പദ്യത്തിൽ പ്രകടിതമായിരിക്കുന്നതു. ‘അച്ഛാ! തപഃക്ലിഷ്ടമായ ശരീരത്തെ ഇനിയും എന്നെ വിചാരിച്ചു ശോഷിപ്പിക്കരുതെ!’ എന്നു പറയുന്ന ശകുന്തളയോടുള്ള കണ്വന്റെ വാക്യമാണു ഈ ഭാഗം. ‘കുഞ്ഞെ! നീ നട്ടവയും ആശ്രമദ്വാരത്തിങ്കൽ മുളച്ചിരിക്കുന്നവയുമായ ഈ നീവാരങ്ങളെ കാണുന്ന സന്ദർഭത്തിൽ എങ്ങിനെയാണു എന്റെ ദുഃഖത്തിനു ശമനമുണ്ടാകുന്നത്?’ പുത്രീവിയോഗാവസരത്തിൽ ഒരു ഗൃഹസ്ഥനുണ്ടാകുന്ന വ്യഥാധിക്യത്തെ ഇതിലധികം ഭംഗിയായി പ്രകടിപ്പിക്കുവാൻ വിഷമമാണ്. ഈ പദ്യംകൊണ്ടു കാളിദാസർ തപസ്വിയായ കണ്വനെ ലൌകികവ്യാപാരനിമഗ്നനായ ഒരു കുടുംബിയാക്കി അത്യഗാധമായ വ്യഥാർണ്ണവത്തിന്റെ തിമിരിതമായ അധഃപ്രദേശത്തിലെക്കു തള്ളിയിട്ടു എന്നു കാണാം. എന്നാൽ നമ്മുടെ കവിസാർവ്വ

ഭൌമൻ അടുത്ത അവസരത്തിൽ ആ യോഗിയെ അവിടെ നിന്നും കയററി പരമോന്നതവും പാവനവും ആയ മഹാമേരുപൎവ്വതത്തിന്റെ ശൃംഗപ്രാന്തത്തിൽക്കൊണ്ടു വിശ്രമിപ്പിച്ച് ആശ്വാസത്തെ കൊടുക്കുന്നതു നോക്കുക. 'അൎത്ഥോഹി കന്യാപരകീയ ഏവ' എന്നതു എത്ര സാരതരമായ ഒരു തത്വജ്ഞാനം! പെൺകുട്ടികൾ പിതാക്കന്മാരുടെ സ്വന്തംമുതലല്ല. അന്യന്മാരുടേതാണ്. അവർ ചോദിക്കുമ്പോൾ കൊടുത്തുകൊള്ളണം. മറെറാരാളുടെ മുതൽ നമ്മുടെ അടുക്കൽ സൂക്ഷിക്കാൻ തരുന്നു എന്നു വിചാരിക്കുക. അയാൾ വന്നു തിരിയെ ആ മുതൽ വാങ്ങിക്കുന്നു എന്നു വരികിൽ എന്താണു ദുഃഖത്തിന്നു അവകാശം! ഒരാൾ വച്ചിരിക്കുന്ന പണയം തിരിച്ചുകൊടുക്കുമ്പോൾ ആ ഭാരം തീൎന്നുവല്ലോ എന്നു ആഹ്ളാദവും ആശ്വാസവും ആണ് തോന്നേണ്ടത്. അതിനാൽ 'പ്രത്യൎപ്പിതന്യാസഇവാന്തരാത്മാ' എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ കവി അന്തൎഭവിപ്പിച്ചിരിക്കുന്ന വേദാന്തതത്വരഹസ്യം ചിന്തനീയമാകുന്നു. ഏതു സംഗതിയിലും "എന്റെ" എന്നുള്ള വിചാരം (മമതാബന്ധം) ദുഃഖത്തിനു കാരണമാകുന്നു. ശകുന്തളയെ എന്റെ പുത്രി എന്നു വിചാരിച്ചപ്പോൾ കണ്വനുണ്ടായ (മുൻപറഞ്ഞ) സന്താപത്തിനു ഹേതു ഈ മമതാബന്ധംതന്നെ. പെൺകുട്ടികൾ അന്യന്മാരുടെ മുതലുകളാണെന്നുള്ള തത്വജ്ഞാനം ഉണ്ടായപ്പോൾ മുൻപറഞ്ഞ മമതാബന്ധം നശിച്ചു. തലയിൽനിന്നും ഭാരം താഴത്തിറക്കിയ ഒരു ചുമട്ടുകാരന്റെ സന്തോഷവും ആശ്വാസവും ഈ സന്ദൎഭത്തിലുണ്ടാകുന്നു. ഇതുതന്നെ സംസാരവ്യഥാവിച്ഛേദകമായ തത്വജ്ഞാനം. തത്വദൃഷ്ട്യാ ഇതിലധികം സുഖകരമായി വേറെ ഒന്നുംതന്നെയില്ല.

"ഭൂത്വാചിരായചതുരന്തമഹീസപത്നീ
ദൌഷ്യന്തിമപ്രതിരഥംതനയംപ്രസൂയ
ഭൎത്രാതദൎപ്പിതകുടുംബഭരേണസാൎദ്ധം
ശാന്തേകരിഷ്യസിപദംപുനരാശ്രമേസ്മിൻ"

എന്ന പദ്യം ജീവിതവൃത്തിയുടെ മഹത്തായ ആദശ്ശുദ്ധി യെ കാണിക്കുന്നുണ്ട്. പിതാവിനെ വിട്ടുപിരിയുന്ന ശകുന്ത ള 'ഇനി ഞാനെന്നാണിവിടെ വരുന്നത്' എന്നു ചോദിക്കു ന്നതിന്നുള്ള സമാധാനമാണ് ഈ ഭാഗം. 'വളരെ കാലം ഭൂമിയുടെ സപത്നിയായിരുന്നു പ്രതാപശാലിയായ പുത്രനെ പ്രസവിച്ചു ഭൂമിയുടെ ഭാരമൊക്കെ അവങ്കൽ അപ്പിച്ചു ഒടു വിൽ ഭത്താവുമൊരുമിച്ചു നിനക്കിവിടെ വരാം' പൌരസ്ത്യ ജീവിതത്തിൻെറ രണ്ടു വിശുദ്ധങ്ങളായ പ്രസ്ഥാനങ്ങളെക്കു റിച്ചും ഈ പദ്യത്തിൽനിന്നു പഠിക്കാനുണ്ട്. സ്ത്രീകൾ യൌവനത്തിൽ ഭത്താക്കന്മാരുമൊരുമിച്ചു കുടുംബിനികളാ യി ജീവിതത്തെ നയിക്കണം — അതായതു ഒരു കുടുംബി നിയുടെ നില — പുത്രനുണ്ടായി ഭാരം ഒക്കെ വഹിക്കുന്നതി ന്നു പ്രാപ്തി വന്നാൽ ഉടനെ ഭരണമെല്ലാം അയാളെ ഏൾ പ്പിച്ചു ആശ്രമങ്ങളിൽ ചെന്നു താമസിച്ചു യോഗിവൃത്തിയെ സ്വീകരിക്കണം. 'വാദ്ധ്കേമുനിവൃത്തീനാം' എന്നു പറഞ്ഞ തിൻെറ സാരത്തെ ഇവിടെ സംസ്മരിച്ചിരിക്കുന്നു. അ പ്പോൾ വാദ്ധ്ക്യകാലത്തിൽ തപസ്സിനായി നിനക്കു ഇവി ടെ പ്രവേശിക്കേണ്ടിവരും എന്നു താല്പയ്യം. കാളിദാസക്കു ഇഹപരലോകങ്ങളെ തമ്മിൽ ക്ഷേമശൃംഖലകളെക്കൊ ണ്ടു ഹൃദയംഗമമായി ബന്ധിക്കുന്നതിനുള്ള സാമത്ഥ്യം ഈ പദ്യത്തിൽനിന്നു ഗ്രഹിക്കാൻ കഴിയും.

"ഏകാന്തവിദ്ധ്വംസിഷു മദ്വിധാനാം
പിണ്ഡേഷ്വനാസ്ഥാഖലുഭൌതികേഷു"

എന്നു ശരീരത്തിൻെറ ക്ഷുദ്രതയെക്കുറിച്ചു പറയുന്നു. വിനാ ശധമ്മത്തോടുകൂടിയ ഭൌതികപിണ്ഡമാണു ശരീരം. ഇ പ്പോൾ അല്ലെങ്കിൽ അടുത്ത അവസരത്തിൽ അതിന്നു ന ശിക്കാതിരിക്കാൻ നിവൃത്തിയില്ല. ഈ വിധത്തിൽ ഉള്ള ശ രീരത്തിൽ തത്വവേദികൾക്കു ആസ്ഥയുണ്ടാകുന്നതു എങ്ങി നെയാണ്? ഇതിൽ നശിക്കുന്ന ഒന്നിനുവേണ്ടി നശിക്കാ

ത്ത മററൊന്നിനെ ഉപേക്ഷിക്കുന്നതു യുക്തമല്ലെന്നു മാത്രമേ കവിഹൃദയം ഗ്രഹിക്കേണ്ടതുള്ളു. ശരീരം ക്ഷുദ്രമാണെങ്കിലും അതു അര ക്ഷണംപോലും അരക്ഷണം ചെയ്യത്തക്കതെന്നു കവിക്കു പക്ഷമില്ല.

'തദ്രക്ഷകല്യാണപരമ്പരാണാം
ഭോക്താരമൂർജ്ജസ്വലമാത്മദേഹം'

എന്നും

'ശരീരമാദ്യംഖലു ധർമ്മസാധനം'

എന്നും ഉള്ള ഭാഗങ്ങൾ ശരീരസംരക്ഷണാവശ്യകതയെ പഠിപ്പിക്കുന്നവയാണ്. വേദാന്തികളെപ്പോലെ അത്രമാത്രം നിന്ദ്യവും ക്ഷുദ്രവും, പ്രാപഞ്ചികന്മാരേപ്പോലെ സർവ്വോന്നതവും ആയി ഗണിക്കത്തക്കതല്ല ശരീരം എന്നാണു കവിയുടെ ആശയം. പ്രാപഞ്ചികന്മാരുടെ വിചാരത്തിൽനിന്നു ഭിന്നമായതും വേദാന്തികളുടെ മതത്തിൽ ചെന്നുചേരാത്തതും—ഇവക്കു രണ്ടിനും മദ്ധ്യേ സുഗമമായ—ഒരു പ്രസ്ഥാനത്തെ കാളിദാസർ കാണിച്ചുതന്നിരിക്കുന്നു.

അധർമ്മഭീരുത്വം കാളിദാസരെപ്പോലെയുള്ള ഒരു കവി വേറെയുണ്ടോ എന്നു സംശയമാണ്. ശ്രുതിസ്മൃതിധർമ്മങ്ങൾക്കും ശിഷ്ടാചാരത്തിനും വിരുദ്ധമായി കാളിദാസർ ഒന്നുംതന്നെ പറയുകയില്ല. ഈ ശ്രുത്യാദിപ്രതിപാദിതങ്ങളായ ധർമ്മങ്ങളുടെ ഗഹനങ്ങളായ അർത്ഥങ്ങളെ സ്വകൃതികളിൽ കവി എവിടേയും പ്രതിബിംബിപ്പിച്ചിരിക്കുന്നു. ഇതിനാൽ കാളിദാസരുടെ കൃതികൾക്കു ധർമ്മശാസ്ത്രത്തിനുള്ള പ്രാമാണ്യം കല്പിക്കപ്പെട്ടിട്ടുണ്ട്. ദിലീപനു (രഘുവംശസർഗ്ഗം 8) സന്താനം ഉണ്ടാകാതിരുന്നതിനുള്ള കാരണത്തെ ഇപ്രകാരം പറയുന്നു:—രാജാവു ഒരിക്കൽ ദേവേന്ദ്രനെ കണ്ടിട്ടു സ്വർഗ്ഗത്തിൽനിന്നു തിരിയെപ്പോകുമ്പോൾ വഴിയിൽ കല്പവൃക്ഷച്ഛായയിൽ കാമധേനു കിടക്കുന്നതുകണ്ടു. ഋതുസ്നാതയായ പത്നിയെക്കുറിച്ചുള്ള വിചാരംനിമിത്തം രാജാവു ധേ

നവിനെ ബഹുമാനിച്ചില്ല. ഉടനെ ധേനു ശപിക്കുവാനിടയായി. ഇതിൽനിന്നു പല ശാസ്ത്രതത്വങ്ങളും ഗ്രഹിക്കേണ്ടതായിട്ടുണ്ട്. 'അൎച്ചയേദ്ദേവഗോവിപ്രവൃദ്ധവൈദ്യനൃപാതിഥീൻ' എന്നതിനാൽ ധേനു വന്ദനീയയാണെന്നു സിദ്ധമായി. ദേവന്മാർ, പശുക്കൾ, ബ്രാഹ്മണർ, വൃദ്ധന്മാർ, വൈദ്യന്മാർ, രാജാക്കന്മാർ, അതിഥികൾ ഇവരെ ഭക്തിയോടുകൂടി അൎച്ചിക്കേണ്ടതു പൌരസ്ത്യരുടെ വലിയ ധൎമ്മമാകുന്നു.

'പ്രതിബധ്നാതിഹിശ്രേയഃപൂജ്യപൂജാവ്യതിക്രമഃ' പൂജനീയന്മാരെ ബഹുമാനിക്കാതെ ഇരുന്നാൽ ശ്രേയസ്സിനു ഭംഗമുണ്ടാകുന്നു എന്നുള്ള തത്വം സുരഭിയുടെ ശാപത്താൽ അലബ്ധസന്താനനായ രാജാവിൻെറ ശ്രേയഃക്ഷതിയാൽ സ്പഷ്ടമാക്കി.

'ഋതുകാലാഭിഗാമീ സ്യാൽ സ്വദാരനിരതസ്സദാ'

എന്നു മനുവും,

'ഋതുസ്നാതാം തു യോ ഭാൎയ്യാം സന്നിധൌ നാഭിഗച്ഛതി
ഘോരായാംഭ്രൂണഹത്യായാം പച്യതേനാത്രസംശയഃ'

എന്നു വ്യാസനും, പറഞ്ഞിരിക്കുന്നതിൽനിന്നു ഋതുസ്നാതയായ പത്നിയെക്കുറിച്ചു രാജാവിനു ഉണ്ടായ വിചാരം ധൎമ്മസിദ്ധം എന്നു വരുന്നു.

"ലോകാന്തരസുഖംപുണ്യം തപോദാനസമുത്ഭവം
സന്തതിഃശുദ്ധവംശ്യാഹിപരത്രേഹ ച ശൎമ്മണേ"

എന്നു സന്തതിയുടെ മാഹാത്മ്യത്തെക്കുറിച്ചു പറയുന്നു. തപോദാനപ്രഭവമായിരിക്കുന്ന സുകൃതം പരലോകത്തിൽ മാത്രമേ സുഖത്തെ ജനിപ്പിക്കയുള്ളൂ. എന്നാൽ സന്തതിയോ? ഇഹത്തിലും പരത്തിലും ശ്രേയസ്സിനെ തരുന്നു. ഇതിനാൽ ആദ്യം പറഞ്ഞതിനെക്കാൾ രണ്ടാമതു പറഞ്ഞതിനു വൈശിഷ്ട്യം കൂടുന്നു എന്നു് സ്പഷ്ടം. ഇവിടെ 'പരത്ര' എന്ന പദം ആദ്യം ഉപയോഗിച്ചിരിക്കുന്നതു പാരത്രികസുഖത്തിൻെറ സ്ഥിരതയേയും പ്രാധാന്യത്തേയും കാണിക്കുവാൻ വേണ്ടിയാണു്.

'അസഹ്യപീഡംഭഗവന്നൃണമന്ത്യമവേഹിമേ'

ഇതിൽനിന്നും നിസ്സാരങ്ങളായ ലൌകികസുഖാനുഭോഗങ്ങളെ പ്രധാനമായി ഗണിക്കുന്നതുകൊണ്ടല്ല—ദുസ്സഹമായ പിതൃക്കളുടെ ഋണത്തിൽനിന്നു വിമുക്തി ലഭിക്കുവാനാണു—സന്തതിയെ ആശിക്കുന്നതു എന്നു വ്യക്തമാകുന്ന തത്വവും ധൎമ്മഗർഭിതം തന്നെയാണ്. ഭാരതീയദൃഷ്ട്യാ മനുഷ്യർ എല്ലാം ചില ഋണങ്ങളോടുകൂടി ജീവിക്കുന്നു. അവയിൽനിന്നു വേർപെടാതെ സുഖമുണ്ടാകുന്നതല്ല.

"ഋഷിദേവപിതൃപ്രാപ്തം ശ്രുതംന്യൃണാമൃണത്രയം
ക്രമേണനിഷ്ക്രിയാതസ്യശ്രുതയാഗസുതോദയൈഃ"

എന്നാണു ധൎമ്മശാസ്ത്രകാരന്മാരുടെ മതം.

"ഋണാഭിധാനാൽസ്വയമേവകേവലം
തദാപിതൄണാംമുമുചേസബന്ധനാൽ"

എന്നു പ്രസ്താവിച്ചിരിക്കുന്നതും യുക്തംതന്നെ. ശ്രീരാമൻ അകൃതാപരാധയും ഗർഭിണിയുമായ സീതയെ പരിത്യജിച്ചതിന്നു 'ലോകാപവാദോബലവാൻ മതോമെ' എന്നു ഒരു സമാധാനം പറയുന്നുണ്ട്. എന്നാലും ഈ പത്നീത്യാഗം ധൎമ്മഹിതമാണെന്നു കാളിദാസൎക്കു അഭിപ്രായമുള്ളതായി തോന്നുന്നില്ല. കാളിദാസർ ഈ പ്രകൃതത്തിൽ സ്വാഭിപ്രായത്തെ,

"ത്വാംപ്രത്യകസ്മാൽകലുഷപ്രവൃത്താ,-
വസ്ത്യേവമന്യുർഭരതാഗ്രജേമേ"

എന്ന വാല്മീകിയുടെ വാക്യത്തിൽ പ്രകാശിപ്പിച്ചിരിക്കുന്നു. ധൎമ്മത്തിൽ കാളിദാസൎക്കുള്ള ശ്രദ്ധ അത്യന്തഗാഢമാകുന്നു എന്നു മാത്രമേ ചുരുക്കിപ്പറയുവാനുള്ളു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു പൌരസ്ത്യന്മാരുടെ ധൎമ്മനിബദ്ധങ്ങളായ ആദർശങ്ങളോടും വിശാലമായ ജീവിതവൃത്തിയോടും കാളിദാസകൃതികൾക്കുള്ള ബന്ധം എത്രമാത്രം ഗാഢവും പരിശുദ്ധവും ആകുന്നു എന്നു സ്ഥൂലമായിട്ടെങ്കിലും ഗ്രഹിക്കാവുന്നതാണ്. കാളിദാസകൃതി എന്നു

പറഞ്ഞാൽ സർവ്വവിധങ്ങളായ പൌരസ്ത്യധർമ്മങ്ങളുടേയും കാവ്യരൂപേണയുള്ള ഒരു മഹാഭണ്ഡാഗാരമെന്നേ അർത്ഥം ധരിക്കേണ്ടതുള്ളൂ. കാളിദാസൻ ഒരു ധർമ്മശാസ്ത്രകാരനും തൽകൃതികൾ ധർമ്മശാസ്ത്രങ്ങളും ആണ്. കായക്ലേശബഹുലമായ പരത്തിന്റേയും ജ്ഞാനവികലമായ ഐഹികത്തിന്റേയും നടുവിൽ ആർക്കും സുഗമവും ആഹ്ളാദകരവും കുസുമാസ്തൃതവും ആയ ഒരു പ്രസ്ഥാനത്തെ കാളിദാസർ തുറന്നു തന്നിരിക്കുന്നു. ഒരേ സമയത്തു കവിയുടെയും ധർമ്മശാസ്ത്രകാരന്റേയും ധർമ്മത്തെ വഹിക്കുന്നു എന്നതു കാളിദാസരുടെ വൈശിഷ്ട്യമാണ്. ശുഷ്കങ്ങളായ ധർമ്മശാസ്ത്രശിലാഖണ്ഡങ്ങൾ കാളിദാസരുടെ കയ്യിൽ വന്നപ്പോൾ മധുനിഷ്യന്ദികളായ പാരിജാതപ്രസൂനങ്ങളായി. കാളിദാസർ ഭാരതീയരുടെ അഭിമാനസർവ്വസ്വമാകുന്നു. ഭാരതീയാദർശങ്ങളുടെ ശുദ്ധിയേയും രമണീയതയേയും ഹൃദ്യമായി ആരേയും വശീകരിക്കത്തക്കവിധം വർണ്ണിച്ചു കാണിച്ച്, ജനസമുദായത്തിനു ഉഭയലോകങ്ങളിലും ശ്രേയസ്സുണ്ടാകുവാനുള്ള മാർഗ്ഗത്തെ നിർമ്മിക്കുന്നു എന്നതാണ് ധാർമ്മികദ്രഷ്ടാവാ കാളിദാസരുടെ മാഹാത്മ്യം. ഇതിലധികം ഒരു കവിക്കു എന്തൊരു അഭിമാനമാണ് ലഭിക്കുവാനുള്ളത്!

വടക്കുംകൂർ രാജരാജവർമ്മ രാജാ.

---

## ഗ്രീഷ്മാന്തത്തിലെ

# ഒരു രാത്രി

---

1 കരപ്രതാപാഗ്നിലകൊണ്ടുകൂടി
വരട്ടിയന്നേരത്തെ മരീചിമാനും

നിരംകുശംപശ്ചിമശൈലസാനു-
പ്പുരപ്പിലൂടേ നടകൊണ്ടിതെങ്ങോ!

2 സ്ഫീതാഗ്നിപോലംവെയിലാൽ തപിച്ചി-
ട്ടാതാമ്രഭാസ്സേന്തിയിരുന്നമന്നിൽ
ഹാ!താന്തരാംലോകർകരംഭവാലു-
കാതാപമെന്തെന്നൊരുമട്ടറിഞ്ഞു!

3 മന്നത്രപൊങ്ങിച്ചനിദാഘതാപാൽ
സന്നംമഹീനെററിവിയക്കയാലോ,
പൊന്നംബരം ചാത്തിയണഞ്ഞസന്ധ്യ-
തന്നമ്പിളിക്കീക്കറിയാശുമാഞ്ഞു!

4 ആവാമകമ്മാവഥകാലദേവൻ
രാവാൽപ്പുതപ്പിച്ചദശാന്തരത്തിൽ
വേവാൻപാരിൻവ്യഥയിൽപ്പകച്ചി-
ട്ടാവാം,സമീരൻഗതചേഷ്ടനായീ!

5 കാർതിങ്ങിയിന്ദ്രോപലമണ്ഡപശ്രീ
ദ്യോതിച്ചവാനത്തൊരുമിന്നൽകാണായ്;
ജ്യോതിസ്സതെന്തോ ചിലതാംഗ്ര്യമായി-
ട്ടോതിക്കൃതാത്മസ്ഥിതിപൂണ്ടടങ്ങി!

6 രണ്ടാമതുംവന്നു,മിനുക്കുവെള്ളി-
ക്കൊണ്ടാമൂടപ്പിട്ടൊരുദിവ്യരൂപം;
ഉണ്ടായിമന്ദ്രേത്തതിലേറെയാംഗ്ര്യം;
കണ്ടാദരാലുന്മുഖരായിഞങ്ങൾ!

---

2. കരംഭവാലുകാതാപം=പാപികളെ മണൽക്കുട്ടി വറുക്കുന്ന നരകവിശേഷം.

4. വാമകമ്മാവ് =പ്രതികൂലം ചെയ്യുന്നവൻ.

7 അന്നാകതേജോമയർതൻ പ്രസംഗ-
മിന്നാട്ടിലെത്തീലവിളംബരഭാവാൽ;
എന്നാലതിൻചാതുരികൈകൾകൊട്ടി
നന്നായ്സ്തുതിച്ചാരൊലികൊണ്ടകാർകൾ!

8 പുത്തൻതടിത്തോന്നധപൃഷ്ഠലൌജ-
സ്സോത്തഭ്രരംഗത്തിലണഞ്ഞുവീണ്ടും;
അന്തങ്കവേഷംമിഴിയഞ്ചുമാറു
നൃത്തംചവുട്ടീടുകതന്നെ ചെയ്തു!

9 സൌവർണ്ണവിദ്യുദ്വ്യജനങ്ങൾമേന്മേ-
ലേവംനഭസ്സീമ്നിസമുല്ലസിയ്ക്കേ,
കൈവന്നപാളപ്പൊളിവീശലത്രേ,
പാവങ്ങൾ ഞങ്ങൾക്കൊരുശാന്തിനൽകീ!

10 അന്നാരാവിലുഷസ്സുദിപ്പുവരെയും
നാനാതടിന്നത്തനം
നന്നായിട്ടുമതിന്നുനിന്നുഗഗനേ
നീലാബ്ദഘോഷങ്ങളും;
എന്നാലിങ്ങൊരുതുള്ളിവെള്ളമറിയ-
പ്പോകാതെയുംവീണതി-
ല്ലൊന്നായ്ത്തുഷ്ണവമുന്നുവററിവരളും
വേഴാമ്പലിൻതൊണ്ടയിൽ!

വള്ളത്തോൾ.

# ആചാരനിഷ്ഠ

---

സൎവ്വത്തേയും ഇല്ലാതാക്കേണമെന്നല്ലാതെ വല്ലതുമൊന്ന് പുതുതായി ഉണ്ടാക്കേണമെന്ന കരുതൽ ഇന്നത്തെ സമുദായപരിഷ്ക്കൎത്താക്കന്മാൎക്കാവട്ടെ, രാജ്യകാൎയ്യപ്രക്ഷോഭകന്മാൎക്കാവട്ടെ ഇല്ല. സ്വാതന്ത്ര്യത്തിന്റെ പേരിൽ താന്തോന്നിത്തത്തെ വരിക്കയാലുണ്ടായിരിക്കുന്ന ദോഷമാണിത്. സ്വാതന്ത്ര്യത്തെപ്പററിയ കൂക്കിവിളി ഇന്ന് സൎവ്വത്ര കേൾക്കാം. ഇത്ര മധുരമായ ശബ്ദം ഇന്നുള്ളവൎക്ക് മറെറാന്നും തന്നെ ഇല്ലെന്നായിരിക്കുന്നു. എന്നാൽ, എന്താണ് സ്വാതന്ത്ര്യം? അത് ഭുജിക്കേണ്ടതെങ്ങിനെ? ലൌകികജീവിതത്തിൽ അത് എത്രത്തോളം ചെലുത്താം? ഈവക കാൎയ്യങ്ങളെപ്പററി അധികംപേരും ചിന്തിക്കുന്നില്ല. സ്വാതന്ത്ര്യത്തിന്നും താന്തോന്നിത്തത്തിന്നും തമ്മിലുള്ള ആകാരസാമ്യത്താൽ പലരും സ്വാതന്ത്ര്യമെന്നു സംഭ്രമിച്ച് ഉൾച്ചെലുത്തിയിരിക്കുന്നത് വെറും താന്തോന്നിത്തത്തെയാണ്. നിൎബ്ബന്ധങ്ങൾക്കൊന്നിന്നും കീഴ്പ്പെടുവാൻ ഈ താന്തോന്നിത്തത്തിന്ന് വയ്യ. സ്വതന്ത്രൻ പരാധീനനാകയില്ലല്ലൊ. കൎമ്മവ്യവസ്ഥകളൊക്കെയും താന്തോന്നിക്ക് വലിയ കയ്പാണ്; സ്വതന്ത്രൻ അനിബദ്ധനാണല്ലൊ. താന്തോന്നിത്തത്തിന്റെ ദുരന്തനൃത്തം തുടങ്ങിയതോടുകൂടി ഏതൊരാൾക്കും തനിക്കു തോന്നുംപോലെയെല്ലാം പ്രവൎത്തിക്കാമെന്നായി. അതോടുകൂടി സമുദായത്തിൽ സമസ്തവും വ്യസ്തവുമായി ഘടിതമായ ആചാരവ്യവസ്ഥകൾ മുഴുവൻ തകൎന്നു. പൂൎവ്വികാചാരങ്ങളെയെല്ലാം ധ്വംസിച്ചുകൊണ്ടിരിക്കുന്ന കാലമാണല്ലൊ ഇത്. നവീനാചാരങ്ങളെ ആരാനും എങ്ങാനും നിൎമ്മിക്കുന്നുണ്ടോ? പൂൎവ്വികൻ ലോകത്തിൽ ഉണ്ടാക്കിവെച്ച ഏതാണ്ടൊരു വസ്തുവിനെ ആധുനികൻ നശിപ്പിക്കുമ്പോൾ, ആ വസ്തു

അനുഭവിച്ചുകൊണ്ടാണ് താൻ വളൎന്നിരിക്കുന്നതെന്ന കൃതജ്ഞതയ്ക്കു വേണ്ടിയെങ്കിലും, ആ ധ്വംസകൻ പുതുതായൊന്ന് തൽസ്ഥാനത്ത് സൃഷ്ടിക്കുവാൻ ശ്രമിക്കുന്നുണ്ടൊ? നന്നല്ലെന്ന് പറയുവാനും നശിപ്പിച്ചു കളയുവാനും അത്ര ആയാസം വേണ്ട. നന്നാക്കിത്തീൎക്കുവാനും ഉണ്ടാക്കിവെക്കുവാനും ഏറെ ആയാസമുണ്ട്. ആചാരങ്ങളെ നശിപ്പിക്കുമ്പോൾ പുതിയവയെ തൽസ്ഥാനത്ത് നിബന്ധിക്കാത്തത് ആചാരങ്ങളെല്ലാം സ്വാതന്ത്ര്യപ്രതിബന്ധകങ്ങളാണെന്ന് കരുതിയാണു പോലും!

എന്തിനാണ് ഈ ആചാരങ്ങൾ? അതിനെപ്പററി നമുക്ക് ആദ്യം ചിന്തിക്കാം. ഏതൊരു സമുദായത്തിന്നും പ്രത്യേകം പ്രത്യേകം ആചാരനിബന്ധനകളുള്ളതായി നാം കാണുന്നു. അഥവാ പ്രത്യേകാചാരവ്യവസ്ഥകളാൽ മനുഷ്യർ പലപല ഭിന്നസമുദായങ്ങളായി പിരിഞ്ഞിരിക്കുന്നത് നാം കാണുന്നു. ഇത് പണ്ടു ചെയ്ത ഒരു വലിയ കൎമ്മമാണ്. പൂൎവ്വികമനുഷ്യർ സുഖോപജീവനത്തിന്ന് ഭൂമണ്ഡലത്തിൽ ഓരോ വഴിക്ക് ഓരോ സംഘമായി നീങ്ങിത്തുടങ്ങിയ കാലത്തു ഓരോ ഇടത്ത് ഒത്തുകൂടിയ ഓരോ സംഘവും അതതിൻെറ സമഷ്ടിയായ ഐക്യത്തിന്നും, അതതിലെ വ്യഷ്ടികളുടെ ആരോഗ്യത്തിന്നും വേണ്ടി കാലദേശാവസ്ഥകൾക്ക് ഒത്തവണ്ണം ഏൎപ്പെടുത്തിയവയാണ് ആചാരങ്ങൾ. പ്രത്യേകാചാരങ്ങളാൽ മനുഷ്യർ ഭിന്നഭിന്നവൎഗ്ഗങ്ങളായി വേർപിരിഞ്ഞു കിടക്കുന്നതിനെപ്പററിയല്ലാ, ഭൂമിയിൽ ദേശകാലാവസ്ഥകൾ ഭിന്നഭിന്നമായും, മനുഷ്യരിൽ ചിത്തപ്രഭാവം ഏറിയും കുറഞ്ഞുമിരിക്കുന്നതിനെപ്പററിയാണ്, വാസ്തവത്തിൽ, സൎവ്വമനുജൈക്യത്തെ കാംക്ഷിക്കുന്നവർ ദുഃഖിക്കേണ്ടത്. ദേശകാലാവസ്ഥകളുടെ വൈവിധ്യംകൊണ്ടും മതിപ്രഭാവത്തിൻെറ ഉച്ചനീചത്വംകൊണ്ടും മനുഷ്യർ ഭിന്നവൎഗ്ഗങ്ങളായി അകന്നുപോയിയെങ്കിലും, ആ ഭിന്നവൎഗ്ഗങ്ങൾ ആചാരനിബന്ധ

നയാൽ ഐക്യവും ആരോഗ്യവും സമ്പൂർണ്ണമായി നേടി ക്കൊണ്ട് ലോകത്തിൽ വാണുവളരുന്നു വന്നിരിക്കുന്നു. ഇന്നു നാം കാണുന്ന ഈ ലോകസൌന്ദര്യമൊക്കെയും, ഇന്നു നാം അനുഭവിക്കുന്ന ഈ ലോകവിഭവമൊക്കെയും, ആചാരവ്യവസ്ഥകൾക്ക് കീഴ്പെട്ടിരുന്നുകൊണ്ട് അതിൽനിന്ന് കറന്നെടുത്ത ഐക്യവും ആരോഗ്യവും ഭുജിച്ച് ബലവും സുഖവും വളർന്ന ആ ഭിന്നഭിന്ന മനുഷ്യവർഗ്ഗങ്ങൾ ചമച്ചുവെച്ചവയാണ്. സമഷ്ടിയുടെ പുഷ്ടിക്കുവേണ്ടി ഓരോ വ്യഷ്ടിയും അതതിന്നുള്ള സ്വാതന്ത്ര്യത്തിൽ ഏതാനും അംശം പരിത്യജിക്കുന്നതിന്ന് അന്ന് സന്നദ്ധമായിരുന്നു. സമുദായത്തിൻെറ ദൃഢതയ്ക്കും സൌന്ദര്യത്തിന്നും വേണ്ടി സ്വാതന്ത്ര്യഭംഗം സഹിക്കുവാൻ അന്നത്തെ മനുഷ്യർക്ക് കരളുറപ്പുണ്ടായി. ആ സ്വാതന്ത്ര്യഭംഗംകൊണ്ട് വ്യക്തിക്കും സമഷ്ടിക്കും അധഃപതനമല്ലാ, ഉന്നമനമാണല്ലോ ഉണ്ടായതായി നാം കണ്ടിരിക്കുന്നത്. എപ്പോഴും ഒത്തൊരുമിച്ചു വാഴേണ്ടുന്നവരാണ് മനുഷ്യർ. മനുഷ്യർ മനുഷ്യരായി മൃഗങ്ങളിൽനിന്ന് വേർപെട്ടതുതന്നെ ഈ ഒത്തൊരുമകൊണ്ടാണ്. മനുഷ്യർ രക്ഷയും സുഖവും നിർബ്ബാധം അനുഭവിച്ച് വാണുവളരുന്നതും ഈ ഒത്തൊരുമയാലാണ്. ഒത്തൊരുമയില്ലെങ്കിൽ മനുഷ്യർക്ക് നിലയില്ല. മനുഷ്യർക്കിടയിൽ ഒത്തൊരുമയില്ലെങ്കിൽ അന്ന് നാടുകളെല്ലാം കാടുകളാണ്. ഈ ഒത്തൊരുമയ്ക്കുവേണ്ടിയാണ്, മനുഷ്യരെ മനുഷ്യരാക്കുവാൻവേണ്ടിയാണ്, കാടുകളെ നാടുകളാക്കുവാൻവേണ്ടിയാണ് ആചാരങ്ങളെ സൃഷ്ടിച്ചത്. അവനവന്ന് തോന്നുംപോലെ ഏതൊന്നും പ്രവർത്തിക്കുന്നതാണ് സ്വാതന്ത്ര്യമെന്ന് പൂർവ്വികൻ ഭ്രമിച്ചില്ല. പൊതുശക്തിയെ ഉറപ്പെടുത്തുവാൻവേണ്ടി, സ്വന്തം സ്വാതന്ത്ര്യത്തിൽ ഏതാനും ഭാഗം പരിത്യജിക്കുവാൻ ആ പൂർവ്വികന്ന് സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. ഓരോ ആചാരത്തിൻെറ അർത്ഥത്തെപ്പററി അവൻ ചിന്തിക്കയുണ്ടായില്ല. "ക" എന്ന

ശബ്ദത്തിന്നും, ആ ശബ്ദത്തെ കുറിക്കുന്ന അക്ഷരത്തിന്നും തമ്മിൽ എന്ത് സാദൃശ്യമാണുള്ളതെന്ന് ആരാനും വാദിക്കാറുണ്ടോ? ആ പൃഷ്ണികൻ സ്വാതന്ത്ര്യഭംഗം ഏററുകൊണ്ട് ആചാരങ്ങളെ കൈക്കൊണ്ടതു ആ ആചാരങ്ങളുടെ അൎത്ഥവിഭവത്താൽ ആവൎജ്ജിതനായിട്ടല്ലാ, ആ ആചാരനിബന്ധനയിൽ ഉൾപ്പെട്ടുന്നതുകൊണ്ട് പൊതുസമുദായത്തിന്നുണ്ടാകുന്ന ഐക്യത്തേയും സൌന്ദൎയ്യത്തേയും ദീൎഘദൎശനംചെയ്തിട്ടാണ്. അവനവൻെറ രക്ഷയ്ക്കും സുഖത്തിന്നും വേണ്ടുന്നതുപോലെ ഓരോ മനുഷ്യനും അവനവന്ന് തോന്നുംവണ്ണം സ്വാതന്ത്ര്യമായി ചെയ്തുകൊള്ളട്ടെയെന്ന് മനുഷ്യരെ വിട്ടയച്ചാൽ, സമുദായമെവിടെ? സമുദായമില്ലെങ്കിൽ മനുഷ്യന്ന് നിലയെവിടെ? ഒരേ ആചാരങ്ങളോടുകൂടി മനുഷ്യർ തമ്മിൽ ഒരുമിക്കുമ്പോൾ, അതു് സമുദായമായി. സമുദായത്തിൻെറ നിലനില്പിന്നുവേണ്ടി ആചാരനിബന്ധന വേണ്ടിവന്നു. ആചാരാനുഷ്ഠാനത്തിൽ സ്വാതന്ത്ര്യം അരുതെന്നും, മനുഷ്യനെ അതിൽ സ്വതന്ത്രനാക്കി വിടേണമെന്നും, ഏതു കാൎയ്യവും ഏതൊരാളേയും നിൎബ്ബന്ധിച്ചു ചെയ്യിക്കയല്ലാ, കൎത്തവ്യബോധത്തോടുകൂടി ചെയ്യുമാറാക്കുകയാണ് വേണ്ടതെന്നും ആ പൃഷ്ണികൻ വാദിച്ചില്ല. ഈ വാദത്തിൻെറ ബാഹ്യസൌന്ദൎയ്യം ആകൎഷകംതന്നെയാണ്. എന്നാൽ, കൎത്തവ്യബോധത്തോടുകൂടി സ്വധൎമ്മം നിൎവ്വഹിക്കത്തക്ക വിശാലാശയന്മാർ മനുഷ്യവൎഗ്ഗത്തിൽ ഓരോ കാലത്തു് രണ്ടോ നാലോ പേരിലധികം ഉണ്ടാകാറില്ലെന്നും, സ്വധൎമ്മാനുഷ്ഠാനത്തിന്ന് കൎത്തവ്യബോധത്തെ ശാസ്താവായി നിയോഗിച്ചാൽ ഇന്ദീവരത്തെ നിശാസൌന്ദൎയ്യവിധാനത്തിന്ന് ഏല്പിച്ചാലുള്ള ഫലമാണുണ്ടാകുകയെന്നും, അതായതു്, ജ്ഞാനോദയത്താൽ മാത്രം വികസിതമാകുന്ന കൎത്തവ്യബോധം അജ്ഞാനാന്ധകാരത്തിൽ സങ്കുചിതമാകയേ ചെയ്കയുള്ളുവെന്നും, ഇതു് ഒന്നുകൂടി അഴിച്ചുപിരിച്ചുകാണിക്കയാണെങ്കിൽ—

ജ്ഞാനിഹൃദയത്തിൽ വിവരിക്കുന്ന ജ്ഞാനാപത്യമായ കർത്തവ്യബോധത്തിന്ന്, അജ്ഞാനജമായ താന്തോന്നിത്തത്തോട് എതിർത്തുകൊണ്ട് അജ്ഞാനിഹൃദയത്തിൽ പ്രവേശിക്കുവാൻ ശക്തിയില്ലെന്നും പൂർവ്വികന്മാർക്കറിയാം. അതുകൊണ്ടാണ് അവർ ആചാരാനുഷ്ഠാനത്തിൽ നിർബ്ബന്ധം തന്നെ വേണമെന്ന് നിശ്ചയിച്ചത്. എന്നാൽ, ആ നിർബ്ബന്ധം സാർവ്വത്രികമായിരുന്നില്ല. ആചാരം അനുഷ്ഠിക്കാതിരിക്കിലുള്ള ദണ്ഡവിധി ലൌകികവും പാരത്രികവുമായി തിരിച്ചുവെച്ചിരിക്കുന്നു. ലൌകികനീതിയാൽ സംരക്ഷിതമായ ആചാരസമുച്ചയം നിർബ്ബന്ധാനുഷ്ഠേയവും, പാരത്രികദണ്ഡഭീതിയാൽ പാലിതമായ ആചാരകോശം യഥേച്ഛാനുഷ്ഠേയവുമാണ്. ചില ആചാരങ്ങൾ നാം അനുഷ്ഠിക്കാതിരുന്നാൽ സമുദായക്കോയ്മയുടെ ദണ്ഡം നമ്മുടെ ശിരസ്സിൽ പതിക്കുന്നു. ചില ആചാരങ്ങളെ നാം അതിലംഘിച്ചുപോയാൽ കാലദണ്ഡത്തിന്റെ മുമ്പിലാണ് നാം ചെന്നുവീഴുകയെന്നു നമ്മെ പേടിപ്പിക്കുന്നു. ദണ്ഡവിധിയാൽ സംരക്ഷിതങ്ങളായ ആചാരങ്ങളെല്ലാം സമുദായത്തിന്റെ ഉറപ്പിന്നും നില്പിന്നും ഓരോ വ്യക്തിയും തീർച്ചയായും ചെയ്തേ കഴിയൂവെന്നുള്ള കർമ്മങ്ങളാണ്. ഓരോ മനുഷ്യനും അവനവന്റെ ശരീരാരോഗ്യത്തിന്നും മനോഗുണത്തിന്നും വേണ്ടി ചെയ്യുന്നവയാണ് കാലദണ്ഡഭീതിയാൽ പരിപാലിതങ്ങളായ ആചാരങ്ങൾ. നിങ്ങൾ പൂർവ്വികാചാരങ്ങളെ ഒന്നൊന്നും ബുദ്ധിപൂർവ്വകം പരിശോധിച്ചുനോക്കുക. സമഷ്ടിപുഷ്ടിക്കും വ്യഷ്ടിരക്ഷയ്ക്കും ഉള്ളവയാണ് അവയെന്ന് നിങ്ങൾ കാണും. ഏതാണ്ടൊരാചാരത്തിന്റെ അർത്ഥത്തെപ്പററി ഓർത്തോർത്തു നിങ്ങൾ വൃഥാ ശിരസ്സിൽ ചൂടു കേററണ്ട. ആ ആചാരം സമുദായത്തിലെ വ്യക്തികളെല്ലാം ഒരേ കണക്കിന്ന് ആചരിക്കുമ്പോഴുണ്ടാകുന്ന ആ ഐക്യത്തിന്റെ മഹത്വത്തെപ്പററി നിങ്ങൾ ചിന്തിച്ചാൽ മതി. ഏതാണ്ടൊരാചാരത്തിന്റെ അ

തിലംഘനത്താൽ നേരിടുമെന്നു പറയുന്ന പാരത്രിക പാപത്തിന്റെ നിരർത്ഥകതയെ നിങ്ങൾ പൂർണ്ണ്ണമായി ക്കയല്ലാ വേണ്ടത്. ആ ആചാരം ശരിക്ക് അനുഷ്ഠിച്ചാൽ, മനുഷ്യനുണ്ടാകുന്ന ആരോഗ്യത്തേയോ മനഃശുദ്ധിയേയോ നിങ്ങൾ കണ്ടറിയുവാൻ ശ്രമിക്കുക. സമഷ്ടിക്ക് ബാധകമല്ലാതെയുള്ള വ്യക്തി സുഖത്തിന്റെ ഉൽപത്തിക്കായി ഏൎപ്പെടുത്തീട്ടുള്ള ആചാരങ്ങളിൽ മനുഷ്യനെ നിർബ്ബന്ധിക്കത്തക്ക ബുദ്ധിഹീനന്മാരായിരുന്നില്ലാ പൂർവ്വികന്മാർ. അങ്ങിനെ നിർബ്ബന്ധിച്ചാൽ ഓരോ മനുഷ്യനും ഭിന്നഭിന്നമായുള്ള തൊഴിലിന്നും നിലയ്ക്കും കേടുപററും. കാലം, ദേശം, അവസ്ഥ എന്നിവയ്ക്കു് അനുരൂപമായിട്ടല്ലാതെ ഏതൊരാചാരവും നിർമ്മിതമായിട്ടില്ല. നിർബ്ബന്ധത്തിന്റെ ഗതിയും അവസ്ഥയ്ക്കു് അനുരൂപമായിത്തന്നെ. വ്യക്തിഗതമായി മനുഷ്യന്നു വേണ്ടുന്ന സുഖം അവനവന്റെ നിലയും തൊഴിലും നോക്കി നേടേണ്ടതാകയാലാണ് തത്സംബന്ധമായ ആചാരങ്ങളിൽ നിർബ്ബന്ധമോ ദണ്ഡവിധിയോ ചെലുത്താതിരിക്കുന്നതു്. സമഷ്ടിക്കായുള്ള ആചാരങ്ങളിൽ നിർബ്ബന്ധമില്ലാതിരുന്നാൽ, കർത്തവ്യബോധത്തോടുകൂടി സ്വധർമ്മാനുഷ്ഠാനത്തിൽ ഏൎപ്പെടത്തക്ക ബുദ്ധിമാന്മാർ മനുഷ്യരിൽ സുദുർല്ലഭമാകയാൽ, ഐക്യത്തിന്നും സൌഖ്യത്തിന്നും വേണ്ടി ചെയ്തേ കഴിയൂ എന്ന ആ കർമ്മങ്ങൾ ഉല്ലംഘിതമാകുന്നതു് ദണ്ഡാർഹമാണെന്നു് വിധിക്കയും ചെയ്തു. ഇങ്ങിനെ പൂർവ്വികന്മാർ സമുദായത്തെ രൂപവല്ക്കരിച്ചു് മനുഷ്യർക്കു് രക്ഷനൽകി. പ്രത്യേകാചാരനിബന്ധനകളാൽ, മനുഷ്യരെ ഭിന്നഭിന്നവർഗ്ഗമാക്കുമ്പോൾ, പൂർവ്വികസമുദായപരിഷ്കർത്താവു് ദുഃഖിക്കാതിരുന്നിട്ടില്ല. കാലദേശാവസ്ഥകളാൽ പ്രചോദിതനായ അവൻ ഗത്യന്തരമില്ലാതെ അങ്ങിനെ ചെയ്തുപോയിയെന്നേയുള്ളു. നാം ഐക്യത്തെപ്പററി പ്രസംഗിക്ക മാത്രം ചെയ്യുന്നവരാണ്; പൂർവ്വികന്മാർ അതിൽ പ്രവർത്തിക്കതന്നെ ചെയ്തുവന്നിരിക്കുന്നു. എന്തിന്നാ

ണ് സമുദായങ്ങളെ സൃഷ്ടിച്ചിരിക്കുന്നത്? ഐക്യത്തിന്നു വേണ്ടി. ആ ഐക്യപ്രകാശകന്മാരെ നോക്കിയാണൊ നിങ്ങൾ ഇന്ന് ഐക്യധ്വംസകന്മാരെന്ന് നിന്ദിക്കുന്നത്? എന്താണ്ടൊരു സമുദായത്തിന്നു മറെറാരു സമുദായത്തോട് എത്രത്തോളം ബദ്ധമാകുവാൻ കഴിയുമോ, അത്രയും പൂർവ്വികന്മ ചെയ്തു വെച്ചിട്ടുണ്ട്. സമുദായത്തിൽ വ്യക്തികളെയെന്ന പോലെ, ദേശത്തിൽ സമുദായങ്ങളേയും നിർബ്ബന്ധത്താലും ഭീഷണിയാലും കൂട്ടിക്കെട്ടിയിരിക്കുന്നു.

ഇന്നുള്ളവൻ പറയുന്നത് പ്രത്യേകസമുദായഭേദം അരുതെന്നാണ്? സമുദായമെന്ന വാക്കുതന്നെ അവന്ന് ദുഃശ്രാവ്യമായിരിക്കുന്നു. രാജ്യം രാജ്യം എന്നു മാത്രമെ അവന്നു കേൾക്കേണ്ടതുള്ളൂ. സർവ്വ മനുഷ്യരും നേരിട്ട് രാജ്യത്തിന്നല്ലാതെ, വേർപെട്ട് സമുദായത്തിന്ന് അധീനരാകുന്നതു് അവന്ന് സമ്മതമല്ല. ദേശകാലാവസ്ഥകളെ സർവ്വത്ര ഒരേ രൂപത്തിലാക്കുവാൻ മനുഷ്യന്ന് കഴിയുമോ? സർവ്വരുടേയും ഉപജീവനസമ്പ്രദായത്തേയും, ചിത്തവൃത്തിയേയും ഒരേ നിലയിലാക്കുവാൻ ആക്കാനും കഴിയുമോ? അതിന്ന് കഴികയില്ലെങ്കിൽ, എങ്ങിനെയാണ് രാജ്യത്തിൽ സർവ്വ ദേശീയരേയും ഒരേ തരം വിചാരാചാരങ്ങളിൽ ഉൾപ്പെടുത്തി നിർത്തുവാൻ ആവുന്നതു്. ദേശകാലാവസ്ഥകൾക്ക് ഒത്തവണ്ണം മനുഷ്യജീവിതം മാറിക്കൊണ്ടേയിരിക്കുമെങ്കിൽ, അതിന്ന് അനുരൂപമായി ആചാരങ്ങൾ മാറുകയില്ലയോ? ആചാരഭേദത്തിന്ന് അനുസരിച്ചു സമുദായഭേദം സംഭവിക്കയില്ലയോ? ഇതൊന്നും, ഇന്നത്തെ ദേശാഭിമാനിക്കോ സമുദായപരിഷ്കർത്താവിന്നോ ചിന്താവിഷയമാകുന്നില്ല. ആചാരങ്ങളെ കണ്ടപ്പോൾ അവൻ അസ്വാതന്ത്ര്യത്തെ പേടിച്ചുകഴിഞ്ഞു. സമുദായഭേദത്തെ കണ്ടതോടുകൂടി അവൻ അനൈക്യചിന്തയാൽ സംഭ്രാന്തനുമായി. എന്നിട്ടാണ് അവൻ ആചാരധ്വംസനത്തിന്നായി കൈയുയർത്തിയിരിക്കുന്നതു്. ഇ

പ്പോൾ സമുദായാചാരങ്ങളെല്ലാം അഴിഞ്ഞുലഞ്ഞുപോയിരിക്കുന്നു. അതോടുകൂടി നാം എങ്ങും കാണുന്നത് ആരോഗ്യക്ഷയവും ഐകമത്യഭംഗവുമാണ്. കൂട്ടുകെട്ടിന്നുവേണ്ടി നിലവിളിക്കുന്ന ദേശാഭിമാനികൾ അതേ സമയത്തുതന്നെ ആചാരശൃംഖലയെ മുറിച്ച് ഐകമത്യത്തെ നാമാവശേഷമാക്കുന്നു. ആചാരനിബന്ധന പ്രബലമായിരുന്നപ്പോൾ എങ്ങും നിലനിന്നിരുന്ന ആ കൂട്ടുകെട്ട്, ഈ ആചാരധ്വംസനകാലത്ത് നാം കാണുന്നുണ്ടോ? ആദ്യം മനുഷ്യനെ അരികേയുള്ള സമുദായത്തിൽ കൂട്ടിക്കെട്ടട്ടെ; എന്നിട്ടാവാം അവനെ അകലേയുള്ള രാജ്യത്തിലേക്ക് വലിക്കുവാൻ.

ഇന്നത്തെ സ്ഥിതിയെന്താണ്? സാമുദായികമായ ദണ്ഡവിധിയും, പാരത്രികമായ പാപഭീതിയും ദുർബ്ബലമായിത്തീർന്നതോടുകൂടി സർവ്വത്ര താന്തോന്നിത്തം തലയുയർത്തി. കൂട്ടുകെട്ടെന്നത് എങ്ങും കാണാതായി! ആർക്കും എന്തും ചെയ്യാമെന്നു വന്നതോടുകൂടി കർമ്മവൈകല്യങ്ങളാൽ ലോകസൌന്ദര്യം ദുഷിച്ചുതുടങ്ങി. എങ്ങു നോക്കിയാലും പിണക്കമേ കാണുന്നുള്ളു അനുസരണമെന്ന വാക്ക് നിരർത്ഥകമായി. പ്രേമം എങ്ങും നിലകാണാതെ കാമത്തെ അഭയം പ്രാപിച്ചു. കർത്തവ്യകർമ്മം താന്തോന്നിത്തത്തിന്റെ തല്ലേററു തകർന്നുപോയി. ഇതു കണ്ട് ദേശാഭിമാനി ചിന്താതപ്തനായി, കിംകർത്തവ്യതാവിമൂഢനായി മേല്പോട്ടു നോക്കുന്നു. ഈ ആപത്തിന്നെല്ലാം ഹേതുവാക്കി അവൻ പഴിക്കുന്നത് ഇന്നത്തെ വിദ്യാഭ്യാസക്രമത്തെയാണ്. ഗ്രന്ഥപാരായണംകൊണ്ട് സർവ്വമനുഷ്യരും വികസിതചിത്തരാകുമെന്ന് അവന്നു തോന്നിയിരിക്കുന്നു. പരാഭിപ്രായങ്ങൾ ധാരാളമായി കുത്തിച്ചെലുത്തുന്നതുകൊണ്ട് മാത്രം മനുഷ്യഹൃദയം വികസിതവും സംസ്കൃതവുമാകയില്ലെന്ന് അനുഭവപരമ്പരകൊണ്ട്പോലും അവൻ അറിയുന്നില്ല. വിദ്യാഭ്യാസദോഷമല്ലാ ആചാരധ്വംസനമാണ്, ഇന്നത്തെ ഈ പിണക്കങ്ങൾക്കും കുഴപ്പ

ങ്ങൾക്കുമെല്ലാം മുഖ്യഹേതുവെന്ന് അവൻ കാണുന്നതുമില്ല. സമുദായത്തിൽനിന്ന് സവ്വരേയും അഴിച്ചുവിട്ട ദേശാഭിമാനി, ആ സമുദായാംഗങ്ങളെ രാജ്യാംഗങ്ങളാക്കുവാൻ മോഹിച്ച് അവരുടെ പിന്നാലെ ഓടിയോടിച്ചെന്ന്, ഒടുവിൽ ഇതാ, ഫലമൊന്നും നേടാതെ തളൎന്നുവീണു കിടക്കുന്നു. സമുദായങ്ങളെ രാജ്യത്തിൽ ബന്ധിക്ക മാത്രം ചെയ്താൽ അതോടുകൂടി സമുദായാംഗങ്ങളും ദേശാംഗങ്ങളാകുമെന്നു അറിഞ്ഞ് സമുദായത്തെ രക്ഷിക്കുവാൻ അവൻ ശ്രമിക്കാതിരിക്കുന്നേടത്തോളം കാലം അവന്ന് പരാജയമേ ഉണ്ടാകയുള്ളൂ. ആചാരങ്ങൾ അസ്വാതന്ത്ര്യഹേതുകമാണുപോൽ. രാജ്യനിയമങ്ങൾ അങ്ങിനെയല്ലെന്നുണ്ടോ? രാജ്യത്തിന്നുവേണ്ടി, സ്വാതന്ത്ര്യഭംഗം സഹിക്കാവുന്നവൎക്ക സമുദായത്തിന്നുവേണ്ടിയും അത് ചെയ്തുകൂടെന്നുണ്ടോ? രാജ്യഭരണസംബന്ധമായ ആചാരങ്ങളെ കത്തവ്യബോധത്തിലേക്ക് എന്തുകൊണ്ട് ഉഴിഞ്ഞുവിടുന്നില്ല? ഭരണനിയമങ്ങളെ ചെലുത്തുമ്പോൾ, ഈ കത്തവ്യബോധം സാവ്വത്രികമല്ലെന്ന് അറിയുന്ന ദേശാഭിമാനി, അത് സമുദായാചാരങ്ങളിലും അങ്ങിനെതന്നെയെന്ന് എന്തുകൊണ്ട് സമ്മതിക്കുന്നില്ല?

ഇന്ന് ഇന്ത്യയെ ഇത്രയും വികൃതവും ദുബ്ബലവുമാക്കിയിട്ടുത് ഈ ആചാരധ്വംസകന്മാരാണെന്ന് ഞാൻ പറയും. പൂവ്വികാചാരങ്ങളെ അതേപടി എന്നും നിലനിത്തേണമെന്നല്ലാ ഞാൻ പറയുന്നത്. ദേശവും അവസ്ഥയുമെന്നപോലെ കാലംപോലേയും ആചാരങ്ങൾ മാറണം. ഒരാചാരത്തെ നശിപ്പിക്കുമ്പോൾ ആ സ്ഥാനത്ത് മറെറാന്നു സൃഷ്ടിക്കണം. സമുദായബന്ധം ഒരിക്കലും അഴിയരുതെന്ന കരുതലോടുകൂടി വേണം പരിഷ്കത്താവ് ആചാരങ്ങളിൽ കൈവെക്കുവാൻ. അങ്ങിനെയല്ലാതെ സ്വാതന്ത്ര്യത്തിൻെറ പേരിൽ, ആചാരങ്ങളെ മുഴവൻ വിഴങ്ങിക്കളയുവാൻ താന്തോന്നിത്തത്തെ ഇറക്കിവിട്ടവരാണ് ഇന്നത്തെ ഈ വിപത്തു

കൾക്കെല്ലാം ഉത്തരവാദികൾ. യുവജനത്തിൻെറ നടവടികൾ നോക്കി എന്തിന്നാണ് നിങ്ങൾ ഖേദിക്കുന്നത്? അവരിൽ അനുസരണശീലമോ നേതൃഭക്തിയോ കാണാത്തതിൽ എന്തിന്ന് നിങ്ങൾ ആവലാതിപ്പെടുന്നു? നിങ്ങൾ എത്രയെത്ര ഉറക്കെ വിളിച്ചിട്ടും ഐക്യദേവി തിരിഞ്ഞുനോക്കാതെ അകന്നകന്നുതന്നെ പോകുന്നതിൽ നിങ്ങൾ എന്തിന്ന് വിഷാദിക്കുന്നു? നിങ്ങൾ സമുദായനിബന്ധനയെ തല്ലിത്തകൎത്തുവിട്ട ആ മഹാപാപത്തെ പഴിക്കുകമാത്രം ചെയ്താൽ മതി. വീടിന്നു കേടുപററീട്ടുണ്ടെങ്കിൽ പുതിയൊരു വീട് പണിതീൎക്കുകതന്നെ വേണം. കേടുപററിയ വീട്ടിൽ നിന്ന് അതിൽ പാൎക്കുന്നവരെ പെരുവഴിയിലേക്ക് ഇറക്കിവിട്ട് അവൎക്ക് മറെറാരു വീടു കൊടുക്കാതെ ആ മുൻവീട് നശിപ്പിക്കുന്നവൻ പാപിയല്ലയൊ? ആചാരങ്ങളെ നശിപ്പിക്കുക മാത്രം ചെയ്യുന്നവർ ഇതോൎക്കട്ടെ. പൂൎവ്വികമായ ആ ഐക്യവും സൌഖ്യവും വേണമെങ്കിൽ പൂൎവ്വികസമ്പ്രദായത്തിൽ, എന്നാൽ, കാലദേശാവസ്ഥകൾക്ക് അനുരൂപമായി സമുദായഭേദവും ആചാരനിബന്ധനകളും ഉണ്ടായിരിക്കണം. പാപഫലത്തെപ്പററിയുള്ള ഭീഷണി നിങ്ങൾക്ക് രുചിക്കുന്നില്ലെങ്കിൽ, അജ്ഞന്മാരെ അവരവരുടെ ആരോഗ്യത്തിന്നും മനഃശ്ശുദ്ധിക്കും വേണ്ടി നിരന്തരം പ്രയത്നിക്കുമാറാക്കുവാൻ നിങ്ങൾ മറെറാരു ഉപായം കണ്ടുപിടിക്കുക. അവിടെ നിങ്ങൾ കൎത്തവ്യബോധത്തെ എടുത്തുകൊണ്ടു വന്നാൽ, അത് ഞാൻ സമ്മതിക്കയില്ല. നിൎബ്ബന്ധം നിങ്ങൾക്ക് ആദരണീയമായിത്തോന്നുന്നില്ലെങ്കിൽ, സാമുദായികമായ ഐക്യത്തെ ഉറപ്പിക്കുന്നതിന്നു നിങ്ങൾ വേറൊന്നു ചെയ്തുകൊള്ളുക. സ്വാതന്ത്ര്യത്തിൻെറ പേരിൽ നിങ്ങൾ ഇറക്കിവിട്ടിരിക്കുന്ന താന്തോന്നിത്തത്തെ, നന്മവേണമെന്നുണ്ടെങ്കിൽ, നിങ്ങൾ തിരിച്ചുവിളിക്കുക തന്നെ വേണം. കാലദേശാവസ്ഥകൾ നോക്കി മനുഷ്യരെ പ്രത്യേകം സമുദായമാക്കിക്കൊ

ണ്ടു് ആചാരങ്ങളെ നിബന്ധിക്കയും, സമുദായങ്ങളെ പരസ്പരം ബന്ധിച്ചു് രാജ്യത്തെ ഉൽക്കൂട്ടുകയും ചെയ്യുവാൻ കഴിയുന്നതെന്നോ അന്നാണു് ഇന്ത്യാരാജ്യം ഉൽകൎഷസോപാനത്തിൽ കാൽ വെക്കുക.

കുന്നത്ത് ജനാൎദ്ദനമേനോൻ.

---

# വെള്ളക്കേററം.

---

1 കഴിഞ്ഞരാവിൽക്കൊടുതായകാററി-
ലാടിത്തളൎന്നീടിനമാമരങ്ങൾ
ഏതോവിപത്തിൻവരവുററുനോക്കി
നില്ക്കുന്നിതോനിൎഭരനിശ്ചലങ്ങൾ!

2 തുടൎന്നുകേൾക്കുന്നുകരാളകാല-
ത്തുല്യംകണക്കംബുധിതന്നിരമ്പം;
ദിക്കാകവേബാഷ്പമലീമസങ്ങ-
ളീറൻമുകിൽക്കച്ചയിൽമൂടിനില്പൂ!!

3 ദിനപ്പുറപ്പാടിതുഭീമമേററം;
ദീനാരവംദിക്കിൽമുഴങ്ങിടുന്നു;
എന്തെന്തിതയ്യോ,മലവെള്ളമിന്നീ
മന്നാകെമുക്കാൻമുതിരുന്നുവെന്നോ?

4 വാരാശിതൻവിസ്തൃതവായ്നിറഞ്ഞു
വഴിഞ്ഞൊഴിഞ്ഞീടിനവാരിപൂരം—
ഹാ,ദൈവമേചെന്നുതടുപ്പതാരാ-
രി,—താപരന്നേന്തിയലച്ചിടുന്നു!

5 മരങ്ങളെത്തിക്കിയു,മൃക്കൊടോരോ
ഗൃഹങ്ങളെത്തള്ളിമറിച്ചുകൊണ്ടും,
സംവത്സംരംഭമൊടേതിടത്തു-
മത്ഭുതപൂൎവ്വം നിറയുന്നുനീരം!!

6 ഉന്നംജവാലുന്നതമായകുന്നിൻ
കൂടങ്ങളെക്കുത്തിമറിച്ചുകൊണ്ടും,
പാടംപറമ്പെന്നിവയാകമാനം
നീരാഴിപോലാശ്രുനിറച്ചുകൊണ്ടും,

7 കടുംതുടുപ്പുംനെടുതാംചുഴിപ്പും
കലന്നഘോരാരവഘോഷമാണ്ടും,
ചെഞ്ഞുംനുരക്കട്ടകൾതിങ്ങിവിങ്ങി-
പ്പൊങ്ങിപ്പരന്നാടിയലച്ചുകൊണ്ടും,

8 ചാവാതെയുംചത്തുമലച്ചുമുള്ള
ജീവിവ്രജത്തെച്ചിതറിച്ചുകൊണ്ടും,
ചീറുന്നകാററാലിളകിപ്പുളയ്ക്കു-
മോളങ്ങളാൽപ്പൊക്കിമറിഞ്ഞുകൊണ്ടും,

9 വർഷാനിപാതത്തിൽമിഴിച്ചുപൊള്ള-
ത്തുടംകടുംകൺകൾതുറിച്ചുകൊണ്ടും,
ഭയാനകംതള്ളിയവെള്ളമിപ്പാ-
രിടത്തെഹാ,ചെങ്കടലാക്കിമാററി!

(കലാപകം)

10 കടപ്പു:മല്പംനിമിഷത്തിനുള്ളിൽ,—
സ്സമൃദ്ധസസ്യാഞ്ചിതമാമിടത്തെ
ദുർവ്വാരിയാംദുഷ്ടപിശാചുകേറി
വിഴുങ്ങി— ഹാഹാ; പ്രകൃതിപ്രകോപം!

11 നീക്കോളിൽനീന്തിഗ്ഗതികെട്ടുഴന്നാ
കന്നാലി‘യമ്പാവിളി’,നായ്നിനാദം,
ആകണ്ഠമംഭസ്സിൽനിമഗ്നരായ
നരർക്കുവായ്ക്കുംവലുതാംവിലാപം,

12 മരങ്ങൾപൊട്ടിപ്പൊളിയുംരവങ്ങൾ,
ഗൃഹങ്ങൾവീഴുംകൊടുതായശബ്ദം—

അഹോ,വിധേ,ചെയ്യുവതെന്തി-?തങ്ങ
പള്ളിക്കുറുപ്പിന്നേഴനല്ലലായോ?
(യുഗ്മകം)

13 വീടെത്രപോം,യാളുകളെത്രചത്തി,-
തെന്നിട്ടുമെന്തേതെളിവേന്തിടാത്തു?
ഹേകാലമേ,ദൌഷ്ട്യവിധാനനാംനിൻ
മുഖത്തു കാകോളമുറന്നിടുന്നോ?

14 വർഷപ്രഭോ,നീവഴിപോലെപോററി-
വളർത്തതെല്ലാകെമുടിച്ചുനീതാൻ
ഇതെന്തു,സൃഷ്ടിസ്ഥിതിചെയ്തുകയ്യി-
ത്സംഹാരകർമ്മത്തിനുകാപ്പുകെട്ടി?

15 നിത്താമുടൻനിന്നുടെജൈത്രയാത്ര
നീരിന്നുകീഴ്പെട്ടിതുലോകമെല്ലാം;
ഇരുണ്ടകൊണ്ടൽക്കുലമേ,മുതിന്നു
ജൃംഭിപ്പതെന്തിന്നിനിയുംവൃഥാനീ?

16 നരൻറനാനാവിഭവങ്ങളെല്ലാം
നീരിന്നടിത്തട്ടിൽമറഞ്ഞുപോയി;
പാഴ്പട്ടിണിക്കോമരമെന്നപോലെ
ശേഷിച്ചദുഷ്ടംജഡമൊന്നുമാത്രം!

17 ദുഷ്കാലബാധാവരുതിയ്ക്കുനിന്നു
വിറച്ചുതുള്ളുംമനുജപ്പുഴുക്കൾ
നിസ്സാര-;രാഹന്തയഹന്ത,യെല്ലാം
ജലപ്രവാഹത്തിലൊലിച്ചുപോയോ?

18 വിധിയ്ക്കുകണ്ണൊന്നുതുടക്കുവാനായ്-
ത്തുടങ്ങുവേനമ്മൾതളർന്നുപോയി:
ഹാപൌരുഷത്തെത്തരസാചവുട്ടി-
ത്തേയ്ക്കുന്നിതാ കർമ്മനായ ദൈവം!!

* * * * * * *

19 അകാലകല്പത്തെയനന്തമാമീ
ബ്രഹ്മാണ്ഡവായ്—വാരിധി—യാകെമോന്തി;
ഹാ!പങ്കിലംപൂന്തിരുമേനിയമ്മേ,
കണ്ടിണ്ടലാൽനെഞ്ഞുപൊളിഞ്ഞിടുന്നു!

20 പച്ചച്ചെടിച്ചാർത്തുനിരന്നുനാനാ-
ഫലാഢ്യമാമീമലയാളരാജ്യം,
ഏതോവെറുംപാഴ്‌നരകത്തിൽനിന്നു-
മുയൎന്നൊരൂർഭ്രമികണക്കുകാണ്മൂ !!

വള്ളത്തോൾ ഗോപാലമേനോൻ

# വഗ്മത്സരം.*

ജനക്ഷേമപരിപാലനത്തിങ്കൽ ബദ്ധശ്രദ്ധന്മാരായ പൌരപ്രമാണികളേ! സമുദായപരിഷ്കരണത്തിന്നായി ബദ്ധകങ്കണന്മാരായ ബഹുമാന്യനേതാക്കന്മാരെ! നീതിന്യായപരിപാലനത്തിങ്കൽ അധികൃതന്മാരായ ഭരണതന്ത്രജ്ഞന്മാരെ! മാതൃഭൂമിയിലെ ബാലതന്തുക്കളിൽ വിജ്ഞാനസുമങ്ങൾ കോൎത്തു കെട്ടുന്ന വന്ദ്യഗുരുക്കന്മാരെ! കുലതന്തുകളെ വാത്സല്യാമൃതത്തിൽ കുളിപ്പിച്ച് പരിശുദ്ധമാക്കുന്ന പിതാക്കന്മാരെ! പൂൎവ്വാൎജ്ജിതമായ ശ്രേയസ്സമ്പത്തിയെ പരിപാലിച്ചു പോഷിപ്പിക്കേണ്ടുന്നതിന്നു അവകാശികളായി വളൎന്നുവരുന്ന ബാലവിദ്യാൎത്ഥികളെ! നിങ്ങൾ നിങ്ങളുടെ ചുററുപാടും ഒരു നോക്കുപോലും നോക്കാത്തതിൽ ഞാൻ അത്യന്തം ആശ്ചൎയ്യപ്പെടുന്നു; അതിയായി വ്യസനിക്കുന്നു. എന്നുമാത്രമല്ല, സ്വകൃത്യത്തിങ്കൽ നിങ്ങൾ കാണിക്കുന്ന അനാസ്ഥയിൽ അ

* തൃശ്ശിവപേരൂർ സൎക്കാർ ഹൈസ്കൂൾ വിദ്യാൎത്ഥികളുടെ വാൎഷികയോഗത്തിൽ പ്രസംഗത്തിന്നു (Elocution) വേണ്ടി ഉണ്ടാക്കിക്കൊടുത്തത്.

ക്ഷമനായി നിങ്ങളെ അപലപിക്കുവാൻകൂടി എനിക്കു തോന്നിപ്പോകുന്നു. വൃക്ഷങ്ങളുടെ തിരക്കുകൊണ്ടു കാടിന്റെ ഭംഗി നിങ്ങൾ കാണുന്നില്ല; പ്രപഞ്ചസൃഷ്ടിയിൽ ഈശ്വരൻ കല്പിച്ചിട്ടുള്ള ഐകമത്യത്തെ നിങ്ങൾ ഓക്കുന്നില്ല; കരചരണാദ്യവയവങ്ങൾ ഏകശരീരത്തിന്റെ സഹായികളും സഹകാരികളും ആണെന്നു നിങ്ങൾ വിസ്മരിച്ചുപോകുന്നു; നേതൃശൂന്യമായ ധൂമശകടത്തിൽ പൊത്തിപ്പിടിച്ചു കയറുന്നതിൽനിന്നുത്ഭവിക്കുന്ന അത്യാപത്തുകളെ നിങ്ങൾ പരിഗണിക്കുന്നില്ല; ഈ വൎഗ്ഗമത്സരമഹാസങ്കുലയുദ്ധത്തിൽ മുട്ടിക്കൂടി ലോകവിപ്ലവത്തെ ഉണ്ടാക്കിത്തീക്കുന്ന ആ കോലാഹലത്തിൽ ചുററുപാടും ചക്രവാളത്തിൽ ഉരുണ്ടുകൂടുന്ന കാർമേഘപടലങ്ങൾ നിങ്ങളുടെ ദൃഷ്ടിപഥത്തിൽ പെടുന്നില്ല; ചണ്ഡമാരുതൻ കാളസപ്പത്തെപ്പോലെ സീൽക്കാരം ചെയ്യുന്നത് നിങ്ങളുടെ കണ്ണുപുടങ്ങളിൽ പതിക്കുന്നില്ല; ആപൽസൂചകങ്ങളായ ഉൽപാതങ്ങൾ നിങ്ങൾ കാണുന്നില്ല; ധൂമകേതു അതാ ഉദിച്ചുതുടങ്ങി; അന്ധകാരം ഇതാ പരന്നു തുടങ്ങി! സവ്വഭക്ഷകനായ ആപൽക്കാലം ഇതാ വായും പിളൎന്നു വന്നു തുടങ്ങി!

നിങ്ങൾ അന്യോന്യം കലഹിക്കാതിരിക്കുവിൻ! കൺതുറന്നു നോക്കുവിൻ!! കൈകോൎത്തു പിടിച്ച് ആപന്നിവാരണത്തിന്നുള്ള മാൎഗ്ഗങ്ങൾ തേടുവിൻ!!! നമ്മളെ പോററിവളൎത്തുന്ന മാതൃഭൂമിയുടെ അവയവങ്ങളായ നാം അന്യോന്യം കലഹിക്കുന്നതിന്റെ അൎത്ഥമെന്താകുന്നു? സ്വാൎത്ഥപരതയും അഭിമാനവും പ്രമാണിച്ച് മാതാവിനെ നാം ഹിംസിക്കയല്ലേ ചെയ്യുന്നത്? ജാതിമതഭേദങ്ങളും, വൎണ്ണവ്യത്യാസങ്ങളും സവ്വനിയന്താവിന്റെ സാവ്വത്രികമായ സ്നേഹത്തിന്നു പ്രതിബന്ധങ്ങളായ് തീരുന്നതല്ല. ധനവാന്മാരും, വിദ്വാന്മാരും, വ്യവസായികളും ലോകസമുദായത്തിന്റെ അഭ്യുന്നതിക്കായിക്കൊണ്ടു നിയന്ത്രിതന്മാരാകുന്നു. ധനവാ

ന്മാർ ദരിദ്രന്മാരെ ദ്രോഹിക്കുകയോ, വിദ്വാന്മാർ പാമരന്മാരെ പുച്ഛിക്കയോ അല്ല വേണ്ടത്. അവരവക്ക് ഓരോരുത്തക്കും ഈശ്വരൻ കല്പിച്ചുകൊടുത്തിട്ടുള്ള പ്രത്യേകഗുണങ്ങളെ ലോകസാമാന്യത്തിൻെറ ഉൽകഷത്തിന്നും ശ്രേയസ്സിന്നും ആയി വിനിയോഗിക്കുകയത്രേ നമ്മൾ ഏവരുടേയും നിയമിതകൃത്യം. ഐകമത്യമത്രേ മാതൃഭൂമിയുടെ ജീവനാഡി.

പഞ്ചായത്തുകളും, നഗരസഭകളും, നിയമനിമ്മാണസഭകളും സ്വാത്ഥലാഭത്തിന്നായി നിമ്മിച്ചിട്ടുള്ള ഏപ്പാടുകളല്ല. പൌരകൃത്യം സ്വഹിതത്തെ പുരസ്കരിച്ചുള്ള പൌരോഹിത്യമല്ല. ആത്മത്യാഗത്തിൻേറയും, പരാത്ഥബോധത്തിൻേറയും മാററു നോക്കുന്ന ഉരകല്ലാകുന്നു, അത്. സ്വഗൃഹങ്ങൾ ആഹാരവിഹാരങ്ങൾക്കുള്ള പുരയിടങ്ങൾ മാത്രമല്ല. മാതാപിതാക്കന്മാരുടെ സദ്ഗുണസമ്മേളനങ്ങൾകൊണ്ടു പ്രകാശമാനങ്ങളായ പൌരരത്നങ്ങൾ വിളയുന്ന ഖനികളാകുന്നു, അവ. വിദ്യാലയങ്ങൾ, വിദ്യാത്ഥികളുടെ വിനോദത്തിന്നും, അദ്ധ്യാപകന്മാരുടെ ഉദരപൂരണത്തിന്നും മാത്രമുള്ള വെളിമ്പറമ്പുകളോ, ഊട്ടുപുരകളോ അല്ല. ആദ്ധ്യാത്മികമായും, ആധിദൈവികമായും, ആധിഭൌതികമായും ഉള്ള വിഭവങ്ങൾ ലോകഹിതത്തിന്നും ലോകസംരക്ഷണത്തിന്നും ആയി എടുത്തു വിളമ്പുവാൻ പാകത്തിന്നുള്ള പാത്രങ്ങൾ വാർത്തുവിടുന്ന മൂശകളാകുന്നു, അവ.

ഈശ്വരകല്പിതമായ ഉൽകൃഷ്ടാദശത്തെ ലക്ഷ്യമാക്കി, കാലമാകുന്ന വാഹനത്തിൽ കയറി നാം ലോകയാത്ര ചെയ്യുന്നതായ് നിങ്ങൾ നിങ്ങളുടെ ബുദ്ധിവികാസമാകുന്ന ദൂരദശിനിയിൽക്കൂടി കാണുമാറാകട്ടെ! കാലത്തിൻെറ കാലുകളിൽ തൂങ്ങി അതിൻെറ ഗതി നിങ്ങൾ തടയാതിരിക്കുവിൻ!! ലോകത്തിൻെറ ശ്മശ്രുപിടിച്ച് നിങ്ങൾ മുന്നോട്ടു വലിച്ചിഴയ്ക്കാതിരിക്കുവിൻ!!! കാലഗതിക്കും, ലോകയാത്രക്കും

നിങ്ങളുടെ വൃഥാപരിശ്രമംകൊണ്ട് വേർപാടുവരുന്നതല്ല. നിങ്ങളുടെ അംഗഭംഗം മാത്രമേ പരിണാമഫലമായിത്തീരുകയുള്ളൂ.

സഹജീവികളെ ദ്രോഹിക്കാതിരിക്കുവിൻ! അപകൃഷ്ടന്മാരെ വെറുക്കാതിരിക്കുവിൻ! ഉൽകൃഷ്ടന്മാരെ ദ്വേഷിക്കാതിരിക്കുവിൻ, അപഹസിക്കാതിരിക്കുവിൻ! ഉൽകർഷത്തെ ആശിക്കുവിൻ! സ്വഗുണംകൊണ്ടും സ്വപ്രയത്നംകൊണ്ടും ഉന്നതപദവി നേടുവാൻ ധൈര്യവും സ്ഥൈര്യവും സമ്പാദിക്കുവിൻ! സത്യവും ന്യായവും മുൻനിർത്തിക്കൊണ്ടു സമത്വം സമ്പാദിക്കുവാൻ വ്യൂഹം കെട്ടി മുന്നോട്ടു കയറുവിൻ! കാലഗതിയിൽ അടിതെററി വീണവരെ കൈകൊടുത്തു സംരക്ഷിക്കുവിൻ! പുരോഗാമികളായ പൌരപ്രമാണികൾ അവക്ഭയം നല്കുവിൻ! ജീവിതമത്സരത്തിൽ അവരുടെ ഘോഷയാത്ര കണ്ട് ആനന്ദിക്കുവിൻ! ആത്മനാദത്തിൽ അനുതപിക്കുവിൻ!! ആഹ്ലാദകലവിയിൽ, അനുമോദിക്കുവിൻ!!! പരമമായ ആദർശത്തെ ദുരഭിമാനംകൊണ്ടു മറക്കാതിരിക്കുവിൻ! ദുരാഗ്രഹംകൊണ്ടു ദുസ്സാമർത്ഥ്യം തുടങ്ങാതിരിക്കുവിൻ! കാലവും കോലവും ഒത്തുപോകുവാനനുവദിക്കുവിൻ! മഹത്തായ ഭാവിശ്രേയസ്സിന്നു വേണ്ടി താല്ക്കാലികമായ സ്വാത്മലാഭത്തെ പരിത്യജിക്കുവിൻ! കൈകോർത്തു പിടിച്ചു നടക്കുവിൻ! സമഭാവനയോടുകൂടി വർത്തിക്കുവിൻ! ആപത്തിനെ അകററുവിൻ! ഐശ്വര്യത്തെ നേടുവിൻ! ആദർശത്തെ അടയുവിൻ! മാതൃഭൂമിയെ ഉയർത്തുവിൻ! പേരും പെരുമയും പരത്തുവിൻ! അനശ്വരമായ യശസ്സിനെ പ്രതിഷ്ഠിക്കുവിൻ! പുണ്യം സമ്പാദിക്കുവിൻ!!!

അപ്പൻ തമ്പുരാൻ

# ഒരു പൎവതം.

തുംഗത്വമൊത്തുതെളിവോടുതിളങ്ങിടുംനൽ-
ശൃംഗങ്ങളാൎന്നു വലുതാം കലയെന്നപോലെ
ഭംഗം വിനാ നയനമോഹനമായനല്പ-
മംഗം തഴപ്പൊരഗമത്ര ലസിച്ചിടുന്നു. 1

ഈപ്പൊക്കമേറ്റമിയലുന്ന ശിലോച്ചയത്തിൻ-
നല്ലൊത്തെഴും നിഖിലവൃത്തവുമോൎത്തുകണ്ടാൽ
ചൊല്പൊങ്ങിടുന്നൊരിതിഹാസഗണം സമസ്തം
കെല്പൊക്കെ വിട്ടടി നമിച്ചിടുമക്ഷണത്തിൽ. 2

ചൊല്പാൎന്നഹസ്തിനപുരത്തിലൊരുത്തനല്ലം-
തില്ലായിരുന്നു ശകുനീത്യഭിധാസമേതൻ
ഉല്ലാസമോടിഹ സുഖിച്ചവസാനമേതു-
മില്ലാതെ നൽശ്ശകുനിവൃന്ദമമൎന്നിടുന്നു. 3

കുന്തിക്കു സന്തതികളഞ്ചു ജനിച്ചിതെന്നാൽ-
ച്ചിന്തിക്കിലോ നകുലനായതിലൊന്നുമാത്രം
അന്തിക്കുമത്ര പകലും പരമീ പ്രദേശേ
പന്തിക്കെഴും നകുലസന്തതിയുണ്ടനേകം. 4

ശ്രീമദ്വിരാടപുരിതന്നിലതെന്നവണ്ണ-
മീ മഞ്ജുശൈലതടമാൎന്നൊരു കീചകൌഘം
കേമത്തമേറ്റമിയലുന്നൊരു വാതജാത-
ഭീമപ്രചണ്ഡഹതിയേറ്റു തകൎന്നിടുന്നു. 5

ചൊല്പാൎന്ന ഭാരതമഹാജിയിലേകനല്ലം-
തില്ലായിരുന്നു ദൃഢമൎജ്ജുനനാമധേയൻ
എല്ലായിടത്തുമിവിടെപ്പരമൎജ്ജുനൌഘം
നല്ലാഭ പൂണ്ടു നിരയൊത്തു വിളങ്ങിടുന്നു. 6

പേരാൎന്ന ഭാരതമതിൽബ്ബത! ധാൎത്തരാഷ്ട്ര-
ന്മാരാകെയുള്ളതൊരുനൂറുജനങ്ങളല്ലൊ
നീരാഴമേററമെഴുമിഗ്ഗിരിനിർജ്ഝരത്തിൽ-
ധാരാളമായ് വിലസിടുന്നിതു ധാൎത്തരാഷ്ട്രർ. 7

രാമായണത്തിലൊരു കൌശികനെന്നിയേ മ-
ററാമാന്യനാമമിയലുന്നവരാരുമില്ല
സീമാവിഹീനമിഹ കൌശികവൃന്ദമെന്നും
ധീമാന്ദ്യമേതുമിയലാതെ വസിച്ചിടുന്നു. 8

സാമാന്യമട്ടിലതിയായ പലാശജാല-
ശ്രീ മാൎന്നിടുംപടി തകൎത്തു തിമിൎത്തിതിങ്കൽ
സീമാവിഹീനകപിവീരവിലാസമോൎത്താൽ
രാമായണത്തിനെതിരീഗ്ഗിരിയെന്നു ചൊല്ലാം. 9

ചൊല്ലാളുമീധരവരന്റെ മഹത്വമെല്ലാം
ചൊല്ലാവതല്ലഹിവരന്നുമഹോ! നിനച്ചാൽ
കില്ലാൎന്നിടാതെ പുനരിന്നഹമോൎക്കിലേററം
വല്ലാതെയാകുമതിനാൽ മതിയാക്കിടുന്നേൻ. 10

കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി.

# കുഞ്ജലോകം.

ഓരോരോപരമാണുതങ്ങളിലടി-
ഞ്ഞൊന്നിച്ചുകൂടിപ്പല-
പേരോടേപലരൂപമാൎന്നുലവിധം
ബ്രഹ്മാണ്ഡഭാണ്ഡങ്ങളായ്
വേരോടേപൊടിഭസ്മമായ്ത്തകരുമാ-
റൊന്നിന്മൽവീഴാതെയി-
ന്നേരോടേപരിവൎത്തനപ്രകൃതിയായ്
ശോഭിക്കുമമ്മേ!തൊഴാം.

(പഴയ കൃതി)

ആകാശത്തിൽ വളരെ ഉയരത്തിൽ രത്നങ്ങൾപോലെ പ്രകാശിച്ചുതിളങ്ങുന്ന വസ്തുക്കൾ എന്താണെന്നുവിവരമില്ലാത്തവരാണ് ലോകത്തിൽ അധികവുമുള്ളത്. ചിലർ ഈ ജ്യോതിഃസ്വരൂപങ്ങളെ നക്ഷത്രങ്ങളെന്നും, താരങ്ങളെന്നും, ഗ്രഹങ്ങളെന്നും രണ്ടുമൂന്നു തരമാക്കി തിരിച്ചിട്ടുണ്ട്. മററു ചിലർ ഭൂതക്കണ്ണാടിയെന്ന ദൂരദർശി യന്ത്രത്തിൻെറ സഹായത്തോടുകൂടി ഈ സ്വരൂപങ്ങളെപ്പററി കിട്ടാവുന്നേടത്തോളമുള്ള വിവരങ്ങൾ റിക്കാട്ടാക്കി വരുന്നും ഉണ്ട്. ഹിന്തുക്കളായ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ സൂര്യനും ചന്ദ്രനും ഉൾപ്പെടെയുള്ള ഏഴ ഗ്രഹങ്ങളെപ്പററിയും അശ്വിന്യാദി ഇരുപത്തേഴ നക്ഷത്രസമൂഹങ്ങളെപ്പററിയും രാഹു,കേതു എന്നീ ധൂമഗ്രഹങ്ങളെപ്പററിയും ചില വിവരങ്ങൾ റിക്കാട്ടാക്കീട്ടുണ്ട്. അത്ര്യന്തമില്ലാത്ത ആകാശത്തിൽ ചുററിത്തിരിയുന്ന എണ്ണമില്ലാത്ത ഈ നക്ഷത്രങ്ങളുടെ കൂട്ടത്തിൽ ഒരു നക്ഷത്രമാണ് നാം അധിവസിക്കുന്ന ഈ ഭൂമിയെന്നും, നമ്മുടെ ഭൂമിയും മററു നക്ഷത്രങ്ങളും തമ്മിൽ എന്തോ ചില ബന്ധമുണ്ടെന്നും പറയപ്പെട്ടിരിക്കുന്നു. ഈ നക്ഷത്രങ്ങളിൽ മിക്കതും നമ്മുടെ ഈ ഭൂമിപോലെത്തന്നെ പലതരത്തിലുമുള്ള ജീവികൾ അധിവസിച്ചുപോരുന്നവയാണെന്നും പറഞ്ഞുവരുന്നു. എന്നുമാത്രമല്ല, ഒരു നക്ഷത്രത്തിൽ നിന്നു പൊട്ടിത്തെറിച്ചു വേറെ ഒരു നക്ഷത്രം ഉണ്ടാകുന്നുണ്ടെന്നും, കാരണസഹിതം ചിലർ പറഞ്ഞു ഫലിപ്പിക്കുന്നുണ്ട്. ഈ ഭൂമിയിൽ താമസിക്കുന്ന നമ്മെ സംബന്ധിച്ചേടത്തോളം സൂര്യൻ, ചന്ദ്രൻ, കുജൻ, ശുക്രൻ, വ്യാഴം, ശനി, ബുധൻ എന്നീ ഏഴ ഗ്രഹങ്ങൾക്കു പ്രത്യേകബന്ധമുണ്ടെന്നാണ് വെച്ചിട്ടുള്ളത്. ഈ സപ്തഗ്രഹങ്ങളിൽ ചൊവ്വയെന്നും കുജനെന്നും പറയുന്ന ഗ്രഹം ഭൂമിയിൽനിന്നു പൊട്ടിത്തെറിച്ചുണ്ടായതാണെന്നും, അതുകൊണ്ടാണ് ആ ഗ്രഹത്തിന്നു ഭൌമൻ, ഭൂമിജൻ, മേദിനീസുതൻ എന്നൊക്കെയുള്ള പേരുകൾ ഉണ്ടാവാൻ കാരണമെ

നും പറയുന്നു. ഭൂമിയുടെ മകനായ ഗ്രഹമാണ് കുജനെങ്കിൽ ആ കുജനിൽ ഭൂമിയിലുള്ളതുപോലെ നദികളും, പർവ്വതങ്ങളും, വൃക്ഷങ്ങളും, സസ്യങ്ങളും ഉണ്ടായിരിക്കേണ്ടതും അവിടെ ഈ ഭൂമിയിലെന്നപോലെ മനുഷ്യരും മററു ജീവികളും അധിവസിച്ചുവരേണ്ടതും ആണെന്നു ചില ഗോളശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. ഇവർ ഇപ്പോഴും ദൂരദർശിനിക്കണ്ണാടിയിൽ പലവിധമായ പരിശോധനകൾ നടത്തിവരുന്നുമുണ്ട്.

ഭൂമിജനാണെന്ന കാരണത്താൽ മാത്രമല്ല കുജമണ്ഡലം നവീനശാസ്ത്രജ്ഞന്മാരുടെ പ്രത്യേകാന്വേഷണത്തിന്നു വിഷയമായിട്ടുള്ളത്. ചിലപ്പോഴൊക്കെ ഈ ഗ്രഹം ഭൂമിക്കു വളരെ അടുത്തുകൂടി സഞ്ചരിക്കാറുള്ളതുകൊണ്ടും മററുചില പ്രത്യേകസൌകര്യങ്ങളാലുമാണ് ഈ ഗ്രഹത്തെപ്പററി കഴിവുള്ളേടത്തോളം പൂർണ്ണവിവരങ്ങൾ ശേഖരിപ്പാൻ ശ്രമിക്കുന്നത്. ഇപ്പോൾ (ആഗസ്റ്റ് 23-ാംനു-) കുജൻ ഭൂമിക്ക് ഏററവും അടുത്തുവരുന്ന ഒരു കാലമാണ്. അക്കാലത്തു വലിയ പരിശോധനകൾ നടത്തുവാൻ പാശ്ചാത്യഗോളശാസ്ത്രജ്ഞന്മാർ ഒരുക്കങ്ങൾ കൂട്ടിവരുന്നുമുണ്ട്. ഗോളശാസ്ത്രജ്ഞന്മാർ ദൂരത്തേയും സമയത്തേയും പററി പറയുന്ന കണക്കുകൾ കേൾക്കുമ്പോൾ നമുക്ക് വിസ്മയം തോന്നാതിരിക്കയില്ല. എന്നാൽ ഈ ഭൂമിയുടെ വലുപ്പവും, അതിൽ അധിവസിക്കുന്ന നമ്മുടെ ചെറുപ്പവും തമ്മിൽ താരതമ്യപ്പെടുത്തി ഭൂമിപോലുള്ള വലിയ ഗോളങ്ങൾ തമ്മിലുള്ള ബന്ധത്തെ കണക്കാക്കുമ്പോൾ ഈ വിസ്മയം തീരുന്നതുമാണ്. 'എറുമ്പിന്നു എറവെള്ളം സമുദ്രം' എന്നു പറഞ്ഞതുപോലെ മനുഷ്യന്നു ഈ വലിയ ഗോളങ്ങൾതമ്മിലുള്ള അകൽച്ച വളരെ അധികമാണെന്നു തോന്നിയേക്കാം. എന്നാൽ ഗോളശാസ്ത്രപ്രകാരം ഓരോ ഗ്രഹങ്ങളുടെ വലിപ്പവും അവ തമ്മിലുള്ള ദൂരവും പറയുമ്പോൾ നാം ഓരോ ഗ്രാമങ്ങളെപ്പററി പറയുന്നതിൽ അധികമായ വ്യത്യാസം ഉണ്ടെന്നു തോന്നുകയില്ല. അതിശക്തി

യോടെ എപ്പോഴും ചുററിത്തിരിഞ്ഞു സൂൎയ്യനെ 365 ദിവസം കൊണ്ടു ഒരു പ്രദക്ഷിണംചെയ്യുന്ന നമ്മുടെഭൂമിയിലുള്ള ജീവികളും, വൃക്ഷങ്ങളും പൎവ്വതങ്ങളും എല്ലാം തമ്മിൽ കൂട്ടിമുട്ടി നശിക്കാതെ നില്ക്കത്തക്കവണ്ണമുള്ള ആ ആകൎഷണശക്തി ഏതൊ അതുതന്നെയാണ് ആകാശത്തിലുള്ള ഭീമദേഹികളായ ഗോളങ്ങളെ തമ്മിൽ കൂട്ടിമുട്ടി നശിക്കാതെ നിൎത്തിക്കൊണ്ടുപോകുന്നത്. നാം ഈ ഭൂമിയെ ഭൂമിദേവിയെന്നുപറയുന്നു. ഇതുപ്രകാരം നാം കാണുന്ന ഗോളങ്ങളെല്ലാം ജീവനുള്ള ദേഹികളാണെന്നും, ഈ ഗോളങ്ങൾ തമ്മിൽ തമ്മിൽ സംസാരിക്കുന്നുണ്ടെന്നും വരാം. മനുഷ്യർ തങ്ങൽ തമ്മിൽ സംസാരിക്കുന്നത് മനുഷ്യദേഹത്തിലധിവസിക്കുന്ന കൃമികളൊ അണുജീവികളൊ അറിയുന്നില്ല! തങ്ങൾ ജീവിക്കുന്നത് ജീവനുള്ള ഒരാളുടെ ദേഹത്തിലാണെന്ന ശങ്കതന്നെ ഈ ജീവികൾക്കുണ്ടൊ? ഈ ഭൂമിയിൽ താമസിക്കുന്ന നമുക്ക് ഭൂമി ഒരു ദേഹമാണെന്നൊ അതിൽ ഒരു ഭാഗത്താണ് നാം താമസിക്കുന്നതെന്നൊ മററൊ ദൃഷ്ടാന്തമായി തെളിയിക്കാൻ സാധിക്കുന്നില്ലല്ലൊ. അതങ്ങിനെയിരിക്കട്ടെ. കുജലോകത്തെ സംബന്ധിച്ചു ശേഖരിച്ചേടത്തോളമുള്ള വിവരങ്ങൾ എന്താണെന്നു നോക്കുക.

ഇന്ന് (1924 ആഗസ്റ്റ് 23-ാംനു-) കുജൻ 35,000,000—മൂന്നരക്കോടി നാഴിക ഭൂമിയിൽനിന്നു അകലെയാണ് സഞ്ചരിക്കുന്നത്. എന്നാലും ഈ രണ്ടു ഗ്രഹങ്ങളും വളരെക്കാലം കൂടുമ്പോൾ മാത്രമേ ഇത്രയും അടുത്തു വരികയുള്ളുവെന്നാണ് പറയുന്നത്. ഈ നൂററാണ്ടിൽ ഭൂമിക്കു ഇത്രയും അടുത്ത് കുജൻ വരുന്നത് ഒന്നാമത്തെ പ്രാവശ്യമാണ്. രണ്ടുകൊല്ലവും രണ്ടുമാസവും കൂടുമ്പോൾ കുജന്റെയും സൂൎയ്യന്റെയും മദ്ധ്യത്തിൽ ഭൂമി വരുന്നു. അക്കാലത്തു കുജൻ സന്ധ്യക്കു ഉദിച്ച് പുലരുമ്പോൾ അസ്തമിക്കുന്നതായികാണാം. ഇക്കാലത്തൊക്കെ രാത്രി കുജൻ ഒരു പ്ര

ധാനപ്പെട്ട നക്ഷത്രമാണ്. ഇക്കാലത്താണ് കുജനെസ്സംബന്ധിച്ച പരിശോധനകൾ നടത്തുന്നത്. ഈ പരിശോനകളുള്ള നക്ഷത്രബങ്കളാവുകൾ ലോകത്തിൽ പലദിക്കിലുമുണ്ട്. ഇവിടങ്ങളിൽ ഗോളശാസ്ത്രജ്ഞന്മാർ നിരന്തരം പരിക്ഷകൾ പലതും ചെയ്തുവരുന്നുണ്ട്. ആ പരീക്ഷകളുടെ ഫലമാണ ലോകത്തിന്നു ഇപ്പോൾ കുജനെപ്പററിയുള്ള അറിവ്.

നാം അധിവസിക്കുന്ന ഭൂമി കേവലം ഉരുണ്ടതല്ലെന്നും അണ്ഡാകൃതിയിലാണെന്നും പറയേണ്ടതില്ലല്ലോ. കുജനും ഭൂമിയേപ്പോലെ അണ്ഡാകൃതിയിലാണെന്നു സൂക്ഷ്മമായി കണ്ടറിഞ്ഞിരിക്കുന്നു. ശരിയായി നോക്കുന്നതായാൽ കുജനേക്കാൾ ഏററവും അടുത്തു വരുന്ന ഗ്രഹം ശുക്രനാണ്. ശുക്രൻ ചില അവസരങ്ങളിൽ 26,000,000 (രണ്ടരക്കോടിയിലധികം) നാഴിക ഭൂമിക്കടുത്തു വരാറുണ്ട്. എന്നാൽ ശുക്രൻെറ ഇരുട്ടടഞ്ഞ ഭാഗം മാത്രമാണ് ആയവസരങ്ങളിൽ ഭൂമിക്ക് ദൃശ്യമാകുന്നത്. കുജൻെറ തെളിഞ്ഞ ഭാഗങ്ങൾ അടുത്തുവരുമ്പോൾ നമുക്ക് തെളിഞ്ഞുകാണ്മാൻ സാധിക്കുന്നതാണ്. ഇതു കാരണം ശുക്രനെപ്പററിയുള്ളതിലും അധികവിവരം കുജനെപ്പററിയുണ്ടാവാൻ സംഗതിയായിട്ടുണ്ട്.

കുജൻ ഭൂമിയേക്കാൾ ചെറിയ ഗ്രഹമാണ. ഈ ഗ്രഹത്തിൻെറ വ്യാസം 4260 നാഴികയിൽ അധികമില്ല. ആകെ വലിപ്പം നോക്കിയാൽ ഭൂമിക്കുള്ളതിൽ പത്തിൽ എട്ടുഭാഗമെ കുജന്നുള്ളു. ഭൂമിയുടെ ഉപരിഭാഗത്ത് കുറെ നാഴിക ഉയരത്തിൽ വായുമണ്ഡലം ഉള്ളതുപോലെ കുജൻെറ ഉപരിഭാഗത്തും തെളിഞ്ഞ വായുമണ്ഡലമുണ്ട്. ഭൂമിയിലെ വായുമണ്ഡലത്തിൽ മേഘംനിറഞ്ഞ് കലുഷമുണ്ടാകുന്നുണ്ട്. കുജനിലെ വായുമണ്ഡലം എപ്പോഴും തെളിഞ്ഞിരിക്കുന്നു. അവിടെ വഷം ഇല്ലെന്നാണ അനുമാനിച്ചിട്ടുള്ളത്. ഭൂമിയും സൂര്യനുമായുള്ള അടുപ്പത്തിലും നാന്നൂറ് ലക്ഷം നാഴിക അകലെയാണ കുജൻ. അതായത് കുജന്നു ഭൂമിക്കു കിട്ടുംപോലുള്ള സൂര്യപ്രകാശം കിട്ടുന്നില്ല.

കുജഗോളത്തെ കഴിഞ്ഞ 200 കൊല്ലങ്ങൾക്കിടയിൽ പലപ്രാവശ്യവും ഫോട്ടോ എടുത്തു പരിശോധന നടത്തിട്ടുണ്ട്. ഈ കുജൻെറ വടക്കും തെക്കുമുള്ള ധ്രുവങ്ങൾ മഞ്ഞിൻകട്ടികൊണ്ടു നിറഞ്ഞതാണെന്നു 1719-ൽ തന്നെ പലരും തീർച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഋതുക്കളുടെ മാററത്തിന്നനുസരിച്ചു ഈ മഞ്ഞിൻകട്ടികൾക്കു ഏററക്കുറച്ചൽ വരുന്നുണ്ടെന്നും കണ്ടിരിക്കുന്നു. ചില സന്ദർഭങ്ങളിൽ അതായത് അത്യുഷ്ണകാലങ്ങളിൽ ഈ മഞ്ഞിൻകട്ടികൾ തീരെ കാണാതാവുന്നുമുണ്ട്. ഇക്കാലത്തു ധ്രുവങ്ങൾ നീലനിറമാകുന്നു. കുജനിൽ ഇക്കാലത്തു മാത്രമേ സമുദ്രമുണ്ടോ എന്ന സന്ദേഹത്തിന്നിടയുണ്ടാകുന്നുള്ളു. യഥാർത്ഥത്തിൽ കുജനിൽ പച്ചതമൊ സമുദ്രമൊ ഇല്ല. ഉഷ്ണകാലങ്ങളിൽ ധ്രുവത്തിലുള്ള മഞ്ഞിൻകട്ടി ഉരുകിയുണ്ടാവുന്ന വെള്ളം വമ്പിച്ച തോടുകളിൽ കൂടി ലോകത്തിൽ എല്ലാടത്തും എത്തുന്നുണ്ടെന്നാണു ഊഹിച്ചിട്ടുള്ളത്. ഇങ്ങിനെ വെള്ളം നിറഞ്ഞ തോടുകൾ ദൂരദർശിനികൊണ്ടു ശരിയായി കാണ്മാനുമുണ്ട്. ഈ തോടുകൾക്ക് ഇരുവശവും സസ്യങ്ങളും വൃക്ഷങ്ങളും ധാരാളം വളരുന്നുണ്ടെന്നും, ഭൂമിയിലെന്നപോലെ ഒന്നും വളരാത്ത ചുകന്നനിറത്തിലുള്ള മരുഭൂമികളും കുജനിൽ ധാരാളമുണ്ടെന്നും കണ്ടിരിക്കുന്നു. ഈ തോടുകൾതമ്മിൽ കൂട്ടിമുട്ടുന്നേടിക്കിൽ വലിയ ജലാശയങ്ങൾ കെട്ടിയുണ്ടാക്കീട്ടുണ്ടെന്നും കാണ്മാനുണ്ട്. കൃഷിചെയ്യുകയും കൊയ്ത്തുകയും ചെയ്യുന്നുണ്ടെന്നു സംശയിപ്പാനുള്ള ലക്ഷണങ്ങളും ചിലർ കണ്ടെത്തിയിരിക്കുന്നു. ഈ തോടുകൾ വലപോലെ കുജലോകം മുഴവനും എത്തിച്ചിട്ടുണ്ടെന്നും കുജനിൽ ഇത്രയും വമ്പിച്ച 'ഇറിഗേഷൻ' ഏർപ്പാടുകൾ ചെയ്വാൻ പ്രാപ്തന്മാരായ ഇഞ്ചിനിയർമാരുണ്ടെന്നും കുജനിൽ അധിവസിക്കുന്ന മനുഷ്യർ ഭൂമിയിലുള്ളവരേക്കാൾ വളരെ പരിഷ്കൃതന്മാരും ബുദ്ധിയുള്ളവരും ആണെന്നും ഊഹിച്ചിരിക്കുന്നു.

കുജൻ അതിൻെറ അച്ചുതണ്ടിന്മേൽ 24 മണിക്കൂറു 37 മിനുട്ട് 22¼ സെക്കണ്ട് സമയംകൊണ്ടാണു ഒരിക്കൽ ചുററുന്നത്. കുജനിൽ ഒരു ദിവസമാവാൻ നമുക്കു വേണ്ടിവരുന്നതിനേക്കാൾ 40 മിനിട്ട് കൂടി വേണ്ടിവരുന്നുണ്ട്. കുജനിൽ ഋതുക്കളും നമുക്കുള്ളതുപോലെത്തന്നെയാണു മാറുന്നത്. പക്ഷെ കുജനിൽ ഒരു കൊല്ലം കഴിയുവാൻ അതായതു സൂൎയ്യനെ ഒരു പ്രാവശ്യം പ്രദക്ഷിണം വെക്കുവാൻ 687 ദിവസം വേണം. നമ്മുടെ കൊല്ലത്തിന്നു 365 ദിവസം മതിയാകുന്നതാണല്ലൊ. ഇതുകാരണം അവിടെ ഓരോ ഋതുക്കളുടേയും കാലം നമുക്കുള്ളതിൽ ഇരട്ടിയുണ്ടെന്നു പറയാം.

കഴിഞ്ഞേടത്തോളമുള്ള പരിശോധനയുടെ ഫലമായി കുജനിൽ സസ്യസമൃദ്ധിയുണ്ടെന്നു ഒട്ടുമുക്കാലും തീൎച്ചപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അവിടെ വല്ലവിധത്തിലുമുള്ള ജീവികൾ അധിവസിക്കുന്നുണ്ടോ? അവിടെ മൃഗങ്ങളുണ്ടോ? നമ്മേപ്പോലേയൊ അല്ലെങ്കിൽ മററുവിധത്തിലൊ ഉള്ള മനുഷ്യർ അവിടെ അധിവസിക്കുന്നുണ്ടോ? ഈ വക ചോദ്യങ്ങൾക്കു തൃപ്തികരമായ മറുപടി ഇനിയും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ഒരു കാൎയ്യം ധൈൎയ്യമായി പറയാം: ഈ ഭൂമിയേപ്പോലെ ജീവികൾ അധിവസിക്കുന്ന ഒരു ഗോളം വേറെ ഉണ്ടായിക്കൂടായ്കയില്ല. കുജൻ ഭൂമിയുടെ മകനാണെങ്കിൽ ഭൂമിയിൽനിന്നു പൊട്ടിപ്പൊളിഞ്ഞ് ഒരു സ്വതന്ത്രഗ്രഹമായിപ്പോയപ്പോൾ ഇവിടെയുള്ള സസ്യങ്ങളേയും ജീവജാലത്തേയും കൂടെ കൊണ്ടുപോയിട്ടില്ലെന്നു വരാൻതരമില്ല. നാം കാണുന്ന ഗ്രഹങ്ങളിൽവെച്ച് കുജൻ മേദിനീസുതനാണെന്ന ഒരു പ്രത്യേകതയുണ്ടല്ലൊ. അതുകൊണ്ടു ഭൂമിയിലുള്ളവൎക്കു ഈ ഗ്രഹത്തെപ്പററിയുള്ള അധികവിവരങ്ങൾ അറിയണമെന്നുള്ള മോഹം ഉണ്ടാവേണ്ടതുമാണ്.

എം. ആർ. കെ. സി.

# വീരസിംഹൻ.

[ഷാജിഹാൻ ചക്രവൎത്തി ചരമശയ്യാഗതനായപ്പോൾ, സ്വപുത്രന്മാർ സിംഹാസനം കൈക്കലാക്കുന്നതിന് പരസ്പരം മത്സരിച്ചു. മാൎവ്വാരാധിപനായ രാജാ യശോവന്തസിംഹനെ ചക്രവൎത്തി സേനാപതിയായി നിശ്ചയിച്ച് ഔറംഗസീബിൻെറ നേൎക്കയച്ചു. സോദരനായ മുറാദിൻെറ സൈന്യവും ഔറംഗസീബിൻെറ പടയോടു യോജിച്ചു. അതിനു മുമ്പുതന്നെ യശോവന്തൻ പടപൊരുതാതെ സംയുക്തസൈന്യത്തോട് നേരിട്ടു ജയിക്കുവാൻ സങ്കല്പിച്ചത് ഒരു വലിയ പ്രമാദമായിരുന്നു. ഔറംഗസീബിൻെറ കൂടപ്രയോഗത്താൽ ചക്രവൎത്തിയുടെ മുഗൾസൈന്യം പിന്മാറി. ഒരു വമ്പിച്ച പടയുടെ ശക്തിമുഴുവൻ യശോവന്തൻെറയും സ്വരാജപുത്രഭടന്മാരുടേയും നേൎക്കാണ് ആഞ്ഞടിച്ചത്. സിംഹനും സ്വസേനയും പരാക്രമത്തോടുകൂടി പയററിയെങ്കിലും രണ്ടു രാജകുമാരന്മാരും രക്ഷപ്പെട്ടതിനാൽ, നിശിതനൈരാശ്യത്തോടും മ്ലാനമനസ്സോടുംകൂടി മടങ്ങേണ്ടിവന്നു; ഇത് അപജയമാണെന്നു ഗണിക്കപ്പെട്ടു.]

സിംഹാഗമം കണ്ടു ഗുഹാമുഖത്തെ-
യകത്തുനിന്നൂക്കൊടടച്ചതാരോ
ബന്ധിച്ചിരിക്കും* മരുവാരദുൎഗ്ഗ-
ദ്വാരേ യശോവന്തനുഴന്നുനിൽപ്പൂ! 1

ആ നൎമ്മദാപ്രാന്തമരുസ്ഥലത്തിൽ
പോർചെയ്തുപോന്നീടിന ശിഷ്ടസൈന്യം
വെൺതിങ്കളോടൊത്തിരുൾ വെന്നുവാനിൽ
ക്ഷീണിച്ചെഴും ദീപ്തിസഹസ്രമല്ലി? 2

* മൎവ്വാരം മരുവാരമാണ്.

രാജന്യതേജോവിഭവത്തെരക്ഷി-
ച്ചീടുന്നമട്ടാഹവമാടിയിട്ടും,
ദുഷ്ടാലമുഷ്ടാലിരവിട്ടുപോയ
വിശന്ന സിംഹത്തിനു വിശ്രമിപ്പാൻ, 3

'മാൎവ്വാര'നാട്ടിന്നു മണിപ്പതക്ക-
മായുള്ളഹോ! മാനിനി വീരസിംഹി!
സൌകൎയ്യമേകാതയി! ധീരധീരം
ചെയ്യുന്നുവോ ദ്വാരനിരോധവും നീ? 4

(യുഗ്മകം)

തൂമന്ദഹാസക്കുളുർപ്പാൽക്കുഴമ്പാൽ
തളൎന്ന ജീവേശ്വാമൈ തലോടി
വിരിഞ്ഞ നീലോല്പലമാലചാൎത്തി
നിന്നീടുവോരാം കാന്ത നിലാവുപോലെ! 5

വരിച്ചിടാതെജ്ജയലക്ഷ്മിയാളെ
വരൻവരും വാൎത്തയറിഞ്ഞു ചീറി:—
'മാനത്തെ വിററിഞ്ഞു മടങ്ങിയെത്തും
മന്നന്നു നൽകില്ല ഗൃഹപ്രവേശം.' 6

വികാരവിദ്യുല്ലത പാഞ്ഞു ധീര-
മനസ്സിരാസൃക്കു പതച്ചുപൊങ്ങി
ബലേന ബന്ധിച്ചിതു കോട്ടവാതിൽ
'പ്രതാപ'സദ്വംശയശഃപതാക. 7

(യുഗ്മകം)

'സംഗ്രാമസിംഹ'ൻെറ വിശുദ്ധരക്തം
പതച്ചുപായുന്ന മഹാനുഭാവേ!
അമ്ലാനമാം മാനധനത്തിലല്ലോ
മനംകുളുക്കേണ്ടതു മാനിനിക്കും. 8

മഹാ'മിവാരാ'ന്വയജാതയാം തൻ
മാനത്തിൽ മാലിന്യമണച്ച മന്നൻ

താതന്റെ ജാമാതൃപദത്തിനെന്ന-
ല്ലാത്മപ്രിയത്വത്തിനുമർഹനല്ല. 9
ആരാജ്ഞിയെത്തെല്ലനുരഞ്ജനം ചെ-
യ്തടക്കുവാൻ ചെന്നവരോടമന്ദം
കഥിച്ചതാമുത്തരമിത്തരത്തി-
ലല്ലോ സുധീരാസുലഭാനുഭാവം. 10
ആയുസ്സുമത്തേജസ്സുതരാം സ്വധർമ്മ-
നിഷ്ഠയ്ക്കുതാൻ വാട്ടിയവൻ വരിഷ്ഠൻ
അവന്നു പാർത്തട്ടധിവാസയോഗ്യ-
മെന്നല്ലി! നിൻ ചിന്ത നിസർഗ്ഗധീരേ! 11
പ്രാണേശ്വരൻ നേടിയ ദുര്യശസ്സാൽ
പ്രാണപ്രണാശം വരമെന്നു നണ്ണി
ചിതാപ്രവേശത്തിനൊരുങ്ങി, ധർമ്മ-
പ്രതാപലോപത്തിലനല്പഭീരു. 12
മിവാരവംശം മഹിളാനിരയ്ക്കു
പണ്ടും മഹാദർശനിദാനഭൂതം
അപ്പദ്മിനീ പാവനസൌരഭത്തെ-
പ്പരത്തിടുന്നു പവമാനനിന്നും. 13
സ്വരാജ്യരക്ഷയ്ക്കഭിമാനദീക്ഷ-
യ്ക്കടർക്കളം പുൽകുവതിന്നുപോലും
കണ്ണീരടക്കി, ച്ചുടുവീർപ്പൊതുക്കി
പ്രാണേശനെ പ്രേരണചെയ്വു പത്നി. 14
കാന്തന്റെ കാൽത്താർ തടവാനുമൊപ്പം
കരാളഖഡ്ഗത്തെ വഹിക്കുവാനും
കരുത്തുചേരുന്ന കരങ്ങളേന്തും
നാരീജനങ്ങൾക്കിതു ജന്മനാടാം. 15
പ്രസിദ്ധലീലാവതി, ദേവഹൂതി,
ഖനാഖ്യ, യബ്ഭാരതി, ഗാർഗ്ഗി, മൈത്രി

പൌരാണികപ്പെണ്മണിമാരിവൎക്ക
തായേ! നിനക്കെന്തിനുതാഴ്ചയുള്ളു? 16
വീരപ്പടച്ചട്ട ധരിച്ചു ധൎമ്മ-
പ്പോരാടിയാരാധിത'ചൌധുറാണി'
ചാരിത്രരക്ഷയ്ക്കുടൽ ഭൂതിയാക്കി
'സംയുക്ത'നേടീ സുയശഃശരീരം. 17
വിനഷ്ടവീൎയ്യന്നചിരാൽ പ്രവേശം
നൽകീടിലും നായിക തൽപിലോകം
മാനംവെടിഞ്ഞീടിന ഭാനുമാനെ
വിരക്തയായൈന്ദ്രികണക്കൊഴിച്ചു. 18
പ്രക്ഷീണം രാജപുത്രപ്രഥയെനവചമൂ-
ചക്രമോടൊത്തു സിംഹൻ
രംഹസ്സാൽ വീണ്ടെടുക്കും ക്ഷണ,മിതിജനനീ
സാന്ത്വിതസ്വാന്തയായാൾ;
ഹേ! ഭദ്രേ! ഭാരതാംബേ! ഭവതിയവധിയ-
റ്റീവിധം ധൎമ്മധീര-
സ്ത്രീരത്നോത്കീൎണ്ണയായോരളവു,വരർമഹാ-
വീരരാകാതെപോമോ? 19

പള്ളത്ത് രാമൻ.

# സൌന്ദൎയ്യം.

ഈ പദം നമുക്കു നിത്യപരിചിതമായ ഒന്നാണ്. ഭംഗി, രാമണീയകം, രമണീയത എന്നുതുടങ്ങി ചില അൎത്ഥങ്ങൾ ഈ പദത്തിന്നു, സന്ദൎഭോചിതമായി, നാം പറയുകയും ചെയ്യുന്നു. എന്നാൽ സൌന്ദൎയ്യത്തിന്റെ യഥാൎത്ഥസ്വരൂപം ഇന്നതാണെന്നു ശരിയായി ആരും നിൎവ്വചിച്ചുകാണ

ന്നില്ല. സൌന്ദര്യശാസ്ത്രവേദികളായ പാശ്ചാത്യന്മാർ ആ വിഷയത്തെ അധികരിച്ച് അഞ്ഞൂറിൽപരം ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ടെങ്കിലും ഒരാളെങ്കിലും സൌന്ദര്യസ്വരൂപത്തെ ശരിയായ ഭാഷയിൽ—എന്നുവെച്ചാൽ വ്യക്തമായി മനസ്സിലാകത്തക്ക വിധത്തിൽ—വിവരിച്ചിട്ടില്ലത്രെ!

ചിലർ അവരവരുടെ അനുഭവത്തെ അടിസ്ഥാനപ്പെടുത്തി അഭിപ്രായപ്രകടനം ചെയ്തിട്ടില്ലെന്നില്ല. ഒരു വസ്തു സുന്ദരമാണെന്നു പറയണമെങ്കിൽ അതു സപ്രയോജനമായിരിക്കണമെന്നാണ് സോക്രട്ടീസ് പറയുന്നത്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ മനോഹരങ്ങളായ ചിത്രങ്ങൾ "വെറും സ്ഥലം മുടക്കി"കളും വിശറികൾ സുന്ദരങ്ങളുമാണ്. എന്തുകൊണ്ടെന്നാൽ ചിത്രങ്ങളേക്കാൾ നമുക്കു "പ്രയോജന"പ്പെടുന്നതു വിശറികളാണല്ലോ. ഔചിത്യമാണു സൌന്ദര്യത്തിൻെറ നിയാമകമെന്നു മറ്റൊരു പാശ്ചാത്യപണ്ഡിതനായ "പ്ലേറ്റോ" പറയുന്നു. പക്ഷെ, അദ്ദേഹത്തിന്ന് ആ അഭിപ്രായത്തിൽ നല്ല സ്ഥൈര്യമില്ല; എന്തുകൊണ്ടെന്നാൽ സോക്രട്ടീസ്സിനെപ്പോലെ, പ്രയോജനമുള്ള വസ്തുക്കളാണ് സുന്ദരങ്ങളെന്നു ചില സ്ഥലങ്ങളിൽ അദ്ദേഹംതന്നെ അഭിപ്രായപ്പെട്ടുകാണുന്നു. പ്രയോജനവത്ത്വത്തെ സൌന്ദര്യത്തിൻെറ നിയാമകമായി ഗണിക്കുന്നതു ശരിയല്ലെന്നും സൌന്ദര്യമെന്നു പറയുന്നതു ഒരു പ്രത്യേക ഗുണവിശേഷമാണെന്നുമാണ് അരിസ്റ്റോട്ടൽ പറയുന്നത്. ഇതിൽനിന്നൊന്നും ശരിയായ ഒരു നിർവ്വചനം നമുക്കു ലഭിക്കുന്നില്ല.

പൌരസ്ത്യാലങ്കാരികന്മാരിൽ പ്രധാനികളായ ആനന്ദവർദ്ധനൻ, അഭിനവഗുപ്തൻ മുതലായ ചില ആചാര്യന്മാരും സൌന്ദര്യത്തെപ്പററിപ്പറഞ്ഞിട്ടുണ്ട്. അവരുടെ അഭിപ്രായത്തിൽ ആനന്ദജനകങ്ങളായ വസ്തുക്കളാണ് സുന്ദരങ്ങൾ. ഈ അഭിപ്രായത്തിൽ വാസ്തവാംശമുണ്ടെങ്കിലും, ഭക്ഷണശയനാദികൾ ആനന്ദജനകങ്ങളായതുകൊണ്ടു സുന്ദ

രങ്ങളാണെന്നു തെററിദ്ധരിക്കാനിടയുണ്ട്. എന്നുമാത്രമല്ല, സാത്വികമായ ആനന്ദമോ, സ്വാൎത്ഥപ്രതിപത്തിജന്യവും താൽക്കാലികവുമായ ആനന്ദാഭാസമോ ഏതാണ് വിവക്ഷിതമെന്നു തിരിച്ചറിയുന്നതിന്നു പ്രയാസവും നേരിടുന്നു. ഒരു ആധുനികപണ്ഡിതൻ സൌന്ദൎയ്യനിദാനങ്ങളായ ഗുണങ്ങളെ ഇങ്ങിനെ വിവരിക്കുന്നു:—

"പ്രകൃതിയിൽ കാണുന്നതോ സങ്കല്പത്തിൽ മാത്രം ഉള്ളതോ ആയ ഏതൊരു പദാൎത്ഥത്തിൻെറ ഗുണമോ ഗുണസമുദായമോ, നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളിൽ മുഖ്യങ്ങളായ നേത്രശ്രോത്രങ്ങൾക്കൊ അഥവാ മനസ്സിനൊ, വിഷയീഭവിച്ച ഉടൻതന്നെ, വിവേചനത്തിന്നിടതരാതേയും തന്നിഷ്ടത്തിന്നുതകാതേയും, നമുക്കു സുഖമുണ്ടാകുന്നുവോ, അങ്ങിനേയുള്ള ഗുണമോ ഗുണസമുദായമോ ആണ് സൌന്ദൎയ്യത്തിൻെറ നിദാനം."

"സ്വാൎത്ഥബുദ്ധിയോടുകൂടാത്ത ഒരു സുഖം" എന്നു കാൻറ് എന്ന തത്വശാസ്ത്രജ്ഞൻ സൌന്ദൎയ്യത്തെപ്പററി പറയുന്നത് മേൽക്കാണിച്ച അഭിപ്രായത്തോടു വളരെ യോജിച്ചിരിക്കുന്നു. സ്വാൎത്ഥംകൊണ്ട് ഒരു വസ്തു സുന്ദരമാണെന്നു നമുക്കു തോന്നിയേക്കാം; പക്ഷെ, സ്വാൎത്ഥപ്രതിപത്തി നശിക്കുമ്പോൾ ആ വസ്തു അസുന്ദരമാണെന്നുതന്നെ നമുക്കു തോന്നും. ഒരിക്കൽ സുന്ദരമെന്നു തോന്നിയിരുന്ന ഒരു വസ്തു പിന്നീട് അസുന്ദരമെന്നു ചിലക്കു തോന്നുന്നത്, അവക്കു സൌന്ദൎയ്യമെന്നു വെച്ചാൽ ഇന്നതാണെന്നു അറിയാൻ സാധിക്കാത്തതുകൊണ്ടു മാത്രമാണ്. സൌന്ദൎയ്യത്തെ അവർ തെററിദ്ധരിക്കുന്നു. സ്വാൎത്ഥപ്രതിപത്തികൊണ്ടു അസുന്ദരവസ്തുക്കളിൽ അവർ സൌന്ദൎയ്യത്തെ കാണുന്നു. സ്വാൎത്ഥത്തെ അടിസ്ഥാനപ്പെടുത്തി അനുഭവപ്പെടുന്ന സുഖങ്ങൾ ക്ഷണികങ്ങളും ദുഃഖാനുവിദ്ധങ്ങളുമാകയാൽ ശരിയായ സൌന്ദൎയ്യാനുഭവത്തിൽനിന്നു എത്രയോ ദൂരെയാണ് അവ സ്ഥിതിചെയ്യുന്നത്.

"സുന്ദരമായ വസ്തു നിത്യാഹ്ളാദകരമാകുന്നു" എന്നു അഭിപ്രായപ്പെടുന്ന കീററ്സ്,

"ക്ഷണേ ക്ഷണേ യന്നവതാമുപൈതി
തദേവരൂപം രമണീയതായാഃ"

എന്നു പറഞ്ഞ മഹാകവിയെ പ്രബലമായി പിൻതാങ്ങുന്നുണ്ട്. വാസ്തവം നോക്കുകയാണെങ്കിൽ സൌന്ദര്യാമൃതത്തെ പാനംചെയ്യുന്നതിന്നു യാതൊരു കാലദേശാവസ്ഥകളും നമുക്കു പ്രതികൂലങ്ങളായി വരികയില്ല. യഥാർത്ഥമായ സൌന്ദര്യമാണെങ്കിൽ അത് എപ്പോഴും ആസ്വാദ്യമായിത്തന്നെയിരിക്കും.

ഈ സംസാരത്തെപ്പററി പലക്കുമുള്ള ഭിന്നാഭിപ്രായങ്ങൾ, സൌന്ദര്യാവബോധത്തിലുള്ള നീചോച്ചഭാവങ്ങളിൽനിന്നാണുണ്ടായിട്ടുള്ളത്. ഈ സംസാരം ദുഃഖമയമാണെന്നും കാട്ടിലൊ മറെറാ ഇരുന്നു മുക്തി സമ്പാദിക്കുന്നതിന്നു ശ്രമിക്കയാണു വേണ്ടതെന്നും ഒരാൾ അഭിപ്രായപ്പെടുമ്പോൾ, വഞ്ചകന്മാരുടെ വലയിൽ പെട്ടു വലയാതെ ശരിയായ ജീവിതം നയിക്കയാണെങ്കിൽ ഇഹലോകം സുഖപരിപൂർണ്ണമാണെന്നു മറെറാരാൾ സിദ്ധാന്തിക്കുന്നു. സുഖത്തിൻെറ അടിസ്ഥാനം ധനമാണെന്നു ചിലരും, അതല്ല മനമാണെന്നു മററുചിലരും പറയുന്നു. കർമ്മമാണ് സുഖനിദാനമെന്നു ചിലർ; ജ്ഞാനമാണെന്നു മററുചിലർ. ഇങ്ങിനെ പ്രതിഭാവിലാസംപോലെ പലരും പല അഭിപ്രായങ്ങളെ പുറപ്പെടുവിക്കുന്നു. എന്നാൽ സൌന്ദര്യത്തിൽ സുഖാനുഭവമുണ്ടെന്നുള്ള കാര്യത്തിൽ ആർക്കും എതിരഭിപ്രായം കാണുന്നില്ല. എല്ലാവരും—സുഖകാരണങ്ങളെപ്പററി ഭിന്നാഭിപ്രായക്കാരായ എല്ലാ ആളുകളും—സുന്ദരിമാരായ ഭാര്യമാരെ ആഗ്രഹിക്കുന്നു; സൌന്ദര്യമുള്ള ഒരു ശിശുവിനെക്കാണുമ്പോൾ സന്തോഷിക്കുന്നു; മനോഹരങ്ങളായ പുഷ്പങ്ങളെ ഇഷ്ടപ്പെടുന്നു; നെററി വിയർപ്പിച്ചു സമ്പാദിച്ച പണം ചെലവുചെയ്തു

മനോഹരങ്ങളായ കെട്ടിടങ്ങളുണ്ടാക്കിക്കുന്നു; അതിനുവേണ്ടി കടക്കാരനായിത്തീരുകപോലും ചെയ്യുന്നു: ഭംഗിയുള്ള പക്ഷികളെ വളൎത്തുന്നു; നല്ല പൂക്കളുണ്ടാകുന്ന ചെടികളെ തോട്ടത്തിൽ നട്ടുവളൎത്തുന്നു; സൌന്ദൎയ്യത്തെ വൎദ്ധിപ്പിക്കുന്നതിന്നായി കുട്ടികൾക്കു പൊന്നാഭരണങ്ങളുണ്ടാക്കിക്കുന്നു: ചുരുക്കിപ്പറയുകയാണെങ്കിൽ സൌന്ദൎയ്യത്തിൽ എല്ലാവരും ഒരുപോലെ സന്തോഷത്തെ പ്രദൎശിപ്പിക്കുന്നു.

മനുഷ്യരുടെ ഈ സൌന്ദൎയ്യതൃഷ്ണ പ്രശംസിക്കത്തക്കതും പോഷിപ്പിക്കപ്പെടേണ്ടതുമാകുന്നു. എന്തുകൊണ്ടെന്നാൽ ലോകത്തിൽ പല സുഖങ്ങളുമുണ്ടെങ്കിലും, ഇതുപോലെ ഉൽകൃഷ്ടമായി മറെറാന്നും തന്നെയില്ല. സൌന്ദൎയ്യത്തിന്റെ ഉൽകൃഷ്ടതയ്ക്കു പ്രധാനമായി മൂന്നു കാരണങ്ങളുണ്ട്:—

൧. നൈൎമ്മല്യം അഥവാ പരിശുദ്ധി—മാനസികമായ പ്രതീതിയാണ് നമുക്കു സൌന്ദൎയ്യാവബോധത്തെ ഉണ്ടാക്കുന്നത്. മററിന്ദ്രിയങ്ങളുമായി ഇതിനു യാതൊരു സംബന്ധവുമില്ല. സുന്ദരവസ്തുക്കൾ ചിലപ്പോൾ ഇന്ദ്രിയതൎപ്പണത്തിനു കാരണമായിത്തീരാറുണ്ടായിരിക്കാമെങ്കിലും അതിൽനിന്നുണ്ടാകുന്ന സുഖം ഇന്ദ്രിയസുഖത്തിൽനിന്നു വളരെ ഭിന്നമാണ്. ഒരു സ്വൎണ്ണപാത്രത്തിൽ നാം വെള്ളം കുടിക്കുന്നു എന്നു വിചാരിക്കുക. മൺപാത്രത്തിൽ വെള്ളമെടുത്തു കുടിക്കുന്നതുപോലെതന്നെ അപ്പോഴും ദാഹശമനമുണ്ടാകുന്നു എന്നുള്ളതു ശരിതന്നെയാണെങ്കിലും പൊൻപാത്രത്തിലാണു വെള്ളമെടുത്തു കുടിക്കുന്നതെന്നാലോചിക്കുമ്പോൾ നമുക്കു തോന്നുന്ന ഒരാനന്ദം ദാഹശാന്തിയെയല്ല മനസ്സിനെയാണു ബാധിക്കുന്നത്. ഈ മാനസികാനന്ദത്തെയാണ് സൌന്ദൎയ്യജന്യമെന്ന് ഇവിടെ വിവക്ഷിക്കുന്നത്. ഇത് ഇന്ദ്രിയജന്യങ്ങളായ ഇതരസുഖങ്ങളെക്കാൾ പരിശുദ്ധവും തന്നിമിത്തം ഉൽകൃഷ്ടവുമാണെന്നു സ്പഷ്ടമാണല്ലോ.

൫. സുഖജനകത്വം— വല്ല കാരണവശാലും മനസ്സിന്നു ക്ലേശം തട്ടിയ അവസരങ്ങളിൽ സൌന്ദര്യാസ്വാദനം വളരെ ആശ്വാസപ്രദമത്രെ. പ്രകൃതിനിരീക്ഷണപ്രിയന്മാരൊ സഹൃദയന്മാരൊ ആയ ആളുകളോട് ഇതിനെപ്പററി അധികം പറയേണ്ട ആവശ്യമില്ല. കാവ്യപാരായണം പലപ്പോഴും വാചയിതാക്കളെ ദിവ്യമായ ഒരു സങ്കല്പലോകത്തിലേയ്ക്കുയർത്തി സന്തോഷിപ്പിക്കാറുണ്ട്. സൌന്ദര്യോപഭോഗജന്യമായ സുഖം മനോവേദനകളെ നാടുകടത്തിക്കളയുന്നു.

൬. ചിരസ്ഥായിത്വം അഥവാ ശാശ്വതികത്വം—ഇതരസുഖങ്ങൾ ആവർത്തനമാത്രത്താൽ അപ്രീതികരങ്ങളായിത്തീരുന്നവയാണ്. സൌന്ദര്യോല്പന്നമായ സുഖമാകട്ടെ ശാശ്വതമത്രേ. സുന്ദരമായ ഒരു വസ്തുവിനെ എത്ര പ്രാവശ്യം അനുഭവിച്ചാലും അതിൽനിന്നു ഒട്ടു "മടുപ്പ്" ഒരിക്കലും ഉണ്ടാകയില്ല.

സൌന്ദര്യജനകങ്ങളായ സാമഗ്രികൾ പലവിധമുണ്ട്. ഉപകരണഭേദം സൌന്ദര്യത്തെ താഴ്ത്തുകയൊ ഉയർത്തുകയൊ ചെയ്യുകയില്ലെന്നു പ്രത്യേകമോർക്കണം. ചിലപ്പോൾ നിറം മാത്രം സൌന്ദര്യത്തെ സൃഷ്ടിക്കുന്നു. നിറമല്ലാതെ അതിൽ സൌന്ദര്യാധായകമായി വേറൊന്നുമുണ്ടായിരിക്കയില്ല. ആകാശം പ്രകൃതിസൌന്ദര്യത്തിന്ന് ഒരുദാഹരണമാണല്ലൊ. അതിൽ വെറും നിറമല്ലാതെ മറെറന്താണുള്ളത്?

2. മററു ചിലതിന്നു നിറത്തിന്നുപുറമെ ആകൃതിയും കൂടിയുണ്ടായിരിക്കും. പൂവ്, ചിത്രം മുതലായതു നോക്കുക.

3. വേറെ ചില വസ്തുക്കളിൽ നിറത്തിന്നും ആകൃതിക്കും പുറമെ ചലനവും കൂടി കാണാം. ഉദാ:—സർപ്പം.

4. നിറം, ആകൃതി, ചലനം ഇവയ്ക്കുപുറമെ ശബ്ദവും കൂടി ചിലപ്പോൾ സൌന്ദര്യജനകമായി ഉണ്ടായിരിക്കും. കുയിൽ ഇതിനു ദൃഷ്ടാന്തമാണല്ലൊ.

MUL
043373



ക്ക് മേൽപറഞ്ഞവയിൽനിന്നെല്ലാം ഭിന്നമായി സാൎത്ഥകമായ വാക്യമാണു സൌന്ദൎയ്യനിദാനമായി കാണപ്പെടുന്നത്.

ഇങ്ങിനെ നോക്കിയാൽ, നിറം, ആകൃതി, ചലനം, ശബ്ദം, അൎത്ഥയുക്തമായ വാക്യം ഇവയെല്ലാം സൌന്ദൎയ്യോപകരണങ്ങളാണെന്നു കാണാം. ആകൃതിയെ അവലംബിച്ചുള്ള സൌന്ദൎയ്യം രണ്ടുവിധമുണ്ട്. ഒന്നാമത്തേതു സ്ഥാവരനിഷ്ഠം; രണ്ടാമത്തേതു ജംഗമാശ്രയം.

ഇവയിൽ ചലനാശ്രയമായ സൌന്ദൎയ്യത്തെ നാം നൃത്യമെന്നു വ്യവഹരിക്കുന്നു. ഇതുപോലെ ശബ്ദാശ്രയമായിട്ടുള്ളതു സംഗീതം; വാക്യാശ്രയമായതു കാവ്യം; വൎണ്ണാശ്രയം ചിത്രം മുതലായത്.

സൌന്ദൎയ്യാധായകങ്ങളായ ഈ വിദ്യകൾ—കലകൾ—മനുഷ്യജീവിതത്തെ സുഖമയമാക്കിത്തീൎക്കുന്നു. എന്നാൽ ദുൎഭാഗ്യവശാൽ സൌന്ദൎയ്യത്തെ അറിഞ്ഞനുഭവിക്കുന്നതിന്നു വേണ്ട മനസ്സംസ്കാരം അധികമാളുകളിലും "ശൂന്യ"മായിട്ടാണ് സാധാരണ കണ്ടുവരുന്നത്. ഇക്കാൎയ്യത്തിൽ അപരാധികൾ മനുഷ്യർ മാത്രമല്ല. അവരുടെ ചില സാമുദായികഘടനകളും ഈ സൌന്ദൎയ്യാവബോധത്തിൽ പ്രതിബന്ധങ്ങളായി നിൽക്കുന്നുണ്ട്. "മാമൂൽപ്രിയത്വം" ഇവയിൽ പ്രാധാന്യത്തെ അൎഹിക്കുന്നു. മലയാളികളുടെ അവിഭക്തകുഡുംബത്വം വേറൊരു കാരണമായി സ്വീകരിക്കാം. പ്രകൃതവശാൽ ഈ വിഷയത്തെപ്പററി പ്രസിദ്ധനായ ബങ്കിമചന്ദ്രചാററർജി ഇങ്ങിനെ പറകയുണ്ടായിട്ടുണ്ട്:— "കുഡുംബത്തെ ഭാഗിക്കുന്നതിന്നുള്ള വൈമുഖ്യംകൊണ്ടു ഒരു വീട്ടിൽതന്നെ അനവധി വ്യക്തികൾ, കുഴിയിൽ ഉറുമ്പുകളെപ്പോലെ, ഞെക്കിഞെരുക്കിക്കഴിച്ചുകൂട്ടുന്നു. ഇക്കൂട്ടർ ഗൃഹസംബന്ധമായ സൌന്ദൎയ്യത്തെ എങ്ങിനെയാണറിയുക?" രണ്ടാമത്തെ പ്രതിബന്ധം ദാരിദ്ര്യമാണ്. സൌന്ദൎയ്യസാമ

ഗ്രികൾ ചിലപ്പോൾ പണംകൊണ്ടു രൂപീകരിക്കപ്പെടേണ്ടവയായിരിക്കും. സൌന്ദര്യത്തിൻെറ മഹത്വത്തെ മനസ്സിലാക്കിയിരുന്നാൽതന്നെ, പണമില്ലാത്തവന്ന് എന്തുചെയ്യാൻ കഴിയും? ആചാരങ്ങളെ സംബന്ധിച്ച പറയുകയാണെങ്കിൽ വളരെപ്പണം ചെലവുചെയ്തു ഭംഗിയായി പണിയിച്ചിട്ടുള്ള സ്ഥലത്തു ചാണകം മെഴുതി വൃത്തികേടാക്കുന്നതും ചാണകം മെഴുകാൻ സാധിക്കയില്ലല്ലോ എന്നു വിചാരിച്ചുമാത്രം നിലത്തു ഇഷ്ടിക പടുക്കാതിരിക്കുന്നതും ദൃഷ്ടാന്തമായി സ്വീകരിക്കാം.

ചിലർ ഇംഗ്ലീഷ്കാരെ അനുകരിച്ച്, അവരെപ്പോലെ വീടുകളെ അലങ്കരിക്കുന്നതും മററും കാണാം. എന്നാൽ അവരുടെ മററു ചില പ്രവൃത്തികളെ സൂക്ഷിച്ചാൽ സൌന്ദര്യപ്രിയത്വം കൊണ്ടല്ല അവരിങ്ങിനെ ചെയ്യുന്നതെന്നും അനുകരണഭ്രമം നിമിത്തം എന്തൊക്കെയോ കാട്ടിക്കൂട്ടുകമാത്രമാണ് അവർ ചെയ്യുന്നതെന്നും എളുപ്പത്തിൽ മനസ്സിലാക്കാം. അല്ലാതെ പ്രവൃത്തിയുടേയൊ സാധനങ്ങളുടേയൊ നന്മതിന്മകളെപ്പററി ഇങ്ങിനേയുള്ളവർ ആലോചിക്കുന്നതേയില്ല. ഇക്കാര്യം പോകട്ടെ. കാവ്യത്തിൻെറ കാര്യത്തിൽപോലും മലയാളികൾ വേണ്ടപോലെ ഉണർന്നിട്ടില്ല. കവിതയുടെ ഉദ്ദേശവും പ്രയോജനവും എന്താണെന്നു ആലോചിക്കുന്നതിന്നുപോലും പലക്കും സമയമില്ല. കാവ്യത്തിൻെറ സൌന്ദര്യത്തിൽ മാത്രം ആനന്ദിക്കുന്നവരോ വളരേ ചുരുക്കം!

ഇത്രയും പറഞ്ഞതുകൊണ്ടു വെറും ആഡംബരമാണ് സൌന്ദര്യമെന്ന് ആരും തെററിദ്ധരിക്കരുത്. സൌന്ദര്യമെന്നുവെച്ചാൽ എന്താണെന്നു മനസ്സിലാക്കാനുള്ള ശക്തിയില്ലാത്ത ചിലർ കണ്ണിൽ കണ്ട ഉത്സവാദികൾക്കും മററും ഓടിയെത്തി അവയുടെ സൌന്ദര്യത്തെ പുകഴ്ത്തുന്നതു കാണാം. ഇതു ശരിയായ സൌന്ദര്യാനുഭവമല്ല. ശാന്തവും ശാശ്വതവുമായ സുഖത്തെ ഇവ നമ്മളിൽ ജനിപ്പിക്കുന്നി

ല്ല; പിന്നെയോ മനസ്സിനെ ക്ഷോഭിപ്പിച്ച് അല്പമൊരു ലഹരി നമ്മുടെ തലയിൽ കയററുകമാത്രമേ ചെയ്യുന്നുള്ളു. ഇതു എത്രയൊ ക്ഷണികവും ചഞ്ചലവുമായ സുഖമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. വാസ്തവികമായ സൌന്ദൎയ്യം ആലോചിക്കുംതോറും നവനവമായി പ്രത്യക്ഷപ്പെടുകയും പൂൎവ്വാധികം ആനന്ദിപ്പിക്കയും ചെയ്യുന്നു. ഏതാദൃശമായ യഥാൎത്ഥസൌന്ദൎയ്യത്തെ കണ്ടുപിടിച്ചനുഭവിക്കുന്നതിന്നു വേണ്ട മനസ്സംസ്കാരമുള്ളവൎക്കു ജീവിതയാത്ര സുഖകരവും രസാവഹവുമായിരിക്കും.

സാഹിത്യകലാനിധി, ഏ. ഡി. ഹരിശൎമ്മ.

# നിശാനിശ്വാസം.

1. മാമകപ്രാണനും പ്രാണനായീടുമെൻ
കാമുകനെന്തിന്നു പോന്നീടാഞ്ഞാൻ.
നിത്യവുമെന്നുടെ കാൽത്തളിരൊച്ചയെ
കാത്തിരുന്നീടുകയല്ലോ ചട്ടം.
ആമട്ടിലെന്തെന്നെ സ്വീകരിച്ചീടാത്ത-
താമോദാലാലിംഗനാദികളാൽ.
തൂവെണ്ണിലാവിലൊളിവായിവിടെയീ-
പ്പൂവല്ലിച്ഛായയാലംബമായി
പാതിരാവേളയിൽ പോരുമളവെന്നെ
പ്പൂതാശനാരൊരാൾ കാത്തിരുന്നു,
കണ്ണിണപൊത്തിയുംകൊണ്ടാതൊളിച്ചുമി
വണ്ണമാരെന്നെയനുഗ്രഹിച്ചു,
ആമമ മന്മഥനെന്തുവരാഞ്ഞതു, തെ-
ന്നാമോദചന്ദ്രനുദിച്ചീലല്ലീ!

2. വല്ലിമണെ!തവസാഹായ്യമാശ്രയി-
ച്ചല്ലീതുടന്നതിലീലയെല്ലാം.
അല്ലലീഞങ്ങൾക്കുവല്ലാത്തചന്ദ്രിക-
വെള്ളംനിഴലുതാനാലംബമായ്.
ചൊല്ലയേവല്ലതുമല്ലലകററുമെൻ
മല്ലിശരൻതൻെറവാത്തകളെ.
താരാധിനായക! മൽപ്രിയനെങ്ങയ്യോ
നേരായുരയ്ക്കുനീകണ്ടിരിക്കാം.
കേവലമീവക കാണാത്തഭാവത്തെ
കൈവെടിഞ്ഞീടുക കമ്മസാക്ഷിൻ!
മോഹാലസ്യം മമ തീരുമൊരൌഷധം
സ്വാഹാനുരക്താ! നീ നൾകിയാലും.
തിങ്കളെ!താവകഹാസ്യമിതെന്തൊര-
ഹംകാരമെന്നു ഞാനോതീടേണ്ടു!
തങ്കലുംതങ്കംകളങ്കംമറന്നില്ല-
യെങ്കിലീമങ്കയെമാനിക്കുംനീ.
ശീതകരത്തെനീയൊരൊരൊവല്ലിയിൽ
സ്ഫീതാമോദത്തൊടെചേത്തീടവെ
വന്നിഴലാകുംകളങ്കമതല്ലയൊ
മന്നിടംതന്നിൽപതിഞ്ഞീടുന്നു
ആവഴി—താവകസന്മാഗ്ഗച്ഛായ,യിൽ-
കേവലപാന്ഥയൊന്നല്ലീയിവൾ!
എന്തിനുപിന്നെയീഹാസ്യ;മിതെന്തഹൊ
ബന്ധമിടക്കൈവിറച്ചീടുവാൻ?
ദൃശ്ശകുനങ്ങളൊകാണുന്നു—കാമുക
ദശ്നസായൂജ്യമില്ലാതാമൊ?
ഇല്ലില്ല,തെല്ലവൻ പോരുവാൻവൈകിയ-
തല്ലാതെയില്ലൊരപായമിതിൽ.
എന്നല്ലീ“യോമനപ്രേമപ്പൂവല്ലിയിൽ

മിന്നുമൊരൊരൊമ്പതുതിങ്കളായാൽ
എന്നാത്മനാഥപ്രതിബിംബസൂനമൊ-
ന്നെ”ന്നുഞാനോതിയനേരത്തിങ്കൽ
സീമാതീതാനന്ദപൂർണ്ണനെന്നീശ്വരൻ
കോൾമയിർക്കൊള്ളുകയല്ലിചെയ്തു.
മൂളുന്നുദുശ്ശകുനങ്ങളീമൂങ്ങകൾ
മൂളുന്നിതെന്നെഹസിപ്പതിന്നായ്.
കാൽക്ഷണനാകിലും കാമുകൻവേറിട്ടാ-
ലക്ഷമയാകാത്തതേതൊരുത്തി!
പോവതിനാവതല്ലിദ്ദിശിവിട്ടുമൽ-
പ്പൂവമ്പദർശനമാർന്നിടാതെ.
മാമകകാമുകപാദംതലോടിയ
പാവനപാംസുവണിഞ്ഞിടാംഞാൻ.

3. എന്തിതു കാണ്മതു!—കത്തോ?—കുസുമാളി
ചന്തത്തിൽമൂടിക്കിടന്നിടുന്നു.
ദൈവമെ!യെൻപ്രിയപ്രാണേശലേഖ്യമൊ?
കേവലമായതുതന്നെയല്ലോ!
ഓമൽക്കരാംഗുലിചേർത്തോരീക്കത്തിനെ
മാമകമാറിലണിഞ്ഞിടട്ടെ.
എന്തൊരുദിവ്യരഹസ്യസന്ദേശംതൻ
കാന്തസ്സുകാമുകനേകുന്നിതിൽ!
തിങ്കളെ!കാർനിരനീക്കിത്തെളിഞ്ഞുനീ
യെൻകരത്തിങ്കലെക്കത്തുകാണ്ക.
മിത്രമെ!വാർത്തകളെന്തെന്നുപൂർണ്ണാഭ-
ഗാത്രനായ്വന്നുനീ പാർത്തുകാൺക.

4. എന്താണി,തെന്തുകഥയാണു!“നാമൊന്നി-
ച്ചെന്തൊകുറച്ചുകളിച്ചുപോയി.
വന്താപമായതുമേലിൽവരുത്തുമെ-
ന്നന്തരാചിന്തിച്ചുകേഴുന്നുഞാൻ!”

കാന്തനീമട്ടുകറിക്കയൊ,ദൈവമെ!
പൈന്തേൻമൊഴികൾപുളിക്കുകയൊ?
"ഇന്നുനിൻകാമുകനല്ലഞാൻ;മേലിലും
ധന്ന്യേ!നിൻമേനിയിൽമോഹമില്ല.
നിന്നുടെസന്താനത്തിന്നുമിപ്പ്ലിഷ്ടമീ
ഖിന്നനു,"ദൈവമെ!കമ്മസാക്ഷിൻ!
വല്ലഭാ!താവകപാഷാണച്ചൊല്ലിനാൽ
കൊല്ലാതെകൊല്ലുന്നതെന്തിഃനവം!
"മാനത്തെരക്ഷിക്കവെല്ലത്തുമോതാതെ
മാനിനി!മാമകമാന്ന്യബന്ധോ!"
കേൾക്കുന്നതെന്തുഞാം,നെൻപ്രാണവല്ലഭ-
നോക്കിലീമട്ടുപറഞ്ഞീടുമൊ?
"ഭാര്യയല്ലല്ലൊനീ,ഭത്താവുമല്ലഞാൻ!"
കാര്യമിതെന്തുകഠിനക്കയ്യൊ?
ആര്യപുമാനേവമോതുന്നതെന്തയ്യൊ;
വീര്യമീവിണ്ണിൽനശിച്ചുവെന്നൊ!
വീര്യം നടിപ്പവക്കൊക്കെയുംമാനസ-
സ്ഥൈര്യംസ്വകാര്യമണാവോളമൊ?

5. കഷ്ടേ! നമുക്കിതുപററിയതോക്കിലൊ
മിഷ്ടേതരമെന്നേ ചൊല്ലിടാവൂ!
കട്ടേറെനാളിനിനാട്ടാരാൽനിന്ദ്യയായ്
കൂട്ടേണ്ടിവന്നുമെജന്മകാലം.
പെണ്ണിന്നുബുദ്ധിയില്ലെന്നുപറയുന്നോ-
ക്കെണ്ണാമൊരെണ്ണമീയെന്നേക്കൂടി.
ആരിത്രയോത്തുമന്നാഥന്നുഞാനെൻെറ
ചാരിത്രമന്നുപണയമായി
സാമോദമേകുമളവിൽ;ഞാനല്പവും
വൈമുഖ്യംകാട്ടിയതില്ലയല്ലൊ.
പോട്ടേയിവാത്തകൾ നാട്ടാരറിഞ്ഞന്നാൽ

കുററമീപ്പെൺകുലത്തിങ്കലാവും.
സർവ്വാപരാധവുംസർവ്വവിദ്വേഷവു-
മുർവ്വിയിലെങ്ങളിലല്ലിചേർപ്പൂ.

6. മിണ്ടാസ്സയ്യുത്തമ,മായതെൻകാന്തനു-
മുണ്ടാകുകില്ലൊരുദോഷലേശം
കാമുകദോഷനിവാരണമാർഗ്ഗമോ-
മാമകതോഷജനകമല്ലൊ.
നീലാംബരത്തിൽനീ വെൺകരപല്ലവ-
ത്താലെ,വാർതിങ്കളെ!,ചേർത്തിടൊല്ലെ
എൻകഥയൊന്നുമെ;യാരാനുംകണ്ടെന്നെ-
ശ്ശങ്കാരചിതമപഹസിക്കും.
എന്നാലുമെന്നുടെകാമുകകണ്ണത്തി-
ലൊന്നുരച്ചീടേണമിപ്രകാരം.
"നിന്നെക്കുറിച്ചതിപ്രേമവുംപൂണ്ടവൾ
മന്നുംവെടിഞ്ഞുമറഞ്ഞുപോയീ!"

കെ. വി. ശങ്കരൻ നായർ. എം. എ.

# കാവ്യാലങകാരവിചാരം.*

## I

ശാസ്ത്രങ്ങളുടെ പ്രധാനകർത്തവ്യങ്ങളിൽ ഒന്നു, നാനാത്വത്തിൽ ഏകത്വത്തെയും ഏകത്വത്തിൽ നാനാത്വത്തെയും കണ്ടുപിടിക്കുന്നതാണ്. ദർശനമാത്രത്താൽ കുട്ടികൾക്കു കൂടി വേർതിരിച്ചറിയത്തക്കവിധം അത്രയും വ്യാപ്യങ്ങളായ പല വിഭിന്നധർമ്മങ്ങളോടു കൂടിയ നാനാതരം വൃക്ഷലതാദികളുടെ സ്വരൂപവും ആഹാരക്രമവും മററും സൂക്ഷ്മദൃഷ്ട്യാ പ

* (പകർപ്പവകാശം ലേഖകന്ന്)

ിശോധിച്ചാൽ കണ്ടുകിട്ടുന്ന വ്യാപകധമ്മങ്ങളെ ആശ്രയി ച്ച് അവയ്ക്കു ചില വർഗ്ഗവിഭാഗങ്ങൾ ചെയ്യാൻ കഴിയുമെന്നും, ബഹ്യദൃഷ്ട്യാ ഒരേ ഒരു വസ്തുവായ് കാണുന്ന പുഷ്പം മുതലായവയിൽ ഞെട്ടു ഞെടുമ്പു തുടങ്ങി വിജാതീയങ്ങളായ അനേകം അംശങ്ങളുണ്ടെന്നും സസ്യശാസ്ത്രം നമുക്കുപദേശിച്ചു തരുന്നു. ചുരുക്കത്തിൽ വ്യാവഹാരികദശയിൽ അനപേക്ഷിതങ്ങളായ അതാതു പദാത്ഥങ്ങളുടെ സൂക്ഷ്മധമ്മങ്ങളെ ശരിയായ് വെളിപ്പെടുത്തുന്നതാണ് ശാസ്ത്രങ്ങളുടെ അടിസ്ഥാനം. ഇങ്ങിനെ ചെയ്താൽ മാത്രമേ ശാസ്ത്രോപദേശം വിചാരസഹവും പ്രയോഗക്ഷമവുമായ്ത്തീരുകയുള്ളു. മേൽപ്പറഞ്ഞ ഉദ്ദേശത്തോടുകൂടിപ്പുറപ്പെട്ട് ഇന്നു നാം കാണുന്ന സാഹിത്യശാസ്ത്രങ്ങളിൽ എത്രയും വിപുലമായ ഒരു സ്ഥാനം കൈവശപ്പെടുത്തിയിരിക്കുന്ന അലങ്കാരനിരൂപണപ്രകരണത്തിൻെറ കാര്യത്തിൽ, ആ ആലങ്കാരികന്മാർ ചെയ്ത പരിശ്രമം വേണ്ടിടത്തോളം ഫലപ്രദമായിട്ടുണ്ടോ എന്നു ഞാൻ പലപ്പോഴും സംശയിച്ചിട്ടുള്ളതിൻെറ പരിണാമമാണ് ഈ ലഘുവായ ഉപന്യാസം.

ഒരു വസ്തുവിനെപ്പററിയോ വർഗ്ഗത്തെപ്പററിയോ നമുക്കുള്ള ജ്ഞാനം, 'ഇതതുപോലെ ഇരിക്കുന്നില്ല. അതായത്, ഇതിന്ന് അതിലില്ലാത്ത ഒരു ധമ്മമുണ്ട്' എന്ന ജ്ഞാനത്തെ അവലംബിച്ചാണിരിക്കുന്നത്. ആകയാൽ, ഒരു വസ്തുവിനേയോ വർഗ്ഗത്തേയോ മററുള്ളവയിൽ നിന്നു വേർതിരിച്ചുനിത്തേണമെങ്കിൽ, മററുള്ളവയിലില്ലാത്തതും ഇവയിലുള്ളതുമായ ഒരുധമ്മം നാം കണ്ടുപിടിക്കേണ്ടതിരു. ഈ ധമ്മത്തിന്നാണ് 'ലക്ഷണം' എന്നു പേർപറയുന്നത്. കാവ്യശോഭാകരങ്ങളായ അനേകധമ്മങ്ങളുള്ളതിൽ ഒന്നായ 'അലങ്കാര'ത്തെ മററു ശോഭാഹേതുക്കളിൽ നിന്നു വേർതിരിച്ചറിയുവാൻ അതിൻെറ സാമാന്യലക്ഷണം കണ്ടുപിടിക്കാതെ നിവൃത്തിയില്ലല്ലൊ.

* 'ശബ്ദാൎത്ഥയോരസ്ഥിരാ യേ ധൎമ്മാഃ ശോഭാതിശായിനഃ।
രസാദീനുപകുൎവ്വന്തോലങ്കാരാസ്തേംഗദാദിവൽ ॥'
'ശബ്ദാൎത്ഥങ്ങളിൽ വെച്ചൊന്നിൽ വാച്യമായിട്ടിരുന്നിട്ടും
ചമൽക്കാരം ചമയ്ക്കുന്ന മട്ടലങ്കാരമായത്'.

'സൌന്ദൎയ്യമലങ്കാരഃ' (സൌന്ദൎയ്യമാണ് അലങ്കാരം) എന്നും മററും ഏകദേശം ഒരേ അൎത്ഥത്തിലുള്ള പല ലക്ഷണങ്ങളും അലങ്കാരഗ്രന്ഥങ്ങളിൽ കാണാമെങ്കിലും, ഇവയൊന്നുംതന്നെ അലങ്കാരസ്വരൂപജ്ഞാനത്തിന്നോ അലങ്കാരങ്ങളെ മററു ശോഭാഹേതുക്കളിൽനിന്നു വ്യാവൎത്തിപ്പിപ്പാനോ പൎയ്യാപ്തമാകുന്നില്ലെന്നു പറയേണ്ടിയിരിയ്ക്കുന്നു. എന്നാൽ, 'ബഹിരസന്തഃ കവിപ്രതിഭാമാത്രകല്പിതാ അൎത്ഥാഃ കാവ്യേലങ്കാരപദാസ്പദമ്.' എന്നും മററും 'രസഗംഗാധര'ത്തിൽ പ്രസംഗമദ്ധ്യേ അവിടവിടെ പറഞ്ഞുകാണുന്ന അലങ്കാരലക്ഷണം തുലോം ശരിയായിട്ടുള്ളതാണെന്നാണ് എനിയ്ക്കു തോന്നിയിട്ടുള്ളത്. 'ലോകസിദ്ധമല്ലാതെ, കേവലം കവിയുടെ പ്രതിഭകൊണ്ടു കല്പിച്ചുണ്ടാക്കിച്ചേൎത്ത സംഗതികളാണ് കാവ്യാലങ്കാരങ്ങളെന്നു പറയപ്പെടുന്നത്' എന്നാണല്ലോ മേലുദ്ധരിച്ച വാക്യത്തിൻെറ താല്പൎയ്യം. ഈ അഭിപ്രായംതന്നെ 'വാക്യഭംഗിയാണ് അലങ്കാരം' എന്നും മററും അപൂൎണ്ണമായ നിലയിൽ വേറേ ചിലരും പുറപ്പെടുവിച്ചിട്ടുണ്ട്.

മനുഷ്യഹൃദയം സാധാരണാവസരങ്ങളിൽ അലസമായ് കിടക്കുകയാണ് ചെയ്യുന്നത്. ആവിധമിരിക്കുന്ന മനസ്സിനെ ഉത്തേജനംചെയ്തു തനിയ്ക്കു വശംവദമാക്കി അതിൽ മങ്ങിമയങ്ങിക്കിടക്കുന്ന വികാരങ്ങളെ അഭിവ്യഞ്ജിപ്പിയ്ക്കു (ഉണൎത്തു)ന്നതത്രേ ലളിതകലകളുടെ പ്രധാനമായ പ്രയോജനം. ഇക്കാൎയ്യം നിൎവ്വഹിയ്ക്കുന്നതിൽ സംഗീതം ആലേഖ്യം മു

---

* ശബ്ദത്തിലൊ അൎത്ഥത്തിലോ അസ്ഥിരമായിരിക്കുന്നവയും സുന്ദരങ്ങളും രസാദികളെ സഹായിയ്ക്കുന്നവയും വള മുതലായവയെപ്പോലുള്ളവയും ആയ ധൎമ്മങ്ങളാണ 'അലങ്കാരങ്ങൾ.'

തലായവസ്തു എന്തോ ഒരു ശക്തിവിശേഷം സ്വതസ്സിദ്ധമായിട്ടുതന്നെയുണ്ട്. എന്നാൽ സാഹിത്യകലാനിർമ്മാണത്തിന്നു ഏകോപകരണമായ ഭാഷയ്ക്കു ഈ ആകർഷണശക്തി തുലോം കുറവായിട്ടാണ് കാണുന്നത്. ഒരാൾ ദുസ്സഹമായ ദുഃഖംനിമിത്തം ധാരധാരയായ് കണ്ണീർവാർത്തു മാറത്തടിച്ചു തേങ്ങിക്കരയുന്നതു കാണുമ്പോൾ നമുക്കുണ്ടാകുന്ന ഉൽക്കടമായ അനുതാപം, ആ വർത്തമാനം പറഞ്ഞുകേൾക്കുന്ന സന്ദർഭത്തിൽ ഉണ്ടായില്ലെന്നു വരാം. ഭാഷയ്ക്കുള്ള ഈ അപൂർണ്ണതാനിമിത്തമാണ് നാം സാധാരണസംഭാഷണാവസരങ്ങളിൽ പ്രതിക്ഷണം പലതരം ആംഗ്യങ്ങളും വികാരാഭിനയങ്ങളും കാട്ടിക്കൂട്ടാറുള്ളതെന്നു നമുക്കെല്ലാം അനുഭവസിദ്ധമായ ഒരു വാസ്തവമാണല്ലോ. ഇത്രയും പറഞ്ഞതുകൊണ്ടു ഭാഷയ്ക്കു ശ്രോതാവിന്റെ അലസമായ്ക്കിടക്കുന്ന ഭാവനാവൈഭവത്തെ—വിചാരശക്തിയെ—ഉത്തേജനംചെയ്വാൻ തീരെ ശക്തിയില്ലെന്നർത്ഥമായില്ല. ഭാവപരങ്ങളായ സംഭവങ്ങളുടേയോ ഭാവോദ്ദീപകങ്ങളായ വസ്തുക്കളുടേയോ മർമ്മത്തെ—സൂക്ഷ്മസ്വരൂപത്തെ—കണ്ടുപിടിച്ചു പ്രതിപാദിക്കുന്നതായാൽ അതു നമ്മുടെ അനുഭവത്തിൽ കുറിക്കുകൊള്ളുന്നതിനാൽ നമ്മിലുള്ള ഭാവനാശക്തി ഉണർന്നു ചമൽക്കാരം ഉളവാക്കുകതന്നെ ചെയ്യും. പക്ഷേ, ഭാഷയ്ക്കുള്ള ഈ ശക്തി എത്രയും ദുർബ്ബലമാകയാൽ, അതു പലേടത്തും വികുണ്ഠമായ്ത്തീരുന്നു. തന്നിമിത്തം നമ്മുടെ കവികൾ ആ ഭാഷയെ സാഹിത്യത്തിന്നായുപയോഗിക്കുന്ന അവസരത്തിൽ അതിന്മേൽ പല മിനുക്കുപണികളും വൈചിത്ര്യങ്ങളും ചെയ്തുവെക്കുന്നു. അക്കൂട്ടത്തിൽ ഒട്ടേറെ പ്രധാനമായ ഒന്നത്രേ 'അലങ്കാരം'. ഭാഷയ്ക്കുള്ള അപൂർണ്ണത, ശ്രോതാവിന്റെ മയങ്ങിക്കിടക്കുന്ന ഭാവനാശക്തിയെ ഉദ്ബോധനംചെയ്തു വികസിപ്പിപ്പാൻ കഴിയായ്കയാണെന്നു മുമ്പു പറഞ്ഞുവല്ലോ. അലങ്കാരനിർമ്മാണത്തോടു സംബന്ധിച്ചേടത്തോളം, കവികൾ അതിന്നു പൂർണ്ണ

തവരുത്തുവാനെടുത്തിട്ടുള്ള ഉപായങ്ങളിലൊന്നു, 'തെളിച്ചവഴിയ്ക്കു നടന്നില്ലെങ്കിൽ, നടന്ന വഴിയ്ക്കു തെളിയ്ക്കുക' എന്നുള്ളതാണ്. പറയുന്ന സംഗതി മനസ്സിൽ കയറുന്നില്ലെങ്കിൽ, മനസ്സിൽ കയറിയ സംഗതി പറഞ്ഞുകൊടുത്ത് അതിൻെറ കൂടെ പ്രസ്തുതസംഗതിയേയും കയററുക എന്നതു കൈകണ്ട ഒരു വിദ്യയാണല്ലോ. പരമാത്ഥം പറയുമ്പോൾ ഉദാസീനമായ് കിടക്കുന്ന മനസ്സും ചില 'അസംബന്ധങ്ങൾ' പറയുമ്പോൾ സഹസാ ഉദ്ബുദ്ധമാകാതിരിക്കില്ലെന്നു പ്രസിദ്ധമാണല്ലോ. ഈ തത്വം അറിയുന്ന കവികൾ പ്രകൃതമായ പരമാത്ഥത്തിൽ ചില വക്രതകളെല്ലാം വരുത്തിക്കൂട്ടുന്നു; ആലോചിച്ചുനോക്കിയാൽ അതിൽ പരമാത്ഥം കളിയാടുന്നുമുണ്ടായിരിയ്ക്കും. ഇതു രണ്ടാമത്തെ ഉപായമാണ്. ഇത്തരം പല ചടങ്ങുകളും പ്രയോഗിച്ച് കവികൾ ഭാഷയെ വിചിത്രമാക്കിത്തീക്കുന്നു — ഇതിന്നത്രെ അലങ്കാരമെന്നുപേർപറയുന്നത്. ഇതെല്ലാം കാണുമ്പോൾ അലസമായ ശ്രോതാവിൻെറ മനസ്സു ഝടുതി പ്രബുദ്ധമായ്ത്തീൎന്നു ചിന്താപഥത്തിലേയ്ക്കു കടക്കുന്നു; അപ്പോൾ ആ വൈചിത്ര്യത്തിൻെറ അന്തർല്ലീനമായ പരമാത്ഥം പ്രതിഭാസിയ്ക്കുകയും തദ്വാരാ ചമൽക്കാരമുളവാവുകയും ചെയ്യുന്നു. ഉദ്ദിഷ്ടമായ പരമാത്ഥം അജ്ഞാതമായിരുന്നാൽക്കൂടെ, മേൽപ്പറഞ്ഞ വൈചിത്ര്യംതന്നെ പലപ്പോഴും ചമൽക്കാരഹേതുവായ്ത്തീരുമാറുണ്ട്. സ്ഥൂലരൂപത്തിൽ നാനാപ്രകാരവും അസംഖ്യേയവുമായ്ക്കിടക്കുന്ന ഈ അലങ്കാരങ്ങളെ, സൂക്ഷ്മപരിശോധനയാൽ കണ്ടുകിട്ടാവുന്ന അവയുടെ മൂലോപാധികളെ അവലംബിച്ച വൎഗ്ഗവിഭാഗം ചെയ്താൽ മാത്രമേ ഈ വിഷയത്തിൽ ജിജ്ഞാസുവിന്നു വിവേകമുണ്ടാകയും, ശാസ്ത്രഗൌരവം സുരക്ഷിതമാകയും ചെയ്കയുള്ളൂ.

II-

നമ്മുടെ ആലങ്കാരികന്മാർ മേൽപ്പറഞ്ഞ വിധത്തിലുള്ള അലങ്കാരങ്ങളിൽ ചില വ്യാപകധൎമ്മങ്ങളെത്തേടിപ്പിടി

ച്ച് അവയെ ഓരോവൎഗ്ഗമായ് വേർതിരിച്ചിട്ടുണ്ടെങ്കിലും, അതിൽ അവർ അലങ്കാരങ്ങളുടെ ബാഹ്യരൂപത്തെത്തന്നെയല്ലാതെ പാരമാർത്ഥികതത്വത്തെ അവലംബിച്ചിട്ടില്ലെന്നുള്ളതിന്നു അവരുടെ പരിഗണനത്തിലുള്ള സംഖ്യാഭേദംതന്നെ മതിയായ ലക്ഷ്യമാണ്. 'വാമനാചാൎയ്യർ' മുപ്പതലങ്കാരങ്ങളുണ്ടെന്നു പറയുന്നു; 'ദണ്ഡി'യുടെ പക്ഷത്തിൽ അവ മുപ്പത്തഞ്ചാണ്; 'മമ്മട'ൻെറ അഭിപ്രായത്തിലായപ്പോഴേയ്ക്കും അലങ്കാരം അറുപത്തൊന്നായി വൎദ്ധിച്ചു; 'അലങ്കാരസൎവ്വസ്വ'കാരൻ അവയെ എഴുപത്തിരണ്ടാക്കി; ഒടുവിൽ 'അപ്പയ്യദീക്ഷിതർ' നൂററിപ്പതിനേഴലങ്കാരങ്ങളെ സ്വീകരിച്ചു. ഇതുപോലെ ഓരോ ആലങ്കാരികന്മാൎക്കും ഈ വിഷയത്തിൽ അഭിപ്രായഭേദമല്ലാതെ പരസ്പരാനുഗമം കാണുന്നില്ല. എന്നാൽ ഇങ്ങിനെ സംഖ്യാഭേദം വരുന്നതിൽ അവൎക്ക സമാധാനമില്ലെന്നില്ല. 'തേ ചാദ്യാപി വികല്പ്യന്തേ; കസ്താൻ കാർത്സ്ന്യേന വക്ഷ്യതി?' എന്നു 'ദണ്ഡ്യാചാൎയ്യ'രും, 'അനന്താ ഹി വാഗ്വികല്പാഃ; തൽപ്രകാരാ ഏവ ചാലങ്കാരാഃ' എന്ന് 'ആനന്ദവൎദ്ധനാചാൎയ്യ'രും പറയുന്നു. ഇതെത്രയോ വാസ്തവവുമാണ്. ഇന്നത്തെ പരിഷ്കൃതസാഹിത്യങ്ങളിൽ അവരുടെ പരിഗണനത്തിൽ പെടാത്ത പല പല അലങ്കാരങ്ങളും കണ്ടേയ്ക്കാം. എന്നാൽ ഈ അസംഖ്യേയത്വം അവയുടെ ബാഹ്യരൂപത്തിന്നല്ലാതെ ആഭ്യന്തരതത്വത്തിന്നു വന്നുപോകുമെന്നു വിചാരിപ്പാൻ വഴികാണുന്നില്ല. അപ്പ്രാചീനന്മാരായ ആലങ്കാരികന്മാർ, അലങ്കാരം ചമൽക്കാരപ്രധാനമാകയാൽ എവിടെ ചമൽക്കാരം വിഭിന്നമാകുന്നുവോ അവിടെ മാത്രമേ അലങ്കാരം മാറുകയുള്ളു എന്നു പറഞ്ഞ്, 'ഇവിടെ ചമൽക്കാരഭേദമുണ്ട്; ഇവിടെയില്ല' എന്നു കേവലം സ്വാനുഭവത്തെ അടിസ്ഥാനപ്പെടുത്തി, അതാതലങ്കാരങ്ങളെ മറെറാന്നിൽനിന്നു വേർതിരിയ്ക്കുകയും വേറെ ഒന്നിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതിൽ മദ്ധ്യസ്ഥവൃത്തിയെടുക്കുന്നതു ദുസ്സാധമത്രേ.

'അൎത്ഥസ്യാലങ്കാരാ
വാസ്തവ, മൌപമ്യ, മതിശയഃ, ശ്ലേഷഃ;
ഏഷാമേവ വിശേഷാ
അന്യേ തു ഭവന്തി നിശ്ശേഷാഃ.'

എന്നു പറയുന്ന 'രുദ്രടാചാൎയ്യർ' അലങ്കാരങ്ങളെ നാലായ് വകതിരിച്ചതു അവയുടെ സൂക്ഷ്മതത്വം കണ്ടുപിടിപ്പാൻ ശ്രമിച്ചതിന്റെ ഫലമാണെന്നു പറയാം. ഇതുകൊണ്ടുതന്നെയായിരിക്കാം നമ്മുടെ 'ഭാഷാഭൂഷണം'

'ഔത്താലതിശയം, സാമ്യം, വാസ്തവം ശ്ലേഷമിങ്ങിനെ
അലങ്കാരങ്ങളെത്തീൎപ്പാൻ നാലുതാനിഹ സാധനം'

എന്നു പറഞ്ഞു രുദ്രടാചാൎയ്യരെ അനുഗമിപ്പാനൊരുങ്ങിയത്. എന്നാൽ, രുദ്രടാചാൎയ്യരുടെ ആ പരിശ്രമം എത്രകണ്ടും ഫലവത്തായിട്ടുണ്ടെന്നു നമുക്കു നോക്കാം.

ഫ. ഒന്നാമതു, 'വാസ്തവോക്തി'എന്നൊരലങ്കാരവൎഗ്ഗം സ്വീകരിച്ചതിൽ എനിക്കു വലിയ വിപ്രതിപത്തിയുണ്ട്. 'ലോകസിദ്ധമായ അൎത്ഥം അങ്ങിനെ തന്നെ പറയുന്നതിൽ അലങ്കാരമില്ല; അതിൽ കവിപ്രതിഭാനിൎമ്മിതമായ ഒരവാസ്തവമുണ്ടായിരിയ്ക്കണം' എന്ന ശരിയായ അലങ്കാരലക്ഷണം അക്ഷതമായിരിയ്ക്കേ, 'ഏററക്കുറച്ചിലെന്യേതാനതഥപുഷ്ടിവരുംവിധം, വസ്തുസ്ഥിതികളെച്ചൊല്ലു'ന്നതായ വാസ്തവോക്തി അലങ്കാരമാകുന്നതെങ്ങിനെയാണാവോ? ഇവിടെ ഭാഷാഭൂഷണം, 'തെല്ലിതിൻ * സ്പൎശമില്ലാതെയില്ലലങ്കാരമൊന്നുമേ' എന്നാദ്യം പറഞ്ഞു, ഏററക്കുറച്ചിലെന്യേവസ്തുസ്ഥിതികളെച്ചൊല്ലുന്നതിനേയും അലങ്കാരമായ് സ്വീകരിക്കുന്നതിൽ പൂൎവ്വാപരവിരോധം ശങ്കിച്ചു പറയുന്നു:—'പ്രകടമായ അതിശയോക്തി കൂടാതെ വസ്തുക്കളുടെ വാസ്തവസ്ഥിതി ചൊല്ലുന്നതു വാസ്തവോക്തി.' വാസ്തവോക്ത്യലങ്കാരങ്ങളിൽ പ്രകടമല്ലെങ്കിലും അതിശയോക്തിയുള്ള സ്ഥിതിയ്ക്കു, അവയെ അതിശയോക്തിപ്പന്തലിൽത്തന്നെ ഒരു പ്രത്യേകസ്ഥാനം വേർതിരിച്ചുകൊടുത്തിരുത്തുകയല്ലാതെ അവിടെനിന്നു പുറത്തേയ്ക്കു തള്ളുന്നതുചിതമല്ല. ഇങ്ങിനെ ചെയ്താൽ

* ഇതു—അതിശയോക്തി.

മുൻപറഞ്ഞ ലക്ഷണത്തെ അവഗണിച്ച അപരാധവും വന്നുകൂടുന്നതല്ലല്ലൊ. ഇനി, സാമ്യോക്ത്യലങ്കാരങ്ങളിലും അതിശയോക്തിയുടെ സ്പർശം തെല്ലെല്ലാമുണ്ടാകാവുന്നതുകൊണ്ട് അവയും ഇങ്ങോട്ടു കയറിക്കടന്നുവരില്ലേ? എന്നൊരു ചോദ്യത്തിനിവിടെ അവകാശമുണ്ട്. എന്നാൽ, സാമ്യോക്ത്യലങ്കാരങ്ങളിൽ ചമൽക്കാരഹേതുവായ അലങ്കാരബീജം (സാദൃശ്യം) വേറെ ഉള്ളതുകൊണ്ടു അവയെ വേറെത്തന്നെ നിർത്തണമെന്നും വാസ്തവോക്ത്യലങ്കാരങ്ങളിൽ അതിശയോക്തിയോ ചിലേടങ്ങളിൽ സാദൃശ്യമോ അല്ലാതെ വേറെ അലങ്കാരബീജം ഇല്ലായ്കയാൽ അവയെ വേർതിരിച്ചുനിർത്തേണ്ടതില്ലെന്നും കൂടെ ഓർക്കേണ്ടതാണ്. വാസ്തവത്തിൽ, അതിശയോക്തിയും സാമ്യോക്തിയും വന്നു തങ്ങൾതങ്ങൾക്കുള്ള അവകാശം പങ്കിട്ടെടുത്തുകഴിഞ്ഞാൽ വാസ്തവോക്ത്യലങ്കാരങ്ങളിൽ അവശേഷിക്കുന്നതു സ്വഭാവോക്തിമാത്രമാണ് ഇതു പരമാർത്ഥത്തിൽ ഒരലങ്കാരമല്ലായ്കയാൽ, ഇതിന്നുവേണ്ടി അലങ്കാരസാമ്രാജ്യത്തിൽ ഒരു സ്ഥാനം ഒഴിച്ചിടേണ്ട ആവശ്യമില്ലതാനും. സ്വഭാവോക്തി ഒരുത്തമാലങ്കാരമാണെന്നു ദൃഢമൂലമായ ധാരണ സാഹിത്യലോകത്തിൽ അനാദികാലം മുതൽക്കേ നിലനിന്നുവരുന്നതുകൊണ്ടു അതിനെ ഇളക്കിമാററിക്കളയുന്നതു അത്ര ക്ഷിപ്രസാധ്യമല്ലായ്കയാൽ, ഇവിടെ 'ചമ്പ്രംപടിഞ്ഞിരുന്ന്' ഈ വിഷയത്തെപ്പററി രണ്ടുവാക്കു സംസാരിക്കുന്നതിൽ പ്രിയവായനക്കാർ വൈമനസ്യപ്പെടില്ലെന്നു വിശ്വസിക്കുന്നു.

ഭാവോദ്ദീപകങ്ങളായ വസ്തുക്കളേയും ലോകവ്യവഹാരങ്ങളേയും നിരീക്ഷണശക്തികൊണ്ടു കണ്ടറിഞ്ഞ് അവയെ രസോദ്ബോധകമാംവിധം പ്രതിപാദിക്കുന്നതു കവിതയുടെ സ്വാഭാവികമായ സൃഷ്ടിയാണ്. ഇതിൽ ജീവൻ വ്യംഗ്യാർത്ഥവും, ശരീരം ഇതിവൃത്തവുമാണെന്നാണ് ആലങ്കാരികന്മാരുടെ അഭിപ്രായം. ഇതിൽ ചില പക്ഷഭേദങ്ങളുണ്ടെങ്കിലും, ഇതിവൃത്തത്തിന്നുള്ള ശരീരത്വത്തിൽ അഭിപ്രായഭേദമില്ലെന്നാണ് തോന്നുന്നത്. കവിതയുടെ നിസർഗ്ഗസിദ്ധമായ ഈ ശരീരത്തിൽ,—വർണ്ണ്യമാനമായ സംഗതിയിൽ,—കവിപ്രതിഭയാകുന്ന സൈരന്ധ്രി യാതൊരു വിശേഷാധാന

വും ചെയ്യാതെ നൈസൎഗ്ഗികമായ രൂപത്തിൽത്തന്നെ പ്രതിപാദിയ്ക്കപ്പെടുമ്പോഴും അലങ്കാരമുണ്ടെന്നു പറയുന്നതു ലൗകികമായും ശാസ്ത്രീയമായും വിചാരിച്ചുനോക്കിയാൽ ശരിയല്ലെന്നറിയാവുന്നതാണ്. അപ്രസാധിതയായ സുന്ദരീരത്നവും യുവഹൃദയത്തെ ആവൎജ്ജിക്കുന്നതുപോലെ, നിരലങ്കാരമായ കവിതയും അതിൻെറ സ്വതസ്സിദ്ധമായ സൌന്ദൎയ്യത്താൽ സഹൃദയഹൃദയത്തെ ആകൎഷിച്ചാനന്ദിപ്പിയ്ക്കുമെന്നു പരക്കെസ്സമ്മതിയ്ക്കുകയും, അതേ സമയത്തു, യാതൊരു വൈചിത്ര്യവും വരുത്താതെ എന്നാൽ പ്രകൃതിസിദ്ധമായ സൌന്ദൎയ്യത്തിന്നു ഒട്ടുപോലും ഉടവുതട്ടിയ്ക്കാതെ പ്രതിപാദിയ്ക്കുന്ന വെറും പരമാൎത്ഥമായ സ്വഭാവോക്തിയ്ക്കു അതിൻെറ ഹൃദയാവൎജ്ജകത്വത്തെ മാത്രം നിമിത്തീകരിച്ച് അലങ്കാരത്വം നൽകുകയും ചെയ്യുന്നതു സൂക്ഷ്മദൃഷ്ട്യാ പരസ്പരവിരുദ്ധമായ് തോന്നുന്നില്ലയോ? കൂടാതെ, സ്വാഭാവികസൌന്ദൎയ്യത്തിന്നും അലങ്കാരത്വം കൊടുക്കാമെങ്കിൽ അത്തരം സൌന്ദൎയ്യമില്ലാത്ത കവിത കവിത തന്നെയല്ലാസ്സയാൽ, മഹാനായ മമ്മടഭട്ടൻ,

> തദദോഷൌ ശബ്ദാൎത്ഥൌ
>
> സഗുണാവനലംകൃതീ പുനഃ ക്വാപി

എന്ന തൻെറ കാവ്യലക്ഷണത്തിൽ 'അനലംകൃതീപുനഃ ക്വാപി (ചിലേടങ്ങളിൽ അലങ്കാരമില്ലാതെയും കാവ്യത്വമുണ്ടാവും') എന്നു പറഞ്ഞതിന്നെന്തൊരുപപത്തിയാണുള്ളത്? സ്വഭാവോക്തികൃതമായ സൌന്ദൎയ്യത്തെ ഒഴിച്ചു മറ്റുതരം സൌന്ദൎയ്യമുള്ള കവിതയെ ഉദ്ദേശിച്ചാണ് അദ്ദേഹം ഇങ്ങിനെ പറഞ്ഞതെങ്കിൽ, അവയും അലങ്കാരമായ്ക്കൊള്ളട്ടെ. വാസ്തവത്തിൽ, കവിതയ്ക്കു രീതി, ഗുണം, അലങ്കാരം, ധ്വനി, രസഭാവങ്ങൾ എന്നീ വക മാത്രമല്ല ലോകത്തിൽ നടന്നതോ നടക്കാവുന്നതോ ആയതും അവരവരുടെ ഉൽക്കൎഷാപകൎഷങ്ങളെ വെളിപ്പെടുത്തുന്നവയുമായ സംഗതികൾ പ്രതിപാദിയ്ക്കൽ, ഉചിതങ്ങളായ ഹേതുപന്യാസങ്ങൾ, ക

ഗാഢഘടന, പരിണാമഗുപ്തി, പ്രകൃതിമമ്മപ്രദശനം, വാക്യബന്ധവൈചിത്ര്യം തുടങ്ങി പല സംഗതികളും സൌന്ദയ്യഹേതുക്കളായിരിയ്ക്കുന്നുണ്ട്. ഇവ എല്ലാംകൂടി അലങ്കാരത്തിൻെറ കുക്ഷിയിൽ കൊണ്ടുപോയ് നിറയ്ക്കുകയാണെങ്കിൽ ധ്വനി രസഭാവങ്ങൾ എന്നിവയെ മാത്രം എന്തിനു വിടാതെ മുറുകിപ്പിടിച്ചുകൊണ്ടിരിയ്ക്കുന്നു? അവയും അലങ്കാരങ്ങളുടെ കൂട്ടത്തിൽ കിടന്നുകൊള്ളട്ടെ; 'സൌന്ദയ്യം അലങ്കാര'വുമായ്ക്കൊള്ളട്ടെ. അങ്ങിനെ ചെയ്താൽ പ്രാചീനന്മാരുടെ മതം ആദരിച്ചു എന്നൊരു ഗുണമെങ്കിലുമുണ്ടല്ലോ.

പ്രാചീനന്മാരായ ആലങ്കാരികന്മാർ കവിതയുടെ എല്ലാതരം സൌന്ദയ്യഹേതുക്കളേയുംകൂടെ 'ഗുണം, അലങ്കാരം' എന്നു രണ്ടായി വിഭാഗിക്കയല്ലാതെ ധ്വനിയേയും രസഭാവങ്ങളേയും മററും അവയിൽനിന്നു വേർതിരിച്ചു നിൎത്തുവൻ ശ്രമിയ്ക്കുകയുണ്ടായിട്ടില്ല. അവർ പറയുന്നതു, ധ്വനി രസങ്ങൾ എന്നിവ പ്രധാനമായ് തോന്നുന്നിടത്തു അവയ്ക്കു 'അലങ്കായ്യം' എന്നു പേർ പറയാമെങ്കിലും, അവയും കാവ്യശരീരത്തിന്നു സൌന്ദയ്യം വളൎത്തുന്ന ചില ഉപകരണങ്ങൾ മാത്രമാകയാൽ അലങ്കാരപരിധിയെ അതിക്രമിയ്ക്കുന്നില്ലെന്നാണ്. തന്നിമിത്തം അവരുടെ കാലത്തു കാവ്യശോഭാഹേതുക്കൾ ഒന്നെങ്കിലോ ഗുണം അല്ലെങ്കിൽ അലങ്കാരം എന്നല്ലാതെ മൂന്നാമതൊന്നില്ലെന്നായിരുന്നു സിദ്ധാന്തം. ഇതിനാലാണ് ചന്ദ്രാലോകത്തിൽ,

* 'അംഗീകരോതി യഃ കാവ്യം ശബ്ദാൎത്ഥാവനലംകൃതീ,
അസൌ ന മന്യതേ കസ്മാദനുഷ്ണമനലം കൃതീ?'

എന്നു ചോദിപ്പാനിടയായതു്. പിന്നീടു സാഹിത്യലോകത്തിൽ വന്നു 'ധ്വനി' എന്നൊന്നു കണ്ടുപിടിച്ച ആനന്ദവൎദ്ധനാചാൎയ്യരും അദ്ദേഹത്തിൻെറ അനുയായികളും ധ്വനിയ്ക്കു കൊള്ളാവുന്ന കാവ്യശോഭാഹേതുക്കളെയെല്ലാം വാരിപ്പെറുക്കിയെടുക്കുകയും ഗുണങ്ങളെ ആററിക്കുറുക്കിച്ചുരുക്കുക

* അലങ്കാരമില്ലാത്ത ശബ്ദവും അൎത്ഥവും കാവ്യമാണെന്നു പറയുന്നയാൾ, ചൂടില്ലാത്തതും തീയാണെന്നെന്തുകൊണ്ടു സമ്മതിക്കുന്നില്ല?

യും ചെയ്യല്ലാതെ 'നാനാവിധ'മായ് വാരി വലിച്ചിട്ടുകിടക്കുന്ന പലതരം സൌന്ദര്യഹേതുക്കളെ വകതിരിച്ചുവെയ്ക്കുകയോ അലങ്കാരങ്ങളുടെ വിഷയത്തിൽ പറയത്തക്ക ശ്രദ്ധപതിപ്പിക്കുകയോ ചെയ്തിട്ടുള്ളതായ് കാണുന്നില്ല. ആകയാൽ അലങ്കാരമായിരിപ്പാൻ യോഗ്യതയില്ലാത്തവയും എന്നാൽ കാവ്യസൌന്ദര്യപോഷകങ്ങളുമായ പലതും അലങ്കാരങ്ങളുടെ ഇടയിൽ ചിന്നിച്ചിതറിക്കിടപ്പാനും, അലങ്കാരങ്ങൾക്കുള്ള പേരും ലക്ഷണവും മററും അതാതു ഗ്രന്ഥങ്ങളിൽ പരസ്പരസംവാദമില്ലാതെ കാണുവാനും ഇടയായി. ഏതായാലും, "സ്വാഭാവികമായ അൎത്ഥത്തിൽ കൂട്ടിച്ചേൎത്ത കാല്പനികമായ അൎത്ഥമാണ് അലങ്കാരം" എന്നു മുൻപറഞ്ഞ അലങ്കാരലക്ഷണം സ്വീകാൎയ്യമായിരിക്കുന്ന പക്ഷം, സ്വഭാവോക്തിയും അതുപോലുള്ള വേറെ ചില അലങ്കാരങ്ങളും അലങ്കാരസൌധത്തിൽനിന്നു താഴോട്ടിറങ്ങാതെ നിവൃത്തിയില്ല. ഇതുകൊണ്ടുതന്നെയായിരിക്കാം എഴുപതോളം അലങ്കാരങ്ങളെപ്പററി ഗാഢമായ് ചൎച്ചചെയ്ത 'രസഗംഗാധര' കൎത്താവു സ്വഭാവോക്തിയെ എടുപ്പാൻ അമാന്തിച്ചത്. പക്ഷെ ആ ഗ്രന്ഥം അസമാപ്തമായിരിക്കുന്നതുകൊണ്ടു അദ്ദേഹത്തിൻെറ അഭിപ്രായം എന്തെന്നറിവാൻ കഴിയുന്നില്ല. ഇപ്പറഞ്ഞതിലൊന്നും ശ്രദ്ധിക്കാതെ, സ്വഭാവോക്തിയിന്മേലും മററും വെച്ചുകെട്ടിയ അലങ്കാരത്വം അഴിച്ചുകളവാൻ വൈമനസ്യമുള്ളവൎക്ക് "രസാദിഭിന്നവും ശബ്ദാൎത്ഥനിഷ്ഠവും അസ്ഥിരവും ചമൽക്കാരജനകവുമായ ധൎമ്മമാണ് അലങ്കാരം" എന്നു ലക്ഷണം പറയാവുന്നതാണ്; പക്ഷെ, ലക്ഷണം ക്ലിഷ്ടവും വക്രവും അസ്വാഭാവികവുമാണെന്നും, ആക്ഷേപങ്ങൾ കടന്നുവരുന്ന പല വിടവുകളും അടയ്ക്കാതെ ഇനിയും ബാക്കി കിടപ്പുണ്ടെന്നും കൂടെ ഓൎത്തിരുന്നുകൊള്ളണം.

൨. രുദ്രടാചാൎയ്യരുടെ അലങ്കാരവിഭാഗത്തിൽ ഇനി എനിയ്ക്കുള്ള ആക്ഷേപം ശ്ലേഷോക്ത്യലങ്കാരങ്ങളെ വേർതിരിച്ചുനിൎത്തിയതിലാണ്. 'ശ്ലേഷം സ്വതന്ത്രമായ ഒരലങ്കാരമാ

കുന്നില്ല; അതു മററൊന്നിന്നംഗമായേ ഇരിക്കൂ' എന്നു ആലങ്കാരികന്മാർ യുക്തിയുക്തമായ് സ്ഥാപിച്ചിട്ടുണ്ട്. 'ശ്ലേഷം മററലങ്കാരങ്ങൾക്കംഗമായിരിക്കുന്നതല്ലാതെ സ്വതന്ത്രാലങ്കാരമല്ലാ എന്ന് ചിലർ വാദിയ്ക്കുന്നു' എന്നു ഭാഷാഭൂഷണത്തിൽ പറയുന്നുമുണ്ട്. ശ്ലേഷം പ്രായേണ എല്ലാ അലങ്കാരങ്ങൾക്കും സാധകമായിരിക്കുന്നുണ്ടെങ്കിലും, ശ്ലേഷത്തെ മാത്രം അവലംബിച്ചു നില്ക്കുന്ന വല്ല അലങ്കാരവുമുണ്ടോ എന്നു നോക്കാം. ഭാഷാഭൂഷണത്തിൽ 'സമാസോക്തി' ശ്ലേഷമാത്രാവലംബികളായ അലങ്കാരങ്ങളിൽ ഒന്നാണെന്നു പറയുന്നുണ്ട്. എന്നാൽ,

'സന്നാഹിയായ്ക്കേറിയക്കുരിരുട്ടാൽ
മന്നാകെയാച്ഛാദിതമായ്ച്ചമഞ്ഞു;
സന്നാഭമാം സ്വാന്തവിളക്കമായി
മിന്നാമിനുങ്ങിൻനിര സഞ്ചരിച്ചു.'

(സാഹിത്യമഞ്ജരി— ഒരു തോണിയാത്ര.)

ഏതാദൃശ പദ്യങ്ങളിൽ, ശ്ലേഷമില്ലെങ്കിലും, പ്രകൃതമായ രാത്രിവർണ്ണനയിൽനിന്നു സമാസോക്തിമർയ്യാദയാ ഒരു രാജ്യത്തിൻെറ അധഃപതനാവസ്ഥയിലുള്ള സ്ഥിതി അപ്രകൃതമായ് അഭിവ്യഞ്ജിക്കുന്നതുകൊണ്ട്, 'സമാസോക്തിയ്ക്കു അവലംബമായി അപ്രസ്തുതവൃത്താന്തത്തിൻെറ ആരോപം മാത്രം മതി; ശ്ലേഷം കൂടിയേ കഴിയൂ എന്നില്ല' എന്നു അപ്പയ്യദീക്ഷിതരും, * നാഗേശഭട്ടപാദരും ÷ സയുക്തികം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ രസഗംഗാധരകർത്താവായ പണ്ഡിതരാജൻ ഇതിൽ വിരുദ്ധാഭിപ്രായക്കാരനാണ്. അദ്ദേഹം സമാസോക്തി ശ്ലേഷമാത്രാവലംബിയാണെന്ന പ്രാചീനമതത്തെ രക്ഷിപ്പാനും അപ്പയ്യദീക്ഷിതരുടെ മതത്തെ ഖണ്ഡിപ്പാനും ഉള്ള ദുരാഗ്രഹത്താൽ മേൽക്കാണിച്ചതുപോലുള്ള പദ്യങ്ങളിൽ സമാസോക്തിയല്ല അപ്രസ്തുതപ്രശംസയാണെന്നു പ

---

* കുവലയാനന്ദം, സമാസോക്തിപ്രകരണം.

÷ രസഗംഗാധരം, അപ്രസ്തുതപ്രശംസാപ്രകരണം, പേജ് 480.

റയുന്നു. ഇതിന്നുവേണ്ടി, അപ്രസ്തുതപ്രശംസ എന്നതിന്നു അപ്രകൃതമായ സംഗതിയെപ്പററിപ്പറക എന്നൎത്ഥമല്ല, അപ്രകൃതമായ സംഗതികൊണ്ട്—അതു വാച്യമായിരുന്നാലും വ്യംഗ്യമായിരുന്നാലും കൊള്ളാം—പ്രസ്തുതത്തെ—ഇതും വ്യംഗ്യമോ വാച്യമോ ആകാം—പ്രശംസിക്കുക എന്നാണ് അൎത്ഥം എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്. ഇങ്ങിനെയെല്ലാം കഷ്ടപ്പെട്ടതുകൊണ്ടു സമാസോക്തിയെസ്സംബന്ധിച്ചു പ്രാചീനന്മാൎക്കുള്ള അഭിപ്രായം സുരക്ഷിതമാണെങ്കിലും അതോടുകൂടി അപ്രസ്തുതപ്രശംസയെപ്പററി അവൎക്കുള്ള മതത്തെ അവഗണിച്ച സംഗതി അദ്ദേഹം വിസ്മരിച്ചുകളഞ്ഞു! ഏതായാലും അദ്ദേഹത്തിന്റെ വക്രവും ആപൽക്കരവുമായ ആ മാൎഗ്ഗം ആലങ്കാരികന്മാൎക്കു നടന്നുപോകുവാൻ കൊള്ളുന്നതല്ലെന്നു പറയേണ്ടിയിരിക്കുന്നു. ശ്ലേഷത്തെ മാത്രം അവലംബിച്ചുനില്ക്കുന്നതായ് ഇനിയൊരലങ്കാരമുണ്ടെന്നു പറയുന്നതു 'വക്രോക്തി'യാണ്. ഇതും ശ്ലേഷനിൎമ്മുക്തമായിക്കാണപ്പെടുന്നുണ്ടെന്നുള്ളതിന്നു ഭാഷാഭൂഷണത്തിലുദാഹരിച്ച,

'പിച്ചക്കാരൻ ഗമിച്ചാനെവിടെ?' 'ബലിമഖം
തന്നി'—'ലെങ്ങിന്നു നൃത്തം?'
'മെച്ചത്തോടച്ചിമാർവീടതി'—'ലെവിടെ മൃഗം?'
പന്നി പാഞ്ഞെങ്ങു പോയോ!'
'എന്തേ, കണ്ടില്ല മൃരിക്കിഴടിനെ?'—'യിടയൻ
ചൊല്ലുമക്കാൎയ്യമെല്ലാം'
സൌന്ദൎയ്യത്തക്കമേവം രമയുമുമയുമാ-
യുള്ളതേകട്ടെ മോദം.

എന്ന പദ്യംതന്നെ തികഞ്ഞ ദൃഷ്ടാന്തമാണ്. ഭാഷാഭൂഷണംപറയുന്നതു ഇവിടെ അൎത്ഥശ്ലേഷമുണ്ടെന്നാണ്. എന്നാൽ 'അൎത്ഥശ്ലേഷം' എന്നതു വാസ്തവത്തിൽ ഒരു ശ്ലേഷമല്ലെന്നു മേലിൽ ഉപപാദിക്കുന്നതാകയാൽ ഇവിടെ അതേപ്പററിവിവരിക്കുന്നില്ല. ഈ വിധം, ശ്ലേഷം ഏതാനും ചില അലങ്കാരങ്ങൾക്കു സ്വാതന്ത്ര്യേന പാൎക്കുവാനുള്ള ഒരു പ്രത്യേകഗൃഹ

മല്ല, മിക്ക അലങ്കാരങ്ങളേയും സഹായിച്ച് നില്ക്കുന്ന ഒര ലങ്കാരബീജമാണെന്നു സിദ്ധിച്ചുവല്ലോ.

൯. അതിശയോക്ത്യലങ്കാരങ്ങളുടെ വിഷയത്തിലും എനിയ്ക്കു ചെറുതായൊരാക്ഷേപമുണ്ട്.

'സരോജയുഗളം, കാണ്കെ, ശരങ്ങൾ ചൊരിയുന്നിതാ!'

ഇത്യാദി 'രൂപകാതിശയോക്തി' എന്നു പറയുന്ന അലങ്കാരങ്ങളും 'കാമനെന്നിവനെ സ്ത്രീകൾ, കാലനെന്നോർത്തു വൈരികൾ' ഇത്യാദി ഉല്പ്രേക്ഷങ്ങളും മററും സാമ്യോക്ത്യലങ്കാരങ്ങളുടെ കൂട്ടത്തിൽനിന്നു അകററിനിർത്തിയതു കണ്ടിരിപ്പാൻ പാടുള്ളതാണോ? ഇതുപോലെ പല പല അലങ്കാരങ്ങളേയും അവയുടെ പാരമാത്ഥികസ്ഥിതിയെ നോക്കാതെ അങ്ങുമിങ്ങും വാരിവലിച്ചിട്ടുകൊണ്ടു ചെയ്തിട്ടുള്ള ഈ വിഭാഗം നല്ല പന്തിയായിട്ടില്ലെന്നാണ് അല്പജ്ഞനായ എൻെറ വിനീതമായ ബുദ്ധിയിൽ തോന്നിയിട്ടുള്ളത്. മററാലങ്കാരികന്മാരുടെ അലങ്കാരപരിഗണനത്തിൽ എനിയ്ക്കുഅനേകം ആക്ഷേപങ്ങളുള്ളതു വിസ്തരഭയത്താൽ ഇവിടെ സ്മരിക്കതന്നെ ചെയ്യുന്നില്ല. എന്നാൽ, ഇതിനു മേൽ ചെയ്വാൻ പോകുന്ന വിമശം മുൻപറഞ്ഞ ആലങ്കാരികന്മാരും മററു ശാസ്ത്രകാരന്മാരും അവിടവിടെ ചൂണ്ടിക്കാണിച്ചു തന്ന, പിടിവള്ളികളെത്തന്നെ ആശ്രയിച്ചുകൊണ്ട് കുറേക്കൂടെ അകത്തേയ്ക്കു കടന്നപ്പോൾ കണ്ടുകിട്ടിയ പരമാത്ഥങ്ങളെ അവലംബിച്ചുതന്നെയാണ് രൂപവൽക്കരിച്ചിട്ടുള്ളതെന്നു തുറന്നുപറയാതിരുന്നാൽ അതു പല തെററിദ്ധാരണകൾക്കും കാരണമായേയ്ക്കുമെന്നു ഞാൻ ഭയപ്പെടുന്നു.

III

൧. 'ഏതാനും കോത്തൊരിലഞ്ഞിപ്പൂമാലയെ
ത്തോൾതന്നിൽത്തൂക്കിയിട്ടുകുമാരി
വെമ്പിപ്പാഞ്ഞിങ്ങോട്ടു വന്നെത്തുന്നുണ്ടൊ,രു
പൊൻപൂവു കാററിൽപ്പാറുകുംപോലെ.'

(കിളിക്കൊഞ്ചൽ)

അലങ്കാരബീജങ്ങളിൽ സവ്വപ്രധാനമായതു 'സാദൃശ്യ'മാകുന്നു. കാവ്യനഭോവീഥിയിൽ അവിടവിടെ മിന്നിത്തി

ളഞ്ഞിക്കാണുന്ന നാനാരൂപങ്ങളും അസംഖ്യേയങ്ങളുമായ അലങ്കാരങ്ങളിൽ മിക്കവയും ഈ സാദൃശ്യത്തെ ആശ്രയിച്ചാണ് നില്ക്കുന്നത്. സാഹിത്യത്തിൻെറ പ്രാരംഭദശയായ ആ വൈദികകാലത്തു, നിരാഭരണസുന്ദരിയായ കവിതപ്പെണ്മണിപ്പൈതലിൻെറ നിർവ്യാജമധുരവും കേവലാനന്ദവും പാംസുക്രീഡോചിതവുമായ ശൈശവദശയിൽ, ആ ചെറുബാലിക ഇടവിടാതെ ഉപയോഗിച്ചുകൊണ്ടിരുന്നതു ഈ ഉപമാലങ്കാരമായിരുന്നു ഉപമയുടെ സ്വരൂപം, ആവശ്യം, ഉൽക്കർഷം മുതലായവയെപ്പററി അറിയാത്ത ഒരാൾ എൻെറ പ്രിയവായനക്കാരിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ലെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നതിനാൽ അതിനെപ്പററി ഇവിടെ അധികം വിസ്തരിക്കുന്നില്ല.

ഉപമാലങ്കാരത്തിൻെറ ജീവൻ സാദൃശ്യമാണല്ലോ. ഈ സാദൃശ്യം 'അതിതുപോലെ' എന്നീ രീതിയിൽ പ്രതിപാദിച്ചതുകൊണ്ടു മാത്രം എല്ലായിടത്തും തൽപ്രയോജനമായ വസ്തുസ്വരൂപപ്രതീതി മുതലായവയ്ക്കു പര്യാപ്തമാകുന്നില്ലെന്നു കാണുകയാലും വൈചിത്ര്യപ്പുഷ്ടിക്കുവേണ്ടിയും, ഉപമാനോപമേയസാദൃശ്യവാചകങ്ങളിൽ ഏതെങ്കിലും ഒന്നോ ചിലതോ പറയാതെതന്നെ സാദൃശ്യത്തെ ഭാസിപ്പിച്ചും (സമാസോക്തി, അപ്രസ്തുതപ്രശംസ, ദൃഷ്ടാന്തം മുതലായവ ഉദാഹരണം), ഉപമാനോപമേയങ്ങൾക്കു അഭേദം പറഞ്ഞും(ഉദാ:—രൂപകാദി)മററും കവികൾ ഈ അലങ്കാരത്തെ പല വേഷവും കെട്ടിച്ചുവരുന്നു. ഇതിൽ ഉൽപ്രേക്ഷയെസ്സംബന്ധിച്ചേടത്തോളം ഒരു സംഗതികൂടെപ്പറഞ്ഞുകളയാം. ഉൽപ്രേക്ഷ വാസ്തവത്തിൽ ശിഥിലമായ ഒരു രൂപകമാണ്. എന്നാൽ, ചില ദിക്കിൽ ഇതിന്നൊരു വിശേഷമുള്ളത്, ഉപമേയത്തിന്ന് ഉപമാനതാദാത്മ്യം * വരുവാനുള്ള കാരണം നിർദ്ദേശിക്കുന്നതാകുന്നു; ഇപ്പറഞ്ഞത് സ്വരൂപോൽപ്രേക്ഷയെ

* ഉപമാനംതന്നെയായിരിക്കൽ.

പ്പററിയാണ്. ഹേതുഫലോൽപ്രേക്ഷകളിൽ, ഉപമാനതാദാത്മ്യം ഏതു ധർമ്മത്തെ അവലംബിച്ച് പറയുന്നുവോ, തദ്ഭിന്നവും ഉപമേയത്തിലില്ലാത്തതും ഉപമാനത്തിലുള്ളതുമായ ഒരു ധർമ്മത്തെക്കൂടി പ്രകൃതത്തിൽ ഹേതുവായോ ഫലമായോ യോജിപ്പിയ്ക്കുന്നതാണ്. ഈ സംഗതി അത്രസ്പഷ്ടമാകുന്നില്ലെങ്കിൽ അതിൽ വായനക്കാരോട്, എൻെറ ഈ കുററം ക്ഷമിപ്പാനും തരമുണ്ടെങ്കിൽ ഒരലങ്കാരഗ്രന്ഥത്തിലെ ഉൽപ്രേക്ഷാപ്രകരണം എടുത്തു വായിപ്പാനും അപേക്ഷിയ്ക്കയല്ലാതെ, ഇതിലധികം ഇതേപ്പററിപ്പറവാൻ അപ്രകൃതവിസ്തരഭയം എന്നെ അനുവദിയ്ക്കുന്നില്ല. സ്മൃതിമാൻ അപഹ്നുതി തുടങ്ങിയ മററു സാമ്യോക്ത്യലങ്കാരങ്ങളിലും സാദൃശ്യത്തെ അവലംബിച്ച് കവികൾ ചെയ്ത വൈചിത്ര്യമെല്ലാം വായനക്കാർ തന്നെ സ്വയം ഊഹിച്ചുകൊള്ളുമല്ലോ. ഉപമയെപ്പററി കുറച്ചുകൂടെ പറവാനുള്ളത് സൌകര്യവശാൽ വേറൊരിടത്തേയ്ക്കു നീട്ടിവെയ്ക്കേണ്ടിയിരിയ്ക്കുന്നു.

2. അലങ്കാരങ്ങളെ നിർമ്മിക്കുവാൻ ഇനിയൊരുപായമുള്ളത് അതിശയോക്തിയാണ്. ഇല്ലാത്തതുണ്ടെന്നോ, ഉള്ളതില്ലെന്നോ 'അതെ' എന്നുള്ളതു 'അല്ല' എന്നോ, 'അല്ല' എന്നുള്ളത് 'അതെ' എന്നോ പറയുന്നത് അതിശയോക്തി എന്നു ചുരുക്കിപ്പറയാം. ഇതുതന്നെ വിസ്തരിച്ചു പറകയാണെങ്കിൽ, ഒരു വസ്തുവിനുള്ള ഉൽക്കർഷാപകർഷങ്ങളേയും മററും വെളിപ്പെടുത്തുവാനായി അതിനെ അതിൻെറ പാരമാർത്ഥികസ്ഥിതിയിൽനിന്നു മേലോട്ടു കയററിവെയ്ക്കയോ താഴോട്ടു ഇടിച്ചുതാഴ്ത്തുകയോ ചെയ്യുക, അതേ ഉദ്ദേശത്തിന്മേൽതന്നെ കാരണത്തെ അകാരണമായ് പറയുക, അകാരണത്തെ കാരണമായ് പറയുക, കാര്യകാരണങ്ങളുടെ പൌർവ്വാപര്യത്തേയും ദേശവ്യവസ്ഥയേയും മാററുക, രണ്ടു പദാർത്ഥങ്ങൾക്ക തമ്മിലുള്ള സംബന്ധത്തെ അന്യഥാകരിയ്ക്കുക (ഉദാ:— തൂലിക എഴുതുന്നു; കലപ്പ ഉഴുന്നു ഇത്യാദി) എന്നു തുടങ്ങി ക

രു തരം കളവുപറയലാണ് അതിശയോക്തി എന്നു വന്നുകൂടുന്നു. എന്റെ ഈ അതിശയോക്തിയ്ക്കു ലക്ഷണം, ഭാഷാഭൂഷണത്തിലെ,

'ചൊല്ലുള്ളതിൽക്കവിഞ്ഞുള്ളതെല്ലാമതിശയോക്തിയാം'

എന്ന പദ്യാൎദ്ധം തന്നെയാണ്. പക്ഷേ, ലക്ഷ്യം കുറേ ഭേദപ്പെട്ടനുണ്ട്.

'വൎഷം തുടൎന്നു പാന്ഥസ്ത്രീമിഴിയും മുകിലും സമം'

ഇത്യാദി ചില ലക്ഷ്യങ്ങൾ എന്റെ അതിശയോക്തിയിൽപ്പെട്ടുമെങ്കിലും,

'കൊണ്ടാലുണ്ടു വിഷം * ; മൂൎച്ഛ പൂണ്ടുപോൽ പാന്ഥനാരിമാർ!'

ഇത്യാദ്യതിശയോക്തികൾ ഇതിൽ പെടുന്നതല്ല; കാരണം, അവയിൽ അതിശയോക്തി ബാഹ്യരൂപമായിരിക്കുന്നതല്ലാതെ അലങ്കാരബീജമായിരിയ്ക്കുന്നില്ല; ഈ സംഗതി മേലിൽ വെളിപ്പെടും. ഇവിടെ നില്ക്കട്ടെ!

3. പറയുന്ന സംഗതി കഴിയുന്നതും ഋജുരീത്യാ പറയാതെ അതിലൊരു വക്രത വരുത്തി, പരമാൎത്ഥത്തെ വ്യംഗ്യസൌധത്തിലേററിവെയ്ക്കയും അതോടുകൂടെ യഥാസൌകൎയ്യം വേറെയും ചില അൎത്ഥങ്ങളെ വ്യഞ്ജിപ്പിയ്ക്കയും ചെയ്യേണമെന്നുദ്ദേശിയ്ക്കുന്ന കവികൾ, മേൽക്കാണിച്ച വഴികൾ ഉദ്ദേശസിദ്ധിയ്ക്കു അപൎയ്യാപ്തമാണെന്നു തോന്നുകയാൽ വാക്യാൎത്ഥത്തിൽ വേറേ വിധത്തിലും വൈചിത്ര്യം വരുത്തുവാൻ ഉപായങ്ങൾ കണ്ടുപിടിച്ചു. ഇങ്ങിനെ വൈചിത്ര്യം വരുത്തുന്നതിന്നു അവർ ഒന്നാമതായ് ചെയ്യുന്നത് പ്രതിപാദ്യവിഷയത്തിൽ സംബന്ധിച്ചു നിയ്ക്കുന്ന വസ്തുക്കളെ രൂപാന്തരപ്പെടുത്തുകയാണ്. ഇതിന്നുള്ള വഴികളെന്തെല്ലാമാണെന്നു നമുക്കു നോക്കാം:—

കാൎയ്യകാരണഭാവം, സാമാന്യവിശേഷഭാവം, അവയവാവയവിഭാവം, സ്വസ്വാമിഭാവം, പരസ്പരവിരുദ്ധഭാവം, സാഹചൎയ്യം.—എന്നീ രീതിയിൽ ലോകത്തിലുള്ള അതാതു

* വിഷം=വെള്ളം, നഞ്ഞ്.

വസ്തുക്കൾ മററു ചില വസ്തുക്കളോടുകൂടെ പല വിധത്തിലും സംബന്ധപ്പെട്ടിരിയ്ക്കുമല്ലോ. അങ്ങിനെയിരിയ്ക്കെ, പ്രകൃതമായ വസ്തുവെപ്പറയാതെ, അതിന്റെ സ്ഥാനത്തു, അതിനോട് ഏതു വിധമെങ്കിലും സംബന്ധപ്പെട്ടു കിടക്കുന്ന മറെറാരു വസ്തുവിനെ യഥൌചിത്യം നിർദ്ദേശിയ്ക്കുന്നതു ചില അർത്ഥങ്ങളെ ദ്യോതിപ്പിപ്പാനോ, അല്ലെങ്കിൽ, വൈചിത്ര്യമെങ്കിലും ഉണ്ടാക്കുവാനോ ഉപകരിയ്ക്കുന്നതാണ്. നോക്കുക:—

'മങ്ക, കരയായ്ക, മാലോകർകണ്ണീരെൻ
ചെങ്കോലിതാഴിയിലേയ്ക്കൊഴുക്കും.'

സാമ്രാജ്യം നശിപ്പിപ്പാൻ കാരണമാകുന്നത് പ്രജകളുടെ ദുഃഖമാണ്. ആ ദുഃഖത്തെ പറയാതെ തൽക്കാര്യമായ കണ്ണീർ സാമ്രാജ്യനാശകമായി നിർദ്ദേശിയ്ക്കപ്പെട്ടിരിയ്ക്കുന്നു. കാര്യം പറയേണ്ടതിന്നു പകരം കാരണം പറയുന്നതിന്നുദാഹരണം:—

'ഇരുന്നൂറായി നുറുങ്ങി മൽപ്രയത്നം.'

സാമാന്യത്തിന്റെ സ്ഥാനത്തു വിശേഷം പറയുന്നതിന്നു:—

'തിരിയേ തൻനാട്ടിൽച്ചെന്നു ചുനെശുശ്രൂഷിയ്ക്കു;
പരർതൻ കഴൽ ഞെക്കി, ക്കൈക്കുഴമ്പിപ്പിയ്ക്കാതെ.'

മററുള്ളവരുടെ വിടുവേല ചെയ്യുന്നതിന്റെ ഫലം അവനവന്റെ 'തടിയ്ക്കുടവുവരുക മാത്രമാണ്' എന്ന സാമാന്യത്തിന്നു പകരം പറഞ്ഞത്, അതിന്റെ വിശേഷമായ 'പരർതൻ കഴൽഞെക്കിക്കൈക്കുഴമ്പി'യ്ക്കലാണ്. ഇതുപോലെ വിശേഷത്തിന്റെ സ്ഥാനത്തു സാമാന്യം പറയുന്നതിന്നും ഉദാഹരണം ഊഹിയ്ക്കാം. ഒരു വസ്തുവിന്നുള്ള ഇതരവ്യാവർത്തകമായ വിശേഷധർമ്മത്തെ സ്പർശിയ്ക്കാതെ, മറെറാരു വസ്തുവിന്നുകൂടെ കൊള്ളാവുന്ന രീതിയിൽ അതിന്റെ സാമാന്യധർമ്മത്തെ പുരസ്കരിച്ചുകൊണ്ട് അതിനെ പ്രതിപാദിയ്ക്കുന്നതും ഈ ഇനത്തിൽ ഉൾപ്പെടും. ഉദാ:—'പിച്ചക്കാരൻ ഗമിച്ചാനെവിടെ? ബലിമഖം തന്നിൽ . . .' ഇത്യാദി മുന്പുദാഹ

രിച്ച പദ്യം നോക്കുക. ഇവിടെ പരമേശ്വരൻെറ ഭിക്ഷുതാ ത്തിലുള്ള വിശേഷധൎമ്മങ്ങളെ പരാമൎശിയ്ക്കാതെ, വെറും 'പിച്ചക്കാരൻ' എന്നു പറഞ്ഞതുകൊണ്ട് അത് ത്രിവിക്രമനുംകൂടെ കൊള്ളുന്നതായി. 'എങ്ങിന്നു നൃത്തം?' എന്നതിലും ഈ രൂപാന്തരീകരണം തന്നെയാണുള്ളത്. ഇത്തരം സ്ഥലങ്ങളിൽ മേൽപ്പറഞ്ഞവിധംതന്നെ ഉപപത്തി പറയാമെന്നിരിയ്ക്കെ, ഇവിടെ അൎത്ഥശ്ലേഷമെന്നൊന്നിനെ വലിച്ചുകൊണ്ടുവന്നിടേണ്ട ആവശ്യം മനസ്സിലാകുന്നില്ല. ഒരു ശബ്ദം ശ്ലിഷ്ടമാണെന്നു പറയേണമെങ്കിൽ അതു ഒന്നിലധികം അൎത്ഥത്തെ നിരപേക്ഷമായ് കുറിയ്ക്കുന്നതായിരിയ്ക്കണം. 'പിച്ചക്കാരൻ' എന്ന ശബ്ദം വാസ്തവത്തിൽ പരമേശ്വരൻേറയോ, ത്രിവിക്രമൻെറയോ പൎയ്യായമായ് പ്രയോഗിയ്ക്കുമാറില്ല. അതു പ്രകൃതത്തിൽ, തന്നിഷ്ടമായ ധൎമ്മത്തെ പ്രതിപാദിച്ച് ദ്വാരാ അവരേയും സ്പൎശിയ്ക്കുന്നു എന്നു മാത്രമേയുള്ളു. ഇപ്പറഞ്ഞതു ഗൌനിയ്ക്കാതിരുന്നാൽ, 'മനുഷ്യൻ' 'മരം' മുതലായ മിയ്ക്ക ശബ്ദങ്ങളും ശ്ലിഷ്ടങ്ങളാണെന്നു പറയേണ്ടിവരുന്നതാണ്. ഈ പ്രകൃതം ഇവിടെ നില്ക്കട്ടെ.

'കൊട്ടാരം ചിന്തയാൽജാഗരം കൊള്ളുന്നു;
കൊച്ചുകുടിൽക്കകത്ത്രേ നിദ്രാസുഖം'
'സൎവ്വസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന
ദിവ്യമാം തൃക്കരം ചുംബിപ്പാനും,
ഏഴെട്ടുകാശിൻെറയുന്മദതള്ളലെ,
പാഴരാ നിൻ തല താഴില്ലെന്നോ!'
'പാവയെക്കൊട്ടത്തകയ്യിവനുപതിയേയും
സാവധാനമായ്ത്തിരഞ്ഞെട്ടുകൊട്ടത്തേനേ.'

ഇത്യാദിസ്ഥലങ്ങളിൽ, ചിന്തയാൽ ജാഗരംകൊള്ളുന്നതും നിദ്രാസുഖമനുഭവിയ്ക്കുന്നതും കൊട്ടാരമോ കൊച്ചുകുടിലോ അല്ല, അവയിൽ പാൎക്കുന്നവരാണെന്നും, തൃക്കരം ചുംബിപ്പാൻ താഴാത്തതു ഉന്മദതള്ളലിൻെറ തലയല്ല, ഉന്മദമുള്ള 'ശീമോൻെറ' തലയാണെന്നും, പാവയെക്കൊട്ടത്തതും

പതിയെത്തിരഞ്ഞെടുത്തുകൊടുപ്പാനുള്ളതും കയ്യല്ല, അതിൻെറ ഉടമസ്ഥനായ ആളാണെന്നും മററും നമുക്കറിയാമല്ലോ.

'കിട്ടീലയോ ദക്ഷിണവേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽനിന്നിദാനീം?'

ഇവിടെ, പുത്രാപകാരം ഗുരുദക്ഷിണയായതും, അവിവേകിയായ ശിഷ്യൻ വിശിഷ്ടനായതും പരസ്പരവിരുദ്ധഭാവസംബന്ധംകൊണ്ടാണ്. ഇതിന്നത്രേ ആലങ്കാരികന്മാർ 'വിപരീതലക്ഷണ' എന്നു പേർ പറയുന്നത്. ഇത് 'അത്യന്തതിരസ്കൃതവാച്യം' എന്ന ധ്വനിയുടെ വിഭാഗത്തിൽപ്പെടുമെന്നും അവർ പറയുന്നു.

'സർവ്വരാജ്യങ്ങിലും സർവ്വദേശങ്ങളിലും
ദിവ്യസമ്പത്താം ധർമ്മം വാരിവർഷിച്ച ഭവാൻ
ഏതൊരു ഭണ്ഡാഗാരത്താലുമാവതല്ലാത്ത
ദാതൃത്വമല്ലോ നേടീ തന്നുടെ പിച്ചത്തൊണ്ടാൽ!'

ഇവിടെ 'ഭിക്ഷുത്വ'ത്തിനു പകരം തൽസഹചാരിയായ 'പിച്ചത്തൊണ്ടാ'ണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഇപ്പൊന്ന വസ്തുക്കളുടെ രൂപാന്തരീകരണത്തിൽ, ആദ്യം പറഞ്ഞ 'സാദൃശ്യ'ത്തെയും ഒരു മുഖ്യസംബന്ധമായെടുക്കാറുണ്ട്:—

'വെണ്മാൻ കണംപോലെപ്പൂകച്ചിങ്ങു നോക്കുവാൻ
തന്മുന്നിൽച്ചെന്നായയല്ല നിൽപൂ.'

ഇവിടെ, തന്മുന്നിൽ നില്ക്കുന്നതു ചെന്നായയല്ല, തത്സദൃശനായ ക്രൂരമനുഷ്യനാണെന്നു സ്പഷ്ടമാണല്ലോ. ഉപമാനോപമേയങ്ങൾ രണ്ടുംകൂടി പറയുന്നിടത്തും ഈ രൂപാന്തരീഭാവം സംഭവിക്കുന്നതാണ്:—

'കൊള്ളാമോ ശ്രേയസ്സിൽ സംതൃപ്തി നമ്മൾക്കു:
വെള്ളിനിലാവിൽക്കുളിച്ച രാവും,
ചെമ്പൊന്നാം ആദിത്യരശ്മിയെയാരാഞ്ഞു
മുമ്പോട്ടു പോവതു കാണ്മതില്ലേ?'

ഇതിൽ, നിലാവും ആദിത്യരശ്മിയും കണ്ഠതഃ പറയപ്പെട്ടിട്ടു

ണ്ടെങ്കിലും, അവ വെള്ളിയും ചെമ്പൊന്നുമായിട്ടാണല്ലോ നമ്മുടെ ദൃഷ്ടിയ്ക്കു വിഷയമാകുന്നത്. മററു സംബന്ധങ്ങളെ ആശ്രയിച്ചിട്ടുള്ള രൂപാന്തരീകരണങ്ങളിലും ചിലേടത്തു ഇങ്ങിനെ രണ്ടു വസ്തുവിനേയും ദുർല്ലഭം പ്രയോഗിയ്ക്കമാറുണ്ട്. ഈ രൂപാന്തരീകരണം ചില ദിക്കിൽ വ്യംഗ്യമായും കാണുന്നു:—

'തൻകാലപ്പിഴയുടെയാഴമേ നോക്കിക്കണ്ടോൻ.'
'ശുദ്ധബ്രാഹ്മണനാശാഭംഗത്തിൽ മുങ്ങിപ്പോയോ?'

ഇവിടെ, കാലപ്പിഴയും ആശാഭംഗവും സമുദ്രമോ മറേറാ ആയിത്തോന്നുന്നതു വ്യംഗ്യമായിട്ടാണല്ലോ. ഇച്ചൊന്ന വസ്തുക്കളെ മാററിമറിയ്ക്കലിന് 'ഉപചാരം', 'ഗൌണവൃത്തി', 'ആരോപം'—അഥവാ 'അധ്യവസാനം'— എന്നെല്ലാം പേർ പറഞ്ഞുവരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ, ശ്ലേഷം, കവിസങ്കേതം, പുരാണാദിപ്രസിദ്ധങ്ങളായ സംഗതികൾ തുടങ്ങിയവയും വസ്തുക്കളെ രൂപഭേദപ്പെടുത്തുവാനുള്ള ചില ഔഷധങ്ങളാണ്:—

'അത്തിഥി തൊട്ടാ വിശിഷ്ടാനുഭാവൻെറ
വിസ്തീർണ്ണഗംഭീരമായ ചിത്തം
ഇക്കൊച്ചുമെയ്യാൽ നിറഞ്ഞിരിയ്ക്കുന്നതായ്
നൽക്കാഴ്ച കൂട്ടമെൻ കൺകൾ കണ്ടു.'

ഇവിടെ ജ്ഞാനസമ്പന്നവും അക്ഷോഭ്യവുമായ ഹൃദയം പരന്നു ആഴമുള്ള ഒരു വസ്തുവായതു ശ്ലേഷംകൊണ്ടാണല്ലോ. ഇതുപോലെ, യശസ്സു വെളുത്തതും മററും കവിസങ്കേതംകൊണ്ടും, 'ഗ്രഹണം' സൂര്യചന്ദ്രന്മാരെ രാഹുകേതുക്കൾ വിഴുങ്ങുന്നതായതും മററും പുരാണാദിപ്രസിദ്ധികൊണ്ടുമാണെന്നും മററും സുപ്രസിദ്ധമാണല്ലോ.

ഒരു സംഗതിയെ ഋജുവായ് പറയാതെ, അതിലുള്ള ഏതെങ്കിലും ഒരു ധമ്മത്തേയോ, അതിൽ ഫലമായോ കാരണമായോ മറേറാ സംഘടിച്ചുനില്ക്കുന്ന മറേറതെങ്കിലും സം

ഗതിയേയോ പുരസ്കരിച്ചുകൊണ്ടു പ്രതിപാദിക്കുന്നതും ഈ രൂപാന്തരീകരണത്തിൻെറ ഒരു വകഭേദംതന്നെയാണ്. നോക്കുക:—'ജയസ്തംഭങ്ങൾ നടുക', 'വിജയപ്രാസാദമുയർത്തുക', 'തൃക്കൊടിത്തുകിൽ പറപ്പിക്കു' (വള്ളത്തോൾ: കാട്ടെലിയുടെ കത്ത്.) എന്നീ രൂപങ്ങളിലെല്ലാം പ്രതിപാദിക്കുന്നതു 'സാമ്രാജ്യസ്ഥാപനം' എന്ന ഒരേ ഒരു സംഗതിയാണല്ലോ.

ഇത്തരം ഉപായങ്ങളെക്കൊണ്ടു പ്രകൃതമായ വസ്തുക്കളുടെയോ, സംഗതികളുടെയോ രൂപം മാററി മറിച്ചു കഴിഞ്ഞാൽ, അവയും തമ്മിലുള്ള വാസ്തവികമായ സംബന്ധവും വ്യത്യാസപ്പെട്ടുപോകുന്നു. ഈ കൃത്രിമമായ സംബന്ധം ലൌകികവ്യവഹാരത്തേയും ശാസ്ത്രനിയമങ്ങളേയും മററും അനുസരിച്ചു നില്ക്കുന്നതായാലും ശരി, അവയ്ക്കു തീരെ വിരുദ്ധമായിരുന്നാലും ശരി—ഏതു വിധവും അതു കവിതയെ അലങ്കരിക്കാതിരിക്കുന്നതല്ല. ഉദാഹരണം:—

'ചാരിത്രത്തിലുയന്ന ഹൈന്ദവഗൃഹം-
തോറും സമാക്രന്ദനം.
പൂരിപ്പിച്ച ഖലാധിരാജനു ജയ-
സ്തംഭങ്ങൾ വീണ്ടും നടാൻ,
വൈരിക്കീഴിലമന്നൊരേ ജനനിതൻ
പൈതങ്ങൾ നാം തങ്ങളിൽ-
പ്പോരിട്ടൂഴി കതിക്കയോ വിപുലമാം
തൻജീവരക്തത്തിനാൽ?'

ഈ പദ്യത്തിൽ, സാമ്രാജ്യസ്ഥാപനം ജയസ്തംഭങ്ങൾ നടലായും, പ്രജകൾ തമ്മിൽത്തല്ലമരിച്ചു, പ്രജാശക്തിയെ ക്ഷയിപ്പിക്കുന്നതു 'പോരിട്ടൂഴികുതിക്ക'ലായും പരിണമിച്ചപ്പോൾ, 'പ്രജാശക്തി ക്ഷയിച്ചു രാജ്യത്തു വിദേശികൾക്കു സാമ്രാജ്യസ്ഥാപനത്തിന്നു സൌകര്യം കൂടുന്ന'തിലുള്ള സംബന്ധം, കുതിന്ന ഭൂമിയിൽ ഒരു സ്തംഭം നാട്ടുവാനുള്ള എളുപ്പമായ്പ്പരിണമിച്ചു! ഈ കൃത്രിമസംബന്ധം ലോകവ്യവഹാരത്തിന്നു വിരുദ്ധമല്ലല്ലോ.

'വാസ്തവമിതിന്നിവനറിഞ്ഞു: വില കൂടും
വാൾകത്തുവെള്ളിക്കു യൌവനത്തങ്കത്തേക്കാൾ!'

ഈ പദ്യത്തിൽ, പലിതപാണ്ഡരമായ വാദ്ധക്യം തൂവെള്ളിയായും ചോരത്തിളപ്പുള്ള യൌവനം തങ്കമായും മാറിയപ്പോൾ, 'യൌവനത്തേക്കാൾ വാദ്ധക്യം വിശിഷ്ടമാണെ'ന്നുള്ളതു, തങ്കത്തേക്കാൾ വെള്ളിയ്ക്കു വില കൂടലായ് രൂപാന്തരപ്പെട്ടു! ഇതു ലോകവ്യവഹാരത്തിന്നു വിരുദ്ധമത്രേ. ഭാഷാഭൂഷണത്തിൽ, വാസ്തവോക്തിയുടേയും അതിശയോക്തിയുടേയും ഉൾപ്പിരിവുകളായ് നിർദ്ദേശിയ്ക്കപ്പെട്ട വിഭാവന, വിശേഷോക്തി, പരിവൃത്തം, സമം, വിഷമം തുടങ്ങി മിയ്ക്ക അലങ്കാരങ്ങളും ഇതിൽ അന്തർഭവിയ്ക്കുന്നതാണ്. ഇതിന്നുമേൽ ഉദാഹരിച്ച പദ്യങ്ങളിലും ഈലോകവ്യവഹാരാരോപം യഥായോഗം ഊഹിച്ചുകൊള്ളണം. ഇങ്ങിനെ ലോകവ്യവഹാരത്തെ ആരോപിയ്ക്കാതേയും മുൻപറഞ്ഞ പദാർത്ഥരൂപാന്തരീകരണം കാവ്യങ്ങളിൽ സുലഭമായ് കണ്ടുവരുന്നതിന്നും മുമ്പുദാഹരിച്ച വഴികളിൽ ചിലതു ദൃഷ്ടാന്തമാണ്.

മാത്രമല്ല, മേലുപപാദിച്ച രീതിയിൽ പദാർത്ഥങ്ങളെ മാററി മറിയ്ക്കുന്നതായാൽ, സ്തുത്യമായതിനെ നിന്ദിയ്ക്കുക, നിന്ദ്യമായതിനെ സ്തുതിയ്ക്കുക (വ്യാജസ്തുതി), ഒരു വിധേയാംശത്തിന്നു വാസ്തവത്തിൽ സാധകമല്ലാത്ത സംഗതിയേയും സാധകമായ് പറയുക (അർത്ഥാന്തരന്യാസം), മുതലായിപ്പല പല പ്രയോഗവൈചിത്ര്യങ്ങളും വരുത്തിക്കൂട്ടുവാൻ സാധിയ്ക്കുന്നതാണ്. ഇതേവിധം, പരസ്പരം സാദൃശ്യമില്ലാതെ കിടക്കുന്ന വസ്തുക്കൾക്കുകൂടി സാദൃശ്യം കല്പിച്ച് ഉപമയും തദവലംബികളായ മററലങ്കാരങ്ങളും നിർമ്മിയ്ക്കാമെന്നും വന്നുകൂടി. ഇക്കാരണത്താൽ ഉപമാലങ്കാരത്തിൻെറ കുഡുംബം വല്ലാതെ അഭിവൃദ്ധിപ്പെട്ടുവരികയും,

* 'ഉപമൈകാ ശൈലൂഷീ
സമ്പ്രാപ്യ ചിത്രഭൂമികാഭേദാൽ
രഞ്ജയതി കാവ്യരംഗേ
നൃത്യന്തീ തദ്വിദാം ചേതഃ'

എന്ന അഭിപ്രായം കുറേക്കൂടെ ഉപോദ്ബലിതമായ്ത്തീരുകയും ചെയ്തു.

* ഉപമ എന്ന വേഷക്കാരി, അതാതലങ്കാരങ്ങളാകുന്ന പലതരം വേഷംകെട്ടി കാവ്യരംഗത്തിൽ വന്നു നർത്തനംചെയ്തു സഹൃദയന്മാരെ രഞ്ജിപ്പിക്കുന്നു.

IV

ഈ ദീൎഘമായ പ്രബന്ധം അവസാനിപ്പിപ്പാൻ ഇനിയും താമസിയ്ക്കുന്നത്, കഴിഞ്ഞ പ്രകരണത്തിൽ അവ്യുൽപ്പന്നനായ ഞാൻ ചെയ്ത സാഹസത്തെപ്പററി രണ്ടുവാക്കുകൂടി പ്പറവാൻ ബാക്കിയുള്ളതുകൊണ്ടു മാത്രമാണ്.

കഴിഞ്ഞ പ്രകരണത്തിൽ പല സ്ഥലത്തും ഒരലങ്കാരഗ്രന്ഥത്തിന്റെ ച്ഛായ ഒഴിപ്പാൻ കഴിയാത്ത വിധം വന്നുകൂടീട്ടുണ്ടെങ്കിലും, അലങ്കാരത്തെസ്സംബന്ധിച്ച് ഒരു വിമൎശം ചെയ്യാനല്ലാതെ, ഒരലങ്കാരഗ്രന്ഥം നിൎമ്മിപ്പാൻ ഞാൻ പുറപ്പെട്ടിട്ടില്ലെന്ന പരമാൎത്ഥബോധം വിട്ടുപോകാതിരുന്നതുകൊണ്ടു, പല സംഗതികളും വിട്ടുകളഞ്ഞിട്ടുള്ളതുകൂടാതെ, ഓരോ വിഷയവും ഏത്രയും സംഗൃഹീതമായ രൂപത്തിലേ പ്രദൎശിപ്പിക്കപ്പെട്ടിട്ടുമുള്ളൂ. വിചാരശീലന്മാരായ വിദ്വാന്മാൎക്ക് എന്റെ അഭിപ്രായഗതി ഇന്ന വഴിയ്ക്കാണെന്നറിവാനും അതിനെ അനുസരിച്ചു അലങ്കാരവിമൎശം ചെയ്യാനും ഇത്രമാത്രം മതിയാകുന്നതുമാണ്. എന്നാൽ കഴിഞ്ഞ വിഷയത്തിലേയ്ക്ക് ഒരു 'സിംഹാവലോകനം' ചെയ്യുന്നതു തുലോം ആവശ്യമായിരിയ്ക്കുമെന്നു തോന്നുന്നു. മേൽകാണിച്ചവിധം അലങ്കാരനിൎമ്മാണസാമഗ്രികളെ 1 സാമ്യോക്തി. 2 അതിശയോക്തി 3 ഉപചാരാദി എന്നു മൂന്നിനമായി വിഭാഗിയ്ക്കാവുന്നതാണ്. ഇവയിൽ പലതും അന്താതലങ്കാരങ്ങളിൽ യാതൊരു വ്യവസ്ഥയുമെന്ന്യേ ചിന്നിച്ചിതറിക്കിടക്കുന്നതു കാണാവുന്നതിനാൽ, ഇതു രുദ്രടാചാൎയ്യരുടെ വിഭാഗത്തോടു സദൃശമല്ലെന്നു പറയേണ്ടതില്ലല്ലോ. കൂടാതെ, ഈ വിഭാഗം നിമിത്തം, നമ്മുടെ ധ്വനികാരന്മാർ അനാഥമായ്ക്കിടന്നിരുന്ന അലങ്കാരരാജ്യത്തുനിന്നു കൊള്ളചെയ്തുകൊണ്ടുപോയ് ധ്വനിയുടെ വയറു നിറപ്പാൻ ഉപയോഗിച്ച വിപരീതലക്ഷണ മുതലായതും, ആലങ്കാരികന്മാർ ഒരലങ്കാരമായ് ഗണിച്ചിട്ടില്ലാത്ത കരണകൎത്തരിപ്രയോഗം (ഉദാ:—തൂലിക എഴുതുന്നു ഇത്യാദി) മുതലായതും അലങ്കാരസ്വരാജ്യത്തിലേയ്ക്കു തിരിച്ചുകിട്ടുവാനും ഇതുപയോഗപ്പെടും. ഇന്നത്തെ കവികൾ, ഉപയോഗിച്ചുവരുന്ന പുതിയ ചില അല

ങ്കാരങ്ങളുടെ പേർ മനസ്സിലാകാതെ വ്യസനിയ്ക്കുന്ന 'പ്രാചീനപ്രവണന്മാർ', അവരുടെ യാഥാസ്ഥിതികത്വം വിട്ടുകളയുന്ന പക്ഷം, ഒരു വിധം സമാധാനിപ്പാനും ഇതു ബഹുധാ ഉപയോഗപ്പെട്ടുമെന്നു ഞാനഭിമാനിയ്ക്കുന്നു.

കഴിഞ്ഞ പ്രകരണത്തിൽ, നാനാപ്രകാരങ്ങളായ എല്ലാ അലങ്കാരങ്ങളേയും നിർമ്മിയ്ക്കുന്നതിന്നുള്ള മൂലസാമഗ്രികളെല്ലാം മൊത്തത്തിൽ വിവരിച്ചുകഴിഞ്ഞു എന്നാണ് ഞാൻ വിചാരിയ്ക്കുന്നത്. അവയെ രൂപവൽക്കരിയ്ക്കുന്നതിന്നുള്ള ഏതാനും ചില മാർഗ്ഗങ്ങളും അതോടുകൂടെ നിർദ്ദേശിയ്ക്കപ്പെട്ടിട്ടുണ്ട്. കവികൾ, അലങ്കാരനിർമ്മാണത്തിന്നുള്ള ഈ മൂലോപാധികളെ അവലംബിച്ചുകൊണ്ടു കാവ്യവൃത്തത്തെ അനുസരിച്ചു ഒന്നിന്നുമേൽ ഒന്നായി പല അലങ്കാരങ്ങളേയും കൂട്ടിയിണക്കിയും, ചില അലങ്കാരങ്ങളേയോ അവയുടെ ചില അംശങ്ങളേയോ വ്യംഗ്യമാക്കിവെച്ചും, വിവക്ഷിതമായ അലങ്കാരത്തിൻെറ സ്വരൂപമായ കാല്പനികാത്മത്തെ സിദ്ധവൽക്കരിച്ച് അതിന്നു ലോകവ്യവഹാരാനുഗുണ്യത്തേയോ ലോകവ്യവഹാരവിരോധത്തേയോ ഉപപാദിയ്ക്കുന്ന മററു ചില അംശങ്ങൾ കൂട്ടിച്ചേർത്തും, വിവക്ഷിതമായ അലങ്കാരത്തെ അവലംബിച്ചു ചില സംഭാഷണങ്ങളും 'വക്രോക്തി'കളും മററും പ്രകൃതത്തിൽ ആയോജിപ്പിച്ചും — ഇങ്ങിനെ നാനാതരത്തിലുള്ള തന്ത്രപ്രയോഗങ്ങളെക്കൊണ്ടു അലങ്കാരസാമ്രാജ്യത്തെ അപരിമേയമാം വിധം വർദ്ധിപ്പിച്ചുവെച്ചിട്ടുണ്ട്; ഇപ്പോഴും അങ്ങിനെ ചെയ്യുവരുന്നുമുണ്ട്. ഇങ്ങിനെയുള്ള അലങ്കാരങ്ങളുടെ ബാഹ്യരൂപത്തെ ലക്ഷ്യമാക്കിവെച്ചുംകൊണ്ടു അവയെ വിഭാഗം ചെയ്വാൻ മുതിർന്നതുകൊണ്ടാണ് ആലങ്കാരികന്മാർക്ക് ഒടുവിൽ 'അനന്താ ഹി വാഗ്വികല്പാ_; സ്തൽപ്രകാരാ ഏവ ചാലങ്കാരാഃ' എന്നു പറഞ്ഞു കൈമലർത്തേണ്ടിവന്നത്. വാസ്തവത്തിൽ യാതൊരലങ്കാരവുമില്ലാത്തവയും എന്നാൽ അലങ്കാരങ്ങളുടെ ബാഹ്യരൂപത്തിൽ കണ്ടുവരുന്ന

ഏതെങ്കിലും വാക്യഭംഗിയുള്ളവയുമായ പല പദ്യങ്ങളും അവരുടെ അലങ്കാരപരിധിയിൽ ചാടിവീഴുവാനും കാരണം ഇതുതന്നെയാണ്. * എന്നാൽ, മേൽക്കാണിച്ച വിഭാഗം ശാസ്ത്രഗൌരവത്തെ രക്ഷിപ്പാൻ അത്യാവശ്യമാണെങ്കിൽ, വ്യുൽപിത്സുവായ ഒരു സാഹിത്യവിദ്യാർത്ഥിയ്ക്കു് അവരുടെ ആ വിഭാഗം ഒഴിച്ചുകൂടാത്ത ഒന്നാണെന്ന പരമാർത്ഥം ഇവിടെ മറച്ചു വയ്ക്കുന്നില്ല. ആകയാൽ, ഇവയെ യഥൌചിത്യംകൂട്ടിയിണക്കിക്കൊണ്ടുപോകുന്ന ഒരലങ്കാരഗ്രന്ഥം ഉണ്ടാകുന്നതു എത്രയും ആവശ്യമുള്ള ഒരു സംഗതിയാണെന്ന് എനിയ്ക്കു തോന്നിയ അഭിപ്രായം ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഒടുവിൽ, ഈ ഉപന്യാസം ഇതേവരെ വായിപ്പാൻ ക്ഷമയുണ്ടായിട്ടുള്ള മാന്യന്മാരോടു എനിയ്ക്കൊന്നു പറവാനുള്ളതു്, അലങ്കാരസംബന്ധമായ ഈ വിമർശം ഗ്രാഹ്യമാണെന്നും ഈ തത്വത്തെ അനുസരിച്ചു് അലങ്കാരങ്ങളെപ്പററി ഒരു ചർച്ചചെയ്തുനോക്കേണമെന്നും തോന്നിയിട്ടുള്ള പക്ഷം, മേൽപ്പറഞ്ഞ സിദ്ധാന്തങ്ങളെ മനസ്സിൽ വെച്ചുകൊണ്ടു ഭാഷാഭൂഷണത്തിലേയോ മറേറാ അലങ്കാരപ്രകരണം എടുത്തു ക്ഷമാപൂർവ്വം വായിച്ചുനോക്കുന്നതായാൽ ഇതിൽ പറയാതെയോ വിവരിയ്ക്കാതെയോ വിട്ടുപോയിട്ടുള്ള സംഗതികളെല്ലാം താനേ സ്ഫുരിയ്ക്കുമെന്നും, അപ്രകാരം വിചാരംചെയ്യുമ്പോൾ എന്റെ ഈ വിമർശത്തിൽ വല്ല അബദ്ധവും വന്നുപോയിട്ടുള്ളതായി തോന്നുന്നതായാൽ അതു ഏതു വിധമെങ്കിലും എനിയ്ക്കറിവു തരുവാൻ ദയവുണ്ടാകേണമെന്നും മാത്രമാണ്.

സാഹിത്യശിരോമണി,
കെ. എം. കുട്ടികൃഷ്ണമാരാർ

---

* ഭാഷാഭൂഷണത്തിൽ സമുച്ചയം അർത്ഥാന്തരന്യാസം തുടങ്ങിയ ചില അലങ്കാരങ്ങൾക്കു കൊടുത്ത ഉദാഹരണങ്ങളെപ്പററി ശോധിക്കുക.

—:o:—

UNIVERSITY LIBRARY
18 DEC 1927
MADRAS

# ഭാഷാസ്തവം

---

വേഷാഡംബരമേററുവാൻ 'ബുധ'കുലം
ചാർത്തും സ്'വർണ്ണോ'ല്ലസൽ-
ഭൂഷാജാലമണിഞ്ഞു, ഭക്തജനത-
യ്ക്കിഷ്ടാർത്ഥമേകിച്ചിരം
തോഷാലിപ്പുകൾ പൂണ്ട 'ഭാർഗ്ഗവമഹാ-
ക്ഷേത്ര'ത്തിൽ വാണീടുമെൻ-
ഭാഷാദേവി, ഭവൽപദാംബുജയുഗം
ഭക്ത്യാ ഭജിയ്ക്കുന്നു ഞാൻ. 1

ധാതാവിന്റെ മുഖത്തിലോ, ദ്രമിഡദേ-
ശത്തിങ്കലെന്താനുമോ
മാതാവേ, തവ ജന്മമെന്നു വിബുധ-
ന്മാരും വിവാദിയ്ക്കയാം;
സ്ഫീതാത്യത്ഭുതവർണ്ണമാർന്നു മലയാ-
ളോർവ്വീതലത്തിൽ സ്വയം-
ഭൂതാവസ്ഥയിലാണു കാണുവതിവൻ
നിന്മെയ്യലം നിർമ്മലം. 2

നാനാ'വർണ്ണ'വിഭാഗമുണ്ടനുവദി-
ച്ചിട്ടെങ്കിലും ചിട്ടയാൽ
ന്യൂനാധിക്യവിചിന്തവിട്ടതഖിലം
യുക്തിയ്ക്കിണക്കിസ്സുഖം
താനാ'പ്പൌരസമത്വ'വും 'സമുദായ-
സ്വാതന്ത്ര്യ'വും സമ്മതി-
ച്ചീനാട്ടിന്നധിഭർത്ത്രിയായ് പ്രജകളെ-
പ്പാലിച്ചു പോരുന്നു നീ. 3

'വൃത്തി'യ്ക്കൊത്തു വിചിത്ര'പാക'മിയലും
'രീതി'യ്ക്കൊരുക്കിസ്സുധാ-
സത്തിൻസ്വാദുയരും 'പദാൎത്ഥ' നികരം
നിത്യം നിവേദ്യത്തിനായ്
എത്തിയ്ക്കും 'ബുധ'രിൽ കനിഞ്ഞമലശ-
യ്യാസീനയാം വാണി! നീ
വൎത്തിക്കുന്നിതു ദാസിയായി രസിക-
ൎക്കുള്ളം കുളുൎക്കുംവിധം. 4

മാലേയം മുലമേലണിഞ്ഞു, മധുരം
മദ്യം നുകൎന്നുല്ലസൽ-
പ്രാലേയാംശുമുഖത്തു ഘൎമ്മകണികാ-
മുത്താൎന്നു മുഗ്ദ്ധാഭമായ്
കാലേ കൈരളി, കാവ്യകാരരസനാ-
രത്നോല്ലസൽപ്പൊന്നുഴി-
ഞ്ഞാലേറിക്കളിയാടിടുന്നു കവിതാ-
രൂപത്തിൽ നീ നിത്യവും. 5

പി. വി. കൃഷ്ണവാരിയർ,
(കവനകൌമുദി പത്രാധിപർ.)

# "രോഗം."

പ്രഭാകരനുണ്ണി—കേശവനുണ്ണി ഇക്കുറിയും തോററു ഇല്ലെ! ഇത് നാലാമത്തെ കൊല്ലമായി. ഇനി മതിയാക്കാം. ഓരോരുത്തർ ഇങ്ങിനെ തുടങ്ങിയാൽ ഈ തറവാട് അധികം നിലനില്ക്കുകയില്ല. അസത്തുക്കൾ—വേണ്ടപ്പോഴെല്ലാം ആവശ്യപ്പെടുന്ന പണം അയച്ചുകൊടുക്കുന്നതുകൊണ്ടുള്ള ദോഷമാണിത്. ഓരോന്നിന്ന് പത്തും ഇരുപതും വയസ്സും ആയി. ഇനിയെങ്കിലും തറവാട്ടിൻെറ ഭാരം കുറയ്ക്കാൻ വല്ലവഴിക്കും കടന്നു പോകരുതേ ഇവററക്ക്!.

കാരണവരുടെ ശകാരം കൂട്ടടച്ചായിരുന്നുവെങ്കിലും കാര്യമായി കൊണ്ടതു കേശവനുണ്ണിക്കായിരുന്നു. പള്ളിക്കാട്ട് തറവാട് സന്തതിയററ ഒരു തറവാടാണ്. കേശവനുണ്ണി കൂടാതെ രണ്ടു മരുമക്കൾ മാത്രമേ പ്രഭാകരനുണ്ണിക്കുള്ളു. കേശവനുണ്ണിയാണ് അവരിൽവെച്ച് മൂത്തത്. അയാൾ തോല്ക്കുവാൻ തുടങ്ങിയ മുതൽ അനന്തിരവന്മാരും ഒരു കൊല്ലം മാത്രം ഒരു ക്ലാസ്സിൽ ഇരിക്കുന്ന പതിവ് വിട്ടിരിക്കുന്നു. കേശവനുണ്ണി തോററതിൽ പരീക്ഷകന്മാരെയാണ് പലരും കുററം പറയുന്നത്. ബുദ്ധിക്കാകട്ടെ, ശുഷ്കാന്തിക്കാകട്ടെ യാതൊരു കുറവും ഇപ്പോഴും ഉണ്ടെന്ന് അയാളെ പരിചയമുള്ളവരാരും സമ്മതിക്കുന്നതല്ല. നാലുകൊല്ലമായി ഒരുപോലെ തോററു കാണുന്നതിൽ പലക്കും അത്ഭുതമേ തോന്നീട്ടുള്ളു.

തോററതിലുള്ള ജാള്യം അമ്മാമൻെറ ശകാരത്തോടുകൂടി കേശവനുണ്ണിക്ക് പത്തിരട്ടിയായെന്നു പറയേണ്ടതില്ല. അമ്മാമൻ പറഞ്ഞപോലെ വല്ല രാജ്യത്തേക്കും കടന്നു പോയാലൊ എന്നൊരു വിചാരം അയാളുടെ മനസ്സിൽ കടന്നുകൂടുവാൻ പിന്നെ അധികം താമസം വേണ്ടിവന്നില്ല. റംഗൂൺ, പെനാങ് മുതലായ സ്ഥലങ്ങളെ സ്മരിച്ചു. തൻെറ ഒന്നു രണ്ടു സ്നേഹിതന്മാർ അവിടെ ഇപ്പോൾ ഉദ്യോഗസ്ഥന്മാരായിട്ടും ഉണ്ട്. സൌദാമിനി (അമ്മാമൻെറ മകൾ) യെ ഓർക്കുമ്പോൾ യാത്ര വേണ്ടെന്നുവെക്കുകയാണ് ഉത്തമമെന്നും തോന്നുന്നു. ഈ വിചാരങ്ങൾ പരസ്പരം ശക്തിപരിശോധന ചെയ്തുകൊണ്ടിരിക്കേ 'എന്താ ഉറങ്ങുകയാണോ?' എന്ന ചോദ്യത്തോടുകൂടെ സൌദാമിനി ചായയുംകൊണ്ട് മുറിയിൽ പ്രവേശിച്ചു. ചായ മേശപ്പുറത്ത് വെച്ച് ഏകദേശം വാതില്ക്കലോളം മാറിനിന്നു.

സൌദാമിനി—ഇന്നെന്തെ ഊൺ കഴിഞ്ഞ ഉടനെ ഇങ്ങോട്ടു പോന്നത്! പരീക്ഷയുടെ വിവരം അറിഞ്ഞ് അച്ഛൻ ദേഷ്യപ്പെട്ടതുകൊണ്ടായിരിക്കുമോ?

കേശവനുണ്ണി—ഇനി ഈ മുഖം ആരെയും കാണിക്കാൻ നന്നല്ല. അതുകൊണ്ടു തന്നെയാണ് ഇങ്ങോട്ട് വേഗം പോന്നത്.

സൌദാ—മുഖം മുമ്പ് നല്ലതായിരുന്നുവെങ്കിൽ ഇന്ന് അതിന്നു വിശേഷിച്ച് അഭംഗിയൊന്നും വന്നിട്ടില്ല.

കേശവ—ആ കാര്യം തന്നെ സംശയത്തിലാണ്.

സൌദാ—അതു തീർച്ചപ്പെടുത്താൻ മററുള്ളവരാണ്. അതു പോട്ടെ. പരീക്ഷയിൽ തോററതുകൊണ്ട് ഇങ്ങിനെയൊക്കെ ആരെങ്കിലും വ്യസനിക്കാറുണ്ടോ? ജയാപജയങ്ങൾ ഈശ്വരാധീനമല്ലെ?

കേശവ—ഇക്കുറിയെങ്കിലും ജയിക്കുമെന്നു വിചാരിച്ചു. അനുഭവം ഇങ്ങിനെയല്ലെ വന്നത്? ഇങ്ങിനെ എത്ര കാലമാണ് തറവാട്ടിലേക്ക് ഒരു ഭാരമായിട്ടു കൂടുക? എൻെറ കൂടെ പഠിച്ച ഒരാൾ ഇക്കുറി ബി. എ. പാസ്സായിരിക്കുന്നു. ക്ലാസ്സിൽ എനിക്കും അയാൾക്കും ഒപ്പമായിരുന്നു മാർക്ക് കിട്ടിയിരുന്നത്. പിന്നെ എല്ലാം ശരിയായി വന്നാലെ എല്ലാവർക്കും സന്തോഷമുണ്ടാകയുള്ളു. ഇതൊക്കെ വിചാരിച്ചപ്പോൾ കുറെ സങ്കടം തോന്നി. മേലാൽ എന്തു വേണമെന്ന സംഗതിയും ആലോചിക്കായ്കയില്ല.

സൌദാ—തറവാട്ടിലേക്കു ഒരു ഭാരമായിത്തീരാൻ അത്രത്തോളം സ്വത്ത് ഇല്ലാതായിട്ടില്ലല്ലൊ. മററുള്ളവർ സന്തോഷിച്ചില്ലെങ്കിൽ എന്താ വിരോധം. അവർക്ക് വല്ല നഷ്ടവും വന്നിട്ടുണ്ടോ? കേശവനുണ്ണിയെ സ്നേഹിക്കുന്നവരാരും പാസ്സിലും ഫീസ്സിലും ഭ്രമിക്കുന്നവരല്ല. ഇനി എന്താണ് ആലോചന അതു കേൾക്കട്ടെ—ചായ തണുത്തുതുടങ്ങി. അതു വേഗം കഴിക്കു.

കേശവ—അമ്മാമൻ ഉള്ളതു തുറന്നു പറഞ്ഞു. മററുള്ളവർക്ക് അത്ര സ്വാതന്ത്ര്യമില്ലല്ലൊ. അമ്മാമൻ പറഞ്ഞപോലെ വല്ല വഴിക്കും പോകേണമെന്നാണ് വിചാരിക്കുന്നത്.

സൌദാ — വെറുതെ വേണ്ടാത്തതിനൊന്നും പുറപ്പെടേണ്ട. അച്ഛൻ അപ്പോഴത്തെ ദേഷ്യംകൊണ്ട് ചിലതെല്ലാം പറഞ്ഞുവെന്നല്ലാതെ ഉള്ളിലൊന്നും വെച്ചിട്ടല്ല പറഞ്ഞിരിക്കുന്നത്. "പരീക്ഷയിൽ തോററതുകൊണ്ടായിരിക്കാം കേശവനുണ്ണി ഇന്ന് ഒരു പിടിച്ചോറേ ഉണ്ടിട്ടുള്ളൂ" എന്നു അമ്മ പറഞ്ഞപ്പോൾ "ഞാൻ അവനെ കുറെയധികം ദേഷ്യപ്പെട്ടു" എന്നാണ് അച്ഛൻ മറുവടി പറഞ്ഞത്. പഠിപ്പുള്ള നിങ്ങളൊക്കെ ആരെങ്കിലും ഒന്നു പറഞ്ഞതിന്ന് അവർ വിചാരിക്കാത്ത അൎത്ഥവുംകൂടി കണ്ടുപിടിക്കും. വെറുതെ വേണ്ടാത്തതു വിചാരിച്ച് മനസ്സു പുണ്ണാക്കേണ്ട. അച്ഛൻ പഠിപ്പിക്കയില്ലെന്നു പറഞ്ഞില്ലല്ലോ.

കേശവ — അതിന്ന് ഇനി ഞാൻ ഒരുങ്ങണ്ടേ:— എന്നു പറഞ്ഞു സൌദാമിനിയുടെ മുഖത്ത് എടങ്കണ്ണിട്ട് ഒന്നു നോക്കി.

സൌദാ — സ്കൂൾ തുറക്കുന്നതുവരെ സമയമുണ്ടല്ലോ ഒരുങ്ങാൻ. പരീക്ഷ ജയിച്ചാൽ സമ്മാനിക്കാനായി തുന്നിയതാണ് ഈ അരപ്പട്ട (സാഷ്). ജയിച്ചില്ലെങ്കിലും സമ്മാനിക്കാനുറച്ചു.

കേശവ — ഒരു ചേതത്തിന്ന് ഒരു ലാഭമുണ്ടായല്ലോ. എന്റെ ഭാഗ്യം തീരെ പോയിട്ടില്ല — എന്നു പറഞ്ഞു സൌദാമിനിയുടെ കയ്യും സാഷും കൂടി ഒന്ന് മുറുക്കിപ്പിടിച്ചു.

## II

ഇവരുടെ പ്രേമവല്ലി പടൎന്നുപിടിക്കുവാൻ ദൈവം അനുവദിച്ചില്ല. കേശവനുണ്ണി നാട് വിട്ടുപോയിട്ട് എഴെട്ടു കൊല്ലം കഴിഞ്ഞു. ഇതുവരെ യാതൊരു വൎത്തമാനവും ഇല്ല. സൌദാമിനിക്ക് വരനെ വേറെ അന്വേഷിക്കേണമെന്നു പ്രഭാകരനുണ്ണി തീൎച്ചയാക്കി. ഒരു സ്ഥാനിയും, വലിയ ജന്മിയും, ഗജപോക്കിരിയെന്നു പ്രസിദ്ധിനേടിയ ഒരാളും ആയ പെരുന്തറയിൽ കണ്ടപ്പപ്പണിക്കരെയാണ് തരത്തിന് കിട്ടിയത്. സൌദാമിനിക്ക് ഇഷ്ടമുണ്ടായിരുന്നില്ലെങ്കിലും, കേ

ശവനുണ്ണിയുടെ വത്തമാനം യാതൊന്നും ഇല്ലാത്തവസ്ഥക്ക വിവാഹാലോചന തീരെ നിരസിക്കുവാൻ ധൈയ്യമുണ്ടായില്ല. വിവാഹം നടന്നു. താമസിയാതെ സൌദാമിനി പണിക്കരുടെ വീട്ടിലേക്ക പോവുകയും ചെയ്തു.

പണിക്കർ ഒരു മുൻകോപിയും, ദുരഭിമാനിയും ആണ്. വിദ്യാഭ്യാസംകൊണ്ട് ബുദ്ധിക്ക് യാതൊരു സംസ്കാരവും ഉണ്ടായിട്ടില്ല. അതില്ലാത്തതുകൊണ്ട് പല ദോഷങ്ങളും സ്ഥായിയായി കൂടീട്ടും ഉണ്ട്. വല്ലതും തൻെറ ഇഷ്ടം പോലെ ആയിട്ടില്ലെങ്കിലൊ, തൻെറ പദവിക്ക് യോജിക്കാത്തവിധത്തിൽ ആരെങ്കിലും വല്ലതും പ്രവൃത്തിച്ചെങ്കിലൊ, പിന്നത്തെ കഥയൊന്നും പറയണ്ടാ. ഭൂലോകം മുഴുവനും ഭസ്മമാക്കീട്ടേ അയാൾ അടങ്ങുകയുള്ളു. വണ്ണവും നീളവും കണ്ടാൽ തന്നെ സാമാന്യക്കാരെല്ലാം ഭയപ്പെടും. ബോധമുള്ള സമയം വളരെ ചുരുക്കവുമാണ്. വിശേഷവിധിയായി യാതൊന്നുമില്ലെങ്കിൽ തന്നെ വൈകുന്നേരത്തെ സക്കീട്ടിന്നു പുറപ്പെട്ടാൽ മടങ്ങിവരുന്നത് അദ്ധരാത്രിക്കാണ്—അതുവരെ എല്ലാവരും കാത്തിരുന്നിട്ടില്ലെങ്കിൽ, അപ്പോഴെക്ക് ആരെങ്കിലും ഉറങ്ങീട്ടുണ്ടെങ്കിൽ വീട്ടടക്കം അടിയാണ്. ഈ ബാധ ഭാൎയ്യക്കും ഉണ്ട്. ഭാൎയ്യക്കും ഭൃത്യന്മാക്കും തല്ലുകിട്ടാത്ത ദിവസം തന്നെ കുറവാണ്. അച്ഛൻെറ ഓമനയായി വളന്നിട്ടുള്ള സൌദാമിനിക്ക് ഈ ജീവിതം എത്രത്തോളം ദുസ്സഹമായിത്തീൎന്നുവെന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അഞ്ചാറുമാസം ഒരുവിധം കഴിച്ചുകൂട്ടി. എന്നിട്ടും നിത്യതക്ക് യാതൊരു വ്യത്യാസവും കാണാതിരുന്നപ്പോൾ വിവരം അച്ഛനെ അറിയിച്ച് ഉടനെ വന്നുകൊണ്ടുപോകേണമെന്ന് അപേക്ഷിച്ചു. അച്ഛൻെറ ആള് വന്നതിൻെറ പിറെറ ദിവസം ഭത്താവിനോട് യാത്ര പറവാനൊരുച്ചു.

സൌദാമിനി—ഞാൻ വീട്ടിലേക്ക പോകയാണ്. ഇപ്പോൾ അവിടെ നിന്ന് ആള് വന്നിട്ടുണ്ടല്ലൊ.

കണ്ടപ്പപ്പണിക്കർ—എന്താ വിശേഷിച്ചൊന്നുമില്ലല്ലൊ.

സൌദാമിനി—ഒന്നും ഇല്ല. അച്ഛനെ കണ്ടിട്ട് കുറെ കാലമായല്ലൊ. എന്നുതന്നെയല്ല ഇനി ഇങ്ങോട്ടു മടങ്ങിവരേണമെന്ന് വിചാരിക്കുന്നതും ഇല്ല.

കണ്ടപ്പ—(കോപത്തോടുകൂടി) അതെന്താ! ഒരുങ്ങി പുറപ്പെട്ടിരിക്കയാണോ? കളി കണ്ടപ്പനോടു വേണ്ട.

സൌദാ—ഞാൻ കളിയായിട്ടു പറകയല്ല, കാൎയ്യംതന്നെയാണ്. അഞ്ചാറുമാസം ഇവിടെ താമസിച്ചതുകൊണ്ടു തന്നെ എനിക്കു മതിയായി. ഒരു ചികിത്സ കഴിഞ്ഞല്ലാതെ നടക്കുവാനും പ്രയാസമാണെന്ന മട്ടായിരിക്കുന്നു.

കണ്ടപ്പ—കൊണ്ടതു മതിയായില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഇങ്ങിനെ സംസാരിക്കാൻ ധൈൎയ്യം വരില്ല. പെണ്ണിനേയും മണ്ണിനേയും ചവുട്ടിയേടത്തോളം ഗുണമാണെന്ന് എനിക്കറിയാം. ആട്ടെ മടങ്ങില്ലെന്ന ഉറച്ചോ!

സൌദാ—ഉവ്വ്.

കണ്ടപ്പൻ—ആണായിട്ട് ഇരിക്കുന്നുണ്ടെങ്കിൽ കൊണ്ടുപോരാതിരിക്കുമെന്നു വിചാരിക്കേണ്ട. എന്നല്ല, ഇത്താത്തിൽ ഇനി പറവാനും ഇടവരുത്തുന്നതല്ല. ഇപ്പോൾ ഞാൻ ഒന്നും പറയുന്നില്ല.

ഇതിന്നു സമാധാനം സൌദാമിനി പറഞ്ഞില്ല. ഉടുത്ത മുണ്ടിൻെറ ഇണമുണ്ടുംകൂടി എടുക്കാതെ പടിയിറങ്ങി. പണിക്കരുടെ സ്വഭാവം നല്ലവണ്ണം അറിയുന്ന ആ ദിക്കുകാൎക്ക് ഇങ്ങിനെ പോകുന്നതു കണ്ടിട്ടു സങ്കടമല്ലാതെ അത്ഭുതമുണ്ടായില്ല. പകൽസമയമായതുകൊണ്ടും, പ്രഭാകരനുണ്ണിയുടെ ആൾ കൂടെ ഉണ്ടായിരുന്നതുകൊണ്ടും പണിക്കർ വക്കാണത്തിന്നൊന്നും പുറപ്പെട്ടില്ല. ഇത്രത്തോളം ധൈൎയ്യം സൌദാമിനിക്ക് ഉണ്ടാവുമെന്ന അയാൾ വിചാരിച്ചിട്ടില്ല. ഏതായാലും അവളെ ഒരു പാഠം പഠിപ്പിക്കാതെ വിടരുതെന്നുറച്ചു.

## III

കണ്ടപ്പുണ്ണിക്കർ പലകുറി ആളെ അയച്ചിട്ടും സൌദാമിനി അയാളുടെ വീട്ടിലേക്കു പിന്നെ പോയില്ല. പണിക്കൎക്കു രാഗദ്വേഷം വൎദ്ധിച്ചു. താൻ അടിച്ചോടിച്ചുവെന്നുള്ള അപവാദം പോവാനെങ്കിലും ഒരിക്കൽ സൌദാമിനി വന്നു പോവേണമെന്നേ അയാൾക്കു വിചാരമുണ്ടായിരുന്നുള്ളു—ഇങ്ങിനെ വൈരം ഉള്ളിൽ വെച്ചുകൊണ്ടിരിക്കുമ്പോഴാണ് "കിലാപത്ത് കലാപം" ഉണ്ടായത്. മാപ്പിളമാരുടേയും ആ തഞ്ചംനോക്കി പുറപ്പെട്ട മറ്റു കള്ളന്മാരുടേയും കൊള്ളകൊണ്ടു നാട്ടുകാൎക്ക് ഇരിക്കപ്പൊറുതി ഇല്ലാതെയായി. പ്രാണൻ കിട്ടിയാൽ മതിയെന്നു വിചാരിച്ച് വീടും കുടിയും സാമാനങ്ങളും വിട്ടെറിഞ്ഞ് പലരും പലവഴിക്ക് ഓടിത്തുടങ്ങി. വലിയ തറവാടുകളിൽ ലഹളക്കാർ ചെന്നു പണം വാങ്ങിയെന്നും, ആളുകളെ കൊന്നുവെന്നും, സ്ത്രീകളെ ഉപദ്രവിച്ചുവെന്നും ഇങ്ങിനെ പല വൎത്തമാനങ്ങളും നാട്ടിൽ നിമിഷംപ്രതി പരക്കാനും തുടങ്ങി. അതിലിടക്ക് "ലഹളക്കാർ ഉച്ചക്കു മുമ്പെ എത്തും, വേഗം പോകുകയാണ് നല്ലത്" എന്നു പറഞ്ഞ് ചിലരെ ഭയപ്പെടുത്തി, അവർ പോയാൽ അവരുടെ വീട്ടിൽ കടന്നു സൎവ്വസ്വവും കട്ടുകൊണ്ടുപോവാൻ ഒരു സംഘക്കാർ വട്ടംകൂട്ടുന്നു. പഴയ വൈരം പുതുക്കി ശത്രുവിനെ അമൎക്കാൻ ഇതുതന്നെയാണ് അവസരമെന്നു കരുതി ഇവൻ ലഹളക്കാരുടെ സഹായിയാണ്, അവൻ ഇന്നലെ രാത്രി ലഹളസ്ഥലത്തേക്കു പോയിരുന്നു എന്നിങ്ങിനെ രക്ഷാധികാരികളെ അറിയിപ്പാൻ ചിലർ പുറപ്പെടുന്നു. പ്രബലനായ പ്രഭാകരനുണ്ണിയുടെ പ്രദേശത്തേക്ക് ഇതുവരെ ലഹളക്കാർ എത്തിക്കഴിഞ്ഞിട്ടില്ല. ഇങ്ങിനെ പല ബഹളവും നാട്ടിൽ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ ഇതു പകവീട്ടാനുള്ളൊരു തരമാണെന്നു പണിക്കൎക്കും തോന്നി. രാത്രി സമയത്ത് ലഹളക്കാരുടെ നിലയിൽ പ്രഭാകരനുണ്ണിയുടെ ഭവനത്തിൽ കയ

റി കൊള്ളയടിച്ച്, അവരെ ഭയപ്പെടുത്തേണമെന്നും പററി യെങ്കിൽ സൌദാമിനിയെ ബലാല്ക്കാരമായി കൊണ്ടുവരേ ണമെന്നും ആ നിർദ്ദയൻ ഉറച്ചു. പത്തുമപ്പതാളെ കൂട്ടി അ വിടെ എത്തി. ഘോഷം കൂട്ടിച്ചെന്നാൽ അകത്തുള്ളവർ ഓ ടിപ്പോയെങ്കിലൊ എന്നു വിചാരിച്ചു യാതൊരൊച്ചപ്പാടും കൂടാതെ വളപ്പിൽ ചാടി. പൂട്ടു തുറക്കാനും വാതിൽ തുറക്കാ നും, ഉള്ള ആയുധങ്ങൾ പ്രയോഗിച്ച് വടക്കപുറത്തുകൂടി പ ണിക്കർ ഉള്ളിൽ കടന്നു. സ്ഥലങ്ങളെല്ലാം തനിക്കു മുമ്പുത ന്നെ പരിചയമുള്ളതുകൊണ്ടു സൌദാമിനി കിടക്കുന്ന മുറി യിലേക്കാണ് ആദ്യം ചെന്നത്. ആ ലളിതാംഗി നിർബ്ബാധ മായി കിടന്നുറങ്ങുകയായിരുന്നു. ഒരു ചെറിയ വിളക്കു മുറി യിൽ കത്തുന്നുണ്ട്. വാതിൽ നല്ലവണ്ണം അടച്ചിട്ടില്ല. ആ കിടപ്പുകണ്ടാൽ ഏതു കഠിനഹൃദയവും അലിഞ്ഞുപോവാതി രിക്കയില്ല. പണിക്കരുടെ ഭാര്യയായിരുന്നുന്ന കാലത്ത് അ നുഭവിച്ച ശല്യങ്ങളുടെ അവശിഷ്ടചിഹ്നങ്ങൾ തീരെ മാഞ്ഞി ട്ടില്ല. ബാല്യം മുതല്ക്കേ തൻെറ മനസ്സിനെ സ്വാധീനമാക്കി യിട്ടുള്ള ആ പുണ്യപുരുഷൻെറ അഭാവത്തെ ഓർത്തിട്ടുണ്ടായ വ്യസനംകൊണ്ടോ, അതുവരെ അനുഭവിച്ച കഷ്ടപ്പാടുകളെ പ്പററി അടിക്കടിയുണ്ടാവുന്ന ഓർമ്മകൊണ്ടോ, എന്തോ, മുഖ ത്തിന്നു വല്ലാത്ത ഒരു വാട്ടവും തട്ടിട്ടുണ്ട്. കുലീനകൾക്കു പ്ര കൃത്യാ ഉണ്ടാവുന്ന തേജസ്സും തറവാടിത്തവും മാത്രമേ ഇ പ്പോൾ അതിൽ അവശേഷിച്ചിട്ടുള്ളു.

പണിക്കരുടെ കാലുതട്ടി മറിഞ്ഞ ഒരു പാത്രത്തിൻെറ ശബ്ദം കേട്ടു സൌദാമിനി ഞെട്ടി ഉണന്നു. ഉടനെ പണി ക്കർ കഴുത്തിൽ പിടികൂടിയതും അവൾ നിലവിളിച്ചതും ക ന്നിച്ചു കഴിഞ്ഞു. പണിക്കർ കഴുത്ത് വിട്ടു. സൌദാമിനി കൈ പിടിച്ചു ചോദ്യം തുടങ്ങി—

പണിക്കർ— ഇപ്പോൾ എൻെറ അധീനത്തിലാണെന്നു നല്ല വണ്ണം മനസ്സിലാക്കിക്കൊള്ളു. എന്നെ ധിക്കരിച്ച് അന്നു

പോന്നതിന്നും, അതുനിമിത്തം എന്നെപ്പററി പല അപവാദങ്ങൾക്കും ഇടയാക്കിയതിന്നും, ശേഷം ചോദിപ്പാൻ എനിക്കു കഴിയുമോ എന്നു ഇപ്പോൾ കാണിച്ചുതരാം. അച്ഛൻെറ ലാളനകൊണ്ടുണ്ടായ അഹംഭാവം എൻെറ താഡനംകൊണ്ടു പോകുമോ എന്നു നോക്കട്ടെ. എൻെറ ഭാര്യയായി രണ്ടാമതും ഇരിക്കാൻ സമ്മതമാണെങ്കിൽ ഞാനിപ്പോൾ ഒന്നും ചെയ്യുന്നില്ല. എന്താ ഭാവം?

സൌദാ—ശേഷം ചോദിക്കാനെന്നല്ല, കൊല്ലാൻതന്നെ വന്നാലും എനിക്കു ഭയമില്ല. ഞാൻ ഈ ജന്മം ഇനി അങ്ങയുടെ ഭാര്യയായി ഇരിക്കുന്നതും അല്ല.

പണിക്കർ—നല്ലൊരമ്മാമൻേറയോ അച്ഛൻേറയോ കീഴിൽ ഒതുങ്ങി വളൎന്നിട്ടുണ്ടെങ്കിൽ ഇത്ര താന്തോന്നിയാവുകയില്ലായിരുന്നു.

സൌദാ—ഒതുക്കുവാൻ ശ്രമിച്ചില്ലേ! എന്നിട്ട് വല്ല ഗുണവും ഉണ്ടായോ?

പണിക്കർ—അത്ര കിണഞ്ഞു നോക്കുകയുണ്ടായിട്ടില്ല. നേരെയാകുമോ, ഇല്ലയോ എന്ന് നല്ലവണ്ണം പരീക്ഷിച്ചുനോക്കാൻവേണ്ടിയാണ് ഇപ്പോൾ വന്നിരിക്കുന്നത്.

സൌദാ—അതിന്നായി മിനക്കെടേണമെന്നില്ല. ബലം പ്രയോഗിച്ച് ഒരു സ്ത്രീയെ വശത്താക്കാമെന്നു വിചാരിച്ചു പുറപ്പെട്ട നിങ്ങളുടെ ബുദ്ധിസാമൎത്ഥ്യം വിസ്മയിക്കത്തക്കതുതന്നെ. ലഹളക്കാലമായതുകൊണ്ട് ഒന്നു ഭയപ്പെടുത്തിക്കളയാം എന്നു വിചാരിച്ചു പുറപ്പെട്ടതായിരിക്കാം അല്ലേ! ഞങ്ങൾക്കൊക്കെ മരണത്തേക്കാൾ വലിയതാണ് മാനം. പ്രഭാകരനുണ്ണിയുടെ മകൾ ഇങ്ങിനെ ഒരു നൂറു കണ്ടപ്പൻ വന്നാലും കുലുങ്ങുമെന്നു വിചാരിക്കണ്ട. പാതിരക്കു വന്ന്, യാതൊരു കുറ്റവും കുറിയും കൂടാതെ കഴിയുന്നവരെ കല്പിച്ചുകൂട്ടി ദ്രോഹിക്കുവാൻ ഒരുങ്ങിയ നിങ്ങളെ

ല്ലാം കള്ളന്റെ വേഷം കെട്ടുന്നതെന്തിനാണ്. അല്ലാതെകണ്ടുതന്നെ ആ സ്ഥാനത്തിന്ന് അഛ്ന്മാരാണല്ലോ·
പണിക്കർ—(ദേഷ്യം സഹിക്കവയ്യാതെ). ഇനി ഒരക്ഷരം മിണ്ടിയിട്ടുണ്ടെങ്കിൽ നോക്കിക്കോ!

എന്നു പറഞ്ഞു തന്റെ വടിയോങ്ങി. ആ ക്ഷണത്തിൽ തന്നെ ഒരാൾ ആ മുറിയിൽ ചാടുകയും പണിക്കരുടെ പിങ്കഴുത്തിന്ന് ഇടങ്കാലുകൊണ്ട് ഒരടി അടിക്കയും ചെയ്തു. അത് പ്രഭാകരനുണ്ണിയായിരുന്നു. സൌദാമിനിയുടെ നിലവിളി കേട്ടപ്പോൾ എന്താണെന്നറിവാനായി പ്രഭാകരനുണ്ണി താഴത്തേക്കു വന്നു. അഴിയിൽക്കൂടെ പുറത്തേക്കു നോക്കിയപ്പോൾ കുറെ ആളുകളേയും കണ്ടു. ലഹളക്കാരായിരിക്കുമോ എന്നു ശങ്കിച്ച് തോക്കും എടുത്തിട്ടാണ് ഇറങ്ങിവന്നത്. കോണിയിറങ്ങിയപ്പോൾ തന്റെ ഭൃത്യന്മാരും ലഹളക്കാരും തമ്മിൽ കൂട്ടിമുട്ടിയിട്ടുണ്ടെന്നും മനസ്സിലായി. വേഗം മകളുടെ മുറിയിലേക്കു ചെന്നു. അപ്പോഴാണ് മകളും പണിക്കരുമായിട്ടുള്ള സംഭാഷണം കേട്ടത്. പണിക്കരുടെ ഭാവമെന്താണെന്നറിവാനായി അതുവരെ ഒളിഞ്ഞുനിന്നു കേൾക്കുകയായിരുന്നു.

അടി കൊണ്ടു ഉടനെ പണിക്കർ വീണു. "നിങ്ങൾ എന്റെ മകൾക്കു തത്വോപദേശം ചെയ്യാനാണോ ഈ അർദ്ധരാത്രി വന്നു കയറിയത്, മര്യാദകെട്ടവനെ." എന്നലറിയുംകൊണ്ടു തോക്കിന്റെ ചട്ടകൊണ്ട് ഒന്നുകൂടി കൊടുക്കുവാൻ ഭാവിച്ചു. "ക്ഷമിക്കണം" എന്നായി പണിക്കർ ഒരു ദീനസ്വരം പുറപ്പെടുവിച്ചപ്പോൾ ഓങ്ങിയത് പിൻവലിച്ചു.

ആ സമയം പുറത്തുനിന്ന് ഒരു വെടികേട്ടു. ഉടനെ മകളോടു മുകളിലേക്കു പോകാൻ പറഞ്ഞു ക്ഷണത്തിൽ ആ മുറിയുടെ വാതിലടച്ച് പുറത്തേക്കു വന്നു. വന്നപ്പോൾ കണ്ടത് ചൂട്ടും പന്തവുമായി വന്ന കുറെ പട്ടാളക്കാർ കള്ളന്മാരെ പിടിച്ച് ആമം വെക്കുന്നതാണ്.

വെളിച്ചത്തിൽ പ്രഭാകരനുണ്ണിയുടെ മുഖം കണ്ടപ്പോൾ കേശവനുണ്ണി അടുത്തു വന്ന് "ഞാനാണ് അമ്മാമാ" എന്ന് അറിയിച്ചു.

പ്രഭാക:—ആര് കേശവനുണ്ണിയോ? നന്നായി. നീ നല്ല സമയത്തിന് എത്തിയല്ലോ. ഇതെല്ലാം കണ്ടപ്പപ്പണിക്കരുടെ വിദ്യയാണ്. അയാളെ ഞാനകത്തു പൂട്ടിയിട്ടിട്ടുണ്ട്. പണിക്കരെ പട്ടാളക്കാർ കൊണ്ടുപോയി വേണ്ടതുപോലെ പ്രവൃത്തിച്ചുവെന്നു മാത്രം പറഞ്ഞാൽ മതിയല്ലോ.

IV

കേശവനുണ്ണി അന്നുരാത്രി പട്ടാളക്കാരുടെ കൂടെ പോയി. പിറേറന്നു അമ്മാമനെ കാണാനായി വന്നു. അമ്മാമൻെറ കുശലം കഴിഞ്ഞ ഉടനെ അകത്തേക്കു വന്നു സൌദാമിനിയെ കണ്ടു.

സൌദാ:—ഇന്നലെ ഈ ലഹളയുടെ ഇടയിൽ വന്നുവെന്നു അച്ഛൻ പറഞ്ഞു. എന്തേ പോയിട്ടു യാതൊരു വിവരവും അറിയിക്കാതിരുന്നത്?

കേശവ:—അറിയിക്കാനൊന്നും ഉണ്ടായിരുന്നില്ല. പോയതിൽപിന്നെ കുറെ കഷ്ടപ്പെടുകയാണുണ്ടായത്. ആ വർത്തമാനമെല്ലാം എഴുതി ഇവിടെയുള്ളവരേയും ശല്യപ്പെടുത്തേണ്ടെന്നു വിചാരിച്ചു മൌനം അവലംബിച്ചതാണ്. അങ്ങിനെയിരിക്കുമ്പോൾ പട്ടാളത്തിൽ ചേൎന്നു ബസ്രക്കു പോയി. പട്ടാളത്തിലായാൽ തല ചൊറിയാനുംകൂടി ഇട കിട്ടുകയില്ലെന്നു അറിഞ്ഞുകൂടെ? യൂറോപ്പുയുദ്ധം ഒരുമാതിരി അവസാനിച്ചു പട്ടാളങ്ങളെ പിരിച്ചയക്കുന്ന ഘട്ടത്തിൽ എനിക്ക് അവിടെ വേറൊരുദ്യോഗം കിട്ടി. അപ്പോൾ എഴുത്തയക്കാമായിരുന്നു. പക്ഷേ, പെട്ടെന്നു വന്നു കാണുമ്പോൾ നിങ്ങൾക്കെല്ലാം അധികം സന്തോഷമുണ്ടാവുമെന്നു കരുതി അപ്പോഴും എഴുതാതിരുന്നു. അക്കാലത്താണ് ഇവിടെ മാപ്പിളലഹളയുണ്ടായത്. ഉടനെ

വീണ്ടും പട്ടാളത്തിൽ ചേൎന്ന് ഒരു സുബേദാരായി ഇങ്ങോട്ടു പോന്നു. വന്നപ്പോഠം വിവരമെല്ലാം അറിഞ്ഞു. പണിക്കരുടെ വരവ് ഇങ്ങോട്ടുണ്ടെന്നു ഞങ്ങഠം മുൻകൂട്ടി അറിഞ്ഞിരുന്നു. അതുകൊണ്ട് ആ സമയം ഇവിടെ വരാനിടയായതാണ്. എന്നുതന്നെയല്ല ലഹളക്കാർ ഈ വഴിക്കു വരാതിരിക്കാൻ ഞങ്ങഠം പ്രത്യേകം ഏൎപ്പാടുകഠം ചെയ്തിട്ടുണ്ട്.

സൌദാ—എവിടെയാണെന്നുള്ള വിവരം അറിയിച്ചിരുന്നെങ്കിൽ എനിക്കു ഈ സങ്കടങ്ങളെല്ലാം അനുഭവിക്കേണ്ടതില്ലായിരുന്നു.

കേശവ—അതെല്ലാം യോഗമാണ്. ഇനി "കേശവൻ താൻ പ്രമാണം" എന്നുതന്നെയല്ലെ ചൊല്ലേണ്ടത്?

സൌദാ—എന്താ ഇത്ര സംശയം?

എന്നു പറഞ്ഞു ഒരു പുഞ്ചിരീയോടുകൂടി കേശവനുണ്ണിയുടെ ചോദ്യത്തെ ആദരിച്ചു.

ചേലനാട്ട് അച്യുതമേനോൻ ബി. എ.

# ഉച്ചവൎണ്ണന.*

പരമക്ഷ്ണയന്റെ തീക്ഷ്ണമാം
കിരണം തൂകിടമുച്ചനേരമായ്,
ധരണീതലവും പഴുത്തു, ഹാ,
ചരണംചെയ്യുതിനും പ്രയാസമായ്! 1

അതിരററൊരു ചൂടുകാരണം
ഗതിയില്ലാഞ്ഞു വലഞ്ഞു ജീവികഠം,

* എഴുതിവരുന്ന "ഭാരതീഭദ്രദസനം" എന്ന കാവ്യഗ്രന്ഥത്തിൽനിന്നെടുത്തത.

അതികഷ്ടമുഴന്നു മാമര-
ത്തതി നോക്കിത്തിരിയുന്നു ദൈവമേ! 2

മൃഗതൃഷ്ണയിലുൾഭ്രമിച്ചിതാ
വിഗതാനന്ദമലഞ്ഞുലഞ്ഞഹോ,
മൃഗമുണ്ടുഴലുന്നു, വാസ്തവാ-
വഗമം മൂഢനു സാദ്ധ്യമാകുമോ! 3

കുളിരാക്രമണച്ചെഴും മര-
ത്തളിരെല്ലാം പൊടിഭസ്മമായിതാ,
തെളിവറ്റുതുലഞ്ഞു ദുഷ്ടലി-
ക്കളിയിൽ ധാർമ്മികർ വാടിടുംവിധം. 4

പെരുമുള്ളു നിറഞ്ഞ കള്ളിതൊ-
ട്ടൊരു പൊട്ടച്ചെടി കേടു വിട്ടിതാ
പെരുകുന്നിതു, മോദകാരണം
പുരുനീചർക്കപരന്റെ താപമാം. 5

പ്രളയാനലനേറ്റുയർന്നതാ-
നിളയിൽ കത്തിയെരിഞ്ഞിടുംവിധം
വളരുന്നൊരു ചൂടിലെത്രയും
തളരുന്നു ബത ലോകമൊക്കെയും!

കുടപോലെ നിവന്നു സാലമാ-
ക്കടമാത്രം തണൽചേർത്തു നിൽക്കയായ്,
സ്ഫുടമന്യനനന്മ ചെയ്യുവാൻ
തുടരാ സ്വാർത്ഥിയുയർന്നു നിൽക്കിലും. 7

ഉലകത്തിലെഴും മരത്തിനി-
ല്ലിലയൊന്നിനും, കരിഞ്ഞിതൊക്കെയും
നിലയറ്റുവളർന്നു ചൂടിനാൽ
തല കായുന്നതു സംപ്രദായമാം. 8

തടവറ്റു ജലാശയങ്ങളിൽ
പടരും ചണ്ടികൾ, സാധുജീവികൾ

പിടയുന്നതുകണ്ടനന്തിടാ-
തിടപോലേജ്ജലസേവചെയ്കയാം. 9

കൊട്ടതാം ബഡവാമുഖോദ്ഭമ-
ന്നെട്ടുവീപ്പിന്നെതിരായ് നിരന്തരം,
തൊട്ടുകിൽ തൊലി പൊള്ളുമാറെഴും
ചുട്ടുകാറേററു വരണ്ടു സർവ്വവും ! 10

ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്.

# നാം എന്തിൽ നിന്നു പഠിക്കണം?

അധർമ്മനാശത്തെവരുത്തിധർമ്മ-
പ്രതിഷ്ഠചെയ്വാൻഭുവിസൌഖ്യസിദ്ധ്യൈ
മനുഷ്യരൂപത്തെയെടുത്തദിവ്യ-
പുത്രൻെറമാതാവിനുകൂപ്പിടുന്നേൻ.

സാമാസത്യോക്തിഃപരിപാതുവിശ്വതോ
ദ്യാവാചയത്രതതനന്നഹാനിച
വിശ്വമന്യന്നിവിശതേയദേജതി
വിശ്വാഹാപോവിശ്വാഹോദേതിസൂര്യ്യഃ

അഷ്ടകം 7. അദ്ധ്യായം 8. വർഗ്ഗം 12. ഋക് 2.

“എവിടെ ദ്യാവാപൃഥിവികളും അഹോരാത്രങ്ങളും ഉണ്ടാകുന്നുവൊ അവിടെ അന്യമായ ഒരു ലോകവും ഭൂതജാതവും ഉണ്ടാകുന്നു. അതു ചലിക്കുകയും ചെയ്യുന്നു. അപ്പുകൾ സർവ്വദാ ഒഴുകുന്നു. സൂര്യൻ സർവ്വദാ ഉദിക്കുന്നു. ഈ സത്യവചനം എന്നെ രക്ഷിക്കട്ടെ” ഇതാണ് ഈ മന്ത്രത്തിൻെറ ചുരുക്കം. ഇതിലുള്ള ദ്യാവാപൃഥിവികൾ, അഹോരാത്രങ്ങൾ, ലോകം, അതിൻെറ ചലനം, അപ്പുകളുടെ ഒഴുക്കം, സൂര്യോ

ദയം ഇവയെല്ലാം എന്താണെന്നു വെളിവാക്കുവാൻ തല്ക്കാലം പ്രയാസമാണ്. ഈ മന്ത്രത്തിൽ പറയുന്ന സംഭവങ്ങൾ സൎവ്വപ്രാണികളിലും സൎവ്വദാ നടന്നുകൊണ്ടിരിക്കുന്നുവെന്നു മാത്രം പറഞ്ഞു ആ സംഭവത്തെ തന്നെത്താൻ ഊഹിക്കുവാൻ വായനക്കാരോടു അപേക്ഷിക്കുന്നു.

ഇത്തരം മന്ത്രങ്ങളെ ഉദാഹരിച്ചതു അനിൎവ്വചനീയങ്ങളായ മന്ത്രങ്ങൾ വേദസംഹിതയിൽ ധാരാളം ഉണ്ടെന്നു കാണിക്കുവാനാണ്. 1-8-21-4 'അനുസ്വജാംമഹിഷശ്ചക്ഷത്രാംമേനാമശ്വസ്യപരിമാതരംഗോ.' (തങ്കൽനിന്നുണ്ടായതും അശ്വത്തിൻെറ സ്ത്രീയും, ഗോവിൻെറ മാതാവും ആയ ആ വരണസ്വരൂപത്തെ മഹാനായവൻ സൎവ്വത്ര ഈക്ഷിച്ചു.) ഇതിലുള്ള ഗോവും അശ്വവും എന്താണ്, ആവരണസ്വരൂപം മായ തന്നെയാണൊ, മഹാനായവൻ ആത്മാവാണൊ, എന്നുള്ള സംഗതികളെ ആലോചിക്കേണ്ടതാണ്. 8-3-14-2 'ഗുഹാശിരോനിഹിതമൃധഗക്ഷീ അസിനാന്നത്തിജിഹ്വയാവനാനി,' (ശിരസ്സിനെ ഗുഹയിലും അക്ഷികളെ പൃഥക്കായിട്ടും വെച്ചുകൊണ്ടിരിക്കുന്ന അഗ്നി പല്ലുകളെക്കൊണ്ടു കടിക്കാതെ നാവുകൊണ്ടു വനങ്ങളെ ഭക്ഷിക്കുന്നു.) ഈവിധം അനിൎവ്വചനീയങ്ങളായ മന്ത്രങ്ങൾ ഇല്ലാത്ത ഒരു സൂക്തമെങ്കിലും ഋഗ്വേദത്തിൽ ഉണ്ടെന്നു പറയുവാൻ സാധിക്കില്ല. ചില ദിക്കിൽ ഒരു സൂക്തം മുഴവൻ അനിൎവ്വചനീയങ്ങളായിത്തീരുന്നു. 8-ാമത്തെ അഷ്ടകത്തിൽ ആദ്യത്തെ അദ്ധ്യായത്തിൽ ഒടുവിലത്തെ സൂക്തം ഇതിന്നു ഉദാഹരണമായി പറയാം. ഇതേമാതിരി അനന്തസൂക്തങ്ങൾ ഉണ്ടുതാനും.

വേദത്തിലുള്ള ദേവതകളെപ്പററി അനന്തം ഇതിഹാസങ്ങൾ സംഹിതയിൽ കാണുന്നു. ഇതിൽ ചില ഇതിഹാസങ്ങളെ പുരാണങ്ങളിൽ വിസ്തരിച്ചു കാണാം. സംഹിത എന്ന പദത്തിന്നു സമ്യക്കാകുംവണ്ണം വെക്കപ്പെട്ടതു എന്നാണ് അൎത്ഥം. സഹസ്രനാമത്തിൽ അൎത്ഥത്തെപ്പററിയിട

ത്തോളം ഒരു ആനുപൂർവ്വി ഉണ്ടെന്നു തോന്നുവാൻ പ്രയാസമാണ്. ഇതുപോലെ വേദാർത്ഥത്തിലുള്ള ആനുപൂർവ്വിയും വ്യക്തമായിത്തീരുന്നില്ല. ഒരു സൂക്തത്തിലെങ്കിലും ആനുപൂർവ്വി ഉണ്ടെന്നു സ്ഥാപിക്കുവാൻ പ്രയാസമായി കാണുന്നു. ഇന്നു ഒരു ആനുപൂർവ്വി ഒരു സൂക്തത്തിൽ കണ്ടുവെന്നിരിക്കട്ടെ; നാളെ ആ സൂക്തത്തിൽ തന്നെ വേറെ ഒരു ആനുപൂർവ്വി നമ്മുടെ ആലോചനാദൃഷ്ടിക്കു വിഷയമായിത്തീരാം. എങ്കിലും വേദസംഹിത എന്നാണ് പറയാറുള്ളത്. ഈ സംഗതി വേദരഹസ്യങ്ങളിൽ ഒന്നാകുന്നു.

എട്ട് അഷ്ടകങ്ങളായിട്ടും, പത്ത് മണ്ഡലങ്ങളായിട്ടും ഇങ്ങിനെ രണ്ടുവിധത്തിൽ ഋഗ്വേദത്തെ വിഭാഗിക്കുന്നു. എട്ട്, പത്ത്, ഈ രണ്ടു സംഖ്യകൾക്കു തന്നെ ഒരു പ്രത്യേകതയുണ്ട്. എട്ടു വേദാർത്ഥങ്ങളാണ് ശിവൻെറ ശരീരം എന്നു പ്രസിദ്ധമാണ്. ഗീതയുടെ ഉപദേഷ്ടാവിൻെറ അപരശരീരങ്ങളായി എട്ടു വസ്തുക്കളുണ്ടെന്നു ഗീതയിലും കാണുന്നു. ഇങ്ങിനെയുള്ള സംഗതികൾ എട്ട് എന്ന സംഖ്യയുടെ ഗൂഢാർത്ഥത്തെ സൂചിപ്പിക്കുന്നു. ബുദ്ധനു ദശബലൻ എന്നൊരു പേരുണ്ട്. പുരുഷസൂക്തത്തിൻെറ ദേവത, സർവ്വവ്യാപിയാണ് എന്നു പറയുന്ന ദിക്കിൽ ആ ദേവത പത്ത് അംഗുലങ്ങളെ അതിക്രമിച്ചു നില്ക്കുന്നു എന്നിങ്ങിനെ ആ സൂക്തത്തിൽ പറയുന്നു. പത്ത് എന്ന സംഖ്യയുടെ ഗൂഢാർത്ഥസൂചകങ്ങളാണ് ഇവ. ഋഗ്വേദത്തെ എട്ടായിട്ടും പത്തായിട്ടും വിഭാഗിച്ചിട്ടുള്ളത് വേദരഹസ്യങ്ങളിൽ വേറെ ഒന്നാകുന്നു.

ഋഗ്വേദത്തെ പാരായണംചെയ്യുമ്പോൾ ചില അദ്ധ്യായം കഴിയുമ്പോഴും, ചില അഷ്ടകങ്ങൾ കഴിയുമ്പോഴും അവസാനിപ്പിക്കരുത്; അഞ്ചാമത്തെ മണ്ഡലം കഴിഞ്ഞ് ആറാമത്തെ മണ്ഡലം തുടങ്ങുന്നതിന്നു മുമ്പു ശ്വാസം അയക്കുകപോലും ചെയ്യരുത്. ഇങ്ങിനെ ചില നിയമങ്ങൾ ഉപദേശപരമ്പരയായി വരുന്നുണ്ട്. ഇവയേയും വേദരഹസ്യങ്ങളായിത്തന്നെ വിചാരിക്കേണം.

ആറ് വേദാംഗങ്ങൾ എന്നു പറയുന്നതും വേറെ ഒരു വേദരഹസ്യമാണ്. ഉദാഹരണത്തിന്നുവേണ്ടി ഒരു സംഗതി ഇവിടെ പറയാം. ഛന്ദസ്സ് അല്ലെങ്കിൽ വൃത്തശാസ്ത്രം, ഇതു വേദത്തിൻെറ ഒരംഗമായിട്ടാണ് വിചാരിച്ചുവരുന്നത്. ഇത്ര നിസ്സാരമായ ഒരു ശാസ്ത്രം വേദാംഗമായിത്തീരുന്നതെങ്ങിനെ എന്നു സംശയമുണ്ടാവാം. "ഗായത്രി മുതലായ ഛന്ദസ്സുകൾ സഗുണബ്രഹ്മത്തെ ആച്ഛാദിക്കുന്നതുകൊണ്ടാണ് ഇവയ്ക്കു ഛന്ദസ്സ് എന്നു പേരു സിദ്ധിച്ചതു്. ഛന്ദസ്സുകളുടെ ഈ മാഹാത്മ്യത്തെ അറിയുന്നവൎക്ക യാതൊരു പാപവും ഉണ്ടാവില്ല." എന്നിങ്ങിനെ പല ബ്രാഹ്മണങ്ങളിലും കാണ്മാനുണ്ട്. ഈ അഭിപ്രായപ്രകാരം നോക്കിയാൽ സകലസംഭവങ്ങളും ഛന്ദസ്സുകളായിത്തീരുന്നു. പ്രതിദിനം ഉള്ള സൂൎയ്യോദയം, സൂൎയ്യാസ്തമയം, ഋതുക്കളുടെ ആവൎത്തനം, സസ്യങ്ങളുടെ ഉൽപത്തി, നാശം ഇത്യാദികളെല്ലാം സംസാരഗതിയെ ഉണ്ടാക്കുന്ന ആവരണങ്ങളാകുന്നു. വേദാംഗമായ ഛന്ദസ്സിൻെറ ജ്ഞാനം എന്നു പറഞ്ഞാൽ വേദാന്തമതസിദ്ധമായ ആവരണത്തിൻെറ ജ്ഞാനം എന്നു അൎത്ഥമായിത്തീരുന്നു. ആ ആവരണത്തെ അറിഞ്ഞവർ മുക്തന്മാരാവാൻ യോഗ്യന്മാരായിത്തീരുന്നതിനാൽ അവൎക്ക പാപസമ്പൎക്കം ഉണ്ടാവുന്നതും അല്ല. ഛന്ദശ്ശാസ്ത്രം വേദാംഗമാണെന്നു പറയുന്നത് ശുദ്ധാൎത്ഥത്തോടുകൂടിയതാണ് എന്നു ചുരുക്കം.

പരിതസ്ഥിതികളെക്കൊണ്ടു ഉണ്ടായ സ്വാഭിപ്രായങ്ങളെ സ്ഥാപിക്കുവാൻ മാത്രമായി സായണഭാഷ്യത്തേയും മററും ഉപയോഗിക്കുന്ന നവീനപണ്ഡിതന്മാരുടെ വേദാഭിപ്രായത്തെ കണ്ണടച്ച് സ്വീകരിക്കുന്നതിന്നുമുമ്പു പ്രാചീനാഭിപ്രായങ്ങളെ സ്വീകരിച്ചു വേദങ്ങളെ തന്നത്താൻ നോക്കണം. ഇതാണ് ഇതുവരെ പറഞ്ഞതിൻെറ ചുരുക്കം. എന്നാൽ സായാണാഭിപ്രായപ്രകാരം ഗൃഹസ്ഥാശ്രമവും വേദസംഹിതയും ഒരുപോലെയാണ് എന്നാകുന്നു.

പ്രഥമദൃഷ്ടിയിൽ ഗൃഹസ്ഥാശ്രമം കാമക്രോധാദികളായ ദോഷങ്ങളെക്കൊണ്ടു പൂർണ്ണമായി കാണപ്പെടും. സുഖത്തേയും ദുഃഖത്തേയും ജ്ഞാനംകൊണ്ടു ഒന്നാക്കിത്തീർക്കുകയാണ് പരമപുരുഷാർത്ഥം. രാജസമായ കാമത്തോടുകൂടിയ സംസാരബുദ്ധിയെ ഉപേക്ഷിക്കാതെ ഈ പരമപുരുഷാർത്ഥസിദ്ധി ഉണ്ടാവുന്നതും അല്ല. സംസാരത്തിൽ ദോഷമുണ്ടെന്നു അനുഭവപ്പെടാതെ സംസാരബുദ്ധിയെ ത്യജിപ്പാനുള്ള യത്നംപോലും ഉണ്ടാവുന്നതല്ല. ബ്രഹ്മചര്യാശ്രമത്തിൽ ശാസ്ത്രങ്ങളിൽനിന്നു അറിഞ്ഞു സംസാരദോഷങ്ങളെ ഗൃഹസ്ഥാശ്രമംപോലെ സ്പഷ്ടമാക്കിത്തീർക്കുവാൻ വേറെ യാതൊന്നും ഇല്ല. ഇതിൻെറ പുറമെ മറ്റുള്ള ആശ്രമങ്ങളുടെ നിലനില്പിനെ ഉണ്ടാക്കുന്നത് ഗൃഹസ്ഥാശ്രമമാകുന്നു. മറ്റുള്ള ആശ്രമങ്ങളുടെ മൂലവും സംസാരദോഷത്തെ ബോദ്ധ്യപ്പെടുത്തിത്തരുന്നതും ആയ ഗൃഹസ്ഥാശ്രമം ഏതു മാതിരിയാണൊ സർവ്വതോമുഖമായിത്തീരുന്നത്, അതുപോലെ വേദസംഹിതയും സർവ്വതോമുഖമായിത്തീരുന്നു.

വേദസംഹിതയോടുകൂടി ഗുരുകുലത്തിൽവെച്ചുതന്നെ ഉപനിഷത്തുകളേയും അദ്ധ്യയനംചെയ്യണം എന്നാണ് വിധി. വേദാദ്ധ്യയനത്തിന്നുശേഷം വേദാർത്ഥചിന്തയേയും ചെയ്തതിൻെറ ശേഷമാണ് ഗുരുകുലത്തിൽ നിന്നു തിരിച്ചുവരേണ്ടത്. അതുകൊണ്ടു ബ്രഹ്മചര്യാശ്രമത്തിൽ തന്നെ ആത്മോപദേശവും ആത്മജ്ഞാനവും ഉണ്ടാവുക കഴിഞ്ഞിരിക്കുന്നു. പക്ഷെ, ഈ ആത്മജ്ഞാനം ദൃഢനിശ്ചയത്തോടു കൂടീട്ടുള്ളതല്ല. ഇതിൻെറ പുറമെ സമാവർത്തനകാലം സാംസാരികകാമങ്ങളുടെ ഉല്പത്തികാലവും ആകുന്നു. ഈ ആത്മജ്ഞാനവും ഈ സാംസാരികകാമങ്ങളും തമ്മിൽ ഒരു യുദ്ധം ഈ കാലത്ത് ഉണ്ടാവും. ഈ യുദ്ധത്തിൽ ആത്മജ്ഞാനത്തിന്നു ജയം ഉണ്ടാവേണം എന്നുള്ള പ്രാർത്ഥനയാണ് "മമാഗ്നേ" എന്ന സൂക്താകൊണ്ടു സമാവർത്തനസമയത്തു

ഹോമിക്കുന്നത്. എന്നാൽ ഈ ജയം പൂർണ്ണമാക്കിത്തീർക്കുന്നതു വേദസംഹിതയും ആകുന്നു.

സാംസാരികകാമങ്ങളെ അനുഭവിച്ചും ആലോചിച്ചും അഭ്യസിച്ചും ഇല്ലാതെ ആക്കേണ്ടതാണ്. ആത്മജ്ഞാനത്തെ മുൻനിറുത്തി ഈവകയുള്ള മാർഗ്ഗങ്ങളെ കാണിക്കുകയാണ് വേദസംഹിത ചെയ്യുന്നത്. ഈവക കാര്യസിദ്ധിക്കു ചിലപ്പോൾ ശത്രുസംഹാരം മുതലായ താമസികപ്രവൃത്തികളും, മററു ചിലസമയത്ത് ദ്രവ്യം മുതലായ ഇഷ്ടവസ്തുസിദ്ധികളും, ഇങ്ങിനെ പലതും ആവശ്യമായിത്തീരും. ഇവയെല്ലാം നിറവേററാൻ സർവ്വമാർഗ്ഗദർശിയായ വേദത്തിന്നു പലേ അർത്ഥങ്ങളും ആവശ്യമായിത്തീരും. നിരുക്തം, വ്യാകരണം, ബ്രാഹ്മണം ഇതുകളുടെ സഹായത്തോടുകൂടി നോക്കിത്തുടങ്ങിയാൽ പ്രവൃത്തിമാർഗ്ഗക്കാർക്കും നിവൃത്തിമാർഗ്ഗക്കാർക്കും അവരവർക്കു ഇഷ്ടമുള്ള അർത്ഥങ്ങളെ വേദസംഹിതയിൽ കാണാറായിത്തുടങ്ങും. താല്ക്കാലികങ്ങളായ രാജസകാമങ്ങളെക്കൊണ്ടു താമസികപ്രവൃത്തികളെ ചെയ്യുന്നവർക്കും ശുദ്ധമെ അധോഗതിയല്ലാത്ത ഒരു മാർഗ്ഗത്തെ ഉണ്ടാക്കുന്നതിന്നു വേദസംഹിതയ്ക്കു ഒരു പ്രത്യേകസാമർത്ഥ്യം ഉണ്ട്. നിർവ്വചനപ്രകാരം വേദസംഹിതയ്ക്കു ഒരു പ്രത്യേകസാമർത്ഥ്യം ഉണ്ട്. നിർവ്വചനപ്രകാരം വേദസംഹിതയെ നോക്കിയാൽ ഇതിൽ സർവ്വത്ര ആത്മജ്ഞാനത്തിന്നു അതിപ്രാധാന്യം കാണാം. സംഹിതയെ വിടാതെ പിടിക്കുന്നവരുടെ മനസ്സിൽ നിന്നു ആത്മജ്ഞാനം വിട്ടൊഴിയുവാൻ പ്രയാസമാണ്. ആത്മജ്ഞാനമാകുന്ന ദിവ്യൌഷധം മനസ്സിൽ ഇരിക്കുന്നേടത്തോളം കാലം സംഹിതയെപ്പററി പിന്നേയും പിന്നേയും ആലോചിക്കുവാൻ തോന്നും. ഈ ആലോചന വർദ്ധിക്കുന്നേടത്തോളം ആത്മപ്രകാശവും വർദ്ധിച്ചുതുടങ്ങും. എന്നു മാത്രമല്ല ചരാചരസ്വരൂപമായ ലോകം മുഴവൻ ഈശ്വരസ്വരൂപമായെം, വേദസ്വരൂപമായെം, കണ്ടുതുടങ്ങും.

ധൎമ്മത്തേയും അധൎമ്മത്തേയും ഏതൊരു വസ്തുവാണോ വെളിവാക്കുന്നത് അത് വേദം. ഇത് എന്നെ രക്ഷിക്കും എന്നുള്ള വിശ്വാസത്തോടുകൂടി ഉപാസിച്ചാൽ, യാതൊരു വസ്തുവാണോ ഉപാസകൻെറ അവിദ്യയെ നശിപ്പിച്ച് ഉപാസകനെ പരമാത്മാവാക്കിത്തീൎക്കുന്നത്, അത് ഉപനിഷത്ത്. ധൎമ്മാധൎമ്മസൂചകങ്ങളല്ലാതെ ലോകത്തിൽ യാതൊന്നും ഇല്ല. ഇതുപോലെ തന്നെ സൎവ്വപദാൎത്ഥങ്ങളും സച്ചിദാനന്ദസ്വരൂപങ്ങളായതുകൊണ്ടു മുക്തിപ്രദമല്ലാതേയും ലോകത്തിൽ ഒന്നും ഇല്ല. "ത്രായന്താം വിശ്വഭൂതാനി" (സകലഭൂതങ്ങളും രക്ഷിക്കട്ടെ) എന്ന് ഋഗ്വേദത്തിൽ പറയുന്നതും ഈ അഭിപ്രായത്തോടുകൂടിയാണ്.

പരമാണുവാദം, പരിണാമവാദം, വിവൎത്തവാദം ഇങ്ങിനെ മൂന്നു വിധത്തിലാണ് ലോകത്തിൻെറ മൂലത്തെക്കുറിച്ചുള്ള സിദ്ധാന്തം. പരമാണുക്കളെക്കൊണ്ടാണ് ലോകം ഉണ്ടാവുന്നതെന്ന് തൎക്കം മുതലായ ശാസ്ത്രങ്ങളും പാശ്ചാത്യന്മാരായ പലേ പണ്ഡിതന്മാരും പറയുന്നു. സാംഖ്യം, യോഗം ഇങ്ങിനെ ചില ശാസ്ത്രപ്രകാരം നോക്കിയാൽ പ്രകൃതിയുടെ പരിണാമമാണ് ലോകം എന്നു വരുന്നു. പുല്ലുകൾ പശുവിൻെറ ഔദരികവഹ്നിയുടെ സമ്പൎക്കംകൊണ്ട് പാലായി പരിണമിക്കുന്നു. ഈ പാൽ തേജോവിശേഷത്തിൻെറ സംബന്ധംകൊണ്ട് തൈരായി പരിണമിക്കുന്നു. ഈ തൈരും പരിണാമവിശേഷങ്ങളെക്കൊണ്ടു മണ്ണായിത്തീൎന്നു പിന്നേയും പുല്ലായിത്തീരാം. ഇതുപോലെയാണ് മൂലപ്രകൃതിയുടെ പരിണാമം എന്നു സാംഖ്യന്മാർ പറയുന്നു. മൂലപ്രകൃതിയുടെ പരിണാമത്തിൽ പ്രാണികളുടെ സുകൃതദുഷ്കൃതങ്ങളാണ് മുഖ്യകാരണങ്ങൾ. വേദപ്രകാരം നോക്കിയാൽ വിവൎത്തവാദമാണ് ലോകത്തിൻെറ മൂലം.

ഇരുട്ടത്ത് ഒരു കയറിനെ കണ്ട് പാമ്പാണെന്നു ചിലപ്പോൾ ഭ്രമിക്കാറുണ്ട്. അങ്ങിനെ ഭ്രമം ഉണ്ടാവും എന്നുമാ

ത്രമല്ല ഈ മാതിരി ഭ്രമം മൂലമായിട്ടു ചിലപ്പോൾ സുഖദുഃഖങ്ങൾ നമുക്കു ധാരാളം ഉണ്ടാവാറുണ്ട്. ഈ ഭ്രമത്തിന്നു വിഷയമായ വസ്തുവിൻെറ യഥാൎത്ഥജ്ഞാനം ഉണ്ടായാൽ ഈ ഭ്രമവും തന്മൂലമായി ഉണ്ടായ മനോവികാരങ്ങളും എല്ലാം നശിക്കുന്നു. ഇതുപോലെയാണ് ലോകം നാനാപ്രകാരമായിത്തീരുന്നത്. സച്ചിദാനന്ദസ്വരൂപമായ ഒരു വസ്തു മാത്രമേ ഉള്ളൂ. ഈ വസ്തുവിൽ കല്പിതമായ അജ്ഞാനംകൊണ്ട് കയറ് സൎപ്പമായി കാണപ്പെടുന്നതുപോലെ അബദ്ധമായ തത്വം നാനാപ്രകാരത്തിൽ കാണപ്പെടുന്നു. ദൃശ്യമായ ലോകം ഇല്ലെന്നും പറയുന്നില്ല. ദൃശ്യമായ വസ്തുക്കളുടെ യഥാൎത്ഥതത്വം അഖണ്ഡതത്വം തന്നെയാകുന്നു. ദൃശ്യപ്രപഞ്ചമെല്ലാം ഒന്നുതന്നെയാകുന്നു. ലോകത്തിലുള്ളതെല്ലാം ഈശ്വരൻ ആണ് എന്നോ, വേദം ആണ് എന്നൊ, ഉപനിഷത്ത് ആണ് എന്നൊ പറഞ്ഞാൽ വിരോധമില്ല. നാം കല്ലുകളെ ഈശ്വരനാക്കി കല്പിക്കുന്നത്, എല്ലാം ഈശ്വരനാണ് എന്ന ബുദ്ധി ഉണ്ടാവാനാണ്. ചില ശബ്ദങ്ങളെ വേദമാക്കി സ്വീകരിക്കുന്നതും, എല്ലാം വേദസ്വരൂപമാണ് എന്നുള്ള ബുദ്ധി ഉണ്ടാവാനാണ്. മനോവൃത്തികളോടുകൂടിയ ചൈതന്യമാണ് വേദം എന്നു പറഞ്ഞുംകൊണ്ടു ചൈതന്യം നിത്യമായതിനാൽ വേദവും നിത്യമാണ് എന്ന് ആചാൎയ്യസ്വാമികൾ ഉപനിഷദ് ഭാഷ്യത്തിൽ പറഞ്ഞിട്ടുള്ളതിനെ ഈ അവസരത്തിൽ ഓൎമ്മവെക്കണം. സകലവസ്തുക്കളും വേദസ്വരൂപങ്ങളായതിനാൽ സൎവ്വവസ്തുക്കളിൽ നിന്നും നമുക്കു പഠിപ്പാനുണ്ട് എന്നു ചുരുക്കം.

അന്തൎമ്മുഖമായ ദൃഷ്ടി, ആലോചന ഇതുകളോടു കൂടി നോക്കിത്തുടങ്ങിയാൽ ലോകം മുഴുവൻ നമ്മുടെ ഗുരുവായിത്തീരും. ബാലചേഷ്ടകളെ ഇതിന്നുദാഹരണമായി നോക്കുക. പുഷ്പം മുതലായ ഭംഗിയുള്ള വസ്തുക്കളെ കാണുമ്പോൾ അവ ലഭിക്കാതെ വന്നാൽ കായുക എന്നുള്ളതു ബാലസ്വ

ഭാവമാണ്. ഇത്ര നിസ്സാരങ്ങളായ സാധനങ്ങളെ കിട്ടാത്തതിനാൽ വ്യസനമുണ്ടാവുന്നത് ആശ്ചര്യമാണെന്നു പ്രായംചെന്നവൎക്ക തോന്നാം. വലിയ ദ്രവ്യലാഭത്തിന്നുള്ള മാൎഗ്ഗം അസാദ്ധ്യമായിത്തീരുമ്പോൾ വലിയവർ വ്യസനിക്കും. ഈ വ്യസനത്തിന്നു തക്കതായ കാരണമുണ്ടെന്നു സമ്മതിക്കുകയും ചെയ്യും. പ്രപഞ്ചം അനാദിയും, അനന്തവും, സത്യമായ തത്വത്തിൻെറ പ്രതിബിംബവും ആണെന്നു അനുഭവപ്പെട്ടവനൊ, അനുഭവപ്പെടാറായവനൊ പുഷ്പം നിമിത്തം ബാലനുണ്ടായ വ്യസനവും മററവന്നു ദ്രവ്യം നിമിത്തം ഉണ്ടായ വ്യസനവും ഒരുപോലെതന്നെ ആകുന്നുവെന്നും ഇഷ്ടനാശം കൊണ്ട് നാം വ്യസനിക്കുന്നതു കുട്ടികളുടെ വ്യസനംപോലെ ആണെന്നും വിചാരിച്ച് സമാധാനപ്പെടണം. ഇങ്ങിനെ പലതും നമുക്ക് ബാലന്മാരിൽനിന്നു പഠിപ്പാനുണ്ട്. കുളിപ്പിക്കുമ്പോൾ നിലവിളിക്കുക എന്നുള്ളതു വേറെ ഒരു ബാലസ്വഭാവമാണ്. മാതാവ് തന്നെ സ്നേഹിക്കുന്നു എന്നും, കുളിപ്പിക്കുന്നത് തൻെറ ദേഹസുഖത്തിനാണെന്നും, കുളിസമയത്ത് ഉണ്ടായ അസ്വാതന്ത്ര്യം അതു കഴിഞ്ഞാൽ തീരുമെന്നും വിചാരിക്കത്തക്കവിധത്തിൽ കുട്ടികൾക്കു വിവേകമുണ്ടായാൽ ഇവർ നിലവിളിക്കില്ല. ബാലന്മാരുടെ ഈ നിലവിളിയെപ്പോലെ ആണ് വിവേകി ആണെന്നു വിചാരിക്കപ്പെടുന്നവരുടെ ആപൽക്കാലത്തിലുള്ള വ്യസനം. ബാലന്മാരെ രക്ഷിപ്പാൻ മാതാപിതാക്കന്മാർ ഉള്ളതുപോലെ പ്രപഞ്ചത്തെ രക്ഷിപ്പാൻ ചില അദൃശ്യശക്തികൾ ഉണ്ട്. ഈ ശക്തികൾ നമ്മളുടെ നന്മക്കുതന്നെ സുഖദുഃഖങ്ങളെ പൎയ്യായേണ നമുക്കു ഉണ്ടാക്കുന്നു. ഈ അദൃശ്യശക്തികൾ നമ്മളിൽതന്നെ ലയിച്ചുകിടക്കുന്നുണ്ട്. പുരുഷകാരം, ദൈവം, ഈ രണ്ട് എന്നതിൽ ഈ ശക്തികൾ എല്ലാം ഭവിക്കും അതുകൊണ്ടു പുരുഷകാരത്തേയും ദൈവത്തേയും സ്വപ്രയത്നം കൊണ്ടു ശരിപ്പെടുത്താതെ വ്യസനിച്ചിട്ടു പ്രയോജനമില്ല. ഈവക കാൎയ്യങ്ങളെ ശ്രദ്ധകൊണ്ടും, ശാസ്ത്രംകൊണ്ടും, ബാ

ഭ്യാസംകൊണ്ടും, അനുഭവപ്പെടുത്തുവാൻ യത്നിക്കാതെ വ്യസനിക്കരുതെന്നു ബാലന്മാരിൽനിന്നു പഠിക്കുന്നു. ഇങ്ങോട്ട് ഉപദ്രവിച്ചവരെ അങ്ങോട്ടു ഉപദ്രവിപ്പാൻ ചെറിയ കുട്ടികൾക്ക് ആഗ്രഹമുണ്ടാവാറില്ല. പ്രായം ചെന്നവൎക്ക് സാധാരണയായി നേരെ വിപരീതവും ആകുന്നു. ഇതിന്നുള്ള കാരണം, പ്രായം ചെല്ലുന്നേടത്തോളം അഹങ്കാരത്തിൽ രജോഗുണവും, തമോഗുണവും വൎദ്ധിക്കുന്നു എന്നുള്ളതാകുന്നു. ആയതിനാൽ ഈ രണ്ടു ഗുണങ്ങളേയും അഹങ്കാരത്തിൽനിന്നു കളയേണമെന്നുള്ള സംഗതിയെ ബാലന്മാർ നമ്മെ പഠിപ്പിക്കുന്നു. അപരിചിതന്മാരെ കാണുമ്പോൾ കുട്ടികൾ പരിചയക്കേടിനെ കാണിക്കുന്നു. അതൎക്കിതങ്ങളായവയെ കാണുമ്പോൾ വിവേകികളാണെന്ന് അഭിമാനിക്കുന്ന നമ്മളുടെ ചിത്തത്തിൽ സുഖപ്രദങ്ങളല്ലാത്ത ചില മനോവികാരങ്ങൾ ഉണ്ടാവുന്നു. പരിചയക്കേടിന്റെ കാരണം അവിവേകമാണ് എങ്കിൽ ഈ മനോവികാരങ്ങളുടേയും കാരണം അവിവേകം തന്നെയാണ്. അവിവേകം ദുഃഖകാരണമാണെന്നു ബാലന്മാരിൽനിന്നു നാം പഠിക്കുന്നു. അധികം പറയുന്നില്ല സൂക്ഷ്മമായി ആലോചിച്ചുതുടങ്ങിയാൽ ലോകം മുഴുവൻ നമുക്കു വിവേകപ്രദമായിത്തീരും.

നിവൃത്തിമാൎഗ്ഗംപോലെ അനശ്വരമായ പ്രവൃത്തിമാൎഗ്ഗത്തിന്നും പ്രത്യേകം സ്ഥാനം കൊടുത്തുംകൊണ്ടു സൎവ്വത്തേയും ഏകരൂപമാക്കിത്തീൎക്കുക എന്നുള്ളതു വേദസംഹിതയുടെ ഒരു പ്രത്യേകസ്വത്താകുന്നു. സ്മൃതി, ഇതിഹാസപുരാണങ്ങൾ ഇത്യാദികളെല്ലാം ഈ സ്വത്തിന്റെ കാവൽക്കാരാകുന്നു. വേദസംഹിതയിൽ ഈ സ്വത്ത് ഉണ്ടാക്കുന്നതു ഉപനിഷത്തുകളും ആകുന്നു. ഇങ്ങിനെയുള്ള വിശ്വാസത്തോടുകൂടി വേദസംഹിതയിൽ പഠിച്ചുതുടങ്ങിയാൽ ലോകം മുഴുവൻ ഗുരുവായിത്തീരും. സകലത്തേയും ഗുരുവാക്കിക്കൊണ്ടും ഈശ്വരനാക്കിക്കൊണ്ടും ഏകരൂപമാക്കിത്തീൎക്കുന്നതു വേദസംഹിതയാകുന്നു. ഇതാണ് ഈ ഉപന്യാസത്തിന്റെ ചുരുക്കം.

വി. കെ. നാരായണ ഭട്ടതിരി.

# ഭാഗ്യവാൻ.

---

1. ധാരാളംദ്രവ്യമുണ്ടായ്വരണമതുപകാ-
രത്തിനാക്കംതയാറായ്-
തീരേണംദാനധൎമ്മത്തിനുചിലവിടുവാൻ
ദണ്ഡമില്ലായ്കവേണം.
പോരായാചിച്ചിട്ടന്നോക്പരനൊടിനിമേ-
ലത്ഥ[illegible]ക്കുള്ളയോഗം-
ചേരാതാക്കേണമെന്നാൽച്ചിലവുവരവിനൊ-
ത്തുള്ളതായുംവരേണം.

2. കാൎയ്യംനോക്കാൻഗൃഹത്തിൽഗൃഹിണിയഴകിലു-
ണ്ടാകണം രണ്ടുവേട്ടാൽ
ക്കാൎയ്യംതെററീകലാശംകശപിശവരുമെ-
ന്നുള്ളതുള്ളത്തിൽവേണം.
ആൎയ്യന്മാരെക്കുറിച്ചിട്ടതിവിനയമഹാ-
ഭക്തിയുംഭുക്തിനല്കാൻ
പാരംതാല്പൎയ്യവും സജ്ജനതതിസഹവാ-
സാദിയുംകൈവരേണം.

3. പുത്രന്മാർയോഗ്യരായിച്ചിലരിവനുപകാ-
രത്തിനുണ്ടായ്വരേണം
വൃത്യാസംവന്നുചീറാതവരൊരുവിധമാ
യൈക്യമായ്പാൎത്തിടേണം.
ഭൃത്യംഗേഹത്തിലുണ്ടായ്വരികിലതിവനാ
ണൊക്കയുംവേണ്ടതെന്നായ്-
പ്രത്യേകംബുദ്ധിവേണംതനയരിലൊരുപോ-
ലായതുംകണ്ടിടേണം.

4. പിന്നെബ് ഭാഗവതംമുറയ്ക്കുപതിവായ്-
ശീലിക്കണംശ്രീവരൻ-
തന്നെച്ചിന്തനചെയ്കതിൻെറപൊരുളും
മൂഢൎക്കുകേൾപ്പിക്കണം.

ഒന്നോർതാംപരിശിഷ്ടമായസമയം
നാമംജപിച്ചീടണം
കുന്നിശ്ശുംഫലമിച്ഛിയാതെവരണം
കർമ്മങ്ങൾചെയ്യുന്നതും.

5. നേരംപോക്കണമീവിധംജഗദിദം
വിശ്വൈകനാഥന്റെചാ-
ല്ലേറുംചെപ്പിടിയെന്നബോദ്ധ്യമകതാ-
രിങ്കൽക്കടന്നീടണം
ഭാര്യാപുത്രസുമിത്രമെന്നിവയിലെ-
സ്നേഹംനശിപ്പിച്ചസം-
സാരംതുച്ഛമതെന്നുറച്ചൊട്ടവിലാ-
“ബ്രഹ്മാഹ”മെന്നോക്കണം.

6. ഇമ്മട്ടോർത്തുസുതന്റെസന്നിധിയിലി-
ദ്ദേഹംത്യജിച്ചപ്പര-
ബ്രഹ്മത്തിൽത്തെളിവോടുജീവനെലയി-
പ്പിച്ചാത്തകൌതൂഹലം
ഇമ്മായാഭ്രമളിപ്പകച്ചിൽപിണയാ-
തേവംകഴിക്കുന്നവൻ
ചെമ്മേജന്മമെടുത്തമാനുഷരിൽവെ-
ച്ചൊന്നാന്തരം ഭാഗ്യവാൻ.

നടുവത്തു മഹൻനമ്പൂതിരി.

# മാനസസരോവരം.

മാനസസരോവരത്തിൽ ഇറങ്ങി മുങ്ങിക്കുളിച്ച ആളാകുന്നു യഥാർത്ഥമനുഷ്യൻ. അതിലെ തീർത്ഥം ഉപയോഗിച്ച സന്ധ്യാവന്ദനം ചെയ്താലേ, മനുഷ്യൻ ദിവ്യനാകയുള്ളു. എത്രയും പരിശുദ്ധമായ ആ സരോവരത്തിന്റെ പാർശ്വസ്ഥിതമായ ക്ഷേത്രത്തിൽ വിശിഷ്ടമായ മഹാക്രതു നടത്തുകയാലത്രേ

വേദജഡനായ ബ്രഹ്മാവ് കോടാനകോടി ബ്രഹ്മാണ്ഡങ്ങൾ നിഷ്പ്രയാസം സൃഷ്ടിച്ചുവിടുവാൻ വിദഗ്ദ്ധനായിത്തീൎന്നു. ഇടക്കെങ്ങുമേ മുറിവോ ഉടവോ കൂടാതെ, അതിദൂരസ്ഥമായ അനന്താന്തരാളഭാഗം വരെ, നെടുനീളെ വ്യാപിച്ചുകിടക്കുന്ന ഈ വിശാലപാരാവാരത്തിന്റെ പ്രസ്രവണസ്ഥലം, മാനസസരോവരമാണെന്നാകുന്നു അഭിജ്ഞന്മാർ പറയുന്നത്. ഭാരതീയജനതയുടെ രക്ഷകസ്ഥാനം വഹിച്ച ഹിമാലയമഹാമലയുടെ അന്തർഭാഗംമുതൽക്കേ പരിശുദ്ധമായ ഗംഗാനദി ത്രിപഥസ്രവന്തിയായിത്തീരുന്നുണ്ടെന്നു ചിലരും, അതിലും ഉപരിസ്ഥിതമായ മാനസസരോവരമാണ് ഗംഗാനദിയുടെ പ്രസ്രവണമെന്നു പിന്നെ ചിലരും, ഇതൊന്നുമല്ല അതിലുമപ്പുറത്തുള്ള കൈലാസമാണ് ഗംഗാനദിയുടെ ഉദ്ഭവസ്ഥലമെന്നു മറ്റു ചിലരും അഭിപ്രായപ്പെടുന്നുണ്ട്. ഇതൊന്നും തെറ്റാണെന്നുപറയുക വയ്യ. ഹിമാലയപ്രാന്തത്തു ചെന്നു നോക്കിയാൽ അതിലെ ഹിമസംഘാതം ദ്രവിച്ച് ഗംഗാനദിയായി ഒഴുകുന്നതുപോലെ, മാനസക്ഷേത്രത്തിൽ ചെന്നു നോക്കിയാൽ, അതിലെ സംകല്പതീൎത്ഥവാപിയിൽ നിന്നു സാവധാനമായൊഴുകുന്ന 'ഗ്രഹ'ജലമാണ് അതിന്റെ ഉറവ് എന്ന് ഏവനും ബോധപ്പെടും. സുരന്മാരുടെ ഗംഗ, ഭഗീരഥരാജന്റെ തീവ്രശ്രമം മൂലം ഭൂലോകത്തിറങ്ങിത്തുടങ്ങി;–മൂന്നിടത്തു മറയുകയും ചെയ്തു. ഗംഗ ഒരാൾതന്നെ; സ്ഥാനഭേദമടിസ്ഥാനമാക്കിയാണ് അവൾക്കു നാമഭേദം ഉണ്ടായത്. ആ ഗംഗയാണല്ലോ നമ്മളുടെമനസ്സ്. ആഗംഗയാണല്ലോ നമ്മളുടെ ജീവൻ. ആ ഗംഗയാണല്ലോനമ്മളുടെ ജന്മഭൂമി അതുകൊണ്ടല്ലയോ, സുരലോകത്തിൽനിന്നു ഇദംപ്രഥമം അധഃസ്രമിച്ച ഗംഗ മാനസഗംഗയാണെന്നും, പിന്നെത്തെ ഗംഗ'ജീവ'ഗംഗയാണെന്നുംഅന്തിമഗംഗ ഭൂഗംഗയാണെന്നും അഭിജ്ഞന്മാർ സങ്കേതം ചെയ്തിരിക്കുന്നതും. ശ്രീകാശിയിൽ ചെന്ന് ഭൂഗംഗയിൽ മുങ്ങിക്കുളിച്ചവരായി പലരുമുണ്ടാവും; ഹിമാലയമഹാമലമേൽ കയറി ജീവഗംഗയെ സന്ദൎശിച്ചവ

രും പലരുണ്ടാവും; എന്നാൽ, മാനസഗംഗയിൽ മജ്ജനംചെ
യ്യുവർ തീരെ ഇല്ലതന്നെ. എന്തുകൊണ്ടെന്നാൽ, ഈ ഗംഗ
പുഴിക്കണ്ണുകൾക്ക ദൃശ്യയാവുകയില്ല. ഭൂഗംഗയിൽ വീണവർ
മണ്ണും കല്ലുമാകുന്നു. ജീവഗംഗയിൽ ചാടിത്തിമിത്ത്തവർ, മൃ
ഗജന്തുക്കളുമത്രേ. മനുഷ്യർ ആരാവാമെന്നു വെച്ചാൽ,മാന
സഗംഗയിൽ മുങ്ങിക്കുളിപ്പവർ മാത്രം! അതുകൊണ്ട്, മനു
ഷ്യരാവാൻ മോഹമുണ്ടെങ്കിൽ, വായനക്കാർ ഉടനേ മാന
സഗംഗയിൽ മുങ്ങിക്കുളിക്കുക!

മാനസക്ഷേത്രത്തിലേക്കുള്ള പന്ഥാവ് തീരെ സുഗമമാ
യതല്ല. ഭാരതഭൂമാതാവിൻെറ മൂർദ്ധാവിനെ ചവിട്ടിക്കടന്ന്,
ഹിമാലയമാമലയിലെ ജീവജാലവേഷ്ടനത്തിൽ നിന്ന് ത
പ്പിപ്പിഴച്ച് മുമ്പോട്ടു പോയാലേ മാനസക്ഷേത്രം കാണുകയു
ള്ളു. യാത്രയാവുമ്പോൾ വഴിമദ്ധ്യേ അവിടവിടെ ഇടക്കിടെ
എല്ലാക്ഷേത്രവിധികളും ശരിക്കും മുറക്കും അനുഷ്ഠിക്കാതിരി
ക്ക ധമ്മമേ അല്ല. വിശിഷ്യ, വിധിപ്രകാരമല്ല അനുഷ്ഠിക്കു
ന്നതെങ്കിലോ, ക്ഷേത്രസമീപം എത്തുകതന്നെ തിരെദുഷ്കരം.
വിധിധിക്കാരം പൂണ്ടും അഹംഭാവം ഉൾക്കൊണ്ടും വല്ലയാ
ളും നിഷ്ഫാലംഘനം ചെയ്യുകയാണെങ്കിൽ, ആയാൾ ഉദ്ദിഷ്ട
സ്ഥലത്തെത്താതെ ആശാഭംഗത്തോടുകൂടി മടങ്ങുകയേ
വേണ്ടൂ!

ആദ്യമായി വേണ്ടതു, ത്രിവേണീസംഗമത്തിൽ ഇറങ്ങി
ക്കുളിക്കുകയാകുന്നു. മനോവാക്കായങ്ങളെന്ന ത്രിവേണികളു
ടെ തീരത്താണല്ലോ, പ്രയാഗക്ഷേത്രം സ്ഥിതിചെയ്യുന്നത്.
മനസ്സിലെ'കളി'നീരും വാക്കിലെ'തെളി'നീരും മേനിയിലെ
'കറു' നീരും കൂടിയ സംഗമസ്ഥലത്തു വേണം ഇറങ്ങിക്കുളി
ക്കുക. പ്രയാഗമാകട്ടെ, പ്രസിദ്ധമായ യാഗസ്ഥാനം തന്നെ
യാണ്. സഗരമഹാരാജൻ സുരഭാവം നേടുവാൻ അശ്വമേ
ധം നിവ്വഹിച്ചത്, ഇവിടെ വെച്ചാകുന്നു. ദേവഭാവംനേടുവാ
വാൻ ആശിക്കുന്ന മനുഷ്യൻ, അശ്വമേധം കഴിക്കേണ്ട ഘട്ട
വും ഇതുതന്നെയാവണം. ഇവിടെ അശ്വമേധം ദീക്ഷിച്ച

യാറ്റം, ദേവലോകത്തിലെ ഒരു പാന്ഥനായിത്തീരും;—എന്നുവെച്ചാൽ, ആയാറ്റം മനോലോകസമീപം എത്തിച്ചേരുവാൻഅർഹനായിത്തീരും. ഇന്ദ്രിയനിഗ്രഹമെന്നഅശ്വമേധം കഴിക്കയും—'പ്ര—യാഗം' നിർവ്വഹിക്കയും ത്രിവേണിയിൽ മജ്ജനോന്മജ്ജനം നടത്തുകയുംചെയ്തിട്ടുവേണം,പാന്ഥനായ മനുഷ്യൻ മുൻയാത്ര തുടരുക.

എന്തായാലും, ഈയൊരു ക്ഷേത്രവിധി അനുഷ്ഠിക്കാതെ നിവൃത്തിയില്ല; പ്രയാഗത്തിൽ 'പ്രയാഗം'നടത്തി ത്രിവേണിയിൽ അവഭൃഥസ്നാനവുംചെയ്താൽ ഭവപാശം തന്നെത്താൻ ഛിന്നഭിന്നമായിപ്പോവും; എന്നാൽ,ജീവജാലവേഷ്ടനത്തിൽ നിന്നു മുക്തിനേടുക,ഇനിയും ശേഷിക്കുന്നതേ ഉള്ളൂ. ഇതിൻെറ സിദ്ധിക്കായി ഇനിയൊരു ക്ഷേത്രവിധികൂടി അത്യാവശ്യം നിർവ്വഹിച്ചേതീരു.ഭാരതീയമായിഎന്തെന്തുതരം ക്ഷേത്രവിധികൾ അനുഷ്ഠിപ്പാനുണ്ടോ അതൊക്കെശ്രദ്ധാഭക്തിപുരസ്സരം അനുഷ്ഠിച്ചിട്ടു മുമ്പോട്ടു യാത്രതുടരുക. എന്നാൽ ഹിമാലയമഹാമലയുടെ സീമപ്രാന്തം കടന്നുപോവുന്നതിന്നു മുമ്പ്, ശ്രീബദരീനാരായണസ്വാമിയെ സാഷ്ടാംഗം നമസ്കരിക്കാതിരിക്കരുത്. ജീവവേഷ്ടനം പറിച്ചുകളവാൻ'ബദരി'യിലെത്തുക;—ഇവിടെയാണ്, 'പ്രാണപ്രപഞ്ചം' കൈവെരുത്തു കളയേണ്ടതു. ഇതിന്നായി 'ബ്രഹ്മകപാല'ത്തിൽ പഞ്ചപ്രാണപിണ്ഡങ്ങൾ പ്രദാനം ചെയ്തിട്ടു വിശുദ്ധി ഉൾക്കൊള്ളുക. എങ്കിലേ, മാനസക്ഷേത്രത്തിൽ കടപ്പാനുള്ള 'പാസ്സ്‌പോർട്ടു' സുലഭമാവൂ!

യാത്രികന്മാർ ക്ഷേത്രവിധികൾ അനുഷ്ഠിച്ചതിന്നുശേഷം യാത്രതുടരുവാൻ സ്വീകരിക്കേണ്ട പാത തുലോം ഇടുങ്ങിയ ഒരു ഗുഹയാകുന്നു. മാനസസരോവരത്തിൽ നിന്ന് ഭൂലോകത്തേക്കും ജീവലോകത്തേക്കും നിരർഗ്ഗളം ഒഴുകുന്ന ഗംഗയുടെ പ്രധാനോൽഭവനിർഝരി, മുൻയാത്ര തുടന്നുപോയാൽ പ്രസ്രവണസ്ഥലവുമായി യോജിക്കുന്നതു കാണാം. സ്വദേശബാന്ധവന്മാക്കു അത്രയെളുപ്പം കണ്ടുപിടിപ്പാൻ സാ

ധിക്കാതെയും 'പുനല്ലുറവ'യാവാൻ മടിക്കാതെയും ആ ഗുഹ കുട്ടധികം ഇടുക്കമൊന്നിരിക്കയാണ്. ഗംഗ ഹിമാലയമഹാമലയുടെ ഗുഹയിൽ വളരെ ആഴത്തിൽ പ്രവഹിക്കുന്നു. താഴോട്ടേക്കുള്ള ഈ പ്രവാഹഗതിയുടെ വേഗം, വാചാമഗോചരമെന്നേ പറയേണ്ടു. ഈയൊഴുക്കിൻെറ ഒരു വശത്താകുന്നു ഇടുങ്ങിയ യാത്രാഗുഹ. പാന്ഥന്മാർ വല്ല കാരണവശാലും കാൽവഴുതി ഗംഗയുടെ അധഃപ്രവാഹത്തിൽ പെട്ടുപോവാമെങ്കിൽ, പിന്നെ മനോലോകം പ്രാപിക്കുമെന്നു സ്വപ്നേപി വിചാരിക്കേണ്ട. ഒരു വശത്തു ആഴത്തിലൊഴുകുന്ന ഗംഗ; മറ്റൊരുവശത്തു ഹിമഗിരിയുടെ ഉത്തുംഗശൃംഗരാജി. പാന്ഥൻെറ കാൽച്ചുവട്, നാൽച്ചാണുമാത്രം മിതിവരുന്ന ഗുഹപ്പാതയിലും!ഗംഗാപ്രവാഹത്തിലുമുരുണ്ടുമുയന്നും വിളയാടുന്ന അലമാലകണ്ടു മനമഞ്ഞുയക്കയോഗിരിശൃംഗരാജിയുടെ മുകളിൽ കയറി ഉൾകുളുപ്പിക്കാനാശിക്കയോചെയ്യുന്നപക്ഷം— 'മനമഞ്ഞുമിഴിയിങ്ങെ'ന്നല്ല, മനവും മിഴിയുമങ്ങിങ്ങെങ്ങാനും ആയിപ്പോവുന്ന പക്ഷം—യാത്രികൻെറ കഥ അതോടെ കഴിയും! പലതരം ആശാസംകല്പങ്ങൾ ഉള്ളിൽവെച്ചു വാഴുന്ന പഥികന്മാർ വഴിക്കുള്ള കാഴ്ചകണ്ട് വ്യാമോഹം പൂണ്ടു ഉദ്ദേശമറിയാതെ പരിഭ്രമിച്ചുള്ളതായറിയാം. എന്തു നേരിട്ടാലും ഉദ്ദേശം കൈവെടുക്കുന്നില്ലാത്ത പാന്ഥനു മാത്രമേ കലാശം കാണ്മാൻ സാധിക്കയുള്ളൂ! പ്രകൃതത്തിൽ പാന്ഥൻ തികഞ്ഞ നെഞ്ഞൂക്കുകാരനായിരിക്കണം; നെഞ്ഞൂക്കു തരിമ്പുമില്ലാതെ തനിച്ചു യാത്രയാവുന്നമനുഷ്യൻ കുറെയേറെ കയറിപ്പോവുമ്പോഴെക്ക് ശേഷിപോരാതെ വശംകെട്ടു കുത്തനെയിരുന്നു പോവുകതന്നെ ചെയ്യും. മാനസക്ഷേത്രത്തിലെ വഴികാട്ടികളായി ചിലരുണ്ട്; ഏതാനും വഷങ്ങളായി മാനസയാത്രികന്മാരുടെ മൊത്തത്തുക തീരെ കുറഞ്ഞു കുറഞ്ഞു വരുന്നുണ്ട്. ആകയാൽ, മേൽവഴി കാണിപ്പാൻ കച്ചകെട്ടിയിട്ടുള്ള വഴിക്കാട്ടിത്തലവന്മാരുടെ കുലവും തീരെ ഹ്രാസോന്മുഖമായിത്തീന്നിരിക്കയാണ്. ആകയാൽ

ഗുഹപ്പാതയിൽ കുടുങ്ങിപ്പോയ യാത്രക്കാരൻ, 'മേൽവഴി കാണിക്കണേ!' എന്നു മാറത്തലച്ച് നിലവിളിക്കൂട്ടിയാലും, ഒരൊറ്റ വഴികാട്ടിയേയും കാണ്മാൻ തരപ്പെടുകയില്ലിപ്പോൾ. ആരാന്റെയോ ഭാഗ്യവിശേഷത്താൽ, ഗുഹക്കകത്തു ജരച്ചു നരച്ച ചില 'മിണ്ടാക്കിഴവ'ന്മാരെ, യാത്രികൻ പക്ഷേ കണ്ടുമുട്ടിയേക്കാം. അവരോടു ചോദിച്ചാൽ മേൽവഴി അറിവാൻ പ്രയാസംനേരിടുകയില്ല. എന്നാൽ, വഴികാട്ടികളായിട്ടാരെയും കണ്ടുമുട്ടിയില്ലെന്നു വച്ച്. യാത്രികൻ കുണ്ഠിതപ്പെടുന്നതു തീരെ നന്നല്ല. യാത്രികൻ അനുഭവസ്ഥരായ പെരിയോരുടെ നിർദ്ദേശമനുസരിച്ചായിരിക്കുമല്ലോ, യാത്രതിരിക്കുക. ആ സ്ഥിതിക്കു, ഗുഹപ്പാതയിൽ പതിഞ്ഞുറച്ചതോ നിർദ്ദേശിക്കപ്പെട്ടതോ ആയ വൃദ്ധപാദന്യാസം ആരാഞ്ഞറിഞ്ഞ് സാവധാനം മുൻയാത്രതുടരുന്നതിൽ മാനക്കേടു ഭാവിക്കുക എന്തൊന്നിനായിട്ടുവേണം? ഒരുകാര്യം തീർച്ചയാണ്. മാനസയാത്രികൻ 'മഹാജനോ യേന ഗതഃ സ പന്ഥാഃ' എന്ന പ്രമാണം യാതൊരുകാലത്തും വിസ്മരിച്ചുകളയരുത്; വിസ്മരിച്ചുകളഞ്ഞാൽ ആയാൾക്കു ഇടുങ്ങിയ ഗുഹപ്പാതയിലൂടെ ഉദ്ദിഷ്ടസ്ഥലമായ മാനസക്ഷേത്രത്തിൽ എത്തിച്ചേരുവാൻ സാധിക്കയേ ഇല്ല.

അവിടെ എത്തിയാൽ പിന്നെ സംസാരിക്കേണ്ട ആവശ്യകതയേ ഇല്ല. യാത്രികൻ അവിടെയെത്തിയ മാത്രയിൽ 'ബദ്ധതുണ്ഡവ്രത'നായിപ്പോവും — മുനിയാവും! ജിജ്ഞാസ വാച്ചിരുന്നുവെങ്കിൽ, ആ മുനിഭ്രതന്നു ജീവലോകങ്ങളിൽതന്നെ അറിവാൻ സാധിക്കാത്തതു യാതൊന്നുമില്ല. എന്തുകൊണ്ടെന്നാൽ, ഈ മാനസമഹാസരോവരത്തിന്റെ വകഭേദങ്ങൾതന്നെയല്ലയോ ഭൂജീവലോകങ്ങൾ! എന്തെന്തു വിഭവങ്ങൾ കഴിക്കുന്നുവോ, അവയുടെ പരിണാമം ജീവജാലത്തിൽ ഉദിച്ചുയരും. ബുദ്ധിവൈഭവം, മൌഢ്യാധിക്യം, എന്നുവേണ്ട മാനസികമായ സകലതരം ഹിതാഹിതഭാവങ്ങ

ളും, ജീവജാലം കഴിക്കുന്ന ഭക്ഷണവിഭവങ്ങളെ ആശ്രയിച്ചുള്ള വയത്രേ. കഷ്ടമേ! എന്തൊരു അസംബന്ധജല്പനമാണിത്? ഭക്ഷണവിഭവങ്ങളുടെ പരിണാമമോ മനസ്സിൽ ഉദിച്ചുയ രാൻപോകുന്നു? എന്നാൽ, മണലിട്ടാട്ടിയാൽ എണ്ണ എ ന്തേ വരാറില്ലാ? ഭക്ഷണവിഭവങ്ങളിലും മനോംശങ്ങൾ ലയി ച്ചിരിപ്പുണ്ട്. ആ അംശങ്ങൾ മൂലമാകുന്നു ജീവജാലത്തി ൻെറ മനശ്ശക്തി പുഷ്ടിപ്പെടുക. ചില തരം ഭക്ഷണവിഭവ ങ്ങളിൽ നീചമനോംശങ്ങളും ചിലതരം ഭക്ഷണവിഭവങ്ങ ളിൽ ഉച്ചമനോംശങ്ങളും കലന്നിരിക്കും. അതുകൊണ്ടാണു 'സാത്വികവിഭവങ്ങൾ ഭുജിക്ക' എന്നു സജ്ജനങ്ങൾ ഘണ്ടാ ഘോഷം ചെയ്യുന്നത്. മനോലോകസ്ഥിതന്മാകട്ടെ, ജ ഡ്ജീവികൾക്കു തുല്യം കണ്ണിൽ പെടുന്ന കയ്യിൽ കിട്ടുന്ന സാധനം ഭക്ഷിക്കയാൽ തഴച്ചുരുണ്ട ദേഹമോ ഇനിയും ജീ വിക്കണമെന്ന ആശയോ സൌന്ദര്യവാരാന്നിധിയാവണമെ ന്ന മോഹമോ ഉണ്ടാവാറില്ല. ആയാൾ ആശാപാശനിർമ്മു ക്തനായിരിക്കും; ഉണ്ണാതെയിരുന്നാലും ഉണ്ടവരേക്കാളും ആ നന്ദതുന്ദിലനായിരിക്കും; കളിക്കാതെ വിളയാടാതെ കൂത്താ ടാതെ,കളിക്കുന്നവരിലും വിളയാടുന്നവരിലും കൂത്താടുന്നവരി ലും അധികമധികം സുഭഗനും വിനോദിയും രസികമുഖനു മായിരിക്കും. എന്തുകൊണ്ടെന്നാൽ,ഈയാൾ വല്ലതും കഴിക്ക യാണെങ്കിൽ, നല്ലതും വേണ്ടതുമേതോ അതേ കഴിക്കയുള്ളൂ. മററുപേർ അതുമിതും ചപ്പുചവറുമൊക്കെയും കഴിക്കും. ഇ ത്തരക്കാരുടെ ആത്മാവിന്നു, രസാകർഷണംകൂടാതെ നിവൃ ത്തിയില്ലെന്നുവരും. അതുകൊണ്ടാണു,ഉപരിലോകസ്ഥന്മാരു ടെ ദേഹങ്ങൾ അധോലോകസ്ഥന്മാരേക്കാൾ അതിതരാം സൂക്ഷ്മങ്ങളും തലിനങ്ങളുമായിരിക്കുന്നത്. ആ സ്ഥിതിക്ക്, സാത്വികാന്നഭോജികൾ സുകൃതവാന്മാരാകയാൽ ഉപരി ലോകത്തുപോവും എന്നതിൽ എന്തതിശയിപ്പാനുള്ളൂ? മേ ലാവികൾക്കു 'താവാടി'കളുടെ സ്ഥിതിഗതികളെക്കാണു

മ്പോൾ വിസ്മയാശങ്കകൾ തോന്നിപ്പോകുന്നതിൽ എന്തു വിസ്മയിപ്പാനുള്ളു? മനോലോകസ്ഥനു സകലമാന പേരു ടേയും മനോഗതി നല്ലവണ്ണം ഗ്രഹിപ്പാൻ കഴിയും. ഉൾക്കണ്ണുള്ളവക്ക് ഉള്ളിലുള്ളതു അറിവാൻ കഴിയാതെ വരികയില്ലല്ലോ. കുയിൽ കുയിലിൻെറ കൂട്ട അറിയുകയില്ലേ? രണ്ടു ദേഹമാണ്, അതുകൊണ്ടെന്ത്? മനസ്സു അതിനും ഇതിനും അവക്കും ഇവക്കും അവസ്ഥം ഇവസ്ഥമൊക്കെയും ഒരെണ്ണം മാത്രമല്ലേ ഉള്ളു? ഭൂഭേദം നിമിത്തം ജലഗുണങ്ങൾ വ്യത്യാസപ്പെട്ടുകാണാമെന്നല്ലാതെ, 'ജലം' സദാസർവ്വദാ വ്യത്യസ്തമാകയേയില്ല. എന്തുകൊണ്ടെന്നാൽ, ജലം ഒരെണ്ണമേ ഉള്ളുവല്ലോ. അതിലെ തണുപ്പും കുളുമ്മയും ഭൂനിമിത്തം ഭവിച്ചതാകുന്നു. അതുപോലെ, മനസ്സും അവിഭാജ്യവും ഭേദാനർഹവുമത്രേ! താദൃശമായ മനസ്സു ജീവലോകമായും ഭൂലോകമായും രൂപാന്തരപ്പെട്ടതായി നമ്മൾക്കു പ്രതിഭാസിച്ചു പോവുകമാത്രമാണു ചെയ്യുന്നത്. ആകയാൽ മനോലോകവാസികൾക്കു അവിജ്ഞേയമായി യാതൊരു ഭൂജീവലോകവാർത്തയും ഇല്ലേ ഇല്ലെന്നു നിസ്സംശയം പറഞ്ഞേ കഴിയൂ.

മാനസസരോവരത്തിൻെറ അപ്രതിഭടവും നിസ്സ്ക്കമനീയവുമായ തടഭൂഭാഗത്ത് ഒട്ടനവധി മധുരമനോഹരഫലങ്ങൾ നിറഞ്ഞ ഒരു വന്മരം തഴച്ചു നിൽപുണ്ട്. ഇതൊരു വിചിത്രതരമായ വന്മരമാണെന്നു വേണം പറവാൻ. വന്മരം ഒരൊററയെണ്ണമേ ഉള്ളു; എന്നാൽ അതിലെ ഫലകുസുമങ്ങൾ നാനാവിധങ്ങളത്രേ. അവയുടെ മൊത്തത്തുക എത്രയാണെന്നു പറവാൻ ആക്കും കഴിയില്ല; എന്തുകൊണ്ടെന്നാൽ, ഗണിതശാസ്ത്രജ്ഞന്മാർ, കല്പിച്ചിട്ടുള്ള കോട്യർബുദനീവിപ്രഹതാബ്ജങ്ങളിലും അധികതമമായിരിക്കുന്നു ഇവററയുടെ മൊത്തത്തുക. ഈ വന്മരത്തിൽ ഇല്ലാത്ത പൂവോ പഴമോ കായോ മറെറന്തുമേ കാണുകയില്ല. വായനക്കാർ ആ വന്മരത്തിൻെറ മുൻവശത്തുനിന്നു, മതിയാംവോള

മാലോചിച്ചും പലവുരു പെരുക്കി കൂട്ടി ഹരിച്ചു കുറച്ചെണ്ണിയും അതിൽ ഇന്ന ജാതി പൂവ് ഇത്രയെണ്ണമുണ്ടെന്നും ഇന്നതരം പഴവും കായും ഇത്രയിത്രയുണ്ടെന്നും അംഗുലീനിർദ്ദേശം ചെയ്തു കാണിക്കൂ; എങ്കിൽ, ഞാൻ നിങ്ങൾക്കു വേണ്ടതൊക്കെയും തന്നു നമസ്കരിക്കാൻ തയ്യാറാവാം. പോരാ, ഞാൻ നിങ്ങളുടെ ദാസാനുദാസപരമാണുവാകാനും സന്നദ്ധൻ! വായനക്കാരേ! ഈ വിചിത്രവന്മരത്തിന്റെ പേരു എന്തെന്നു പറയട്ടേയോ?—'കല്പ-(നാ)—ദ്രുമം'! ചുവട്ടിൽ നിന്നു വേണ്ടതാവശ്യപ്പെടുക; ഉടനെ ആയതു അതൊക്കെ നൽകും. ഇതിന്റെ പടച്ച അനന്തം; ഇതിന്റെ തായ്‌വേരു മനോലോകത്താണു; നടുവോ, ജീവലോകത്തു, ഇലകളും കൊമ്പും കവരവുമെല്ലാം ഭൂലോകമെങ്ങും! അതിനാൽ, ഈ മരത്തിന്റെ പുഷ്പഫലങ്ങൾ ഭൂലോകത്തിലെ വ്യക്തസൃഷ്ടിയിൽതന്നെ സുസ്പഷ്ടമാണ്. ഈ മരത്തിന്റെ ശാഖോപശാഖകൾ സ്പർശിക്കാത്ത മുക്കോ മൂലയോ ഭൂലോകത്തെങ്ങും ഇല്ലതന്നേ. എന്നിട്ടു, ഭൂലോകപ്രാണികൾക്കു ഇക്കഥയുടെ ഗന്ധമേ ഇല്ല. അതിനാലാണ്, അവർ ആശിച്ചതു കരസ്ഥമായ മാത്രയിൽ ആശ ഫലിച്ചത് അകാരണമായാണെന്നു സാധാരണ വിചാരിച്ചുപോരുന്നത്. കല്പദ്രുമത്തിന്റെ ചുവട്ടിൽ സസുഖം ഇരുന്നു ആവശ്യപ്പെട്ടതുകൊണ്ടാണ്, ആശ ഫലിച്ചതു എന്നറിവാൻവേണ്ട വിവേകം ഭൂലോകപ്രാണികൾക്കില്ല. തങ്ങൾ കല്പദ്രുമത്തിന്റെ തണലിൽ നില്ക്കയാണെന്നോ ഒട്ടാലോചിക്കാതെ അതുമിതുമാവശ്യപ്പെടുക പാടില്ലെന്നോ ചീത്ത ആവശ്യങ്ങൾ ഉള്ളിൽ കൊള്ളുന്നതു തീരെനന്നല്ലെന്നോ ആ പ്രാണികൾ ചിന്തിക്കാറേ ഇല്ല. മൂഢന്മാർ കർമ്മഭീരുക്കളായി ഉന്മത്തഭാഷയിൽ മന്ത്രിക്കമാത്രം ചെയ്യും; അപ്പോഴേക്ക് കല്പദ്രുമം അവർക്കു അതു നൽകിക്കഴിയുന്നു! അയ്യോ! ആ മരം എന്തു ചെയ്യട്ടെ? ആവശ്യപ്പെട്ടതു നൽകുക അതിന്റെ ധർമ്മമല്ലേ? എന്നാൽ, തങ്ങളു

ടെ ചീത്ത വിചാരങ്ങൾക്കു കല്പദ്രുമം ഉടനടി ഫലം നൽകുമ്പോൾ, അതിൻെറ കാളകൂടകടുരസം പാനംചെയ്തു വിഷമിച്ചുഴലുന്ന പ്രാണികളുടെ ശോച്യനില കണ്ടു അനുതപിക്കയോ മന്ദഹസിക്കയോ ഞാൻ വേണ്ടത്? പഴമക്കാർ ഒരു കഥ പറഞ്ഞുകേട്ടിട്ടുണ്ട്! ഒരു വഴിപോക്കൻ വളരെ വഴി നടന്നു തളൎന്നു ഒരു മരത്തിൻെറ തണലത്തു വിശ്രമിക്കയായി. തൃഷ്ണാൎത്തനായ അയാൾ ഉള്ളുകൊണ്ടു വെള്ളം വേണമെന്നാശിച്ചു; വെള്ളം കിട്ടി! തീററി വേണമെന്നാശിച്ചു; അതും കിട്ടി! കിടക്കാൻ ഒരു കട്ടിൽ വേണം എന്നാശിച്ചു; അതും കിട്ടി!—ഇങ്ങനെ ആശിച്ചതൊക്കെ കിട്ടുന്നുവല്ലോ എന്നും ഇതെന്തു മറിമായമാണാവോ എന്നും വിചാരിച്ചമ്പരന്നു 'എന്തു് വല്ല ദുർഭൂതത്താനും എറയത്തുവന്നു വികൃതിത്തരം കാട്ടുകയാവാം; അതു എന്നെ വിഴുങ്ങിക്കളയുമോ—' എന്നു മന്ത്രിച്ചപ്പോഴുണ്ടു, ഒരു ദുർഭൂതത്താൻ 'ഹാ ഹാ' എന്നട്ടഹാസിച്ചുംകൊണ്ടു അവൻെറ മുമ്പിൽ ആവിർഭവിച്ചു കാണുന്നു! ഇതെന്തു കൂത്താവാമെന്നും താൻ ഏതു മരത്തിൻെറ തണലത്താണിരിക്കുന്നതെന്നും ഉറററിവാനായി വഴിപോക്കൻ വാനത്തു കണ്ണോടിച്ചപ്പോൾ, താൻ വിശ്രമിക്കുന്നത് കല്പദ്രുമത്തിൻെറ തണലത്താണെന്നു ബോധപ്പെടുകയായി.

ഭൂലോകഗൎത്തഗതമായ കനകകാമിനീപങ്കരാശിയിൽ കുതിച്ചുചാടി വിഷമിച്ചുഴലുന്ന അല്ലയോ ഗേഹേനൎദ്ദികളേ! വിനോദപ്രദമായ വിഷയവിലാസങ്ങൾ മോഹിച്ച് ജീവജാലവേ നത്തിൽപ്പെട്ടു നട്ടംതിരിയുന്ന അല്ലയോ ജന്തുക്കളേ! നിങ്ങൾ മനുഷ്യരാണോ? ആണെങ്കിൽ മാനസക്ഷേത്രം ദൎശിക്കാൻ പോകരുതോ? നിങ്ങൾക്കു മാനസസരോവരത്തിൽ ഇറങ്ങിക്കുളിപ്പാൻ ഇത്രമാത്രം മടി എന്തിന്? കല്പദ്രുമശാഖകളുടെ അധോഭാഗത്തു ലാലാക്ലിന്നവദനരായി നിൽക്കുന്നതിനു പകരം ആ ദ്രുമത്തിൻെറ തണലത്തു ചെന്നിരുന്നു വല്ല തപസ്സും ചെയ്യുക! ആദ്യം മനുഷ്യരാവാൻ മുതിരുക! പിന്നെ വേണ്ടതു വഴിയെ ആലോചിച്ചുകൊള്ളാം. എന്ത്? നിങ്ങൾക്കു മനുഷ്യരാവാൻ മോഹമില്ലെന്നോ?

ടി. വി. ശ്രീനിവാസശാസ്ത്രി.

രമണീവിയുക്തനായ

# രാമഭദ്രൻ.

(മഞ്ജരി)

വാരഞ്ചും മഞ്ജുളമഞ്ജരീപുഞ്ജത്താ-
ലാരമ്യമായീടും തേന്മാവിന്മേൽ,
ആരാലമന്നീടും കോകിലദമ്പതി-
മാരാകെത്തെൻകാററുമേററുമോദാൽ,
പ്രേമസംഗീതമധുരമധുരധരി
കാമംകനക്കെച്ചൊരിഞ്ഞീടുന്നു.
ചില്ലെംളിത്തുവെള്ളം തുള്ളിത്തുളുമ്പുമ-
ക്കല്ലോലിനിക്കകം തന്നിലെങ്ങും
മിന്നുംപൊൻതണ്ടലർച്ചാത്തിൻപരിമളം
ചിന്നുന്നുമെന്മേലെ നാലുപാടും.
ചഞ്ചരീകങ്ങൾ,പൂന്തേനുണ്ടുതൃപ്തരായ്
ചെഞ്ചമ്മെപാറിപ്പറന്നീടുന്നു.
കോകസീമന്തിനിമാരൊത്തലംചക്ര-
വാകവരിഷ്ഠന്മാർ മേളിയ്ക്കുന്നു.
ചാരുപലാശകുരവകാദ്യങ്ങളാം
ഭൂരുഹസന്ദോഹമാകമാനം
അച്ഛഗുച്ഛോല്ലസദ്വല്ലീകുലങ്ങളെ
സച്ഛന്ദംചേർത്തുപുണർന്നുബാഢം
പൂത്തുംതളിർത്തുംപുതിയൊരുസൌരഭ്യ
മൂത്തുമുദഗ്രമായുൽഭാസിപ്പൂ.
നീരന്ധ്രവാസന്തവൈഭവമിമ്മട്ടിൽ
പ്പാരമിണങ്ങുമക്കാനനത്തിൽ;
വിശ്വവിജയിയാംപംക്തിരഥാത്മജൻ,
വിശ്വംഭരാപതിരാമഭദ്രൻ,

തന്നസുവല്ലഭതൻവിപ്രയോഗത്താൽ
ഖിന്നനായ്, സങ്കേതശൂന്യനായി,
നിന്നു,മിരുന്നും,കിടന്നും, വിലപിച്ചു-
മൊന്നുമറിയാതെ ചുററീടുന്നു.
എന്തിനുംസന്നദ്ധനാകിയലക്ഷ്മണൻ
തന്തിരുമേനിതൻ പാദഭക്തൻ,
"എന്തിനിച്ചെയ്യേണ്ടൂദൈവമേ! ഞാ"നെന്നായ്
ചിന്തിച്ചും,തൻഗുരുതൻപിറകെ,
അത്തലരുമാറുള്ളോരോരോവൃത്തങ്ങ-
ളൊത്തപോലോതിയും പോയിടുന്നു.
അത്തവ്വിൽ, ബ്ഭാവംപകന്നഹോ!രാമനു-
ന്മത്തന്റെമാതിരിചേഷ്ടിസ്സുയായ്
"നോക്കണെ!മാമകകാലവിപര്യ്യയം!
പൂക്കണക്കാരനനംഗനിപ്പോൾ,
തമ്പടക്കോപ്പുകൾസർവ്വത്രസഞ്ചയി-
ച്ചമ്പമ്പോ!വമ്പൻഞാനെന്നഭാവാൽ
മുപ്പുരാരാതിയാംമുക്കണ്ണസ്വാമിതൻ
കെൽപ്പുള്ളപള്ളിപ്പോർവില്ലുപോലും,
ലീലയായ്ക്കേവലംഖണ്ഡിച്ചയെ!തവ
ചേലമ്പൂംചെമ്പാണിപല്ലവങ്ങൾ,
പ്രീണിച്ചകൈക്കൊണ്ടോരിച്ചണ്ഡകോദണ്ഡ-
പാണിയോടല്ലയൊ മല്ലിടുന്നു!
ഓമനെ!നിന്മുഖചന്ദ്രഹാസമിന്നീ—
രാമനുനഷ്ടമായ്പ്പോകമൂലം
കാക്കാശിനാകാത്തകാമനുമെന്നോടു
നേർക്കാമൊരുകയ്യെന്നായിവന്നു!
മാനിനീമൌലെ!മജ്ജാനകി!നീയെന്ന്യ
ഞാനിനിജ്ജീവിപ്പാനാളല്ലേതും.
ചെമ്പോൽക്കസവൊളിപ്പൂവുടലാളെ!നീ-
യമ്പോടെൻകണ്ണിണക്കിമ്പമേകൂ!

പാലിലലമ്പിയപോലുള്ള നിന്മൊഴി-
യാലിന്നെൻകണ്ണും കുളിപ്പിച്ചാലും!
ഹാ നീനിനക്കയ്യോ! വല്ലതും വന്നുവൊ?
ഹാ! നിന്നെയൊന്നെന്നു കണ്ടാവൂ! ഞാൻ.
കൊണ്ടൽക്കുലങ്ങളെ! നിങ്ങളാരാനുമെൻ
കൊണ്ടൽക്കുഴലാളെയുണ്ടോ കണ്ടു?
നീലാളിപാളികെ! നിങ്ങളെങ്ങാനുമെൻ
ലോലാളകാസ്യയെയുണ്ടോ കണ്ടു?
ഓമന്നൃഗങ്ങളെ! നിങ്ങളാരാനുമെൻ
കോമളാപാംഗിയെയുണ്ടോ കണ്ടു?
ശ്രീമൽസ്തബക വിനമൽതനുവല്ലീ
സ്തോമമെ! നിങ്ങളിലാരെങ്കിലും
വക്ഷോജഭാരാവനമ്രസുഗാത്രയാ-
മക്ഷോണിജാതയെയുണ്ടോ കണ്ടു?
പൂങ്കുയിൽക്കൂട്ടമെ! നിങ്ങളെങ്ങാനുമെൻ
തേങ്കുളിർവാണിയെയുണ്ടോ കണ്ടു?
ചമ്പകവൃന്ദമെ! നിങ്ങളാരാനുമെൻ
പൊൻപല്ലവാംഗിയെയുണ്ടോ കണ്ടു?
ആരണ്യദേവതെ! കാരുണ്യവാരിധെ!
നേരററവാരുററ ചാരുമൂർത്തെ!
ഏതൽപ്രദേശത്തി, ലെൻപ്രിയപത്നിയാം
സീതയെയെങ്ങാനുമുണ്ടോ കണ്ടു"

* * * * * * *

ഇങ്ങിനെയോരോന്നു ജല്പിച്ചും, ചിത്തത്തിൽ
തിങ്ങിടുമാടലാൽ നിശ്വസിച്ചും,
തെല്ലിട പോയവാറാഹന്ത! മൂർഛിച്ച-
ക്കല്ലിടത്തുന്നുള്ള മൺപ്പടപ്പിൽ,
വീണുപോയ്; വിശ്വത്തിനാകക്കൂടിയൊരു
ത്തുണുപോലുള്ളോരപ്പുരുഷേന്ദ്രൻ,

"കാണുവാൻവയ്യേ!നമുക്കിതെ"ന്നോർത്താവാം
താണുതരണിയലകടലിൽ,
ആശകൾക്കാസ്യങ്ങളപ്രസന്നങ്ങളായ്;
ക്ലേശംഭൃശമാന്നുഖേചരന്മാർ;
ആശരസാമ്രാജ്യജൈത്രദ്ധ്വജംനിജ-
നാശഗത്തോന്നുഖമുച്ചലിച്ചു!
സ്തംഭിച്ചുനിന്നുപോയ്;ലോകമഹാചക്രം!
ജൃംഭിച്ചുവൻതമോവിഭ്രമങ്ങൾ!
ഏററമുഴറേറാടെസൌമിത്രിതൽക്ഷണം
മാററമ്പുമഗ്രജപ്പൂണാരത്തെ,
ആട്ടൽതന്നുള്ളത്തിലുള്ളതടക്കിയ-
ക്കാടണിപ്പേലവപ്പുല്ലടപ്പിൽ,
കൊണ്ടുപോയ്ശീതോപചാരശതങ്ങളെ
ക്കൊണ്ടുണർവുണ്ടാക്കിവിശ്രമിക്കെ,
ദിവ്യശകുനമടിക്കടികാൺകയാൽ
സവ്യഥനെങ്കിലുംരാമഭദ്രൻ,
തൻഭാവിജീവിതംസന്തോഷപൂർണ്ണമായ്
സംഭാവനംചെയ്തുതത്രപാർത്തു.

പിലാക്കുടി മധുസൂദനൻ ഭട്ടതിരി.

# പ്രാചീനഹിന്ദുക്കളുടെ
## യുദ്ധവും യുദ്ധസാമഗ്രികളും

പ്രാചീനഹിന്ദുക്കളുടെ ഇടയിൽ നടപ്പിലിരുന്ന യുദ്ധസമ്പ്രദായത്തേയും യുദ്ധസാമഗ്രികളേയും പററി ഹിന്ദുക്കളുടെ പഴയ ഗ്രന്ഥങ്ങളിൽ നിന്നു ചില വിവരങ്ങളെല്ലാം കിട്ടുന്നുണ്ട്. അവയെ വായനക്കാരുടെ അറിവിൽ പെടുത്തുവാനാണ് ഞാനിവിടെ ഭാവിക്കുന്നത്. ഹിന്ദുക്കളുടെ പ്രാചീ

നചരിത്രത്തെക്കുറിച്ച് ജിജ്ഞാസയുള്ളവക്ക് ഈ ഉദ്യമം ഉപകാരപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ധമ്മയുദ്ധവും കൂടയുദ്ധവും

പ്രാചീനകാലത്തു യുദ്ധത്തെ ധമ്മയുദ്ധമെന്നും, കൂടയുദ്ധമെന്നും രണ്ടുവിധത്തിൽ തിരിച്ചിരുന്നു. ഇതിൽധമ്മയുദ്ധത്തിന്നു പ്രകാശയുദ്ധമെന്നും, കൂടയുദ്ധത്തിന്നു കപടയുദ്ധമെന്നും പേരുകളുണ്ട്. ശത്രുവിനോടു നേരിട്ടുനിന്നു യുദ്ധംചെയ്യുന്നതാണ് പ്രകാശയുദ്ധം. ഇതു ധമ്മയുദ്ധമാണെങ്കിലും യോദ്ധാവ് ധമ്മിഷ്ഠനല്ലെങ്കിൽ അധമ്മയുദ്ധമായും വരാവുന്നതാണ്. മന്വാദിസ്മൃതികളിൽവിധിക്കപ്പെട്ടിട്ടുള്ളനിയമങ്ങളനുസരിച്ച് യുദ്ധം ചെയ്യുന്നതായാൽ അതു ധമ്മയുദ്ധമാകും. ആവക സ്മൃതിനിയമങ്ങൾക്കുവിരുദ്ധമായി യുദ്ധംചെയ്താൽ ആയത് അധമ്മയുദ്ധവുമാകും. കപടയുദ്ധം എന്നതു നേരിട്ടുനിന്നു പൊരുതാതെ മായകൊണ്ടു മറഞ്ഞുനിന്നോ, വിഷം-അഗ്നി എന്നിവയെ പ്രയോഗിച്ചോ ചെയ്യപ്പെടുന്ന യുദ്ധമാകുന്നു. ജയം കിട്ടുവാൻ അസാദ്ധ്യമാണെന്നു കാണുന്ന ആപൽഘട്ടങ്ങളിൽ മനു മുതലായ സ്മൃതികാരന്മാരുടെ വിധികളെ ലംഘിച്ചും ആത്മരക്ഷക്കായി അധമ്മപ്രയോഗങ്ങൾ ചെയ്യുന്നതിനെ ചാണക്യൻ മുതലായ അത്ഥശാസ്ത്രകാരന്മാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ, അതു സാധാരണന്മാരായ രാജാക്കന്മാരല്ലാതെ വിശിഷ്ടന്മാരായവർ അനുസരിച്ചിരുന്നതായി കാണുന്നില്ല.

രാജഷികളും രാജാക്കന്മാരും

ഇന്ത്യയിലെ പ്രാചീനകാലത്തെ ചരിത്രത്തെ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ രാജഷിമാർ, രാജാക്കന്മാർ എന്നിങ്ങിനെ രണ്ടുവിധത്തിലുള്ള ഭൂപാലന്മാർ അന്നുണ്ടായിരുന്നതായിക്കാണുന്നു. ശ്രീരാമൻ, ജനകൻ, ഭീഷ്മർ, യുധിഷ്ഠിരൻ, മുതലായ രാജാക്കന്മാർ രാജഷികളും രാവണൻ, ദുര്യോധനൻ, കംസൻ തുടങ്ങിയവർ

രാജാക്കന്മാരും ആണ്. ഇവരിൽ രാജൎഷിമാർ ധൎമ്മശാസ്ത്രാനുയായികളായ ധാൎമ്മികന്മാരും മററുള്ളവർ ധൎമ്മത്തെ അത്ര സാരമായിപ്പിടിക്കാതെ നീതിശാസ്ത്രത്തെ പ്രധാനമായി അവലംബിക്കുന്നവരുമായിരുന്നു. ആദ്യം പറഞ്ഞവർ യുദ്ധത്തിൽ പ്രാണാപായം സംഭവിക്കുമെന്നുള്ള ആപൽഘട്ടങ്ങളിലും യുദ്ധധൎമ്മങ്ങളെ അണുമാത്രംപോലും തെററിനടക്കുകയില്ല. അവൎക്കു പ്രാണനെക്കാൾ വലിയത് ധൎമ്മമായിരുന്നു. രാമായണത്തിലെ രാമരാവണയുദ്ധം, മഹാഭാരതത്തിലെ കുരുപാണ്ഡവയുദ്ധം എന്നിവയെ പരിശോധിച്ചാൽ ഈ സംഗതി വെളിപ്പെടുന്നതാണ്. രാവണാദികളും ദുൎയ്യോധനാദികളും ആപൽക്കാലങ്ങളിൽ മാത്രം ഉപയോഗിക്കാമെന്നു വിധിച്ചിട്ടുള്ള പ്രയോഗങ്ങളെ അങ്ങിനെയല്ലാത്ത ഘട്ടങ്ങളിൽകൂടി പ്രയോഗിച്ചതായി ധാരാളം കാണാം; എന്നാൽ, രാമാദികളും അൎജ്ജുനാദികളും അതു ചെയ്തതായി കാണുന്നില്ല.

പ്രാചീനകാലങ്ങളിൽ യുദ്ധവീരന്മാരെ ധൎമ്മയുദ്ധത്തിന്നായി പ്രേരിപ്പിക്കുന്ന പലസംഗതികളും ഉണ്ടായിരുന്നു. അവയിൽ ഒന്ന്,

"ആഹവേഷു മിഥോന്യോന്യം ജിഘാംസന്തോ മഹീക്ഷിതഃ
യുദ്ധ്യമാനാഃ പരം ശക്ത്യാ സ്വൎഗ്ഗം യാന്ത്യപരാങ്മുഖാഃ"

എന്നുള്ള മനുവിന്റെ ധൎമ്മശാസ്ത്രവചനമായിരുന്നു. നേൎക്കുനേരെയുള്ള യുദ്ധത്തിൽ മടങ്ങാതെനിന്നു മരിച്ചുപോയ രാജവീരന്മാർ സ്വൎഗ്ഗത്തെ പ്രാപിക്കുമെന്നാണല്ലോ ഇതിന്നൎത്ഥം. ഈ ധൎമ്മശാസ്ത്രവിധി കൊണ്ട് ഇന്ത്യയിൽ ധൎമ്മയുദ്ധത്തെ അനുവൎത്തിക്കുന്നവർ ധാരാളമുണ്ടാകുവാനിടയായി. എന്നുമാത്രമല്ല, യുദ്ധക്കളത്തിൽ പുറംകാട്ടി ഓടുന്നവർ വീരന്മാരല്ലെന്നുള്ള ബോധം ഉറച്ചുവരികയും ചെയ്തു.

## ധൎമ്മയുദ്ധത്തിന്റെ ലക്ഷണം.

ധൎമ്മയുദ്ധത്തിന്റെ ലക്ഷണങ്ങൾ,

"ന കൂടൈരായുധൈൎഹന്യാദ്യുദ്ധ്യമാനോ രണേരിപൂൻ
ന കൎണ്ണിഭിൎന്നാപി ദിഗ്ദ്ധൈൎന്നാഗ്നിജ്വലിതശസ്ത്രകൈഃ

> ന ച ഹന്യാൽ സ്ഥലാരൂഢം ന ക്ലീബം ന കൃതാഞ്ജലിം
> ന മുക്തകേശം നാസീനം നതവാസ്മീതി വാദിനം
> ന സുപ്തം ന വിസന്നാഹം നനഗ്നം ന നിരായുധം
> നായുധ്യമാനം പശ്യന്തം ന പരേണ സമാഗതം
> നായുധവ്യസനപ്രാപ്തം നാൎത്തം നാതിപരിക്ഷതം
> നഭീതം ന പരായത്തം സതാം ധൎമ്മമനുസ്മരൻ"

എന്നിങ്ങിനെയാണ് സ്മൃതികളിൽ പറഞ്ഞുകാണുന്നത്. യുദ്ധത്തിൽ കപടമായ ആയുധങ്ങൾ പ്രയോഗിക്കരുത്. കണ്ണികൾ * കളുള്ള ആയുധങ്ങളും പ്രയോഗിക്കരുത്. ദിവ്യങ്ങളായ ആയുധങ്ങളും പ്രയോഗിക്കരുത്. അഗ്നിദീപ്തങ്ങളായവയേയും ഉപയോഗിക്കരുത്. എന്നുതന്നെയല്ല താൻ നില്ക്കുന്ന സ്ഥാനത്തുനിന്നു മുകൾഭാഗത്തോ കീഴ്ഭാഗത്തോ നില്ക്കുന്ന എതിരാളിയേയും, നപുംസകമായ ശത്രുവിനേയും, കീഴൊതുങ്ങുവാൻ തയ്യാറായി അഞ്ജലിബന്ധം ചെയ്യുന്നവനേയും, തലമുടി അഴിഞ്ഞവനേയും, ഇരിക്കുന്നവനേയും, ശരണംപ്രാപിച്ചവനേയും, ഉറങ്ങുന്നവനേയും, യുദ്ധത്തിന്നൊരുങ്ങാത്തവനേയും, നഗ്നനായവനേയും, ആയുധമില്ലാത്തവനേയും, യുദ്ധംചെയ്യാത്തവനേയും, യുദ്ധം കാണ്മാൻ വന്നവനേയും, മറെറാരാളോടു യുദ്ധം ചെയ്യുന്നവനേയും, ആയുധംപോയവനേയും, പുത്രമരണം മുതലായവയാൽ ആൎത്തനായവനേയും, അധികം ക്ഷീണിച്ചവനേയും, ഭയപ്പെട്ടവനേയും, പരാധീനനായവനേയും യുദ്ധത്തിൽ ഹനിക്കരുത്. ഇതാണ് സജ്ജനങ്ങളുടെ ധൎമ്മം. ധൎമ്മയുദ്ധത്തിൻെറ ലക്ഷണം ചുരുക്കത്തിൽ ഇതാകുന്നു.

ഇതിന്നു പുറമേ ധൎമ്മയുദ്ധത്തിൻെറ നിയമത്തിൽ ഒരു സംഗതികൂടി നടവടിയിൽ ഇരുന്നിരുന്നു. ചതുരംഗസേനകൾ എന്നു പറയപ്പെടുന്ന ആന, കുതിര, രഥം, കാലാൾ എന്നിവയിൽ ഏതൊന്ന് ഇതോടേറ്റെതിക്കുന്നുവോ അതുമാത്ര

* കണ്ണികകൾ=ആയുധത്തിൻെറ കണ്ണുസ്ഥാനത്തുള്ള കൊളുത്തുകൾ. ഇവയുള്ള ശസ്ത്രങ്ങൾ ദേഹത്തിൽ തറച്ചാൽ പറിച്ചെടുപ്പാൻ പ്രയാസപ്പെടും.

മേ അങ്ങോട്ടും എതിക്കുവാൻ പാടുള്ളൂ. ഒരു ഗജയോധിയോട് ഒരശ്വസാദിയോ രഥിയോ കാലാളോ എതിക്കുവാൻ പാടില്ല. എന്നാൽ ഒരു ഗജത്തോട് ഒരു യുദ്ധവീരൻ നേരിട്ടുനിന്ന് അടവുകൾ കാണിച്ച് യുദ്ധം ചെയ്യുന്നതിന്നു വിരോധമുണ്ടായിരുന്നില്ല. പ്രാചീനകാലത്തെ യുദ്ധങ്ങളെ പരിശോധിച്ചാൽ ഈ സംഗതി വെളിവാകുന്നതാണ്. മഹാഭാരതത്തിലെ കുരുപാണ്ഡവയുദ്ധംതന്നെ ഇതിന്നു മതിയായ ഉദാഹരണമാണ്.

ധനുർവ്വേദം.

ധർമ്മയുദ്ധം ചെയ്യുന്നവക്ക് യുദ്ധസ്ഥലം, വ്യൂഹനിർമ്മാണം, ആയുധങ്ങൾ, ആയുധഭേദങ്ങൾ, പ്രയോഗഭേദങ്ങൾ മുതലായ സംഗതികൾ മനസ്സിലാക്കിക്കൊടുക്കുന്നതിന്നു ധനുർവ്വേദം എന്ന ശാസ്ത്രം പണ്ടു ഹിന്തുക്കളുടെ ഇടയിൽ നടപ്പുണ്ടായിരുന്നു. ഇത് അഥർവ്വവേദത്തിൻെറ ഉപവേദമാണെന്നാണു പറഞ്ഞുവരുന്നത്. എന്നാൽ ഹിന്തുക്കളുടെ ആ ധനുർവ്വേദം ഇന്നു ലോപിച്ചുപോയിരിക്കുന്നു. അഥർവ്വവേദത്തിൽനിന്ന് വിഷയങ്ങളെ സംഗ്രഹിച്ച് ധനുർവ്വേദത്തെ വേറിട്ടുണ്ടാക്കിയതു വിശ്വാമിത്രമഹർഷിയാണെന്നു ചിലർ പറയുന്നുണ്ട്. ഈ ധനുർവ്വേദത്തെസ്സംബന്ധിച്ച ചിലവിവരങ്ങൾ മഹാപണ്ഡിതനായ മധുസൂദനസരസ്വതി 'മഹിമ്നഃസ്തോത്ര'ത്തിൻെറ വ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്. ആകയാൽ മധുസൂദനസരസ്വതിക്ക് ധനുർവ്വേദത്തെപ്പററി തക്കതായ അറിവുണ്ടായിരുന്നുവെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. ഇന്നും കാണപ്പെടുന്നതായി 'വൈശമ്പായനനീതി' എന്നൊരു ചെറിയ ഗ്രന്ഥമുണ്ട്. അതിൽമുഴുവൻ യുദ്ധത്തെസ്സംബന്ധിച്ച വിഷയങ്ങളാണടങ്ങിയിരിക്കുന്നത്. അനേകവിധത്തിലുള്ള അസ്ത്രശസ്ത്രങ്ങളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ പറയുന്നുണ്ട് എന്നാണ് കാണുന്നത്. ഇതുകൂടാതെ, ധനുർവ്വേദത്തിന്നു ശിവധനുർവ്വേദമെന്നും വ്യാസധനുർവ്വേദമെന്നും രണ്ടു വകഭേദങ്ങളു

ണ്ടെന്നു ചിലർ പറയുന്നു. ആരണ്ടു ധനുർവ്വേദങ്ങളിലേയും സംഗതികൾ ചേർന്നതെന്നനിലയിൽ ഒരു ചെറിയഗ്രന്ഥം അച്ചടിച്ചു പ്രസിദ്ധംചെയ്തിട്ടുമുണ്ട്.

ഇതിന്നും പുറമെ, അഗ്നിപുരാണത്തിൽ അന്തർഭവിച്ചതെന്നു വിശ്വസിക്കപ്പെടുന്ന ഒരു ചെറിയഗ്രന്ഥവും ഉണ്ട്. അതിൽ ധനുർവ്വേദം പഠിക്കുന്ന ശിഷ്യന്മാരെ വേദാരംഭംചെയ്യിക്കേണ്ട ക്രമങ്ങളെപ്പററിയും, ചില ആയുധങ്ങളെപ്പററിയുമാണ് പറഞ്ഞിരിക്കുന്നത്. ഈ ഗ്രന്ഥം തഞ്ചാവൂർ ഗ്രന്ഥശാലയിൽ സൂക്ഷിച്ചിട്ടുമുണ്ട്. ചുരുക്കിപ്പറയുന്നതായാൽ, മൽവിവരിച്ചപ്രകാരം ധനുർവ്വേദത്തിൻെറ നഷ്ടശിഷ്ടമായ ചില 'പൊട്ടും പൊടി'യുമല്ലാതെ, യഥാർത്ഥമായ ധനുർവ്വേദം ഇതേവരെ ചെയ്ത പരിശോധനകളിൽനിന്നു ആർക്കും കണ്ടുകിട്ടീട്ടില്ല. പ്രാചീനഹിന്ദുക്കളുടെ വിശിഷ്ടശാസ്ത്രങ്ങളിൽ ഒന്നായ ധനുർവ്വേദം കാലചക്രത്തിൻെറ തിരിച്ചിലിൽപെട്ടു അദൃശ്യമായിത്തീൎന്നതിൽ ഏവരും വ്യസനിക്കാതിരിക്കയില്ല.

## ആകാശയുദ്ധം.

പ്രാചീനകാലങ്ങളിൽ ആകാശവീഥിയിൽ നിന്നുകൊണ്ടുള്ള യുദ്ധം ധാരാളം നടപ്പുണ്ടായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. രാമായണത്തിൽ പറയുന്ന പുഷ്പകവിമാനത്തിൻെറ കഥ വെറും കെട്ടുകഥയാണെന്നാണ് പാശ്ചാത്യപരിഷ്കാരികൾ പറഞ്ഞിരുന്നത്. എന്നാൽ അടുത്തകാലത്തുണ്ടായ യൂറോപ്യൻമഹായുദ്ധത്തിൽ സൈന്യങ്ങളുടെ ഒരു പ്രധാനാംഗമായ ആകാശവിമാനങ്ങൾ ഉണ്ടാക്കി ഉപയോഗിച്ചതുകണ്ടപ്പോൾ പുഷ്പകവിമാനമെന്നതു കേവലം ആകാശപുഷ്പമല്ലെന്നു അവരും പറഞ്ഞുതുടങ്ങിയിരിക്കുന്നു. ഈ വക ആകാശവിമാനങ്ങളെപ്പററി പൂർവ്വന്മാർക്കു നല്ല വിവരമുണ്ടായിരുന്നു എന്നതിന്നു തക്കതായ ലക്ഷ്യങ്ങൾ കാണപ്പെടുന്നുണ്ട്. ശത്രുവിൻെറ സൈന്യശക്തിയെ പരീക്ഷിപ്പാനായി നായകൻെറ ചാരന്മാർ ആകാശമാർഗ്ഗത്തൂടെ ചെന്ന് ഗൂഢമായി

വിവരങ്ങളറിഞ്ഞു നായകന്നറിവുകൊടുത്തതായിട്ടുള്ള കഥകൾ വളരെയുണ്ട്. എന്നുതന്നെയല്ല, ആകാശവീഥിയിൽ വെച്ചുതന്നെ യുദ്ധങ്ങൾ ചെയ്തിരുന്നതായ കഥകളും കാണുന്നുണ്ട്. ആവക സംഗതികൾ നടക്കേണമെങ്കിൽ ആകാശവിമാനങ്ങൾ നിർമ്മിക്കുവാനുള്ള വിദ്യ പൂർവ്വന്മാർ അറിഞ്ഞിട്ടുണ്ടായിരിക്കണമെന്ന് ഊഹിക്കാമല്ലോ. ആകാശത്തിലും സമുദ്രത്തിലും സഞ്ചരിക്കുന്ന ഒരുതരം വിമാനത്തെപ്പററിവേദത്തിൽത്തന്നെ തുഗ്രകഥാപ്രസ്താവത്തിൽ പറഞ്ഞിട്ടുണ്ട്. ആകയാൽ നാം പൂർവ്വന്മാരുണ്ടാക്കിയ പുരാണങ്ങളിലെ കഥകളെ നിന്ദിക്കുകയല്ലാ, അവയിലടങ്ങിയിരിക്കുന്ന സംഗതികളുടെ ഗൂഢതത്വം കണ്ടുപിടിപ്പാൻ ശ്രമിക്കുകയാണു വേണ്ടത്. ഏതായാലും യൂറോപ്യൻസമരത്തോടുകൂടിവാല്മീകിയുടെ രാമായണം വാസ്തവമായിക്കൂടായ്കയില്ലെന്നുപരിഷ്കാരികൾ സമ്മതിച്ചുതുടങ്ങിയതുതന്നെ വലിയ കാര്യമാണ്. പൂർവ്വന്മാരുടെ ആകാശവിമാനനിർമ്മാണത്തെപ്പററി അധികവിവരങ്ങൾ അറിയേണമെങ്കിൽ 'ബറോഡാലൈബ്രറി സീരീസ്' എന്ന ഗ്രന്ഥമാലവാങ്ങി വായിച്ചാൽമതി.

നാവികയുദ്ധം.

---

പ്രാചീനഹിന്തുക്കൾക്കു കപ്പൽനിർമ്മാണവും അറിയപ്പെട്ടിരുന്നു എന്നും, അവരുടെ ഇടയിൽ നാവികയുദ്ധം നടപ്പുണ്ടായിരുന്നു എന്നും അറിവാനുള്ള പ്രമാണങ്ങൾ കാണുന്നുണ്ട്. മഹാനായ അലക്സാണ്ടർ ഇന്ത്യയിലേക്കു പടവെട്ടി പുറപ്പെട്ടപ്പോൾ സമുദ്രമാർഗ്ഗമായി കുറേ സൈന്യങ്ങളെ ഇന്ത്യയിലേക്കയയ്ക്കേണ്ടതിന്ന് പഞ്ചാബികളാൽ നിർമ്മിക്കപ്പെട്ട കപ്പലുകളിൽ കയറി പേർഷ്യയിലേക്കു പോയതായി ലക്ഷ്യങ്ങളെക്കൊണ്ടു തെളിഞ്ഞിട്ടുണ്ട്. എന്നുതന്നെയല്ല, യുദ്ധചരിത്രവിഷയമായി കണ്ടുകിട്ടിയിട്ടുള്ള ദീപവംശം, മഹാവംശം എന്ന ഗ്രന്ഥങ്ങളിൽ ലങ്കാദ്വീപുകാരും ഇന്ത്യക്കാരും തമ്മിൽ പലപ്പോഴും നാവികയുദ്ധങ്ങൾ ഉണ്ടായതായി പറഞ്ഞിട്ടുണ്ട്. ഇങ്ങിനെ ഉണ്ടായിട്ടുണ്ടെന്നുള്ളതിലേക്കു തെളിവുകൾ ശിലാശാസനങ്ങളിൽ നിന്നുതന്നെ കിട്ടിയിട്ടു

ണ്ട്. ഇതിന്നുംപുറമേ, ചേരൻ ചെങ്കുട്ടവൻ എന്നു പേരായ ഒരു ദ്രാവിഡരാജാവ് സമുദ്രത്തിൽവെച്ച് നാവികയുദ്ധം ചെയ്തതായി ചില തമിഴ് ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

**കോട്ടയും പീരങ്കിയും.**

പ്രാചീനകാലത്തെ യുദ്ധങ്ങളിൽ മുഖ്യമായ ഒരു സ്ഥാനം കോട്ടയായിരുന്നു. ഈ കോട്ടകൾ കെട്ടേണ്ട സമ്പ്രദായങ്ങളെപ്പററിയും അവയിൽ ശേഖരിക്കേണ്ട സാധനങ്ങളെപ്പററിയും പ്രായേണ എല്ലാ അർത്ഥശാസ്ത്രഗ്രന്ഥങ്ങളിലും പറഞ്ഞുകാണുന്നുണ്ട്. തിരുക്കുറൾ എന്ന പ്രമാണപ്പെട്ട തമിഴ് ഗ്രന്ഥത്തിലും ഈവിഷയം പ്രസ്താവിച്ചിട്ടുണ്ട്. കോട്ടകൾക്കു ചുററും ഉന്നതങ്ങളായ മതിലുകളും അവയെ ചുററി ഒന്നുമുതൽ മൂന്നുവരെ കിടങ്ങുകളും അവക്കു ചുററും വനങ്ങൾ മരുഭൂമികൾ മുതലായവയും ഉണ്ടായിരുന്നതായി കാണുന്നുണ്ട്. കോട്ടമതിലുകളുടെ മുകളിൽ പലവിധത്തിലുള്ള യന്ത്രങ്ങളും ആയുധങ്ങളും വെക്കപ്പെട്ടിരുന്നുവെന്നും ശത്രുക്കൾ ആക്രമണത്തിന്നു വരുമ്പോൾ അവയെ ഉപയോഗിച്ചിരുന്നുവെന്നും കാണുന്നുണ്ട്. പ്രാചീനയോദ്ധാക്കൾക്ക് പ്രത്യേകതരത്തിലുള്ള ഒരു എണ്ണയെപ്പററി അറിവുണ്ടായിരുന്നുവത്രെ. ആ എണ്ണയിൽ ശീല നനച്ചുകൊളുത്തി എറിഞ്ഞാൽ മേൽപ്പറഞ്ഞ യന്ത്രങ്ങളിൽനിന്നു താനേ തീ പുറപ്പെട്ടിരുന്നു. പ്രാചീനഹിന്തുക്കൾ ഈ എണ്ണ ഉപയോഗിച്ചിരുന്നതായി മെഗാസ്തനീസ്സിൻെറ (Megasthenes) റിപ്പോർട്ടുകളിൽ പറഞ്ഞിട്ടുണ്ട്. പീരങ്കികളും തോക്കുകളും സുലഭമായിരുന്നുവെന്നും മേപ്പടിറിപ്പോർട്ടിൽ കാണുന്നുണ്ട്. വെടിമരുന്നിനെപ്പററി ശുക്രനീതി എന്ന ഗ്രന്ഥത്തിൽ വിസ്തരിച്ചുപറഞ്ഞിട്ടുണ്ട്. ഹാൾഹെഡ് (Halhead) വിൽസൻ(Wilson)ഓപ്പർട്ട് (Oppert) തുടങ്ങിയ ആംഗലേയ വിദ്വാന്മാർ പണ്ട് ഇന്ത്യയിൽ വെടിമരുന്നുനിറച്ച ആയുധങ്ങൾ സുലഭമായിരുന്നുവെന്നും, യുദ്ധത്തിൽ അവ ഉപയോഗപ്പെടുത്തിയിരുന്നുവെന്നും ഉറപ്പായി പറയുന്നുണ്ട്.

## ആയുധങ്ങൾ

യുദ്ധത്തിന്നുപയോഗിക്കപ്പെടുന്ന ആയുധങ്ങളെപ്പററിയ പല വിവരങ്ങളും വൈശമ്പായനനീതിയിൽ പറഞ്ഞിട്ടുണ്ട്. ആയുധങ്ങളെ മൂന്നു വിധമായിട്ടാണ് ആ ഗ്രന്ഥത്തിൽ തിരിച്ചിട്ടുള്ളത്. അഗ്നിപുരാണത്തിലും ആയുധവർണ്ണനം കാണുന്നുണ്ട്. ആയതിലാകട്ടെ അഞ്ചു വിധമായിട്ടാണ് അവയെ തിരിച്ചിരിക്കുന്നത്. (1) മുക്തം=എറിഞ്ഞു പ്രയോഗിക്കുന്നത്, (2) മുക്താമുക്തം=എറിയപ്പെട്ടതിന്നു ശേഷം തിരികെതന്നെ വരുന്നത്, (3) മന്ത്രമുക്തം=മന്ത്രത്താൽ പ്രയോഗിക്കപ്പെടുന്നത്, (4) യന്ത്രമുക്തം=യന്ത്രത്താൽ പ്രയോഗിക്കപ്പെടുന്നത്, (5) ഉഭയമുക്തം=മന്ത്രത്താലും യന്ത്രത്താലും കൂടി പ്രയോഗിക്കപ്പെടുന്നത്—ഇങ്ങിനെയാണ് ആയുധങ്ങളുടെ അഞ്ചു വകഭേദങ്ങൾ. ഇവയിൽ ആദ്യം പറഞ്ഞ 'മുക്തവർഗ്ഗ'ത്തിൽപെട്ടവ അസ്ത്രം മുതലായവയും, 'മുക്താമുക്ത'വർഗ്ഗത്തിൽപെട്ടവ ഖഡ്ഗം ഈട്ടി മുതലായവയും ആകുന്നു. ഇതുപോലെ മററുള്ളവയേയും ഊഹിക്കണം. ഖഡ്ഗങ്ങൾതന്നെ പല ഭേദങ്ങളോടുകൂടി ഉണ്ട്. യോദ്ധാക്കന്മാർ ഇരിമ്പുകൊണ്ടും തോൽകൊണ്ടുമുള്ള കവചങ്ങളെധരിക്കുകയും, വില്ലും അമ്പും വാളും സദാ ധരിച്ചുകൊണ്ടിരിക്കുകയും ചെയ്തിരുന്നു. ഖഡ്ഗങ്ങൾ സാധാരണമട്ടിലുള്ളതുകൂടാതെ നവരത്നങ്ങൾ പതിക്കപ്പെട്ടവയായും ഉണ്ടായിരുന്നു. ഇങ്ങിനെ നവരത്നാദികളെക്കൊണ്ടുള്ള അലങ്കാരം അസ്ത്രങ്ങൾക്കുമുണ്ടായിരുന്നു. അംഗുലിത്രാണവും (=വിരലുറ; Finger Protection) പണ്ടു യുദ്ധവീരന്മാർ ധാരാളം ഉപയോഗിച്ചിരുന്നതായി കാണുന്നുണ്ട്. ഇപ്രകാരം സാധാരണയായുള്ള ആയുധങ്ങളെ കൂടാതെ കപടയുദ്ധത്തിന്നുപയോഗിക്കേണ്ട ആയുധങ്ങളും പണ്ടുണ്ടായിരുന്നു. വിഷം അഗ്നി മുതലായവയോടുകൂടിയ അത്തരം ആയുധങ്ങൾ കൌടില്യന്റെ അർത്ഥശാസ്ത്രത്തിൽ പറയപ്പെട്ടിട്ടുണ്ട്.

ഔഷധയോഗങ്ങൾ

എതിർപക്ഷത്തിലുള്ള സൈന്യങ്ങളെ മോഹാലസ്യപ്പെടുത്തുവാനും കൊല്ലുവാനും ഉപകരിക്കുന്ന വിഷവായുക്കൾ മുതലായവയെപ്പററി അടുത്തു കഴിഞ്ഞ ലോകമഹായുദ്ധത്തിൽ നാം കേട്ടിട്ടുണ്ടല്ലൊ. അതൊക്കെയും ഔഷധയോഗങ്ങളാണെന്നുള്ളതിന്നു സംശയമില്ല. എന്നാൽ, കപടപ്രയോഗങ്ങൾ പറയുന്ന കൂട്ടത്തിൽ കൌടില്യൻെറ അൎത്ഥശാസ്ത്രത്തിൽ വേറെയും ചില ഔഷധയോഗങ്ങൾ പറയപ്പെട്ടിട്ടുണ്ട്. ആളെ കാണാതെയിരിപ്പാനുള്ളവയും, അഗ്നി വിഷം മുതലായവ ദേഹത്തിൽ ഏല്ക്കാതിരിപ്പാനുള്ളവയും, ഇരുട്ടത്തു കണ്ണുകാണാനുള്ളവയും മററുമായി അനേകം ഔഷധയോഗങ്ങളെ കൌടില്യൻ പറഞ്ഞിട്ടുണ്ട്. ഇതൊക്കെയും ഒരു ജാതിയിലുള്ള മായാപ്രയോഗങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. കപടയുദ്ധങ്ങളിൽ അവയെ പ്രാചീനഹിന്ദുക്കൾ ധാരാളമായി ഉപയോഗിച്ചുവന്നിരിക്കുമെന്നു തീൎച്ചയാണ്.

കാലത്താൽ വന്ന മാററങ്ങൾ

വളരെ ദൂരം പോകുന്ന തോക്കുകൾ സുലഭമായി വന്നതോടുകൂടി കോട്ടകൾ യുദ്ധത്തിന്നു പണ്ടത്തെപ്പോലെ അത്ര അധികം വേണ്ടെന്നായി എന്ന് ഒരു ആംഗ്ലേയയുദ്ധവിദഗ്ദ്ധൻ പറഞ്ഞിട്ടുണ്ട്. എന്നാൽ കോട്ടകളുടെ ഗൌരവത്തിന്നു കാരണമായി അവയെക്കൊണ്ടു വേറെയും പ്രയോജനങ്ങളുണ്ടെന്നും ഏതു കാലത്തെ യുദ്ധങ്ങളിലും കോട്ടകൾ എററക്കുറെ ആവശ്യമുള്ളവയാണെന്നും വേറെ ചിലരും അഭിപ്രായപ്പെടുന്നുണ്ട്. പണ്ടത്തെ യുദ്ധങ്ങളിൽ ആനകളും രഥങ്ങളും അതിപ്രധാനമായ രണ്ടെണ്ണമായിരുന്നുവല്ലൊ. എന്നാൽ ക്രി. പി. 1000_ാമാണ്ടിന്നു ശേഷം ഇതു രണ്ടും ക്രമേണ കുറയുവാൻ തുടങ്ങി. കോട്ടവാതിലുകളിൽക്കൂടെ എതിൎത്തുകയറി കോട്ടയിൽനിന്നുള്ള പീരങ്കിയുണ്ടകളെപ്പോലും സാരമാക്കാതെ യുദ്ധംചെയ്ത ചില ഭാരതീയവീരന്മാരുടെ

ശൌര്യപരാക്രമങ്ങളെപ്പററി മഹാനായ അലക്സാണ്ടർവളരെ ആശ്ചര്യപ്പെട്ടകയുണ്ടായിട്ടുണ്ട്. അക്കാലത്തിന്നുശേഷം ആനകളുടേയും രഥങ്ങളുടേയും ഉപയോഗം ക്രമേണ കുറഞ്ഞുവരികയേ ഉണ്ടായിട്ടുള്ളു. രാജരാജചോഴൻെറ കാലത്തുണ്ടായ ചില യുദ്ധങ്ങളെപ്പററി വിവരിച്ചിട്ടുള്ളതിൽ അന്നു യുദ്ധത്തിൽ ആനകളുണ്ടായിരുന്നതായി പറയുന്നില്ല. ആനകൾ ഇല്ലാതാവുന്നതിന്നു മുമ്പുതന്നെ തേരുകൾ ലുപ്തപ്രായമായിതീൎന്നിരിക്കണം. എന്നാൽ പ്രാചീനകാലത്തെ യുദ്ധങ്ങളിൽ ആനപ്പുറത്ത് കയറിയ യോദ്ധാക്കൾ ഗദ, തോമരം, പരശു, പട്ടിസം, ശൂലം മുതലായ ആയുധങ്ങളെ എതിരാളികളുടെ നേരെ പ്രയോഗിച്ചിരുന്നതായി ധാരാളം പറഞ്ഞുകാണുന്നുണ്ട്. തേരിൽ കയറിയുള്ള യുദ്ധത്തെപ്പററി പറയേണ്ടതുമില്ലല്ലൊ. ആകയാൽ തേരുകളും ആനകളും നാമാവശേഷമായത് വ്യസനിക്കത്തക്ക സംഗതിയാണ്.

പരിഷ്കാരം വൎദ്ധിക്കുംതോറും യുദ്ധത്തിൽ വന്നുകാണുന്ന ഒരുപരിണാമം ദൂരപ്രഹാരികളായ തോക്കുകളുടേയും യന്ത്രത്തോക്കുകളുടേയും ആധിക്യമാണ്. അധികം ശത്രുയോധന്മാരെ ഒന്നിച്ച് കൊല്ലുവാനുപകരിക്കുന്ന സാധനങ്ങൾക്കാണടുത്ത കാലത്തായി വലിയ പ്രചാരമുണ്ടായിരിക്കുന്നത്. ശത്രുക്കളെ മുഖത്തോട്ടുമുഖം കാണാതെ വളരെ അകലത്തുനിന്നുതന്നെ അവരെ കൊല്ലുവാനുപകരിക്കുന്ന യന്ത്രങ്ങളും അവയുടെ പ്രയോഗവുമാണ് ഇക്കാലത്ത് അധികമായി വൎദ്ധിച്ചിരിക്കുന്നത്. ആകയാൽ ഇന്നത്തെ യുദ്ധം പണ്ടത്തെ ധൎമ്മയുദ്ധത്തിൽനിന്നു തുലോം വ്യത്യാസപ്പെട്ടിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലൊ. പിന്നെ ഒന്നു പറവാനുള്ളത് നായകനെ സംബന്ധിച്ചാണ്. നായകൻ എന്നു വെച്ചാൽ രാജാവെന്നൎത്ഥം. പണ്ടു യുദ്ധത്തിൽ രാജാവ് ഒരു യോദ്ധാവിൻെറ നിലയിൽ പങ്കുകൊണ്ടിരുന്നു. ഇന്ന് ആ സമ്പ്രദായവും പോയിരിക്കുന്നു.

ഇങ്ങിനെ കാരോന്നായി നോക്കുമ്പോൾ പ്രാചീനഹിന്തുക്കൾക്ക് യുദ്ധവിദ്യയെപ്പററി അഗാധമായ അറിവുണ്ടായിരുന്നു എന്നും, ഇക്കാലത്ത് പാശ്ചാത്യശാസ്ത്രപ്രചാരംകൊണ്ടു യുദ്ധവിദ്യയിൽ ഉണ്ടായിട്ടുള്ള പരിഷ്കാരം പ്രാചീനഹിന്തുക്കളുടേതിനെ അതിശയിക്കത്തക്കതല്ലെന്നും, കാലാന്തരംകൊണ്ടു യുദ്ധവിദ്യയ്ക്കുണ്ടായിട്ടുള്ള പരിഷ്കാരത്താൽ പണ്ടത്തെ ധർമ്മയുദ്ധമര്യാദകൾ നാമാവശേഷമായിപ്പോയെന്നും തെളിയുന്നതാകുന്നു *

കെ. വി. എം.

# ഒരു കൃതഘ്നഭടൻ.

[ശ്രീ വഞ്ചി മാർത്താണ്ഡവർമ്മമഹാരാജാവിനെ ഒരു ഭടൻ വധിക്കുവാൻ തരം നോക്കി പുറപ്പെടുന്നു]

1 ദുരാത്മനീയിളയുടെഭാഗ്യവല്ലികാ-
ങ്കുരാദ്യവാർതളിരുമറുത്തുനിർദ്ദയം
ദുരാശയാംവധുവിനുമെത്തതീക്കുവാൻ
കരാളമാംകരമഹ!നീട്ടിടുന്നുവോ?
2 അറയ്ക്കുകംഖലഭട!നിന്നെവിശ്വസി-
ച്ചുറങ്ങിടുംക്ഷിതിപതികല്പകദ്രുമം
അറക്കയോരിപുജനസേവയാംവെറും
തറയ്ക്കുമേൽദുരയുടെമേടതീക്കുവാൻ?
3. തടുക്കുവാനിരുളിനെയെണ്ണയുംനിറ-
ച്ചുടുക്കൽവച്ചൊരുചെറുകൈവിളക്കതാൻ

* ഈ ലേഖനം എഴുതുന്നതിൽ കൌടില്യൻെറ അർത്ഥശാസ്ത്രം, ആഗ്നേയപുരാണത്തിൽനിന്നെടുത്ത് എഴുതിയ ഒരു ഗ്രന്ഥം എന്നിവയും 'സ്വദേശമിത്രൻ' എന്ന തമിഴ്പത്രവും വളരെ ഉപകരിച്ചിട്ടുണ്ട്.

പൊടുന്നനെപ്പൃഥികനെയുണ്ണുവാനിള-
ക്കിടുന്നതന്നനുപമമഹേതിനാവിനേ!

4. ഉണർന്നെഴുംജഗദധിപന്റെയുഗ്രവീ-
ക്ഷണങ്ങളാമരുണകഠോരരശ്മിയാൽ
പണക്കൊതിക്കുളിർമരനീരകത്തില-
ക്കണക്കെഴുന്നവനു ചുടുന്നതെങ്ങിനെ?

5 വലംകരാപ്രതിമഭുജംഗപുംഗവോ-
ച്ചലൽഭയംകരരസനാഗ്രമെന്നപോൽ
ജ്വലൽപ്രഭംവിലസിയതിവലോകമാം
ഖലന്റെവാൾനൃപഗൃഹരത്നഭിത്തിമേൽ.

6 സ്വതന്ത്രനാംയുവഭടവീരനേകനായ്
കൃതഘ്നതാവധുവിനെയാദ്യമായ്ത്തൊടാൻ
ദ്രുതംമുറിക്കകമൊരുകാലുവെയ്ക്കവേ
പതച്ചുപോയ്ക്കരളുടൽവേർത്തുനിർഭരം.

7 വരാളമാംമണലിൽമറഞ്ഞുപാമ്പുപോൽ
നരാധമാഗ്രിമരുടെപുഞ്ചിരിക്കകം
ധരാതലംഭയനടരംഗമാക്കുവാൻ
ചിരാലെഴുംകൊടിയകൃതഘ്നതേ,തൊഴാം!

8 തടത്തിൽനിശ്ചലതകലർന്നുഭീമമായ്-
ക്കിടന്നിടുംകടലൊടിടഞ്ഞിടുംപടി
കിടക്കമേലതിസുഖനിദ്രചെയ്കയാ-
മിടംചെരിഞ്ഞിളയുടെജീവനായകൻ.

9 വരിഷ്ഠയാംനിജപുരലക്ഷ്മിതൂകിടും
ചിരിക്കുനേർവിലസിനവെള്ളമെത്തമേൽ
ചെരിഞ്ഞു കൺപകുതിതുറന്നുറങ്ങിടു-
ന്നരിന്ദമൻഖലനഭയംവളർത്തിനാൻ.

10 സുരമ്യമാംസിതഭസിതംകുറച്ചുമാ-
ഞ്ഞൊരപ്പുരപ്പുടയമനോജ്ഞമാറിടം

സ്വരൽക്കരോത്ഭവകുലലക്ഷ്മിവിട്ടതി–
ല്ലരക്ഷണംനൃവരനുറങ്ങിടുമ്പൊഴും

11 ഭയംകളഞ്ഞരികെയണഞ്ഞുമെല്ലെനി–
ർദ്ദയംനിജപ്രഭുവധലോഭിവഞ്ചകൻ
ഉയൎന്നുവാൾ!—അയികുലശേഖരോർവ്വി, നീ
പ്രിയന്റെയച്ചുടുനിണമേല്പതെങ്ങിനെ!

12 പെരുത്തമാലെഴുമറ, ജാലകോല്ലസ–
ന്മരുല്ലലൽജ്ജവനികയാംനിജാധരം
കരുത്തനാംഭടനൊടുനന്ദികേടിനാ–
യൊരുങ്ങൊലെന്നരുളിടുവാനിളക്കിനാൻ

13 ഇടിക്കുനേരൊരുരവ, മക്കൃപാണിചെ–
ന്നടിച്ചതാണുപരിതുലാത്തിലേതിലോ
മടിച്ചിടാതറപതിരക്ഷണത്തിനായ്
പിടിച്ചമാററിയുടെവാൾക്കുനേൎക്കമേ!

14 പിടഞ്ഞെണീററിതുനൃപ, നന്തികസ്ഥനാം
ഭടന്റെമേൽദ്ധൃതിയൊടുചാടിരുഷ്ടനായ്
തടത്തിലുള്ളൊരുകുടിലിന്റെമേൽവിശ–
ങ്കടക്കടൽക്കടയതരംഗമെന്നപോൽ.

15 ‘കൃതജ്ഞെ!’യട്ടൊടുനൃപവീരനോതിനാൻ
“ചിതംനിനക്കിതുബഹുധൈൎയ്യശാലി നീ
അതന്ദ്രമെൻഗളരുധിരാൽസഖേ, ഭവൽ–
പ്രതപ്തമാമസിയുടെതൃഷ്ണതീൎക്കക”.

16 കരവാൾവിരോധിയുടെകല്ലൊടേററിടും
കരളിൽക്കടത്തികടയോളവുംനൃപൻ
അരമശ്ശ്രുവംപെറവകൾക്കതെല്ലുനാൾ–
ക്കിരയാക്കുവാൻഭടരെറിഞ്ഞുദൂരവേ.

ജി. ശങ്കരക്കുറുപ്പ്.

## ദേവാലയങ്ങളിലെ

# പുരാണപ്രവചനം.

---

ഒരു മനുഷ്യന്നെന്നപോലെ ഒരു സമുദായത്തിന്നും മതസംബന്ധമായ അറിവ് ഒഴിച്ചുകൂടുവാൻ വയ്യാത്തതാണ്. മതസംബന്ധമായ അറിവുകൊണ്ടാണ് എല്ലാവൎക്കും മനസ്സംസ്കാരവും സദാചാരനിഷ്ഠയും ഉണ്ടായിത്തീരുന്നത. ലോകത്തിൽ ഏതു രാജ്യത്തിന്റെ ചരിത്രം നോക്കിയാലും രാഷ്ട്രീയമായ ഉണൎച്ചയ്ക്കു മുമ്പായി മതസംബന്ധമായ ഉണൎച്ചയാണ് ഉണ്ടായതെന്നു കാണാം. അതുകൊണ്ട് ഏതു രാജ്യക്കാൎക്കും ഏതു സമുദായക്കാൎക്കും മതപഠനം അപരിഹാൎയ്യമാണെന്നു തന്നെ പറയാവുന്നതാണ്. ഹിന്ദുക്കളെ സംബന്ധിച്ചേടത്തോളം നോക്കിയാൽ അവരുടെ മതസംബന്ധമായ തത്വങ്ങൾ വേദം, ശാസ്ത്രം, പുരാണം എന്ന മൂന്നു തരം ഗ്രന്ഥങ്ങളിലായിട്ടാണു നിക്ഷേപിച്ചിട്ടുള്ളതെന്നു കാണാം. ഇവയിൽ വേദവും ശാസ്ത്രവും വിദ്വാന്മാൎക്കു മാത്രമേ ഉപകാരപ്രദമാകുവാൻ തരമുള്ളു. സാധാരണക്കാൎക്കു മതബോധം ഉണ്ടാക്കുവാൻ പുരാണങ്ങൾ തന്നെയാണ് ശരണമായിട്ടുള്ളത്. പുരാണങ്ങളുടെ കൎത്താവ് അവയെ നിൎമ്മിച്ചതു തന്നെ ഗഹനങ്ങളായ വേദശാസ്ത്രങ്ങളെക്കൊണ്ട് ജനങ്ങൾക്കു പരക്കെ ആത്മബോധവും സന്മാൎഗ്ഗനിഷ്ഠയും ഉണ്ടാക്കുവാൻ സാധിക്കാത്തതിനാൽ അവരുടെ ആവശ്യത്തിന്നു കുറെക്കൂടി സുഗമമായ ഒരു മാൎഗ്ഗം കണ്ടുപിടിച്ച് തെളിയിക്കേണമെന്നുദ്ദേശിച്ചിട്ടാണ്. ആ ഉദ്ദേശം അദ്ദേഹം പുരാണപ്രണയനം കൊണ്ട് പൂൎണ്ണമായി സാധിക്കയും ചെയ്തു.

'പുരാണങ്ങൾ' എന്നതിന്നു പണ്ടുകാലങ്ങളിൽ നടന്നിട്ടുള്ള കഥകൾ എന്നാണ് അൎത്ഥം. പണ്ടത്തെ ഓരോ രസകരങ്ങളായ കഥകളെ വൎണ്ണിച്ച് അവയിൽ ചിലൎക്കു സ

ദ്വിചാരവും സന്മാർഗ്ഗനിഷ്ഠയും നിമിത്തം ശ്രേയസ്സുണ്ടായതായും, മററു ചിലക്ക് ദുർവിചാരവും ദുർമ്മാർഗ്ഗസക്തിയും നിമിത്തം നാശം സംഭവിച്ചതായും പറഞ്ഞ് ശ്രോതാക്കളെ ദുർവ്വിചാരത്തിൽനിന്നും ദുർമ്മാർഗ്ഗത്തിൽനിന്നും നിവർത്തിപ്പിച്ച് സദ്വിചാരത്തിലും സന്മാർഗ്ഗത്തിലും പ്രവർത്തിപ്പിക്കുകയാണ് പുരാണങ്ങളുടെ പ്രയോജനം. അപാരമായ ഈ കഥാപ്രവാഹത്തിൽ പ്രസക്താനുപ്രസക്ത്യാ പല ഉപകഥകളും ചോദ്യോത്തരങ്ങളും പറയേണ്ടതായിവരികയും, തദ്വാരാ വേദശാസ്ത്രാദികളുടെ തത്വങ്ങൾ ഉദാഹരണമുഖേന വിശദീകരിക്കുവാനിടവരികയും ചെയ്യുന്നു. ഇങ്ങിനെ പുരാണകർത്താവ് ശ്രോതാക്കളെ എല്ലാം വശീകരിച്ച് തന്റെ വശത്താക്കി അവക്ക് രസകരമായ രീതിയിൽ തത്വോപദേശം ചെയ്യുന്നു. ഇതാണു പുരാണങ്ങൾക്കുള്ള ഒരു മെച്ചം.

ഇങ്ങിനെയുള്ള പുരാണങ്ങളിൽ പൊതുജനങ്ങൾക്കറിവുണ്ടാക്കിക്കൊടുപ്പാനായി പ്രാചീനർ നിശ്ചയിച്ചിരുന്ന വിദ്യാലയങ്ങൾ ദേവാലയങ്ങളായിരുന്നു. ദേവാലയങ്ങളിൽ ഈശ്വരഭജനത്തിന്നായും ഉത്സവദർശനത്തിന്നായും വന്നുകൂടുന്ന ജനങ്ങൾക്ക് ഉപദേശമാകത്തക്കവിധത്തിൽ പുരാണപ്രവചനം നടത്തുവാനാണ് പ്രാചീനകേരളീയർ നിശ്ചയിച്ചിരുന്നത്. ഈ പുരാണപ്രവചനം, ആദ്യകാലങ്ങളിൽ പുരാണം വായിച്ച് അർത്ഥം പറയുക മാത്രമായിരുന്നു. എന്നാൽ കാലാന്തരത്തിൽ ആ സ്ഥിതി ഭേദപ്പെട്ട് പുരാണവായനയ്ക്കു പുറമേ വേറെ ചില വിധങ്ങളിലും പുരാണകഥാപ്രസംഗങ്ങൾ നടപ്പിൽവന്നു. (1) പുരാണവായന, (2) ചാക്യാർക്കൂത്ത്, (3) പാഠകം, (4) ഓട്ടൻതുള്ളൽ, (5) കൃഷ്ണനാട്ടം, (6) കഥകളി— ഇങ്ങിനെ ആറുവിധത്തിലായിട്ടാണ് പുരാണകഥാപ്രസംഗം ഇന്നു നടക്കുന്നത്. ഇവയുടെ സ്വത്വപത്തേയും പ്രയോജനത്തേയും പരിണാമത്തേയും പരിഷ്കരണത്തേയും പററി സ്വല്പം താഴെ എഴുതിക്കൊള്ളുന്നു.

### ൫. പുരാണവായന.

പുരാണവായന എന്നതു കേരളത്തിലെ ക്ഷേത്രങ്ങളിൽ പണ്ടെയ്ക്കു പണ്ടേ നടപ്പുള്ള ഒന്നായിരുന്നു. ഈ ആവശ്യത്തിന്നു ഭാരതഭട്ടതിരിമാർ എന്ന ഒരു തരം ബ്രാഹ്മണരെയാണ് പണ്ടുള്ളവർ നിശ്ചയിച്ചിരുന്നത്. ഭാരതഭട്ടതിരിമാക്ക് പുരാണവായനയായിരുന്നു കുലവൃത്തി. അവർ ക്ഷേത്രത്തിലെ മണ്ഡപത്തിലിരുന്നു ക്ഷേത്രദശ്നത്തിന്നായി വരുന്ന സ്ത്രീപുരുഷന്മാക്കൊക്കയും ശ്രാവ്യമായ വിധത്തിൽ ഭാരതം മുതലായ പുരാണങ്ങളെ വായിച്ച് അത്ഥം പറയുകയായിരുന്നു പതിവ്. കഥാശ്രവണത്തിലുള്ള കൌതുകംകൊണ്ട് അതു കേൾക്കുവാൻ അനേകം ജനങ്ങൾ വന്നു കൂടുക പതിവായിരുന്നു. ഒരു ദിവസം കുറെ ഭാഗം വായിച്ചു നിൎത്തിയാൽ അതിന്റെ ബാക്കി പിറേറ ദിവസം വായിക്കും. അതുകൊണ്ട് ആ കഥ വിട്ടുപോകാതെ കേൾക്കേണമെന്നു വെച്ച് ആളുകളെല്ലാം സമയം തെറാതെ ക്ഷേത്രങ്ങളിൽ വന്നിരുന്നു. ഈ പുരാണശ്രവണംകൊണ്ട് ജനങ്ങൾക്കു മതബോധവും സദ്വിചാരവും ഭക്തിയും വദ്ധിച്ച് പണ്ടുകാലങ്ങളിൽ പരക്കേയുള്ള ജനങ്ങളുടെ ആത്മീയസ്ഥിതി വളരെ പരിഷ്കരിച്ചിരുന്നു. എന്നാൽ കാലാന്തരത്തിൽ ഈ വിഷയത്തിലുള്ള നിഷ്ഠ ശിഥിലമായിപ്പോകയും ഭാരതഭട്ടതിരിമാരുടെ പുരാണവായന നാമാവശേഷമാകയും ചെയ്തു. പണ്ടു കാലങ്ങളിൽ ഈ വിഷയത്തിലുണ്ടായിരുന്ന നിഷ്ഠക്കുദാഹരണമായി പുരാണവായനയുടെ നഷ്ടശിഷ്ടമായ ഒരംശം ഇന്നും കാണനുണ്ട്. ഉത്സവങ്ങളിൽപള്ളിവേട്ട കഴിഞ്ഞു ദേവനെ പള്ളിക്കുറുപ്പുണത്തുമ്പോൾ ഭാരതഭട്ടതിരിയുടെ പുരാണവായന എന്നൊരെണ്ണം വേണമെന്നു ഇന്നും നിർബ്ബന്ധമുണ്ട്. പക്ഷേ ഭാരതഭട്ടതിരിക്കു പകരം ഏതെങ്കിലും ഒരു ബ്രാഹ്മണൻ ആ സ്ഥാനത്തിരുന്ന്, ഒരു നടന്റെ മട്ടിൽ, ആ കൃത്യം നിവ്വഹിക്കുകയാണ് ഇപ്പോഴത്തെ പതിവ്. അത്രയ്ക്കുണ്ട് പ്രസ്തുതവിഷയത്തിൽ കാലംകൊണ്ടു വന്നിട്ടുള്ള മാററം.

ഭാരതഭട്ടതിരിമാരുടെ വായന നാമാവശേഷമായിപ്പോയതിൽപിന്നെ മഹാക്ഷേത്രങ്ങളിൽപ്പോലും പതിവായി പുരാണവായന ഇല്ലെന്നായി. എങ്കിലും, പൌരാണികന്മാരായ ചില ബ്രാഹ്മണരും ശാസ്ത്രിമാരും ചില പ്രത്യേകകാലങ്ങളിൽ ഈ കൃത്യം നിർവ്വഹിക്കുന്ന പതിവ് നടപ്പിൽ വന്നു. മേപ്പത്തൂർ ഭട്ടതിരിയുടെ കാലത്തു ഗുരുവായൂർ വെച്ച് ചില വിദ്വാന്മാർ ഭാഗവതം വായിക്കുകയും ഭക്തശിരോമണിയായ പൂന്താനത്തു നമ്പൂതിരി അർത്ഥം പറയുകയുംചെയ്തിരുന്നതായി ഐതിഹ്യങ്ങളിൽ കാണുന്നുണ്ട്. പ്രസിദ്ധനായ കൂടല്ലൂർ കുഞ്ഞിക്കാവു നമ്പൂതിരിപ്പാട്ടിലെ ഭാഗവതം വായന അടുത്തകാലത്തു തന്നെ നടന്നതുമാണല്ലോ. ഇക്കാലത്തും ഗുരുവായൂർ, തൃശ്ശിവപേരൂർ മുതലായ മഹാക്ഷേത്രങ്ങളിൽ ചില പ്രത്യേകകാലങ്ങളിൽ ചിലരുടെ വക പുരാണവായന ഉണ്ടാകാറുണ്ട്. യോഗ്യരായ പൌരാണികന്മാരാണ് വായിക്കുന്നതെങ്കിൽ അനവധി ആളുകൾ വായന കേൾക്കുവാൻ വന്നുകൂടുകയും പതിവുണ്ട്. എന്നാൽ ഏതു ക്ഷേത്രങ്ങളിലും എന്നും മുടക്കം വരാതെ പുരാണം വായിക്കേണമെന്നുള്ള നിർബ്ബന്ധം ഇന്നുണ്ടെന്നു തോന്നുന്നില്ല. എന്നു തന്നെയല്ല, ഇന്നത്തെ പുരാണവായനയിൽ പരിഷ്കരിക്കേണ്ടതായ അംശങ്ങളും വളരെയുണ്ട്. പൌരാണികന്ന് ഒരു ഗുരുവിൻെറ സ്ഥാനമാണുള്ളത്. ഗുരുനാഥൻ ശിഷ്യരെ പഠിപ്പിക്കുമ്പോൾ വിഷയം മനസ്സിലാവാൻ തക്കവണ്ണം ആവശ്യമുള്ള ഉദാഹരണങ്ങളും കഥകളും പറയുക പതിവാണല്ലോ. ആ വകയെല്ലാം പുരാണവായനയിലും ആവാം. ശിഷ്യന്മാരെ രസിപ്പിക്കുവാൻ വേണ്ടി ഗുരുനാഥൻ ചില ഫലിതങ്ങൾ പറയുന്നതുപോലെ പ്രകൃതത്തിൽ പൌരാണികനും ഫലിതം പറയാവുന്നതാണ്. എന്നാൽ ഫലിതമാണെന്നു വെച്ച് ഹാസ്യപ്രധാനങ്ങളായ വാക്കുകളും അസഭ്യങ്ങളും പറയുന്നതു പൌരാണികൻെറ ധർമ്മമല്ല. പൌരാണികന്നു ശ്രോതാ

ക്കളെ രസിപ്പിക്കുവാൻ ഹാസ്യവും അസഭ്യവും വേണമെന്നു വന്നാൽ അതു അദ്ദേഹത്തിന്നുള്ള അശക്തിയെയാണ് കാണിക്കുന്നത്.

## ൨. ചാക്യാർകൂത്ത്.

ചാക്യാർകൂത്ത് എന്നു പറയുന്നത് കേരളത്തിലെ ക്ഷേത്രങ്ങളിൽ നടപ്പുള്ള മറെറാരുതരം പുരാണകഥാപ്രസംഗമാകുന്നു. ഇതു സൂതവംശത്തിൽ പെട്ടവരായ ചാക്യാന്മാരാണ് നടത്തുന്നത്. സൂതന്മാരുടെ മറെറാരു പ്രവൃത്തി തേർതെളിക്കലാണ്. ഇവർ ജന്മനാ തന്നെ കലാവിദ്യകളിൽ നിപുണന്മാരാകുന്നു. ഈ ജാതിക്കാർ ചെങ്ങുററവപ്പെരുമാളുടെ കാലത്തു തന്നെ കേരളത്തിൽ ഉണ്ടായിരുന്നതായിക്കാണുന്നുണ്ട്. പെരുമാക്കന്മാരുടെ വാഴ്ചക്കാലത്താണ് കേരളത്തിൽ ചാക്യാർകൂത്ത് പ്രധാനമായി നടപ്പായത്. ചാക്യാർകൂത്ത് എന്നതു ഒരു തരം അഭിനയത്തോടുകൂടിയ കഥാപ്രസംഗമാണ്. ചാക്യാർ വേഷം കെട്ടി മുടിയും ധരിച്ചു കൂത്തമ്പലത്തിൽ വെച്ചാണു കഥ പറയുന്നത്. കഥാപാത്രങ്ങളുടെ അതാതു സന്ദർഭത്തിലുള്ള ഭാവരസങ്ങളെല്ലാം ചാക്യാർ അഭിനയിക്കുന്നതു കാണ്മാൻ വളരെ നേരംപോക്കുണ്ട്. ഈ അഭിനയത്തിൽ ഹാസ്യരസം പ്രധാനമാകുന്നു. പരിഷ്കാരികൾക്ക് അസഭ്യമായിത്തോന്നുന്ന ചില സംഗതികളും ചാക്യാർ പറയും. ഒരു ഗുരുവിൻെറ നിലയിലുള്ള പുരാണവായനകൊണ്ട് ഉദ്ദേശിച്ചകാര്യം സാധിപ്പാൻ പ്രയാസമായിത്തോന്നുകയാലാണ് ഹാസ്യരസപ്രധാനമായ ഈ കഥാപ്രസംഗം കേരളത്തിലെ ക്ഷേത്രങ്ങളിൽ നടപ്പാക്കിയതെന്നു വിചാരിക്കാവുന്നതാണ്. ചാക്യാർ താൻ അഭിനയിക്കുന്ന കഥയിലെ പാത്രങ്ങളുടെ വാക്കായിട്ടു രംഗസ്ഥന്മാരായ ജനങ്ങളെ പ്രത്യേകം കൊള്ളിച്ചുകൊണ്ടുള്ള വാക്കുകൾ ധാരാളം പറയും. ചിലൎക്ക് അതിൽ കലശലായ നീരസവും ഉണ്ടാവും. എങ്കിലും സഭയിൽ വെച്ച് ചാക്യാരോട്

കരക്ഷരവും സംസാരിക്കുവാൻ പാടില്ലെന്നാണു നിശ്ചയം. അങ്ങിനെ ആരെങ്കിലും ചെയ്താൽ ചാക്യാർ മുടിയഴിച്ച് കൂത്തു മതിയാക്കി പോയ്ക്കളയും. പിന്നെ ഏതു കാലത്തും ആ ക്ഷേത്രത്തിൽ ചാക്യാർകൂത്ത് പാടില്ലതാനും.

ചാക്യാർകൂത്തിൽ ഉപയോഗിച്ചുവരുന്ന ഗ്രന്ഥങ്ങൾ പ്രബന്ധങ്ങളാകുന്നു. രാമായണം, ഭാരതം മുതലായവയിലെ പല കഥകളും പൂർവ്വന്മാരായ കവികളാൽപ്രബന്ധമായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. മേപ്പത്തൂർ ഭട്ടതിരിയുടെ കാലത്തു ചാക്യാർകൂത്തിന്നു വിശേഷാൽ ഒരു ജീവൻ വെക്കുകയുണ്ടായതായിക്കാണുന്നുണ്ട്. അക്കാലത്തു ഇട്ടിരവി ചാക്യാർ തുടങ്ങി പ്രസിദ്ധന്മാരായ പല ചാക്യാന്മാരും ഉണ്ടായിരുന്നു. അവരുടെ ഉപയോഗത്തിന്നായി മഹാകവിയും പരമഭക്തനുമായിരുന്ന മേപ്പത്തൂർ ഭട്ടതിരി അനേകം പ്രബന്ധങ്ങൾ ഉണ്ടാക്കുകയുണ്ടായി. സുഭദ്രാഹരണം, പാഞ്ചാലീസ്വയംവരം, രാജസൂയം, ഭഗവദ്ദൂത്, കുചേലവൃത്തം മുതലായി ഭട്ടതിരിയുടെ വകയായിട്ടുള്ള പല പ്രബന്ധങ്ങൾ അന്നു മുതൽക്കു ചാക്യാന്മാർ കൂത്തിന്നു ഉപയോഗിച്ചുതുടങ്ങി. ശബ്ദഭംഗി, അർത്ഥഗൌരവം, രസപുഷ്ടി എന്നിവ തികഞ്ഞവയായ ഭട്ടതിരിപ്രബന്ധങ്ങൾ ചാക്യാർകൂത്തിന്നു അത്ഭുതപൂർവ്വമായ ഒരു പുഷ്ടിയെ ഉണ്ടാക്കി. വ്യുൽപന്നനും രസികനുമായ ചാക്യാരാണെങ്കിൽ സദസ്യരെ രസിപ്പിക്കാനുള്ള വക ഭട്ടതിരിപ്രബന്ധങ്ങളിൽ ധാരാളമുണ്ട്.

ചാക്യാർ കൂത്തിന്നു ചാക്യാരുടെ പിന്നിൽ നമ്പ്യാരിരുന്നു മിഴാവടക്കുകയും മുന്നിൽ നങ്ങിയാർ കുഴിതാളം കൊട്ടുകയും ചെയ്യുന്നതുകൊണ്ട് വാദ്യവും താളവും കലർന്നതാണ് ഈ നൃത്താഭിനയം എന്നുള്ളതിന്നു സംശയമില്ല. അല്പം സംഗീതത്തിന്നു വകയുണ്ടായാൽ സദസ്യർക്കു കുറേക്കൂടി രസിക്കുകയില്ലയോ എന്ന് ശങ്കയുണ്ട്. ശ്ലോകങ്ങൾ രാഗത്തിൽ

ചൊല്ലിയാൽത്തന്നെ ഒരു പരിഷ്കാരമായിരിക്കുമെന്നു തോന്നുന്നു. പിന്നെ ഒന്നു പറയേണ്ടതായിത്തോന്നുന്നതു ഹാസ്യത്തിൽ ബീഭത്സംകൂടി ഇടകലരാതിരിപ്പാനും അസഭ്യങ്ങളായ ആംഗ്യങ്ങളും ഫലിതങ്ങളും കൂടാതെ കഴിപ്പാനും ശ്രമിക്കേണമെന്നാണ്. അമ്മയോടും സഹോദരിമാരോടും മററും കൂടി ഒരുമിച്ച് ചാക്യാർകൂത്തു കാണ്മാൻ വയ്യാതാകത്തക്കവിധം അത്ര ആഭാസമായ വാക്കുകളും അംഗചേഷ്ടകളും കൂത്തിൽ പ്രായേണ കാണാറുന്നതാണ്. ഈ അംശം ഒന്നു പരിഷ്കരിച്ചില്ലെങ്കിൽ കാലംകൊണ്ടു കൂത്തിൻെറ പ്രചാരം കുറഞ്ഞുപോവാനാണെളുപ്പം. കൂത്തിനെപ്പോലെ തന്നെയുള്ള മറെറാരഭിനയമാണ് കൂടിയാട്ടം. ഇതു പണ്ടു ധാരാളം നടപ്പുണ്ടായിരുന്നുവെങ്കിലും ഇന്നു ദുർല്ലഭമായേ നടക്കുന്നുള്ളൂ.

## ൩. ഓട്ടൻതുള്ളൽ.

ഓട്ടൻ തുള്ളൽ എന്നതു കേരളത്തിലെ ക്ഷേത്രങ്ങളിൽ ഉത്സവകാലത്തു സുലഭമായി നടപ്പുള്ള ഒരു പുരാണകഥാപ്രവചനമാണല്ലോ. ഇതുണ്ടാക്കി നടപ്പാക്കിയതു സുപ്രസിദ്ധകവിയായ കലക്കത്തു കുഞ്ചൻനമ്പ്യാരാകയാൽ ഈ സമ്പ്രദായം നടപ്പായിട്ട് ഉദ്ദേശം മുന്നൂറിൽ ചില്വാനം സംവത്സരമേ ആയിട്ടുള്ളുവെന്നു സ്പഷ്ടമാണ്. ചാക്യാർകൂത്തിന്നു ചാക്യാരുടെ പിന്നിലിരുന്നു മിഴാവടിച്ചിരുന്ന നമ്പ്യാർ ഒരു ദിവസം എടയ്ക്കു ഉറക്കംതൂങ്ങിപ്പോകയും വേണ്ട സമയത്തു കൊട്ടാതിരിക്കുകയും ചെയ്തതുകൊണ്ട് ചാക്യാർ ശകാരിക്കുകയാൽ മുഷിഞ്ഞു പിരിഞ്ഞ് നമ്പ്യാർ അന്നു രാത്രി തന്നെ ഒരു തുള്ളൽപ്പാട്ടുണ്ടാക്കുകയും പിറേറ ദിവസം കൂത്തിൻെറ സമയത്ത് ഉണ്ണിനമ്പൂതിരിമാരുടെ ചീന്തക്കോണകങ്ങൾ കൂട്ടിക്കെട്ടി ഒരുടുപ്പും വാഴപ്പോളകൊണ്ടുള്ള ഒരു കിരീടവും ഉണ്ടാക്കി മുഖത്തു ചില ചായവും തേച്ച് ഒരിടത്തു താനുണ്ടാക്കിയ പാട്ടും പാടി തുള്ളിത്തുടങ്ങിയെന്നും അന്നു നമ്പ്യാരു

ടെ തുള്ളൽ കാണാനല്ലാതെ ചാക്യാരുടെ കൂത്തു കാണ്മാൻ ആരുമുണ്ടായില്ലെന്നും അന്നു മുതൽക്കു് തുള്ളൽ നടപ്പിലായെന്നുമാണ് ഐതിഹ്യം. ഐതിഹ്യം എന്തായിരുന്നാലും നമ്പ്യാർ നടപ്പിൽവരുത്തിയ ഓട്ടൻതുള്ളൽ എന്ന പ്രസ്ഥാനം, പുരാണകഥാശ്രവണത്തിൽ താൽപര്യം കുറഞ്ഞിരുന്ന ശുദ്ധപാമരന്മാരെപ്പോലും ആകർഷിക്കത്തക്കവിധം അത്ര മനോഹരമായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. തുള്ളൽ തുടങ്ങിയാൽ വന്നുകൂടുന്ന പുരുഷാരത്തിന്റെ പെരുപ്പംകൊണ്ടു തന്നെ ഇതു തെളിയുന്നുണ്ടു്.

പുരാണപാരായനകൊണ്ടുള്ള കൃത്യാകൃത്യോപദേശം കുറച്ചു ബുദ്ധിസംസ്കാരവും അറിവും ഉള്ളവക്കേ സിദ്ധിക്കയുള്ളൂ. ചാക്യാർകൂത്തിൽ ഫലിതവും ഹാസ്യവും കലർന്നിട്ടുള്ളതുകൊണ്ടു അതിന്റെ വ്യാപ്തി കുറച്ചുകൂടി വിസ്തൃതമാണെന്നു പറയാം. എന്നാൽ വെറും പാമരന്മാക്കു് അതിന്റെയും 'അന്തവും കുന്തവും' ശരിയായിട്ടുണ്ടാകയില്ല. തുള്ളലാണെങ്കിൽ അവക്കും പരമാനന്ദം നൽകുന്നതാണ്. ശുദ്ധനാടോടിമട്ടിലുള്ള ഭാഷയും, നാട്ടുകാരുടെ ഇടയിൽ സുലഭമായി നടപ്പുള്ള ഫലിതവും, പരക്കേ ജനങ്ങൾക്കറിവുള്ള അലങ്കാരപ്രയോഗങ്ങളുംകൊണ്ടാണ് തുള്ളലിന്റെ കർത്താവ് കാണികളെ രസിപ്പിക്കുന്നതു്. തുള്ളലുകൊണ്ടു് ഒരു ദൃശ്യകാവ്യത്തിന്റെയും ശ്രവ്യകാവ്യത്തിന്റെയും ഫലം ഒരുമിച്ചുണ്ടാകുന്നുണ്ടു്. നൃത്തഗീതവാദ്യങ്ങൾ മൂന്നും കലർന്നിരിക്കുന്നതുകൊണ്ടു് വെറും പാമരന്മാക്കും വലിയ പണ്ഡിതന്മാക്കും ഒരുപോലെ രസിക്കുവാനുള്ള വക തുള്ളലിലുണ്ടു്. തുള്ളലിനെക്കാൾ പ്രയോജനപ്രദമായ ഒരു പുരാണകഥാപ്രവചനരീതി വേറെ ഉണ്ടെന്നു തോന്നുന്നില്ല.

൪. കൃഷ്ണനാട്ടം.

കൃഷ്ണനാട്ടം എന്നു പറയപ്പെടുന്ന കളി ഒരു ജാതി നാടകം തന്നെയാണ്. ഇതിന്നു കൃഷ്ണനാടകം എന്നും പേർ

പറയാറുണ്ട്. ശ്രീകൃഷ്ണന്റെ അവതാരം മുതൽ സ്വർഗ്ഗാരോഹണംവരെയുള്ള കഥയെ എട്ടു രാത്രികളിലായി ആടത്തക്ക വിധം എട്ടു കഥകളായിത്തിരിച്ചിരിക്കുന്നു. ഈ കഥകൾ ജയദേവരുണ്ടാക്കിയ അഷ്ടപദിയുടെ കരുവിൽ വാർത്തതും മുഴുവൻ സംസ്കൃതവുമാണ്. കഥാസന്ദർഭപ്രതിപാദകങ്ങളായ കവിവാക്യങ്ങൾ ശ്ലോകങ്ങളും സംഭാഷണങ്ങളെല്ലാം സംസ്കൃതഗാനങ്ങളുമാണ്. ഗാനങ്ങൾ കവിതാഗുണംകൊണ്ട് ജയദേവരുടേതിനേക്കാൾ വളരെ താഴേയാണെങ്കിലും ഭക്തിരസംകൊണ്ട് ഒട്ടും താഴേയല്ല. കൃഷ്ണനാട്ടത്തെ വളരെ ഭക്തിയോടുകൂടിയാണ് ജനങ്ങൾ ആദരിച്ചുവരുന്നത്. പണ്ടൊരു സാമൂതിരി രാജാവിന്ന് വില്വമംഗലത്തു സ്വാമിയാരുടെ സഹായംകൊണ്ടു ശ്രീകൃഷ്ണൻ പ്രത്യക്ഷമായിരുന്നു എന്നും, അദ്ദേഹം ഭഗവാനെ കണ്ടപ്പോൾ ഭക്തിപരവശനായി കടന്നു പിടിപ്പാൻ ഭാവിച്ചുവെന്നും, അപ്പോൾ ശ്രീകൃഷ്ണൻ മറഞ്ഞുവെന്നും, ആ സമയത്തു സാമൂതിരി തിരുമുടി പിടിച്ചപ്പോൾ ഭഗവാന്റെ പീലിത്തിരുമുടി കയ്യിൽ പോന്നുവെന്നും, അതാണു ആദ്യകാലങ്ങളിൽ കൃഷ്ണനാട്ടത്തിൽ ശ്രീകൃഷ്ണനു തിരുമുടിയായി വെച്ചിരുന്നതെന്നും ഐതിഹ്യമുണ്ട്. ആ സാമൂതിരി രാജാവാണ് കൃഷ്ണനാട്ടം ഉണ്ടാക്കി നടപ്പിൽ വരുത്തിയത്. നെടിയിരുപ്പു സ്വരൂപവും പെരുമ്പടപ്പു സ്വരൂപവും തമ്മിലുണ്ടായിരുന്ന വൈരം നിമിത്തം കൊച്ചിരാജ്യത്ത് കൃഷ്ണനാട്ടം കളിച്ചിരുന്നില്ല. ആ നടവടി ഇന്നും വ്യത്യാസപ്പെട്ടിട്ടില്ല. ശ്രീകൃഷ്ണകഥകൾ പ്രായേണ എല്ലാവൎക്കും ഏറക്കുറെ അറിയാവുന്നതുകൊണ്ട് ആളുകൾ ഇതു കാണുന്നു. എന്നല്ലാതെ ശ്ലോകങ്ങളുടെയോ ഗാനങ്ങളുടേയോ അൎത്ഥം അറിഞ്ഞിട്ടല്ല ഈ കളി കാണുന്നത്. പല തരം പുരാണകഥാഭിനയങ്ങളിലൊന്നായി ഇതിനേയും എടുക്കാമെന്നു മാത്രമല്ല, ഭക്തിയുണ്ടാക്കുവാൻ ഈ കളിക്കു കുറേ പാടവമുണ്ടെന്നു സവിശേഷം പറയാവുന്നതാണ്.

## 8. കഥകളി.

കൃഷ്ണനാട്ടത്തെ കുറേക്കൂടി പരിഷ്കരിച്ചുണ്ടാക്കിയതാണല്ലോ കഥകളി. ഇതിലെ ഗാനങ്ങൾ പ്രായേണ മലയാളഭാഷയിലായിരിക്കും. രാമനാട്ടം എന്നുകൂടി ഇതിന്നു പേർ പറയുന്നു. ഭക്തികൊണ്ടു കൃഷ്ണനാട്ടത്തിന്നുള്ള ശ്രേഷ്ഠത ഇതിന്നില്ല. "ആട്ടങ്ങളിൽ കൃഷ്ണനാട്ടം ശുഭം രാമനാട്ടം തുടങ്ങിയാൽ കോട്ടം വരും ധ്രുവം" എന്നാണു പറയാറുള്ളത്. കഥകളിയിൽ കോട്ടയം കഥകൾ, കൊട്ടാരക്കരക്കഥകൾ, ഇരയിമ്മൻ തമ്പിയുടെ കഥകൾ, ഉണ്ണായി വാരിയരുടെ കഥകൾ എന്നിവ കേൾവിപ്പെട്ടിരിക്കുന്നു. കഥകളിക്കു ക്ഷേത്രങ്ങളിൽ മതിലിൻെറ പുറത്തേ സ്ഥാനം കൊടുത്തിട്ടുള്ളു. ക്ഷേത്രവുമായിട്ടുള്ള സംബന്ധം വളരെ കുറവാകയാൽ ഈ ഉപന്യാസത്തിൽ ഇതിനെപ്പറ്റി വിസ്തരിക്കുന്നില്ല.

ഇത്രയും പറഞ്ഞതിൽനിന്നു കേരളത്തിലെ ക്ഷേത്രങ്ങളിൽ പുരാണകഥാപ്രവചനത്തിന്നു പണ്ടു മുതൽക്കുണ്ടായിരുന്ന ഏപ്പാടുകളെപ്പറ്റി ഒരു സാമാന്യജ്ഞാനം എവക്കുമുണ്ടായിരിക്കും. ഈ ഏപ്പാടുകൾക്കു കാലംകൊണ്ട് ക്ഷയമല്ലാതെ അഭിവൃദ്ധിയുണ്ടാകുന്നതായിക്കാണുന്നില്ല. ക്ഷേത്രങ്ങൾ മതബോധനത്തിന്നുള്ള സങ്കേതങ്ങളാണെന്ന കാൎയ്യം വിസ്മരിക്കാതെ മേൽപറഞ്ഞ പുരാണപ്രവചനങ്ങൾക്കു ഉത്തരോത്തരം ഉൽക്കൎഷമുണ്ടാക്കുവാൻ ശ്രമിക്കുന്നതു ക്ഷേത്രാധികാരികളുടെ കടമകളിൽ പ്രധാനമായ ഒന്നാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ വക കാൎയ്യങ്ങൾ നിസ്സാരങ്ങളാണെന്ന് വിചാരിക്കുകയും പറയുകയും ചെയ്യുന്ന പുതിയ പരിഷ്കാരികൾ ഒട്ടും ദുർല്ലഭമല്ല. എന്നാൽ മതസംബന്ധമായ വിദ്യാഭ്യാസത്തിൻെറ ആവശ്യത്തെപ്പറ്റി അവക്കും എതിരഭിപ്രായമില്ല. ഈ സ്ഥിതിക്ക് എളുപ്പത്തിലും വിനോദകരമായ രീതിയിലും മതബോധമുണ്ടാക്കിത്തീക്കുന്ന ദേവാലയങ്ങളിലെ പുരാണപ്രവചനം അവരുടെ പക്ഷത്തിലും പരിത്യാജ്യമായ ഒന്നല്ല.

വി. ടി. രാമൻ ഭട്ടതിരിപ്പാട്.

---

# സന്ധ്യാവന്ദന

# മന്ത്രങ്ങൾ.

---

(ഭാഷാഗാനം)

സന്ധ്യാവന്ദനാദിയാംനിത്യകൎമ്മങ്ങൾക്കൂടെ
യന്തണപ്രവരന്മാരെത്രയെത്രയോനിത്യം
മന്ത്രാൎത്ഥഗന്ധംപോലുമില്ലാതെകഷ്ടം!കഷ്ടം!!
മെന്തോകാട്ടിക്കൂട്ടുന്നു!കാലവൈഭവംചിത്രം!

പണ്ടുവേദഭാഷയെല്ലാവരുമറിഞ്ഞനാ
ളുണ്ടായിട്ടുള്ളപലഗീതങ്ങളാണുവേദം
അന്നീപ്പാട്ടുകൾക്കുള്ളപൊരുളുതിരിയാത്തോ-
രൊന്നുമുണ്ടായിരുന്നില്ലിന്നതിൻവിപരീതം!

അൎത്ഥങ്ങളറിയാതെമന്ത്രങ്ങൾചൊല്ലുന്നതു
തത്തതൻചിലപോലെവ്യൎത്ഥമാണെന്നുകേൾപ്പൂ.
ശ്രീമഹാഭാഷ്യകാരൻചൊല്ലുന്നുപതഞ്ജലി
കേമമായൎത്ഥമറിഞ്ഞീടാതെയുരുവിട്ടു്

കോമളമായിച്ചൊല്ലീടുന്നതുവീണചൊല്ലു
ന്നോമനസ്വനംപോലെനിരൎത്ഥമാകേയുള്ളൂ.
എത്രയുമുണങ്ങിയ വിറകെന്നാലുമഗ്നി
മാത്രമില്ലാതെകണ്ടുകത്താറില്ലതുപോലെ

ഇന്നുനമ്മുടെനാട്ടിൽകൈരളിവിളങ്ങാത്തോ
രൊന്നുപോലുമില്ലെന്നമട്ടുണ്ടുവിദ്യാഭ്യാസം
ആകയാലെല്ലാവൎക്കുമറിവാൻതക്കതായ
പാകത്തിൽമുഖ്യസന്ധ്യാമന്ത്രങ്ങൾക്കൎത്ഥമിത്ഥം

കേരളഭാഷാഗാനമായിട്ടു ചമയ്ക്കുന്നേൻ
കേരളീയരേ! നിങ്ങളനുഗ്രഹിച്ചു കേൾപ്പിൻ!

---

ആദ്യമേ ശുദ്ധമാവാൻ ജപിച്ചു തളിക്കുന്ന
വേദ്യമന്ത്രത്തിൻ പൊരുളോതീടാം മടിയാതെ
"പ്രാണികൾക്കെല്ലാം സുഖമേകീടും നീരേ! ഇന്നി
പ്രാണികൾക്കേററം വലുതാകുമാനന്ദം നൽകും
ഇന്ദ്രിയങ്ങൾക്കു നിങ്ങളന്നത്തെക്കൊടുത്താലു
മിന്നിജ്ജന്മത്തിൽ തന്നെ നിങ്ങടെ മംഗലമാം
യാതൊരു രസമുണ്ടിന്നായതുതായയേപ്പോൽ
ചൈതന്യങ്ങളാമെങ്ങളെ സാദരം സേവിപ്പിക്കിൽ
യാതൊന്നിൻ സ്ഥിതിക്കായി നിങ്ങളുണ്ടായിട്ടുണ്ടോ
അതിന്നു കെഴ്പേറീടും നിങ്ങളെഞങ്ങൾ വേഗം
പ്രാപിക്കാറാക്കി ജന്മം ഫലവത്താക്കിടേണ"
മാപോഹിഷ്ഠാദിക്കുള്ള വാക്യാർത്ഥമിതാണോർത്താൽ

---

ദിവ്യമാം ഗായത്രിക്കു ഭാവാർത്ഥമാചാര്യന്മാർ
വെവ്വേറെ പലവിധം ചമച്ചിട്ടുണ്ടെങ്കിലും
പദാർത്ഥമൊന്നുകൊണ്ടു കറികൾ പലതാം പോൽ
പദാർത്ഥമൊന്നു തന്നെയതിനെച്ചൊല്ലാം മുന്നം
"യാതൊന്നു നമ്മൾക്കുള്ള ബുദ്ധിക്കു പ്രചോദന
ഹേതുവായ് ഗ്രഹിപ്പാൻ യോഗ്യമായിരിപ്പോന്നു,
ദേവനാം സവിതാവിൻ തേജഃപുഞ്ജത്തെത്തന്നേ
കേവലം വിഭാവന ചെയ്തീടുന്നേ നിന്നു ഞാൻ"
ഭാവാർത്ഥങ്ങളിലെല്ലാമൊന്നുപോൽ കാണുന്നോരു
ഭാവത്തെ മാത്രമല്പം ചൊല്ലാൻ ഭാവിക്കുന്നേൻ ഞാൻ
ത്രിഗുണരൂപമായുമാനന്ദാത്മകമായും
സകല ചരാചരജന്മഹേതുവായിട്ടും
അതേക്കാൾ വേറെയൊന്നില്ലാത്തകൊണ്ടുത്തമവു

മതിനാൽത്തന്നെ നിത്യസുലഭമായുമുള്ള
മഹത്തേജസ്സേത്താന്നെയുള്ളിരുട്ടുനീങ്ങുവാം
നഹം ചിന്തനം ചെയ്തീടുന്നേനൎത്ഥം നിത്യം

---

കാലത്തേസ്സന്ധ്യയ്ക്കുള്ള സൂൎയ്യകീൎത്തനമിതാ
മേലോടേ ചൊല്ലീടുന്നേൻ മിത്രസ്യാദി തന്നൎത്ഥം
“ജീവജാലങ്ങൾക്കെല്ലാം പോഷണം നൾകീടുന്ന
ദേവനാം സൂൎയ്യൻ തന്റെ നിത്യവും സുലഭവും
ചെവികൾക്കിമ്പമായുമുള്ള കീൎത്തനങ്ങളേ
സ്തവനം ചെയ്തീടുന്നേനിന്നിതാ പ്രാതഃകാലേ
ഈമിത്രൻ സകലതുമറിഞ്ഞുംകൊണ്ടു നല്ല
കേമമായ് ലോകങ്ങളേ നടത്തിയ്ക്കുന്നു നിത്യം
ഭൂമിയേ, ദ്യോവിനേയും ഭരിച്ചുംകൊണ്ടിന്നിവ
നിമകളടയ്ക്കാതെ നോക്കുന്നു പ്രജകളെ
അങ്ങിനേയുള്ള മിത്രന്നായിതാ ഞങ്ങൾ നൾകാം
മംഗലത്തിനായ് ഘൃതപൂൎണ്ണമാം ഹവിസ്സിപ്പോൾ
മിത്രകാരണാകാരാ! നിന്നെ മുട്ടാതെ മൎത്ത്യ
രത്ര സേവിക്കുന്നവൎക്കാനന്ദം വളൎന്നിടും
നീയനുഗ്രഹിപ്പവൻ പീഡിച്ചീടുകയില്ല
മായമല്ലവൻ തോററുപോയെന്നുമെന്നും വരാ
അംഹ യവന്റെടുക്കലുമെന്തിനു ദൂരെപ്പോലു
മയ്യോ പാപങ്ങളേതും തീണ്ടുകപോലുമില്ലേ”

---

മദ്ധ്യാഹ്നസന്ധ്യയ്ക്കുള്ളോരാസത്യേനാദിസ്തുതി
ക്കൎത്ഥവുമുരച്ചീടാം കേൾക്കുവിൻ മാലോകരേ!
“സത്തായതേജസ്സോടു സൎവ്വദാ ചുററി ചുററി
മൎത്ത്യനുമമൎത്ത്യനും തങ്ങടെ കൃത്യങ്ങളേ
നിത്യവും തെററാതനുവൎത്തിക്കും പടിയാക്കി
ട്ടുത്തമം ഹിരണ്മയമാകിയ രഥമേറി

പാൎത്തുപാൎത്തിതാ!ലോകമാകവേ ചരിക്കുന്നീ
പാൎത്തീടാൻസുഖമുള്ളദേവദേവനാം സൂൎയ്യൻ
ഇരുളുകളയുവാൻതിളങ്ങും തിരുമേനി
പെരിയദേവന്മാൎക്കും രക്ഷിതാവാകും ശ്രേഷ്ഠൻ
അങ്ങിനെയുള്ള സൂൎയ്യദേവനെ കണ്ടുവാഴും
ഞങ്ങളുത്തമമായ കാന്തിയെപ്രാപിക്കട്ടേ!
എല്ലാകൎമ്മങ്ങളേയുമറിയുന്നൊരു സൂൎയ്യ
നെല്ലാൎക്കും കാണ്മാനായിട്ടെത്രയോ കിരണങ്ങൾ
അണിഞ്ഞും മനതാരിലാശ്ചൎയ്യം ദേവന്മാൎക്കു
ങ്ങണച്ചും മിത്രനഗ്നിവരുണാദ്യന്മാൎക്കേററം
ഇണങ്ങും കണ്ണുപോലെതിളങ്ങിവിലസീടും
മണിമണ്ഡലമായിട്ടല്ലയോ വിളങ്ങുന്നു!
ആരവിമണ്ഡലത്തിലിരിക്കും സൂൎയ്യദേവൻ
സ്ഥാവരജംഗമങ്ങൾക്കൊക്കയും ജീവസ്ഥാനം
ഇങ്ങിനെസ്വൎഗ്ഗം ഭൂമിയാകാശം മൂന്നുമൊപ്പം
തിങ്ങിനിന്നീടുന്നിതാ സൂൎയ്യദേവത സദാ
ദേവന്മാൎക്കെല്ലാവൎക്കും കണ്ണിലുണ്ണിയായിട്ടു
കേവലമുദിക്കുമ്പോൾ വെളുത്തുമിന്നും ബിംബം
നൂറാണ്ടുകാണാകേണം ഞങ്ങൾക്കു നിത്യം നിത്യ-
മേറണം വിജയങ്ങളെപ്പൊഴും പ്രിയവാക്യം
മാറാതെ കേട്ടും തോഷം കലൎന്നും സ്വസ്ഥന്മാരായ്
തീരാത്തതായ സമ്പൽസമൃദ്ധിയോടും ഞങ്ങൾ
നൂറാണ്ടു ജീവിച്ചിരുന്നീടുമാറായിടേണം
നൂറാണ്ടു സുഖിച്ചുവാണീടുമാറായീടേണം"

---

അന്തിസ്സന്ധ്യയ്ക്കു നിത്യമന്തണർ ചൊല്ലുന്നൊരു
മന്ത്രത്തിന്നൎത്ഥം ഭാഷാഗാനമായ് ചൊല്ലീടുന്നേൻ
"അല്ലയോ വരുണാ! നീയെൻ നിലവിളി കേൾക്കു
കല്യാണമൂൎത്തേ! കനിഞ്ഞരുൾക! മമ സുഖം

എന്നെരക്ഷിക്ക! മുഖ്യമന്ത്രങ്ങൾ ചൊല്ലിക്കൊണ്ടു
നിന്നോടു കെഞ്ചിക്കെഞ്ചി ശ്ശരണം പ്രാപിക്കുന്നേൻ
യാഗം ചെയ്തീടുന്നവൻ ഹവിസ്സ്യാദികൾ തന്നു
ഭോഗത്തെയാചിക്കുന്നു! കോപിച്ചീടരുതേ നീ
എന്റെയീയപേക്ഷയെ കൈക്കൊൾക കീർത്തനീയ!
എന്റെയായുസ്സു കഷ്ടം നശിപ്പിക്കരുതേ നീ
വരുണാ! നിൻ വ്രതങ്ങളറിയാതെന്നും കുന്നും
പരമിപ്പുഴക്കളാം ഞങ്ങളുണ്ടുഴലുന്നു
ദേവന്മാരുടെ വർഗ്ഗമായ മാനുഷരയ്യോ
കേവലമജ്ഞതയാലെന്തെല്ലാം തെറ്റു ചെയ്തോ!
ധർമ്മങ്ങളയ്യോ നശിപ്പിച്ചുവോ പലതും തൻ
കർമ്മത്താ_ലയ്യോ പോററി കൊല്ലൊല്ലേ കുററം ചൊല്ലി!
കുരുട്ടുബുദ്ധി കൊണ്ടു ശത്രുക്കളെപ്പോൽ വല്ല
തിരുട്ടും കാട്ടിയോയീ ഞങ്ങളെൻ പോററീ കഷ്ടം!
അറിഞ്ഞുമറിയാതെയും ചെയ്ത പാപമെല്ലാം
മറഞ്ഞു നശിപ്പിക്ക വൈകാതെ തന്നെ ദേവ
പാപങ്ങൾ നശിക്കട്ടെ! പിന്നെ നിന്നിഷ്ടന്മാരായ്
പ്രാപിച്ചീടട്ടെ! ഞങ്ങൾ വരുണാ കരുണാബ്ധേ

ല. അ. രവിവർമ്മ

# പ്രകരണം.

ആലോചനാമൃതമായ കാവ്യത്തെ ദൃശ്യം ശ്രാവ്യം എന്നു രണ്ടിനമായി വിഭജിക്കപ്പെട്ടിട്ടുണ്ടല്ലോ. അവയിൽ ദൃശ്യകാവ്യങ്ങളെ നാട്യം നൃത്യം നൃത്തം എന്ന് മൂന്നായി തിരിച്ചിട്ടുള്ളതിൽ ആദ്യത്തെ ഇനത്തിലാണ് രൂപകങ്ങൾ ഉൾ

പ്പെട്ടിരിക്കുന്നത്. ഈ രൂപകങ്ങൾക്കുതന്നെ നാടകാദിയായി പത്തു പിരിവുകൾ ഉണ്ട്. അവ;
"നാടകം,സപ്രകരണം,ഭാണഃ,പ്രഹസനം,ഡിമഃ
വ്യായോഗ,സമവാകാരൌ,വീഥ്യ,ങ്കേ,ഹാമൃഗാ,ദശ"

ഇവയിൽ രണ്ടാമത്തേതായ പ്രകരണം എന്ന വിഭാഗത്തെ സംബന്ധിച്ച് അല്പം പ്രസ്താവിക്കുന്നതിനാണ് ഞാൻ ഉദ്ദേശിച്ചിരിക്കുന്നത് നാടകലക്ഷണങ്ങൾ ഏറെക്കുറെ, എല്ലാവൎക്കും അറിവുള്ളതാണ്. എന്നാൽ അതുപോലെ ഇതിൻെറ ലക്ഷണങ്ങൾ സാൎവ്വത്രികമായി അറിയപ്പെട്ടിട്ടില്ല. ഈ ഇനത്തിൽപ്പെട്ട കൃതികൾ മലയാളഭാഷയിൽ അധികമായി ഇല്ലാത്തതാണ് അതിന്നു കാരണം. ആദ്യമായി ഇതിൻെറ ലക്ഷണങ്ങൾ എന്തെല്ലാമാണെന്നു നോക്കാം.

പ്രസ്തുതവിഭാഗത്തിന്നും നാടകത്തിന്നും തമ്മിൽ ചില പ്രധാന അംശങ്ങളിൽ മാത്രമേ അന്തരം കാണുന്നുള്ളു. ഇതിലെ കഥാവസ്തു ലൌകികാചാരങ്ങൾക്ക് അനുസരണമായുള്ളതും കവികല്പിതവും ആയിരിക്കും. നായകൻ ധീരശാന്തനായ ബ്രാഹ്മണനോ, വണിക്കോ, അമാത്യനോ ആയിരിക്കണമെന്ന് നിൎബ്ബന്ധിക്കപ്പെട്ടിരിക്കുന്നു. നാടകത്തിലെപ്പോലെതന്നെ, നായകന്, ധൎമ്മാൎത്ഥകാമങ്ങൾക്ക് അപായം നേരിട്ടുകൊണ്ടിരിക്കേണ്ടതാണ്. നായിക സൽകുലജാതയൊ, വേശ്യയൊ, കുലജവേശ്യയൊ ആയിരിക്കണം. ശൃംഗാരരസം അംഗിയായി വൎണ്ണിക്കപ്പെടണം. കൂടാതെ വിടന്മാർ, ചേടന്മാർ, ദ്യൂതകരന്മാർ, കിതവന്മാർ ആദിയായ പാത്രങ്ങളെ സന്ദൎഭോചിതമായ വിധത്തിൽ സംഘടിപ്പിക്കേണ്ടതും ആവശ്യമാണ്. മേല്പറഞ്ഞ സംഗതികൾ ഒഴിച്ച് ഇതരലക്ഷണങ്ങൾ എല്ലാം ഇതിലും നാടകത്തിലും തുല്യം തന്നെ. ആ വക ലക്ഷണങ്ങൾ തല്ക്കാലം സ്മരണയിൽ എത്തുന്നതിന്നുവേണ്ടി നാടകത്തിൻെറ ഒരു ചുരുങ്ങിയ വിവരണം അടിയിൽ ചേൎക്കുന്നു.

"പാരിൽകീർത്തിപരംപുകഴ്ന്നവിഷയം
　　വേണ്ണം; കഥാനായകൻ
ധീരോദാത്തനതായിട്ടുംനൃപതിയേ
　　ചേർത്തീടണം; ദിവ്യനോ
വീരംതാനഥവാരസംവിലസണം
　　ശൃംഗാരമെന്നാലുമാം
സാംസ്യംകലരേണ്ണമങ്കമതിലി
　　ന്നേഴിന്നുകീഴാകൊലാ.
ശ്രേയസ്കരമതായുള്ളോരിതിവൃത്തത്തിലൊത്തുടൻ
ചേർച്ചപോൽക്കൂട്ടിച്ചേർത്തുള്ളകഥയുംസ്വല്പമായിടാം
സന്ധിക്കണംസന്ധിയഞ്ചും വിഷ്കംഭാദിവിലാസവും
പതാകാദികളംഗങ്ങൾനാനാഭാഷാപ്രചാരവും
മെച്ചത്തിലുള്ളനടരുംസ്വച്ഛമാംരംഗമോടിയും
ഇച്ചൊന്നതാംലക്ഷണങ്ങൾനാടകത്തിനുകൂടണം."

നാന്ദി പൂർവ്വാംഗങ്ങൾ പഞ്ചസന്ധികൾ ആദിയായവ നാടകത്തിലെപ്പോലെ തന്നെ ഇതിലും ഉണ്ടായിരിക്കണമെന്ന് പ്രത്യേകം പറയണമെന്നില്ലല്ലോ.

ഇത്രയുംപറഞ്ഞതുകൊണ്ടു നാടകത്തിന്നും ഇതിന്നും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ വ്യക്തമായി അനുമാനിക്കാവുന്നതാണ്. നാടകത്തിലെപ്പോലെ ഇതിലെ കഥാവസ്തു പുരാണപ്രസിദ്ധമായിരിക്കണമെന്നു നിർബ്ബന്ധമില്ല. അതിനാൽ പ്രസ്തുതകൃതിക്ക് ആസ്വാദ്യത വർദ്ധിക്കുമെന്നുള്ളത് നിസ്തർക്കമായിട്ടുള്ളതാണ്. എന്തെന്നാൽ, പുരാണങ്ങളെ വേദവാക്യംപോലെയോ അഥവാ ദേവവാക്യംപോലെയോ വിശ്വസിച്ചിരുന്ന കാലത്ത് അവയിൽനിന്നും കഥാവസ്തുവിനെ സ്വീകരിക്കുന്നത് പ്രത്യേക ആസക്തിക്കും രസത്തിന്നും നിദാനമായിരുന്നിരുന്നു. എന്നാൽ ആധുനികലോകത്തിന്റെ രുചി അതിൽനിന്നും വളരെ വ്യത്യസ്തമായിട്ടുള്ളതാണെന്ന് വിശേഷിച്ചു പറയണമെന്ന് തോന്നുന്നില്ല. പ്രക

രണത്തിലെ നായകൻ രാജഷിയൊ ദിവ്യനൊ ദിവ്യാദിവ്യനൊ ആയിരിക്കണമെന്ന് യാതൊരു നിബന്ധനയും ഇല്ല. അതിലെ നായകൻ ഒരു ലൌകിക പുരുഷൻ മാത്രമായിരിക്കും. അതിനാൽ അസംഭാവ്യങ്ങളായ സംഗതികൾ ഉണ്ടായിരിക്കയില്ലെന്നു മാത്രമല്ല, കഥാഘടന കുറേക്കൂടി സുവ്യക്തമാകുന്നതിന്നും, സ്വാഭാവികതയും തന്മൂലം അനുഭവരസവും വദ്ധിക്കുന്നതിന്നും ഇടയാകുകയും ചെയ്യുന്നതാണ്. കൂടാതെ നാടകത്തിൽ വീരരസം അംഗിയായി വർണ്ണിക്കണമെന്നിരിക്കേ പ്രകരണത്തിൽ അപ്രകാരം അനുവദിക്കപ്പെട്ടിട്ടില്ല. എന്നുമാത്രമല്ല, നാടകത്തിൽ പ്രവേശിപ്പിക്കാൻ പാടില്ലാത്ത ദ്യൂതകരന്മാർ വിടന്മാർ ആദിയായ പാത്രങ്ങളേയും ഇതിൽ ചേക്കുന്നതിനു നിരോധിക്കപ്പെട്ടിട്ടുമില്ല.

ഇപ്രകാരം നാടകത്തിൽനിന്നും പല പ്രകാരത്തിൽ വിഭിന്നമായ പ്രകരണം അതിനേക്കാൾ ആസ്വാദ്യതരമാണെന്നുള്ളിൽ രണ്ടു പക്ഷമുണ്ടാവാൻ തരമില്ല. ഈ വിഭാഗത്തിലുൾപ്പെട്ട കൃതികൾ പ്രകൃതിയുടെ വികൃതികളെ സ്പഷ്ടീകരിക്കുന്ന ഒരു തരം പ്രതിമകളാണെന്നു തന്നെ പറയുന്നതിൽ അധികം തെററു പററുമെന്ന് തോന്നുന്നില്ല. രൂപകങ്ങളുടെ പ്രയോജനം, ഒരു കാലത്തു ജീവിച്ചിരുന്നതോ ജീവിച്ചിരിക്കുന്നതോ ആയ ജനസമുദായത്തിൻെറ സ്ഥിതിഗതികളെ സ്വാഭാവികമായ വിധത്തിൽ പ്രത്യക്ഷീകരിച്ച്, നന്മതിന്മകളെ വെളിപ്പെടുത്തി ലോകോപദേശം ചെയ്ക എന്നുള്ളതാണല്ലൊ. അഭിനയം കണ്ടു രസിക്കുന്നതോടുകൂടി ഉത്തമന്മാരുടെ പ്രവൃത്തികളെ അനുകരിക്കുന്നതു നന്മയ്ക്കും അധമന്മാരെ ആദശമായി സ്വീകരിക്കുന്നതു തിന്മയ്ക്കും നിദാനമായി തീരുന്നതാണെന്ന് നാം ഗ്രഹിക്കുന്നു. വിവിധസ്വഭാവക്കാരായ പാത്രങ്ങളെ ലോകരംഗത്തിൽനിന്നും തിരഞ്ഞെടുത്തു കഥയെ സംഭവ്യമായ രീതിയിൽ ഘടിപ്പിക്കുന്നതുകൊണ്ടാണ് ഇതു സാധിച്ചുപോരുന്നത്. ഒരു നീചപാത്രം നിം

ന്തരമായി ദുഷ്കൃത്യങ്ങളിൽ ഏപ്പെട്ടുന്നതു നിമിത്തം ആ നരകീടത്തിന്നു സംഭവിക്കുന്ന ഘോരവിപത്തുകളെ അനുഭവ ഗോചരമായ വിധത്തിൽ കണ്ടറിയുന്നതിന്നു സാധിക്കുന്നതി നാൽ മേലാൽ ആ വിധമുള്ള ദുഷ്പ്രവൃത്തികളിൽ ഉൾപ്പെ ടാതിരിക്കുന്നതിന്നു നാം പ്രത്യേകം കരുതുന്നു. ഇപ്രകാരം ജീ വിതദശയിലെ വിവിധകൃത്യങ്ങളുടെ പല താരതമ്യങ്ങളെ ത ന്മയമായ വിധത്തിൽ പ്രതിബിംബിപ്പിക്കുന്ന പ്രകരണങ്ങ ളെ നിർമ്മിക്കുന്നതു നാടകനിർമ്മാണത്തെക്കാൾ പ്രയാസമേറി യ ഒന്നാണെന്ന് സ്പഷ്ടമല്ലേ? സ്വാഭാവികമായ രീതിയെ അധികമധികം അനുകരിക്കുന്നതുകൊണ്ടാണ് ഇതിനു സീമാ തീതമായ രസപുഷ്ടി ഉളവാകുന്നത്.

ഈ തരത്തിലുള്ള പ്രകരണങ്ങൾ നമ്മുടെ മലയാളഭാ ഷയിൽ രചിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാ യാൽ ഒരു പുസ്തകം മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. അതു സംസ്കൃതഭാഷയിൽനിന്നും പരിഭാഷപ്പെടുത്തപ്പെട്ടിട്ടുള്ള 'ചാരുദത്തൻ' ആകുന്നു. ഈ കൃതി തീപ്പെട്ടുപോയ, കേരള പാണിനി—ഏ. ആർ. രാജരാജവർമ്മ കോയിൽത്തമ്പുരാൻ എം. എ; എം. ആർ. ഏ. എസ്സ്. തിരുമനസ്സുകൊണ്ട്, 'ശൂദ്രക'വിരചിതമായ 'മൃച്ഛകടിക'ത്തിൽനിന്നും അഭിന യോചിതമായ വിധത്തിൽ ഭാഷാന്തരം ചെയ്തിട്ടുള്ളതാണ്. എന്നാൽ 'ചാരുദത്തൻ നാടകം' എന്നു നാമകരണം ചെ യ്തിട്ടുള്ളതു എന്തുകൊണ്ടാണെന്ന് നിങ്ങൾ ചോദിക്കുമായിരി ക്കാം. പ്രകരണവിഭാഗം ഭാഷാസാഹിത്യത്തിൽ അതിന്നു മുമ്പ് പ്രതിഷ്ഠിതമല്ലാത്തതുകൊണ്ടായിരിക്കണം തിരുമനസ്സു കൊണ്ട് അപ്രകാരം ചെയ്തിട്ടുള്ളത്. നാടകലക്ഷണങ്ങളെ ലക്ഷ്യമാക്കി നോക്കുന്നതായാൽ പ്രസ്തുതകൃതി ആ വിഭാഗ ത്തിൽ പെട്ടതല്ലെന്നു ക്ഷണത്തിൽ ബോധപ്പെടും. നാടകല ക്ഷണങ്ങൾക്ക് വിരുദ്ധമായി ചൌര്യം, അഭിസരണം, വ ധം, രാജ്യവിപ്ലവം ആദിയായ പല സംഗതികളും ഇതിൽ സരസമായി വർണ്ണിക്കപ്പെട്ടിട്ടുണ്ട്.

ഈ വിഭാഗത്തിൽ ഉൾപ്പെട്ട കൃതികൾ സംസ്കൃതസാഹിത്യത്തിൽ ധാരാളമുണ്ട്. അവയിൽനിന്നും ആധുനികസ്ഥിതിക്ക് യോജ്യമായ ഏതാനും ഗ്രന്ഥങ്ങളെ എങ്കിലും ഭാഷാന്തരപ്പെടുത്തിച്ചേർക്കുന്നത് നമ്മുടെ സാഹിത്യത്തിന്ന ഒരു പോഷണമായി പരിണമിക്കുന്നതാണല്ലോ. ആയതിനാൽ നമ്മുടെ ഭാഷയിൽ, ചാരുദത്തന്റെ അനന്തരജന്മാരായി ഇതരകൃതികൾകൂടി ഉണ്ടാകുന്നതിന്ന് ഉഭയസാഹിത്യങ്ങളിലും പരിജ്ഞാനവും ഗദ്യപദ്യരചനയിൽ ഒരുപോലെ സാമർത്ഥ്യവുമുള്ള മഹാന്മാർ ശ്രമിച്ചാൽ കൊള്ളാമെന്ന് താല്പര്യപ്പെട്ടുകൊണ്ടു തല്ക്കാലം അവസാനിപ്പിച്ചുകൊള്ളുന്നു.

പി. കെ. കെ.

# പ്രജ്ഞാപരാധം.

(൧)

അഹാര്യഭിത്തിൻനഗരീവരത്തിലെ
മഹാർഹരത്നോജ്ജ്വലസൌധഭിത്തികൾ
സ്പൃഹാവഹോദ്യത്തരുണാരുണപ്രഭാ
വിഹാരചേതോഹരമായ്‌വിളങ്ങിതേ.

(൨)

സ്ഫുടാഭമാം പൊന്നണിതാഴികക്കുട
ക്കൊടാവിളക്കാർന്നൊരുഹർമ്മ്യതല്ലജം
ജടാലഭാസ്സന്തതിനവിൺനിതംബിനീ
നിടാലസച്ചിത്രകമായ്ജയിപ്പുതെ.

(൩)

ഇതാണു; പേർപെററ സുധർമ്മ, വിണ്ണിലെ
പ്രതാപവാനിൻറെ വിലാസമന്ദിരം
ധൃതാദരം ഗീഷ്പതിപോലുമെത്രയും
കൃതാവധാനം സ്ഥിതിചെയ്തിടുന്നിടം.

(൪)

നിലാവൊളിക്കല്ലുകളിന്ദ്രനീലസ
ച്ഛിലാന്തരാളത്തിലിണക്കിയങ്ങിനെ
സുലാള്യഭസ്സൊന്നവിടെത്തിളങ്ങി, യാ-
വലാരിവാഴുന്നൊരു വൈജയന്തവും.

(൫)

വിതാനവൃക്ഷാഗ്രദളങ്ങളിൽ പതി
ഞ്ഞതാതിടം മിന്നിയ ചെങ്കതിർക്കുലം
സിതാശ്മസംക്ലൃപ്തസുമൃഷ്ടവേദികൾ-
ക്കതാം വഹിപ്പൂ ചില ചിത്രവേലകൾ

(൬)

സ്ഫുരൽസുവർണ്ണാംബുജപുണ്യഗന്ധിയാം
സരസ്സിലാററാടിയ കാവ്യമാരുതൻ
സുരദ്രുമപ്പൂമ്പൊടി പൂശി വാർമണം
പരത്തി നീളെപ്പുകൾപോലെ ലാത്തിനാൻ.

(൭)

പെരുത്തു മഞ്ഞേററു നനഞ്ഞിരുന്നൊരാ
മരുത്പടശ്മധ്വജവൈജയന്തികൾ
മരുത്തടിക്കെ; ജ്ജലയന്ത്രശങ്കകൈ
വരുത്തി നീർത്തുള്ളികൾ നീളെ വീഴ്ത്തിനാർ.

(൮)

സുധാശനസംസന്മണിയാം സുധർമ്മയും
പ്രധാനരത്ഥ്യമേഖമണ്ഡപങ്ങളും

സുധാഭിഷേകംമുതലായഭിവ്യസം
വിധാവിശേഷത്തൊടലങ്കരിയ്ക്കയായ്.

(൯)

പരംപ്രമോദാൽപ്പലഭിക്കിൽനിന്നുമ-
പ്പുരസ്സമൂഹങ്ങളുമാദിതേയരും
നിരത്തിലങ്ങിങ്ങുനിരന്നണഞ്ഞു; തൻ
പുരത്തിനന്ന്യാദൃശമോടികൂട്ടിനാൻ

(൧൦)

സുമായുധായോധനതാന്തസുപ്തരാ-
മമാനുഷസ്ത്രീകളുണൎന്നുസത്വരം
ക്രമാൽഗവാക്ഷംപ്രതിവീഥിയിൽക്കടാ-
ക്ഷമാംകരിംകുവളമാലതൂക്കിനാർ

(൧൧)

പുരപ്രഹൎഷംഭിവിഷജ്ജനങ്ങൾചേ-
ൎന്നൊരുക്കിയഭ്ധ്വാവിനുരണ്ടുവക്കിലും
ഗൃരുത്വമേന്തുംകുലവാഴനാട്ടിനാ
രൊരുത്സവംതാനമരാവതിയ്ക്കുകം.

(൧൨)

വലാഹകശ്യാമളധാമവീഥിയാൽ
തുലാധികശ്രീതിരളുംപ്രതോളിയിൽ
വിലാസിനീവിഭ്രമമന്ദഹാസമാം
നിലാവുമങ്ങിങ്ങുതെളിഞ്ഞുവിസ്മയം.

(൧൩)

പവിപ്രശസ്താ‌യുധപാണിതൻപദം
പവിത്രമാക്കീടിനകാമധേനുവും
വിവിക്തസന്താനകരത്നകട്ടിമേ-
ഖവിഷ്ടയായ്പ്പൊൻവെയിലേറ്റുവാഴ്‌വുതേ.

(൫൪)

നിജാധികാരോചിതകൃത്യജാതമ
ന്നജാതഖേദം നിരവേററി; യിന്ദ്രനെ
പ്രജാവനോദ്യോഗികൾ കണ്ടുകൂപ്പുവാൻ
പ്രജാഗരിപ്പു മണിസൌധവേദിയിൽ.

(൫൫)

പ്രശംസനീയപ്രഭുമന്ദ്രപേരുമാ
നൃശംസദൌവാരികകീടസഞ്ചയം
സശങ്കരായ് ചെന്നണയും ജനങ്ങളെ-
ബ് ഭൃശം നിരോധിപ്പു നിമേഷസംജ്ഞയാൽ.

(൫൬)

കനം പെരും ഭേരിമുഴക്കിലാസികാ-
ജനം സലീലം നടനം തുടങ്ങിനാർ
മനംകുളുക്കുംപടി ശുദ്ധമോഹന
സ്വനം തരാകിന്നരർ പാടിപാട്ടുകൾ.

(൫൭)

സുധാശസൌധാഗ്രണിയാം സുധർമ്മതൻ
പ്രധാനസോപാനപഥത്തിലൂടവെ
സുധാർമ്മികൻ പൂരുഷനേകനാനമൽ
ബുധാധിരാജാനുഗനിങ്ങിറങ്ങിനാൻ.

(൫൮)

പ്രശാന്തഗംഭീരമനോഹരൻ കലാ
വിശാരദൻ ശാരദചന്ദ്രകോമളൻ
വിശാലവക്ഷോയുതനീയുവാവുതാൻ
കുശാഗ്രധീശാലിദിലീപഭൂമിപൻ.

(൫൯)

അലോകസാധാരണസുന്ദരാംഗിമാർ
പുലോമജാപൂർവ്വഗരാം പുരന്ധ്രിമാർ

നൃലോകസമ്രാട്ടിനകമ്പടി;സ്ഥിതേ
വിലോചനാസേചനകം വിലോകനം.

(൨൦)

നൃപാലനാനല്പോൽകാഴ്ചകണ്ടുകൊ-
ണ്ടപാരഹർഷാത്ഭുതമാണ്ടിറങ്ങവെ;
നിപാതശങ്കാകുലനായ്ശചീവരൻ
സ്വാപാണിഭൃപന്നവലംബമാക്കിനാൻ.

(൨൧)

സുവർണ്ണവേത്രോജ്വലപാണിയാമൊരാൾ
ഇവൻറമുമ്പേവിനയാവനമ്രനായ്!
സ്വാവസ്ത്ര്യയാനോൽസുകനാം നൃപന്നൊഴം
സ്വവർത്മനിർദ്ദേശകനായ്ചലിപ്പൂതെ.

(൨൨)

സുരാനുഗാവൻവൃഷഗാമിധീരനാ
സ്സുരാജസോമന്മൌലിവൃഷാനുഗാമിയായ്
ത്വരാന്വിതം ഗോപുരവും കടന്നുതൽ
പ്പുരാഗ്ര്യരത്ന്യാതളിമത്തിലെത്തിനാൻ.

(൨൩)

ധൃതാദരം മൌലിനിഷക്തകോരകീ-
കൃതാഭമാം പൊൻകരപങ്കജങ്ങളാൽ
നതാംഗരാം നാകികളാനരേന്ദ്രനെ
ച്ച്യുതാഭിമാനം സുതരാം വണങ്ങിനാർ.

(൨൪)

വിമാനപാതാഗ്രനിരുദ്ധവല്ലരീ-
സമാനഹസ്താംഗുലിപല്ലവങ്ങളാൽ
ക്ഷമാമഹേന്ദ്രാഭിമുഖം പുരാമരീ
കുമാരിമാർന്നന്മലർത്തൂകിനിർഭരം.

(൨൫)

സഹസ്രഭൂഭൃൽകുലപക്ഷഭേദിയും
സ്വഹസ്തദന്തൈരാധൃതതാലവൃന്തനായ്
മഹദ്ധിഭൂഭൃത്തിനെഹന്ത!വീശിനാ-
നഹന്തകൈവിട്ടുസപക്ഷബുദ്ധിയാൽ.

(൨൬)

വലാരിതൻനേക്കുതിരിഞ്ഞു;ഭൂമിഭൃ-
ല്ലലാമമത്യാദരവോടുനമ്രനായ്
സ്വലക്ഷ്യവാർഹംവിനയാർദ്രമീവചോ
വിലാസമാംമാധ്വിചൊരിഞ്ഞുതൽക്ഷണം

(൨൭)

ത്രിലോകനാഥ!പ്രണതാവലംബമേ!
പുലോമജാവല്ലഭ!പുണ്യധാമമേ!
വിലോലഹൃത്താമടിയന്നഹോഭവ
ദ്വിലോകനംവിസ്മയനീയമെത്രയും

(൨൮)

അനുക്ഷണംനിങ്ങൾകനിഞ്ഞുപെയ്തിടു-
ന്നനുഗ്രഹത്തുമഴമൂലമൂഴിയിൽ
മനുഷ്യരാംഞങ്ങളരോഗതാലസ
ത്തനുക്കളായ്വാഴ്വു,സമൃദ്ധസസ്യരായ്.

(൨൯)

ഉടൻതുടങ്ങുംമഖമൊന്നതമ്മിലീ
യിടസ്സുകാണാനിടയാകുമാകയാൽ
സ്ഫുടംപ്രസാദിച്ചിവിടുന്നുതൽക്ഷണം
മടങ്ങുവാൻമേവിടനൽകണംവിഭോ!

(൩൦)

നൃപാലസംഭാഷണചാതുരീസുധാ-
നിപാനസന്തർപ്പിതകർണ്ണരന്ധ്രനായ്

ഉപാന്തഭ്രൂപുഞ്ചിരിയാൽ വിളക്കിയും
കൃപാന്വിതം വാസവനേവമോതിനാൻ.

(൩൧)

ഭവാദൃശന്മാരുടെ ബന്ധുഭാവമാം
നവാമൃതത്താലമരേന്ദ്ര നിന്നു ഞാൻ
ദിവാനിശം സ്വസ്ഥനഹോ സഖേ; ഭവൽ
പ്രവാസമോർത്തുൽക്കലികാകുലൻ പരം

(൩൨)

ത്വദാദരം സ്നേഹവിശേഷമൊന്നിനാൽ
സദാ സദാരാധിതരാജരത്നമെ!
ഉദാരയാം പ്രീതി ജനിക്കയാലിനി-
ത്തദാ തദാ വേണ്ടതറിഞ്ഞു ചെയ്യുവൻ.

(൩൩)

തിരിയ്ക്കുവാനിത്ര തിടുക്കമെന്തഹോ!
പരിഭ്രമിയ്ക്കായ്ക; പറഞ്ഞിടട്ടെ ഞാൻ;
സ്മരിയ്ക്കണേ ഞങ്ങളെയൊക്കെയും; നിരാ
കരിയ്ക്കണേ! പററലർപീഡ വിണ്ണിനും.

(൩൪)

ക്ഷമിയ്ക്ക; മേ സാഹസമമ്പർനാഥ! ഞാൻ
ഗമിയ്ക്കയായെന്നു വണങ്ങി വെമ്പലാൽ
നമിച്ച മിത്രത്തെ രഥത്തിലേററി വി-
ശ്രമിയ്ക്കുവാനായ് വിരമിച്ചു വാനവൻ

(൩൫)

തദാത്തരാഷാട്ടുതുടങ്ങിയോർകളേ
മുദാന്വിതം താണുവണങ്ങി മന്നവൻ
സ്വദാരസന്ദർശനലാലസൻ സ്വരാ
സ്പദാലയോദ്ധ്യയ്ക്കെഴുന്നെള്ളി സത്വരം.

(൩൬)

ക്ഷിതീശവംശാർണ്ണവശീതഭാനുവിൻ
ദ്വിതീയയാം മാഗധിയന്നയോദ്ധ്യയിൽ

സതീശിരോമൃത്തുവായ്കുളിച്ചുതാൻ
പ്രതീക്ഷണംചെയ്യുകയാണുകാന്തനെ.

(൩൭)

പൊടുന്നനെച്ചെന്നെതിരേറ്റിടായ്കിൽനേ-
രിടുന്നധർമ്മച്യുതിഭീതിയാൽമനം
നടുങ്ങിയാപ്പത്നിയെയോർത്തുതോരം
വിടുന്നതിന്നാജ്ഞകൊടുത്തുസൂതനായ്.

(൩൮)

മണംപെറുംമഞ്ജുളകല്പശാഖിതൻ
തണൽത്താപ്പുല്ലുവിരിപ്പിലാദരാൽ
ഉണർന്നുമേയുംസുരഗോമതല്ലിയെ
ക്ഷണത്തിലാക്ഷ്മാപതിചെന്നടുത്തതെ.

(൩൯)

സ്വരാജ്യസമ്പ്രാപ്തിയിലാർന്നസംഭ്രമ-
ത്വരാവശാലാവഴിനേക്കുവാഴ്കിലും
പരാർദ്ധ്യഗോവിങ്കലനാദരോല്ഭടാ-
പരാധമാഹന്ത!നൃപന്ദു ചെയ്തുപോയ്.

(൪൦)

സുദക്ഷിണാസ്യ സ്മൃതി;സൌരഭേയിയെ
പ്രദക്ഷിണംവച്ചുനമസ്കരിക്കുവാൻ
അദഭ്രയാംവിസ്മൃതിരാട്ടിനേകിഹാ!
വിദഗ്ദ്ധരുംകാമുകരാകിൽമൂഢരാം.

(൪൧)

അടുത്തുവന്നിട്ടുപചാരമെന്നിയേ
തിടുക്കമായ്ത്തേരുതെളിച്ചുപോകയാൽ
കടുത്തകോപത്തൊടുകാമധേനുവാ-
പ്പടുക്ഷമാധീശ്വരനെശ്ശപിച്ചുപോൽ

(൪൨)

മദാളിമാനേനതിരസ്കരിച്ചമാ-
മദാന്ധ!പൊയ്യോയനിനക്കൊരിക്കലും

മദാത്മജാരാധനമെന്ന്യവംശസ-
ന്നിദാനമാം സന്തതി സംഭവിച്ചിടാ.

(൪൩)

മുജ്ജാഗതോച്ച്ശൃംഖലാഭിന്നദാനദി-
ഗ്ഗജാഹതാഭ്രാപഗതന്നിരമ്പലാൽ
സുജാതഗോത്രപിന്നിവിശാലധാത്രിതൻ-
സുജാതശാപദ്ധ്വനികേട്ടുമില്ലവൻ.

(൪൪)

പ്രാജ്യശ്രീയാർന്നയോദ്ധ്യാനഗരിയിൽ മനുവം-
ശത്തിനുത്തംസമായ് സാ-
രാജ്യത്തിൽ ചെന്നു ജംഭാന്തകനൊട്ടു കൃതനൈ സൗ-
ഹാർദ്ദനാമദ്ദിലീപൻ
രാജ്യത്തിൻ ഭാവിഭാരാസ്പദമൊരു സുതനേ
ഹാ!! ലഭിയ്ക്കാഞ്ഞുഴന്നൂ-
പൂജ്യപ്രത്യഗ്രപൂജാച്യുതികുശലകുലോ-
ല്ലാസമാമേതവർക്കും.

എസ്സ്. ശ്രീധരൻനമ്പൂതിരി.

# ഭിക്ഷാദാനം.

(കേക)

ഘോരമാം കൊടുങ്കാറ്റും പെരുമാരിയും മൂല-
മാരുമേ പുറത്തിറങ്ങീടാത്തോരവസരം;
സമയം പകലെട്ടുമണി;-യെന്നാലുമന്ധം
തിമിരാത്മകം ഹന്ത ധരണീചക്രവാളം!

ഞാനൊരു ചകലാസ്സാൽ പുതച്ചുകിടാങ്ങൾതൻ
സാനന്ദലീലകളെയിടയ്ക്കുനോക്കിക്കൊണ്ടും,

മേൽക്കുമേൽ പ്രകൃതിതൻ ക്രോധഹുങ്കാരമാകു-
മൂൽക്കടമരുത്തിന്റെ ചീററലിൽ നടുങ്ങിയും
ഉമ്മറത്തിരിക്കുമ്പോഴെല്ലാരു ജോനകൻ, പാവം
'ധർമ്മ'ത്തിനായിട്ടെന്റെ പടിക്കൽ വന്നു നില്പായ്
ആയവനുടെ തോളിൽ തികച്ചുമൊരു മാസം
പ്രായമാകാത്ത പിഞ്ചു പൈതലൊന്നമരുന്നു;
പേപ്പിശാചു പോലെല്ലും കാററിനെത്തടുക്കുവാ-
നാപ്പൂവൽമെയ്ക്കു കീറത്തുണി താൻ രക്ഷായന്ത്രം!
കേൾക്കവോക്തിമാത്രം സങ്കടമുണ്ടാം വിധ-
മാക്കുഞ്ഞു ദയനീയസ്വരത്തിൽ കരയുന്നു!

വലത്തു കയ്യിലുള്ള 'തൂക്കുവട്ടി'യെ മന്ദം
നിലത്തു വെച്ചായവൻ രണ്ടു കൈത്തണ്ടയിന്മേൽ
മലത്തിക്കിടത്തിയും, മാർത്തടത്തിങ്കൽ വെച്ചു,
മിടയ്ക്കു കണ്ണീർ ചിന്നും മുഖം കൊണ്ടുമ്മ വെച്ചും
പൈതലെത്താലോലിപ്പു; കരച്ചിൽ മാററുകയാൽ
കൈവിരൽ പിടിച്ചൊന്നു വായിൽ നല്കിനാനവൻ
ആയതു തന്നമ്മ തന്നമ്മിഞ്ഞ പോലെ മൃദു-
വായ ചെഞ്ചൊടികളാൽ വലിച്ചു കുടിക്കയായ്

കഷ്ടമേ, കഷ്ട! മവനക്കുഞ്ഞിനച്ഛനത്രേ;
ദുഷ്ടദൈവതമമ്മയ്ക്കായുസ്സുമില്ലാതാക്കി;
ദാരിദ്ര്യമഹാവ്യാധിബാധിതനാണായവൻ —
നേരിട്ടീസ്ഥിതിയെല്ലാമവനിൽ നിന്നറിഞ്ഞേൻ
ഉറേറാരുമാരുമില്ലാപ്പൈതല്ക്കുമവനു, മാ-
ക്കുട്ടിയെത്തന്റെ ചെററപ്പുരയിലാക്കിപ്പോരാൻ
ദൈവദുർവ്വിലാസത്തിന്നതിരൊന്നളക്കുവാ-
നാവതല്ലല്ലോ നമ്മൾക്കീ പ്രപഞ്ചത്തിൽ!!
പരലോകത്തിൽ ഘോരനരകമുണ്ടെന്നല്ലോ
പറയുന്നതു പാടേ നമ്മുടെ പുരാണങ്ങൾ;

ടെ യത്തുവെറും ഭോഷ്ക്കാണ–;ല്ലെങ്കിലത്യുൽക്കട–
മായയാം വിപത്തുകൾക്കെന്തവകാശമെന്നിൽ?
കാററുതട്ടിയാൽ വാട്ടം പിഞ്ചുപൈതലെക്കണ്ണീർ
വാററിയും കൊണ്ടു തോളിലിട്ടവനങ്ങുമിങ്ങും
പിച്ചതെണ്ടണം, സമ്പത്തുണ്ടെങ്കിലൊരിടത്തു
വെച്ചുകാലനക്കാനുമാവാത്താസ്ഥിതിയിങ്കൽ!
ഇതിലും മിതെയെന്തു നരകം വെറും ക്രൂര–
മതികൾക്കമേകുന്ദാൽ ഹൃദയം നീറുമല്ലോ!!

“കേവലം ജീവച്ഛവമായൊരാപ്പാവത്തിന്മേൽ–
ദൈവമേ കനിഞ്ഞാലും കുററങ്ങൾ പൊറുത്താനീ!”
ഇത്രമാത്രമേ മർത്ത്യനന്ന്യനെസ്സഹായിപ്പാൻ
കെല്പുള്ളു വാസ്തവത്തിൽ; മററൊക്കെയഹന്ത താൻ!
എങ്കിലും ലോകാചാരം കൈവിടാതവനുഞ്ഞാ–
നെൻകയ്യിലുള്ള മുണ്ടും രണ്ടണക്കാശ്ശും നല്കി.

ചെക്കനെച്ചൊല്ലിത്തപ്തബാഷ്പാർദ്രം തദാനനം
തൽക്കാലം സന്തോഷത്താൽ ശീതബാഷ്പാകുലമായ്!
ആയതിന്നൊനന്ദിചൊന്നവൻ പ്രാത്ഥിച്ചാനെൻ
ശ്രേയസ്സിനായി;–പ്പാരം കൃതകൃത്യനമായ്ഞാൻ!

മംഗലം — കുററിപ്പുറത്ത് കിട്ടുണ്ണിനായർ

UNIVERSITY LIBRARY
25 JAN 1928
MADRAS